എൽ.എഫ്.സി.സി.(എ4)/ 332 / 2012 തീയതി : 16–5–2013

# കോഴിക്കോട് കോർപ്പറേഷൻെറ 2010–11 സാമ്പത്തികവർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295 (4)–ാം വകുപ്പ്, 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13–ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. സി.മുഹമ്മദ്,
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ലോക്കൽ ഫണ്ട് ഓഡിറ്റ്,
കോർപ്പറേഷൻ ഓഡിറ്റ്,
കോഴിക്കോട്.

Local Fund Audit Department

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ:

കോഴിക്കോട് നഗരസഭയുടെ 2010–11 സാമ്പത്തികവർഷത്തെ വരവു ചെലവു കണക്കുകൾ, അധികാര വികേന്ദ്രീകരണത്തിൻെറ ഭാഗമായി അനുവദിച്ചുകിട്ടിയ പദ്ധതിവിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

കൂടാതെ ബേപ്പൂർ, എലത്തൂർ, ചെറുവണ്ണൂർ– നല്ലളം എന്നീ സോണൽ ഓഫീസുകളുൾപ്പെടെ, നഗരസഭ 1–1–2011 മുതൽ 31–3–2012 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും ഓഡിറ്റിൽ പരിശോധിക്കുകയുണ്ടായി. നഗരസഭ വിവിധ വിഷയങ്ങളിൽ ഓഡിറ്റിന്റെ അഭിപ്രായത്തിനായി അയയ്ക്കുന്ന ഫയലുകൾ തീർപ്പ് കൽപ്പിച്ച് യഥാസമയം അഭിപ്രായം അറിയിച്ചിട്ടുണ്ട്.

## ഓഡിറ്റിന് വിനിയോഗിച്ച സമയം

18–11–2011 മുതൽ 27–04–2012 വരെ ( കൺ കറൻറ് ഓഡിറ്റ്)

## നിർവഹണാധികാരികൾ:

**മേയർ** : ശ്രീ. എം. ഭാസ്ക്കരൻ – (1.4.2010 മുതൽ 30.9.2010 വരെ)

ശ്രീ. പി.ബി.സലിം,
ഐ.എ.എസ്,
ജില്ലാ കലക്ടർ } (1–10–2010 മുതൽ 8–11–2010 വരെ.

പ്രൊഫ: എ.കെ. പ്രേമജം : 9–11–2010 മുതൽ 31–3–2011 വരെ

**സെക്രട്ടറി** : ശ്രീ. എസ്. വിജയകുമാർ –
(1–4–2010 മുതൽ 31–3–2011 വരെ)

**ഓഡിറ്റ് റിപ്പോർട്ടിൻെറ ഉളളടക്കം:**

**ഭാഗം 1 :** പൊതു അവലോകനം

**ഭാഗം 2 :** വരവു കണക്കുകൾ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

**ഭാഗം 3 :** ചെലവു കണക്കുകൾ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

**ഭാഗം 4 :** ഓഡിറ്റ് അവലോകനം, വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ

## വിഷയ സൂചിക


| ഖണ്ഡിക | വിഷയം | പേജ് നം |
|---|---|---|
| | **ഭാഗം– 1–പൊതു അവലോകനം** | |
| 1–1 | ബജറ്റ് | 9 |
| 1–1–1 | നഗരസഭയുടെ നികുതി, നികുതിയേതര വരുമാനം ശരിയായി ബജറ്റിൽ പ്രതിഫലിക്കുന്നില്ല. | 10 |
| 1–1–2 | പുതുക്കിയ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ അധിക തുക ചെലവഴിച്ചു | 10 |
| 1–1–3 | വാർഷിക കണക്കുകൾ | 11 |
| 1–2 | ഓഡിറ്റ് റിപ്പോർട്ടിൻെറ ഉള്ളടക്കം | 11 |
| 1–3 | നികുതി പിരിവിലുള്ള പുരോഗതി | 12 |
| 1–4 | കുടിശ്ശിക രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല | 13 |
| 1–5 | വികസന ഫണ്ട് വിനിയോഗം | 14 |
| 1–5–1 | കോഴിക്കോട് നഗരസഭ മെയിൻറനൻസ് ഫണ്ട് വിനിയോഗം | 14 |
| 1–5–2 | വികസന ഫണ്ട് വിനിയോഗം– പൊതു അപാകതകൾ | 14 |
| 1–5–3 എ | വികസന പദ്ധതി– ആസൂത്രണം/ നിർവ്വഹണം/ മോണിട്ടറിംഗ് എന്നിവയിൽ നിയമാനുസൃത നടപടികൾ പാലിച്ചില്ല | 15 |
| 1–5–3 ബി | പദ്ധതിപ്പണം ചെലവഴിച്ചതിൻെറ മുഖ്യ പങ്കും സാമ്പത്തിക വർഷാവസാനത്തിൽ | 16 |
| 1–5–3 സി | പദ്ധതി രൂപീകരണം, അംഗീകാരം വാങ്ങൽ സമയക്രമങ്ങൾ പാലിച്ചില്ല | 17 |
| 1–5–3 ഡി | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 18 |
| 1–5–3 ഇ | വികസന സെമിനാർ | 18 |
| 1–5–3എഫ് | ഗുണഭോക്തൃ ലിസ്റ്റ് | 19 |
| 1–5–3ജി | മോണിറ്ററിംഗ് | 20 |
| 1–6 | ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിലെ കാലതാമസം | 20 |


Local Fund Audit Department

| | ഭാഗം –2<br>വരവ് | |
|---|---|---|
| 2–1 | ക്യാഷ് വെരിഫിക്കേഷൻ | 21 |
| 2–2 | അനധികൃത കെട്ടിടം ക്രമവൽക്കരിച്ച് മുൻകാല പ്രാബല്യത്തിൽ വസ്തു നികുതി ചുമത്തി– നികുതി ചുമത്തിയതിൽ വന്ന നഷ്ടം | 21 |
| 2–3 | അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് നികുതി ചുമത്തൽ– നിയമം പാലിക്കാത്തതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം. | 22 |
| 2–4 | വസ്തു നികുതി അപ്പീൽ തീർപ്പാക്കുന്നതിൽ കാലതാമസം | 23 |
| 2–5 | മുറി ഒഴിഞ്ഞ് കിടപ്പാണെന്ന് ഉറപ്പ് വരുത്താതെ ഒഴിവിളവ് അനുവദിച്ചു– നഗരസഭയ്ക്ക് നഷ്ടം | 24 |
| 2–6 | അർദ്ധ വാർഷിക വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല– നഗരസഭയ്ക്ക നഷ്ടം | 25 |
| 2–7 | വാർഡ് 34– തൊഴിൽ നികുതി റിട്ടേണിലെ അപാകതകൾ | 26 |
| 2–8 | സ്റ്റേഡിയം കമേഴ്സ്യൽ കോംപ്ളക്സ് റൂം നം. ജി 17– സൗജന്യ നിരക്കിൽ കൈത്തറി സഹകരണ സംഘത്തിന് നൽകിയ മുറി– സ്വകാര്യ വ്യക്തിക്ക് കൈമാറി – നഗരസഭയ്ക്ക് നഷ്ടം. | 29 |
| 2–9 | ഐ.ജി. റോഡ് ബസ്റ്റാൻറ് പഴയ ബ്ളോക്ക്– റൂം നം. 32–വൻ കുടിശ്ശിക വരുത്തിയിട്ടും ബിസിനസ്സിൽ പങ്കാളിയെ ചേർത്തിട്ടും നടപടി സ്വീകരിച്ചില്ല. | 31 |
| 2–10 | ലേലം കൊണ്ട മുറി നാളിതുവരെ ഏറ്റെടുത്തില്ല– കോർപ്പറേഷന് ലൈസൻസ് ഫീസിനത്തിൽ നഷ്ടം സംഭവിച്ചു. | 32 |
| 2–11 | പാളയം ഇന്ദിരാ ബിൽഡിങ്ങിലെ മൂന്ന് മുറികൾ – ഇടച്ചുമർ പൊളിച്ച് ഹാളാക്കി മാറ്റി– മത്സരാധിഷ്ഠിതമല്ലാതെ ലേലം ചെയ്തു. | 33 |
| 2–12 | ആവശ്യമായ തയ്യാറെടുപ്പുകൾ നടത്താതെ ലേലം നടത്തി– ലൈസൻസ് ഫീസിനത്തിൽ നഷ്ടം | 34 |
| 2–13 | ഡി ആൻറ് ഒ ലൈസൻസ് | 35 |
| 2–14 | വൻ തുക കുടിശ്ശിക വരുത്തിയ മുൻ ലൈസൻസിയ്ക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടില്ല. | 36 |
| 2–15 | എഗ്രിമെൻറ് പുതുക്കാതെ പഴയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കൽ– നഗരസഭയുടെ വരുമാനം കുറയുന്നു. | 37 |
| 2–16 | കരാർ വെയ്ക്കാതെ കാൻഫെഡിനു സൗജന്യമായി കെട്ടിടം അനുവദിച്ചു. | 39 |
| 2–17 | കരാർ ചമയ്ക്കാതെയും, കുടിശ്ശിക അടവാക്കാതെയും കടമുറി കൈവശം വെച്ചിട്ടും നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല. | 39 |
| 2–18 | എഞ്ചിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെ കെട്ടിടത്തിൻെറ ഇടച്ചുമർ പൊളിച്ചു മാറ്റി. | 40 |
| 2–19 | വാടക കെട്ടിടങ്ങളുടെ ലൈസൻസ് ഫീസ്– ഫീസ് പിരിവ് കാര്യക്ഷമമല്ല. | 41 |


Local Fund Audit Department

| | | |
|---|---|---|
| 2–20 | വികസന വിഭാഗം – ബേപ്പൂർ ഗോഡൗൺ കോംപ്ളക്സ്– ഗോഡൗൺ/ കടമുറികൾ വാടകയ്ക്കു നൽകുന്നതിലെ അപാകതകൾ | 42 |
| 2–21 | വികസന വിഭാഗം– ചെറുവണ്ണൂർ ഷോപ്പിംഗ് കോംപ്ളക്സ്– വാടകയ്ക്ക് നൽകിയതിലെ അപാകതകൾ | 43 |
| 2–22 | വികസന വിഭാഗം – ഷോപ്പിംഗ് കോംപ്ളക്സ് മുറികളുടെ അഡ്വാൻസ് ലൈസൻസ് ഫീസ്/ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നില്ല. | 45 |
| 2–23 | ചട്ട വിരുദ്ധമായി കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചു. | 52 |
| 2–24 | കെട്ടിടങ്ങൾ വിഭജിച്ച് നികുതി ചുമത്തൽ– നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ രൂപഭേദം വരുത്തിയ കെട്ടിടങ്ങൾക്കും വിഭജിച്ച് നമ്പർ നൽകുന്നു. | 53 |
| 2–25 | സെറ്റ് ബാക്ക് സംബന്ധിച്ച വ്യവസ്ഥ പാലിക്കാതെ 2.5 സെൻറിൽ മൂന്ന് നില ഫ്ളാറ്റിന് പെർമിറ്റ് നൽകി. | 55 |
| 2–26 | ബിൽഡിംഗ് പ്ളാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർ / സൂപ്പർ വൈസർ എന്നിവർക്ക് നിർദ്ദിഷ്ട യോഗ്യതയുണ്ടോ എന്നത് പരിശോധിക്കുന്നില്ല. | 55 |
| 2–27 | കാർ പാർക്കിംഗ് സൗകര്യമില്ലാതെ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാൻ പെർമിറ്റ് നൽകി. | 57 |
| 2–28 | പരസ്യ നികുതി – അപാകതകൾ | 58 |
| 2–29 | തടി നികുതി– ലേലം നടത്തിപ്പിലെ അപാകതകൾ | 60 |
| 2–30 | മണൽ വാരാൻ മുൻകൂർ നൽകിയ തുക – പൂർണ്ണമായും അഡ്ജസ്റ്റ് ചെയ്തിട്ടില്ല. | 62 |
| 2–31 | മണൽ വിൽപ്പന– വിൽപ്പന തുക നഗരസഭാ ഫണ്ടിൽ അടവാക്കാതെ നേരിട്ട് ചെലവഴിക്കുന്നു. | 62 |
| 2–32 | ആസ്തി രജിസ്റ്റർ ഇല്ല– ലീസിന് നൽകിയ സ്ഥലം ലൈസൻസ് റദ്ദാക്കാതെ താൽക്കാലിക ഉപയോഗത്തിനായി മറ്റൊരാൾക്ക് വാടകയ്ക്ക് നൽകി– നഗരസഭ അനാവശ്യമായി നിയമ നടപടികളിൽ ഉൾപ്പെട്ടു. | 63 |
| 2–33 | ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ നിന്നുള്ള നികുതി വരവുകൾ സംബന്ധിച്ച്. | 66 |
| 2–34 | 1994–ലെ കേരളാ മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പാലിക്കുന്നില്ല. | 69 |
| 2–35 | സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷൻ യഥാസമയം പുതുക്കുന്നില്ല. | 71 |
| 2–36 | 1999–ലെ കേരളാ മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ) ചട്ടങ്ങൾ പാലിക്കുന്നില്ല. | 72 |
| 2–37 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ യഥാസമയം പുതുക്കുന്നില്ല. | 75 |
| 2–38 | കൗൺസിൽ തീരുമാനം നടപ്പാക്കിയില്ല– ലൈസൻസ് ഫീസിനത്തിൽ നഷ്ടം. | 76 |
| 2–39 | നഗര ഹൃദയത്തിലെ വാണിജ്യ പ്രാധാന്യമുള്ള കെട്ടിടത്തിലെ മുറികൾക്ക് കുറഞ്ഞ ലൈസൻസ് ഫീസ് ഈടാക്കുന്നു.– നഗരസഭയ്ക്ക് ആവർത്തന നഷ്ടം. | 77 |


Local Fund Audit Department

| | ഭാഗം – 3<br>ചെലവ് കണക്കുകളെ സംബന്ധിച്ച് ഓഡിറ്റ് നിരീക്ഷണങ്ങൾ | |
|---|---|---|
| 3–1 | ശമ്പളം നൽകിയതിൽ അപാകത– അധികം തുക നൽകി. | 79 |
| 3–2 | അനർഹമായ കാലയളവ് കണക്കിലെടുത്ത് പ്രൊബേഷൻ പൂർത്തീകരിച്ചത്– സംബന്ധിച്ച്. | 80 |
| 3–3 | പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പ് ഇൻക്രിമെൻറുകൾ അനുവദിക്കുന്നു. | 81 |
| 3–4 | നിശ്ചിത കാലയളവിനുള്ളിൽ പ്രൊബേഷൻ പൂർത്തികരിക്കാതെയും സർക്കാർ അനുമതി കൂടാതെയും സർവ്വീസിൽ തുടരുന്നു. | 82 |
| 3–5 | എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഹാജർ പുസ്തകം കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | 83 |
| 3–6 | നഗരസഭയിലെ ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോൺ ബിൽ / വസതികളിലെ ഫോൺ ബിൽ അടവ് – അപാകതകൾ | 87 |
| 3–7 | സ്റ്റോർ പർച്ചേസ് ചട്ടം ലംഘിച്ച് ബ്ളീച്ചിംഗ് പൗഡർ വാങ്ങിയതും മറ്റ് അപാകതകളും | 88 |
| 3–8 | സ്ഥലം അക്വയർ ചെയ്യാൻ ഡെപ്പോസിറ്റ് ചെയ്ത നാലരക്കോടി രൂപ പദ്ധതി ഉപേക്ഷിച്ച് ഒന്നര വർഷം കഴിഞ്ഞിട്ടും തിരിച്ച് വാങ്ങിയില്ല. | 90 |
| 3–9 | നഗരസഭാ പരിധിയിൽ പ്രതിമകൾ സ്ഥാപിക്കൽ– മുൻകൂർ തുക നൽകി– പ്രവൃത്തി പൂർത്തിയാക്കിയില്ല– ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ മുൻകൂർ തിരികെ ഈടാക്കിയില്ല | 92 |
| 3–10 | യഥാസമയം നടപടി എടുക്കാത്തതു മൂലം നഗരസഭയ്ക്ക് 1.15 കോടി രൂപയുടെ കേന്ദ്ര സഹായം നഷ്ടമായി. | 95 |
| 3–11 | ' വിശപ്പു രഹിതം നഗരം' പദ്ധതി യഥാസമയം നടപടികളെടുത്തില്ല– ഒരു കോടി രൂപയുടെ ധനസഹായം നഷ്ടപ്പെടുത്തി– പദ്ധതി നടത്തിപ്പ് അനിശ്ചിതത്വം തുടരുന്നു. | 99 |
| 3–12 | കൺസൽട്ടൻസി ഫീസ് തുക മുഴുവനും മുൻകൂറായി നൽകി സമയ പരിധി കഴിഞ്ഞിട്ടും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. | 103 |
| 3–13 | സിറ്റി ഡെവലപ്പ്മെൻറ് പ്ളാൻ തയ്യാറാക്കൽ കൺസൽട്ടൻസി നിയമനത്തിലെ അപാകതകൾ | 106 |
| 3–14 | ഫ്ളഡ് ലൈറ്റ് സൗകര്യം ഏർപ്പെടുത്താൻ ഹഡ്കോയിൽ നിന്നും വായ്പ എടുക്കൽ– ദീർഘ വീക്ഷണമില്ലാതെ നഗരസഭയ്ക്ക് വലിയ ബാധ്യത ഉണ്ടാക്കി. | 108 |
| 3–15 | ഫ്ളഡ് സ്ക്വാഡുകൾക്ക് മുൻകൂർ നൽകി; തുക വിനിയോഗിച്ചതിൻെറ വിവരങ്ങൾ വ്യക്തമല്ല. | 111 |
| 3–16 | അഖിലേന്ത്യ പ്രദർശനത്തിന് ഒരു ക്കിയ സ്റ്റാൾ ഡിമോളിഷ് ചെയ്തവ ലേലം ചെയ്തതിൻെറ വിവരങ്ങൾ ഇല്ല. | 112 |
| 3–17 | അർഹതയില്ലാത്തവർക്ക് വീട് റിപ്പയറിംഗ് ധനസഹായം– തുക തിരിച്ചു പിടിക്കുന്നത്– സംബന്ധിച്ച്. | 113 |
| 3–18 | അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ– നെഗോഷ്യേറ്റ് ചെയ്ത നിരക്ക് പരിഗണിക്കാതെ തുക നൽകി– നഷ്ടം 3407/– രൂപ | 114 |
| 3–19 | തണ്ണീർപന്തൽ കുടിവെള്ള പദ്ധതി– കറൻറ് ചാർജ്ജ് തനതു ഫണ്ടിൽ നിന്ന് അടവാക്കുന്നു. | 115 |
| 3–20 | കുട്ടികളുടെ ചലച്ചിത്രോത്സവം 2010–11 തുക ചെലവഴിച്ചതിൻെറ രേഖകൾ ഹാജരാക്കിയില്ല | 117 |
| 3–21 | ഫുഡ് സാമ്പിൾ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയില്ല. | 118 |


Local Fund Audit Department

| | | |
|---|---|---|
| 3–22 | ടാഗോർ ഹാൾ കോമ്പൗണ്ടിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ളാൻറ് പ്രവർത്തിക്കുന്നില്ല– 9.14 ലക്ഷം രൂപ പാഴ്ചെലവായി. | 119 |
| 3–23 | ലിങ്ക് റോഡിൽ നിന്ന് കിളിപ്പറമ്പ് ദേവീ ക്ഷേത്രം– ആനിഹാൾ റോഡ് പുനരുദ്ധാരണം– അപാകതകൾ | 121 |
| 3–24 | മേയർ ഭവൻ കോമ്പൗണ്ടിലെ  ഡ്രെയിൻ നിർമ്മാണം– അപാകതകൾ | 123 |
| 3–25 | സി.എച്ച് കോളനി റോഡ് പരിഷ്കരണം– JBIC കുടിവെള്ള പദ്ധതിക്കായി വെട്ടിപ്പൊളിച്ച റോഡ് പദ്ധതിപ്പണം ഉപയോഗിച്ച് പുന: സ്ഥാപിച്ചു. | 124 |
| 3–26 | നടക്കാവിലെ ഗവ. മോഡൽ നേഴ്സറി സ്കൂൾ അറ്റകുറ്റപ്പണി– ആദായ നികുതി ഈടാക്കിയതിൽ കുറവ്. | 125 |
| 3–27 | പള്ളിപ്പുറായ് റോഡ് പരിഷ്കരണം – എഗ്രിമെൻറ് വെയ്ക്കുന്നതിനും– പണി പൂർത്തിയാക്കുന്നതിനും കാലതാമസം– പിഴ ഈടാക്കിയില്ല. | 126 |
| 3–28 | ആനമാട് റോഡ് പരിഷ്കരണം– കരാറുകാരന് അനധികൃതമായി പ്രവൃത്തി സമയം നീട്ടി നൽകി– പിഴ ഈടാക്കിയില്ല | 127 |
| 3–29 | കണ്ണം പറമ്പ്– കോതി റോഡ് പരിഷ്കരണം – അനാവശ്യമായി റോഡ് ഉയർത്തി അധിക  ചെലവുണ്ടാക്കി– ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച അഴുക്കുചാൽ അധികപ്പറ്റായി. | 128 |
| 3–30 | റോഡ്/ നടപ്പാത വീതി കൂട്ടൽ – ഇലക്ട്രിസിറ്റി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ– പദ്ധതി നടത്തിപ്പിലെ അപാകതകൾ | 130 |
| 3–31 | കോവൂർ കമ്മ്യൂണിറ്റി ഹാൾ – പ്ളാനും എസ്റ്റിമേറ്റും തയ്യാറാക്കൽ – അപാകതകൾ | 131 |
| 3–32 | എഞ്ചിനീയറിംഗ് വിഭാഗം– ഗ്യാരണ്ടി കാലാവധിക്കു മുമ്പേ സെക്യൂരിറ്റി– ഡെപ്പോസിറ്റുകൾ കരാറുകാർക്ക് തിരിച്ചു നൽകുന്നു. | 133 |
| 3–33 | ചേരി പ്രദേശത്തെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ– ജില്ലാ ആസൂത്രണ സമിതി അനുവദിക്കാത്ത പർച്ചേസ് അംഗീകരിക്കുന്നില്ല. | 134 |
| 3–34 | വൊക്കേഷണൽ ഹയർ സെക്കണ്ടറി ലാബ് നവീകരണം – പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ | 136 |
| 3–35 | യു.പി. സ്കൂളുകൾക്ക്  കമ്പ്യൂട്ടർ നൽകൽ– പ്രൊജക്ടിൽ ഉൾപ്പെടാത്ത ഉൽപ്പന്നം  വാങ്ങിയത് അംഗീകരിക്കുന്നില്ല. | 138 |
| 3–36 | അംഗനവാടികൾക്കു സ്ഥലം വാങ്ങൽ– പദ്ധതി രൂപീകരണത്തിലെയും നടത്തിപ്പിലെയും അപാകതകൾ | 140 |
| 3–37 | ശാരിരിക– മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്– പദ്ധതി നടത്തിപ്പിലെ അപാകതകൾ | 141 |
| 3–38 | സ്ത്രീ ശാക്തീകരണം – സർക്കാർ ഉത്തരവിന് വിരുദ്ധമായി ബോധവൽക്കരണ ക്യാമ്പുകൾ  നടത്തി. | 142 |
| 3–39 | വീട് റിപ്പയർ (വനിത)– പദ്ധതി  വിഹിതത്തിൽ നിന്നും തുക പിൻവലിച്ച് ഡി.ഡി.യായി സൂക്ഷിക്കുന്നു. | 144 |
| 3–40 | കന്നുകുട്ടി പരിപാലന പദ്ധതി– അധിക മായി പിൻവലിച്ച തുക തിരിച്ചടയ്ക്കുന്നത്– സംബന്ധിച്ച്. | 145 |
| 3–41 | കാർഷിക മേഖല– പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 146 |
| 3–42 | വ്യവസായ ബോധവൽക്കരണ പരിപാടി– പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ | 150 |


Local Fund Audit Department

| | | |
|---|---|---|
| 3–43 | ഖരമാലിന്യ സംസ്കരണം – വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനത്തിന് പത്ര പരസ്യം നൽകിയ തുക പാഴായി. | 151 |
| 3–44 | പ്രജനന– ശൈശവ ആരോഗ്യ പദ്ധതി അപൂർണ്ണാവസ്ഥയിൽ തുടരുന്നു. | 152 |
| 3–45 | വാർഡ് കമ്മിറ്റി – സംഘാടനത്തിലും നടത്തിപ്പിലും – അപാകതകൾ | 155 |
| 3–46 | പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചില്ല | 157 |
| 3–47 | വാത്മീകി– അംബേദ്കർ ആവാസ് യോജന– നടത്തിപ്പിലെ അപാകതകൾ | 157 |
| 3–48 | എസ്.ജെ.എസ്.ആർ.വൈ. നടത്തിപ്പിലെ അപാകതകൾ | 158 |
| 3–49 | വിധവാ പെൻഷൻ – പൊതു അപാകതകൾ | 160 |
| 3–50 | വികലാംഗ പെൻഷൻ അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നില്ല. | 162 |
| | **ഭാഗം 4** | |
| 4–1 | വാർഷിക കണക്കുകൾ | 165 |
| 4–2 | ഡി.സി.ബി പത്രിക | 165 |
| 4–3 | വാർഷിക കണക്കുകളിലെ അപാകതകൾ | 165 |
| 4–4 | വായ്പ/ വായ്പ തിരിച്ചടവ് | 168 |
| 4–5 | ഓഡിറ്റ് റിക്കവറി | 168 |
| 4–6 | ചാർജ്ജ്/ സർച്ചാർജ്ജ് വഴി ഈടാക്കിയ തുകയുടെ വിവരം | 168 |
| 4–7 | സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും അടയ്ക്കാനുള്ള തുകയുടെ വിവരം | 168 |
| 4–8 | വികസന വിഭാഗം– വരവു ചെലവ് കണക്ക് | 169 |
| 4–9 | ഓഡിറ്റ് ചാർജ്ജ് | 174 |
| 4–10 | ഓഡിറ്റ് പ്രത്യവലോകനം | 174 |
| 4–11 | കേന്ദ്ര– സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം | 176 |
| 4–12 | നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ | 176 |
| 4–13 | റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ | 176 |
| 4–14 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 177 |
| അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (ഖണ്ഡിക 1–1–3) സാക്ഷ്യപത്രം ന്യൂനതകളുടെ സംഗ്രഹം | |
| അനുബന്ധം 2 | കോഴിക്കോട് നഗരസഭ 2010–11 വർഷത്തെ വരവു ചെലവു കണക്കുകളുടെ സംഗ്രഹം (ഖണ്ഡിക 4–1) | |
| അനുബന്ധം 3 | ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിൻെറയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം (ഖണ്ഡിക നം. 4(4) | |
| അനുബന്ധം 4 | പുതുക്കിയ ബഡ്ജറ്റിലുള്ളതിനേക്കാൾ അധികം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക 1–1–2) | |


Local Fund Audit Department

| | | |
|---|---|---|
| അനുബന്ധം 5 | വികസന വിഭാഗം – 31-3-2011-ന് അവശേഷിക്കുന്ന വായ്പയുടെ വിവരം (ഖണ്ഡിക 4-8-5) | |
| അനുബന്ധം 6 | ബാലൻസ് ഷീറ്റ് 2010-11 ഖണ്ഡിക 4-3(3) | |
| അനുബന്ധം 7 | Income and Expenditure Statement 2010-11 | |
| അനുബന്ധം 8 | (ഖണ്ഡിക 4-3(5)) വരവിനങ്ങൾ വാർഷിക കണക്കിലെയും ഡി.സി.ബി പത്രികകളിലെയും തുകകൾ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. | |
| അനുബന്ധം 9 | കോഴിക്കോട് നഗരസഭ- വികസന വിഭാഗം 2010-11 വർഷത്തെ വരവ്- ചെലവ് കണക്കുകളുടെ സംക്ഷിപ്തം (ഖണ്ഡിക 4-8) | |
| അനുബന്ധം 10 | ചാർജ്ജ്/ സർച്ചാർജ്ജ് സർട്ടിഫിക്കറ്റുകൾ പുറപ്പെടുവിച്ചതിന്റെ വിശദാംശങ്ങൾ | |
| അനുബന്ധം 11 | യഥാസമയം ഡിമാൻറ് ഡ്രാഫ്റ്റ് നൽകാതിരുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ (ഖണ്ഡിക 3-39) | |

Local Fund Audit Department

## ഭാഗം – 1–പൊതു അവലോകനം

### 1–1) ബജറ്റ് :

നഗരസഭയുടെ 2010–11 വർഷത്തെ ബജറ്റ് 25–3–2010–ലെ പ്രത്യേക കൗൺസിൽ യോഗത്തിലെ 1–ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 23–3–2011– ലെ 1–ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരം പ്രതീക്ഷിച്ച വരവും ചെലവും നഗരസഭയുടെ വാർഷിക കണക്ക് പ്രകാരമുള്ള വരവുചെലവു കണക്കുകളും താഴെപ്പറയുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് | വാർഷിക കണക്ക് |
|---|---|---|---|
| മുന്നിരിപ്പ് | 12,93,73,585 | 13,25,90,095 | 21,84,92,309.78 |
| വരവ് | 1,31,23,16,000 | 1,20,15,10,700 | 91,11,62,447.00 |
| ആകെ | 1,44,16,89,585 | 1,33,41,00,795 | 1,12,96,54,756.78 |
| ചെലവ് | 1,36,95,04,000 | 1,18,59,07,600 | 86,86,49,050.00 |
| നീക്കിയിരിപ്പ് | 7,21,85,585 | 14,81,93,195 | 26,10,05,706.78 |

ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിൽ അംഗീകരിച്ച ബജറ്റും നഗരസഭയുടെ വാർഷിക കണക്കും തമ്മിൽ അന്തരം ഉണ്ട്. ബജറ്റിൽ 131.23 കോടി രൂപ വരവ് പ്രതീക്ഷിച്ചപ്പോൾ 91.11 കോടി രൂപയാണ് (69.43%) വാർഷിക കണക്ക് പ്രകാരമുള്ള വരവ്. 136.95 കോടി രൂപ ചെലവ് പ്രതീക്ഷിച്ചതിൽ 86.86 കോടി രൂപ (63.43%) മാത്രമാണ് യഥാർത്ഥ ചെലവ്.

പുതുക്കിയ ബജറ്റും വാർഷിക കണക്കും തമ്മിൽ ഭീമമായ അന്തരം കാണുന്നു. വാർഷിക കണക്കു പ്രകാരം വരവിനങ്ങളിൽ 29,03,48,253/– രൂപയുടെയും ചെലവിനങ്ങളിൽ 31,72,58,550/– രൂപയുടെയും കുറവ് വന്നിട്ടുണ്ട്. പുതുക്കിയ ബജറ്റിൽ ഉദ്ദേശിച്ചിരുന്നതിനേക്കാൾ 8,59,02,214.78/– രൂപ (8.59 കോടി) യുടെ മുന്നിരിപ്പ് തുക അധികമായി ഉണ്ടായിരുന്നതായാണ് വാർഷിക കണക്ക് പ്രകാരം കാണുന്നത്. പുതുക്കിയ ബജറ്റും വാർഷിക കണക്കും തമ്മിലുള്ള ഭീമമായ അന്തരം, ബജറ്റിംഗ് തത്വങ്ങളിൽ നിന്നുള്ള വ്യതിചലനത്തെയാണ് സൂചിപ്പിക്കുന്നത്.

Local Fund Audit Department

## 1–1–1) നഗരസഭയുടെ നികുതി, നികുതിയേതര വരുമാനം ശരിയായി ബജറ്റിൽ പ്രതിഫലിക്കുന്നില്ല :

2010–11 വർഷത്തെ നികുതി, നികുതിയേതര വരുമാനമായി ബജറ്റിൽ കാണിച്ച തുകയും, വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള തുകയും തമ്മിൽ വളരെയധികം അന്തരം കാണുന്നു.

| | ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് | .വാർഷിക കണക്ക് പ്രകാരം വരവ് | .വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി | 18,55,00,000 | 127,711,837 | 5,77,88,163 |
| തൊഴിൽ നികുതി | 8,00,00,000 | 6,73,53,209 | 1,26,46,791 |
| ഡി ആൻറ് ഒ ലൈസൻസ് ഫീ | 1,50,00,000 | 57,66,521 | 92,33,479 |
| പരസ്യ നികുതി | 1,00,00,000 | 60,67,349 | 39,32,651 |
| ഷോപ്പിംഗ് കോംപ്ളക്സുകളിൽ നിന്നുള്ള വാടക | 9,50,00,000 | 53,101,453 | 4,18,98,547 |

Local Fund Audit Department

നികുതി, നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് ശരിയായി വിലയിരുത്താത്തതാണ് പ്രതീക്ഷിച്ച വരവും കോർപ്പറേഷന് ലഭിച്ച വരവും തമ്മിലുള്ള വ്യത്യാസത്തിന് കാരണം. ഡി.സി.ബി പത്രിക വർഷാ വർഷം കൃത്യമായി തയ്യാറാക്കാത്തത് കാരണം ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ നികുതി കുടിശ്ശികയും തൻവർഷത്തെ ഡിമാൻറും കൃത്യമായി അറിയാൻ കഴിയാതെ പോകുന്നു. വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി തുടങ്ങിയ നഗരസഭയുടെ പ്രാഥമിക നികുതി സ്രോതസ്സുകളിൽ നിന്നുള്ള വരവിന്റെ ഏറ്റക്കുറച്ചിലുകൾ യാഥാർത്ഥ്യവുമായി വളരെയധികം അന്തരമുള്ള ബജറ്റിന് കാരണമാകുകയും, നഗരസഭയുടെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

## 1–1–2) പുതുക്കിയ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ അധിക തുക ചെലവഴിച്ചു

23–3–2011 ലെ 1–ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നഗരസഭാ കൗൺസിൽ അംഗീകരിച്ച പുതുക്കിയ ബജറ്റിനേക്കാൾ വളരെ കൂടിയ തുക ചിലയിനങ്ങളിൽ ചെലവഴിച്ചതായി കാണുന്നു.

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 293(6)പ്രകാരം അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവാക്കാൻ

പാടില്ലാത്തതാകുന്നു. നിയമ വിരുദ്ധമായി ചെലവാക്കിയ തുകകൾ അധികൃതമാക്കാൻ നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

2010–11 വർഷത്തെ പുതുക്കിയ ബജറ്റ് നഗരസഭാ കൗൺസിലിൻെറ 1–ാം നമ്പർ തീരുമാന പ്രകാരം 23–3–2011–ലാണ് അംഗീകരിച്ചത്. സാമ്പത്തിക വർഷം അവസാനിക്കാറായ ഘട്ടത്തിൽ ഓരോ ഇനത്തിലും ആവശ്യമായ തുക കണക്കാക്കി പുതുക്കിയ ബജറ്റിൽ വകയിരുത്താമായിരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തുന്നു.

ഏതൊക്കെ ഇനങ്ങളിൽ പുതുക്കിയ ബജറ്റിൽ അധികം ചെലവഴിച്ചു എന്നതിൻെറ വിശദാംശങ്ങൾ അനുബന്ധം 4–ൽ പറയുന്നു. അധികം ചെലവഴിച്ച തുകയ്ക്ക് കൗൺസിലിൻെറ അംഗീകാരം വാങ്ങേണ്ടതാണ്.

## 1–1–3) വാർഷിക കണക്കുകൾ

1994–ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 9(1) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കണം. ഇതനുസരിച്ച് 31–7–2011–നോ അതിന് മുമ്പായിട്ടോ ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന 2010–11–ലെ വാർഷിക കണക്കുകൾ സെക്രട്ടറിയുടെ 27–7–2011–ലെ ബി2/85471/02 നമ്പർ കത്ത് പ്രകാരം 28–7–2011–ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 1994–ലെ കേരളാ മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 294 പ്രകാരം ആവശ്യമായ കൗൺസിലിൻെറ അംഗീകാരം ലഭ്യമാക്കാതെയായിരുന്നു അക്കൗണ്ടുകൾ ഓഡിറ്റിന് സമർപ്പിച്ചത്. ഈ അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് നഗരസഭാ കൗൺസിലിൻെറ 29–9–2011–ലെ 90–ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച വാർഷിക കണക്കുകൾ 4–10–2011–ന് പുന: സമർപ്പിച്ചിട്ടുണ്ട്.

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 4–3 ആയി ചേർത്തിട്ടുണ്ട്. പ്രസ്തുത അപാകതകൾക്ക് വിധേയമായി നൽകിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിലെ അനുബന്ധം–1 ആയും ചേർത്തിട്ടുണ്ട്.

## 1–2) ഓഡിറ്റ് റിപ്പോർട്ടിൻെറ ഉള്ളടക്കം

2010–11 വർഷത്തെ വരവു ചെലവു കണക്കുകളുടെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി 116 ഒബ്ജക്ഷൻ സ്റ്റേറ്റുമെൻറുകൾ സെക്രട്ടറിക്കു നൽകി. ഇവയിൽ 32 കുറിപ്പുകൾക്ക് മറുപടി ലഭ്യമാക്കുകയുണ്ടായി. ഇവ പരിഗണിച്ച് 13 തടസ്സവാദങ്ങളും താരതമ്യേന ഗൗരവം കുറവയാകയാൽ 14 തടസ്സവാദങ്ങളും (ആകെ 27) ഒഴിവാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 89

Local Fund Audit Department

തടസ്സവാദ പത്രികകളുടെ സംക്ഷിപ്ത രൂപമാണ് ഈ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1–3) നികുതി പിരിവിലുള്ള പുരോഗതി :

2010– 11 വർഷത്തെ ഡി.സി.ബി പത്രിക പ്രകാരം പ്രധാന വരവിനങ്ങളുടെ പിരിവു ശതമാനം താഴെ കൊടുക്കുന്നു.

| | കുടിശ്ശിക | തൻവർഷം |
|---|---|---|
| വസ്തു നികുതി | 72% | 84% |
| തൊഴിൽ നികുതി | 16% | 98% |
| വിനോദ നികുതി | പിരിച്ചെടുത്തിട്ടില്ല | 100% |
| കെട്ടിട വാടക | 58% | 84% |

Local Fund Audit Department

വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ നഗരസഭ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. തൊഴിൽ നികുതി, പരസ്യ നികുതി, ഷോപ്പിംഗ് കോംപ്ളക്സ് വാടക എന്നിവയുടെ തൻവർഷത്തെ പിരിവും തൃപ്തികരമല്ല. ഈയിനങ്ങളിൽ മുൻവർഷത്തെ അപേക്ഷിച്ച് 2010–11–ൽ പിരിവ് കുറഞ്ഞിട്ടുണ്ട്. തനതു വരുമാന മാർഗ്ഗങ്ങളിലെ പിരിവ് ഊർജ്ജിതപ്പെടുത്തി കോർപ്പറേഷൻെറ സാമ്പത്തിക നില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ നികുതി, പരസ്യ നികുതി, വാടക എന്നീയിനങ്ങളിൽ 2009–10, 2010–11 വർഷങ്ങളിലെ വരവിൻെറ കണക്ക് (അക്കൗണ്ട് പ്രകാരം) താഴെ കാണിക്കുന്നു.

| | വാർഷിക കണക്കു പ്രകാരമുള്ള വരവ് | |
|---|---|---|
| | 2009–10 | 2010–11 |
| തൊഴിൽ നികുതി | 9,05,56,349 | 6,73,53,209 |
| ഡി ആൻറ് ഒ ലൈസൻസ് ഫീ | 1,56,00,000 | 57,66,521<br>ഡി.സി.ബി പത്രിക പ്രകാരം |
| പരസ്യ നികുതി | 29,00,651 | 60,67,345 |
| ഷോപ്പിംഗ് കോപ്ളക്സുകളിൽ നിന്നുള്ള വാടക | 9,00,00,000 | 5,31,01,453 |

## 1-4). കുടിശ്ശിക രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

നികുതി/നികുതിയേതരയിനങ്ങളിൽ കോർപ്പറേഷന് ഓഡിറ്റ് വർഷാവസാനത്തിൽ 5.15 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ നഗരസഭയിൽ എഴുതി സൂക്ഷിക്കുന്നില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇതു സംബന്ധിച്ച പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും അതിനനുസരിച്ച് രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനുള്ള ശ്രമം ഇതുവരെ നടത്തിയിട്ടില്ല. കുടിശ്ശിക ഡിമാൻറ് രജിസ്റ്ററിൻെറ അഭാവത്തിൽ വിവിധയിനങ്ങളിലായി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകകളുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 539(1) പ്രകാരം നഗരസഭയ്ക്ക് കിട്ടാനുള്ള തുകകൾ നിയമ നടപടികളിലൂടെ ഈടാക്കാമായിരുന്ന തീയ്യതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ ഈടാക്കാനാകാതെ തുക കാലഹരണപ്പെടും. ഇപ്രകാരം നഗരസഭയ്ക്ക് ഉണ്ടാകാനിടയുള്ള നഷ്ടം ഒഴിവാക്കുന്നതിനായി കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യറാക്കി, കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്.

യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയതുമൂലം നഗരസഭയ്ക്ക്, കിട്ടേണ്ടതായ ഏതെങ്കിലും തുക മേൽപറഞ്ഞ [സെക്ഷൻ 539(1)] പ്രകാരം കാലഹരണപ്പെട്ടാൽ അപ്രകാരം നഗരസഭയ്ക്ക് നഷ്ടമായ തുക നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് 12% പലിശ സഹിതം ഈടാക്കാൻ സെക്ഷൻ 539(3) വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ കുടിശ്ശിക ഡിമാൻറ് രജിസ്റ്ററുകൾ എഴുതിത്തയ്യാറാക്കുകയും നികുതി കുടിശ്ശികകൾ മുകളിൽ പറഞ്ഞ പ്രകാരം ഇതിനകം കാലഹരണപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യേണ്ടതാണ്. കാലഹരണപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും 12% പലിശ സഹിതം ഈടാക്കി നഗരസഭയ്ക്ക് ഉണ്ടാകുന്ന നഷ്ടം നികത്തേണ്ടതാണ്. നഗരസഭ ഓഡിറ്റിന് സമർപ്പിച്ച ഡി.സി.ബി പത്രിക പ്രകാരം 31-3-2011-ന് കുടിശ്ശികയായ തുകയുടെ വിശദാംശങ്ങൾ താഴെ കാണിക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | വസ്തു നികുതി | 2,82,20,764 |
| 2 | തൊഴിൽ നികുതി | 38,21,275 |
| 3 | കെട്ടിട വാടക | 1,92,64,386 |
| 4 | കേബിൾ | 49,120 |
| 5 | ബസ്റ്റാൻറ് ഫീസ് | 28,190 |
| 6 | ഡി ആൻറ് ഒ ലൈസൻസ് ഫീസ് | 1,07,999 |
| 7 | പി.എഫ്.എ | 9,323 |
| | **ആകെ** | **5,15,01,057** |

Local Fund Audit Department

5.15 കോടി രൂപ കാലഹരണപ്പെട്ട് നഗരസഭയ്ക്ക് നഷ്ടപ്പെടാതിരിക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1–5) വികസന ഫണ്ട് വിനിയോഗം

മുൻബാക്കി 9,33,29,104/– രൂപയും തൻവർഷം അനുവദിച്ച 23,09,86,652/– രൂപയുമടക്കം ആകെ 3,24,31,576/– രൂപയിൽ 18,61,60,941/– രൂപ വിനിയോഗിച്ചു. ലഭ്യമായ വികസന ഫണ്ടിൻെറ 57% മാത്രമാണ് ഓഡിറ്റു വർഷം വിനിയോഗിച്ചത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | വകയിരുത്തിയ തുക | വിനിയോഗിച്ച തുക | ശതമാനം | നീക്കിയിരിപ്പ്. |
|---|---|---|---|---|
| പൊതു വിഭാഗം | 25,39,77,796 | 17,40,05,369 | 69% | 7,99,72,427 |
| എസ്.സി.പി. | 7,03,37,960 | 1,21,55,572 | 17% | 5,81,82,388 |
| ആകെ | 32,43,15,756 | 18,61,60,941 | 57% | 13,81,54,815 |

## 1–5–1) കോഴിക്കോട് നഗരസഭ മെയിൻറനൻസ് ഫണ്ട് വിനിയോഗം 75 ശതമാനം

മെയിൻറനൻസ് ഫണ്ടിനത്തിൽ 2010–11 വർഷം താഴെ പറയും പ്രകാരമുള്ള തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തു.

| ക്രമ നം | ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം. |
|---|---|---|---|---|
| 1 | മെയിൻറൻനസ് ഫണ്ട് (റോഡ്) | 4,18,73,706 | 3,26,75,578 | 78% |
| 2 | മെയിൻറനൻസ് ഫണ്ട് (നോൺ റോഡ്) | 3,76,68,170 | 2,69,03,327 | 71% |
| | **ആകെ** | **7,95,41,876** | **5,95,78,905** | **75%** |

## 1–5–2) വികസന ഫണ്ട് വിനിയോഗം– പൊതു അപാകതകൾ

2010–11 വർഷം വികസന ഫണ്ടുപയോഗിച്ച് 209 പുതിയ പദ്ധതികൾക്കും, 137 സ്പിൽ ഓവർ പദ്ധതികൾക്കുമായി ആകെ 346 പദ്ധതികൾക്കാണ് അംഗികാരം ലഭിച്ചത്. പദ്ധതി വിഹിതമായി താരതമ്യേന ചെറിയ തുകകൾ വകയിരുത്തി കൂടുതൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് നഗരസഭയുടെ സ്ഥായിയായ വികസനത്തിന്

Local Fund Audit Department

സഹായകമാകുന്നില്ല. കൂടുതൽ പദ്ധതി വിഹിതമുൾപ്പെടുത്തി താരതമ്യേന വലിയ പദ്ധതികൾ നടപ്പിലാക്കുന്നത് കൂടുതൽ പ്രയോജനപ്രദമായിരിക്കും.

### 1–5–3(എ) വികസന പദ്ധതി– ആസൂത്രണം/ നിർവ്വഹണം/ മോണിട്ടറിംഗ് എന്നിവയിൽ നിയമാനുസൃത നടപടികൾ പാലിച്ചില്ല.

2010–11 സാമ്പത്തിക വർഷത്തിൽ പദ്ധതി രേഖ പ്രകാരം 623 വികസന പദ്ധതികൾ നഗരസഭ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നു. (പൊതു വിഭാഗം 563, പട്ടികജാതി വിഭാഗം 60) ഇതിനായി വിവിധ ഫണ്ടുകളിൽ നിന്നും 69,99,68,115/– രൂപ തൻവർഷം വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയതിൻെറയും,ചെലവഴിച്ചതിൻെറയും വിശദാംശങ്ങ ൾ താഴെ കൊടുക്കുന്നു.

| മേഖല | പ്രോജക്ടുകളുടെ എണ്ണം | | | വകയിരുത്തിയ തുക | | | ചെലവഴിച്ച തുക | | |
|---|---|---|---|---|---|---|---|---|---|
| | ജനറൽ | എസ്.സി .പി. | ആകെ | ജനറൽ | എസ്.സി. പി. | ആകെ | ജനറൽ | എസ്.സി.പി. | ആകെ |
| ഉൽപാദനം | 51 | 2 | 53 | 43973236 | 3810000 | 47783236 | 18209291 | – | 18209291 |
| സേവനം | 204 | 47 | 251 | 156759350 | 38307678 | 195067028 | 49476926 | 4458024 | 53934950 |
| പശ്ചാത്തലം | 280 | 7 | 287 | 155745988 | 1161960 | 156907948 | 88087274 | 742572 | 88829846 |
| മേഖലാ വിഭജനത്തിൽ പ്പെടാത്തത് | 28 | 4 | 32 | 273151581 | 27058322 | 300209903 | 57707437 | 27058322 | 84765759 |
| **ആകെ** | **563** | **60** | **623** | **629630155** | **70337960** | **699968115** | **213480928** | **32258918** | **245739846** |

Local Fund Audit Department

623 പദ്ധതികളിൽ തൻവർഷം 440 പദ്ധതികൾ നടപ്പിലാക്കി (399 എണ്ണം പൊതു വിഭാഗത്തിലും, 41 എണ്ണം പട്ടികജാതി വിഭാഗത്തിലും ) ഇതിനായി തൻവർഷം 24,57,39,846/– രൂപ ചെലവഴിച്ചു. പദ്ധതികൾക്കായി മൊത്തം വകയിരുത്തിയ തുകയുടെ 35% പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. തനത് ഫണ്ടിൽ നിന്നും നീക്കി വെച്ച 3.26 കോടി രൂപയിൽ നിന്നും ഒന്നും ചെലവഴിക്കാതെ വികസന ഫണ്ട്, മെയിൻറനൻസ് ഫണ്ട് എന്നിവയിൽ നിന്നാണ് തുക മുഴുവൻ കണ്ടെത്തിയത്. ഉദ്പാദന മേഖലയിൽ എസ്.സി. വിഭാഗക്കാർക്കായി നീക്കിവെച്ച 38.1 ലക്ഷം രൂപയിൽ ഒന്നും ചെലവഴിക്കാത്തത് പ്രത്യേക വിമർശനം അർഹിക്കുന്നു. ഒരു തദ്ദേശ സർക്കാരിൻെറ ബ ലവും സംഭരണ ശേഷിയും ഉപാധികൾ കൂടാതെ എത്ര പണം ഗ്രാൻറായി കൈമാറ്റം ചെയ്യപ്പെടുന്നു, തനതായി എത്ര പണം സ്വരൂപിക്കാനാവും എന്നീ രണ്ടു കാര്യങ്ങളെ ആശ്രയിച്ചാണിരിക്കുക.

പദ്ധതികൾക്കായി പണം വകയിരുത്തിയതിൻെറയും, ചെലവഴിച്ചതിൻെറയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം. |
|---|---|---|---|---|
| 1 | വികസന ഫണ്ട് | 324315756 | 186160941 | 57% |
| 2 | മെയിൻറനൻസ് ഫണ്ട് (റോഡ്) | 41873706 | 32675578 | 78% |
| 3 | മെയിൻറനൻസ് ഫണ്ട് (നോൺ റോഡ് | 37668170 | 26903327 | 71% |
| 4 | തനതു ഫണ്ട് | 32628594 | – | – |
| 5 | ഗുണഭോക്തൃ വിഹിതം (സ്ഥാപനങ്ങളിൽ അടയ്ക്കുന്ന തുക ) | 6755220 | – | – |
| 6 | ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്ന തുക ) | 1925360 | | |
| 7 | മറ്റ് ഫണ്ടുകൾ | 254801309 | – | – |
| | **ആകെ** | **699968115** | **245739846** | **35%** |

മേൽ പറഞ്ഞ സ്ഥിതി വിവര കണക്ക് സൂചിപ്പിക്കുന്നത്, വികസന പദ്ധതികൾക്കായി നഗരസഭ സർക്കാരിനെ മാത്രം ആശ്രയിക്കുന്നു എന്നതാണ്.

Local Fund Audit Department

**ബി) പദ്ധതിപണം ചെലവഴിച്ചതിൻെറ മുഖ്യ പങ്കും സാമ്പത്തിക വർഷാവസാനത്തിൽ**

12–4–2006–ലെ സർക്കാർ ഉത്തരവ് (പി) നം. 177/2006/ ഫിൻ പ്രകാരം ത.സ്വ.ഭ.വ. സ്ഥാപനങ്ങളിൽ പദ്ധതി വിഹിത ചെലവുകൾ സാമ്പത്തിക വർഷാവസാനത്തിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നത് ഒഴിവാക്കുവാനായി, അതാത് ത.സ്വ.ഭ.വ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതങ്ങൾ മെയ് മുതൽ ഫെബ്രുവരി വരെയുള്ള മാസക്കാലയളവിൽ 10 ഗഡുക്കളായി നൽകുവാൻ ഉത്തരവാകുകയും, ആയതിൻെറ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് തൻവർഷം പദ്ധതി വിഹിതം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

30–7–2010–ന് നഗരസഭയുടെ പദ്ധതി രേഖയ്ക്ക് ഡി.പി.സി അംഗീകാരം ലഭിച്ചു. (570/10, ഡി.പി.എൽ/ ഡി.പി.സി തീയ്യതി 30–7–2010) തുടർന്ന് 8 മാസക്കാലയളവ് നഗരസഭയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിച്ചുവെങ്കിലും തൻവർഷം നടപ്പാക്കിയ മിക്ക പദ്ധതികളും നിർവ്വഹണം നടത്തുന്നതിൽ വളരെയധികം കാലതാമസം വന്നിട്ടുണ്ട്. ആയതിനാൽ സാമ്പത്തിക വർഷത്തിൻെറ അവസാന കാലഘട്ടത്തിലാണ് പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞത്. വികസന ഫണ്ട് ഉപയോഗിച്ച് തൻവർഷം 18,61,60,941/– രൂപ ചെലവഴിച്ചതിൽ 7,95,49,406/–രൂപയും ചെലവഴിച്ചത് (42%) മാർച്ച മാസത്തിലാണ്. 4 മാസത്തെ ആസൂത്രണ നടപടികൾ അവസാനിച്ച ശേഷം, നിർവ്വഹണത്തിനായി ഏതാണ്ട്

8 മാസത്തോളം ലഭിച്ചിട്ടും സാമ്പത്തിക വർഷാവസാനത്തിലെ തിരക്കിട്ട് ചെലവഴിക്കൽ പ്രക്രിയക്ക് മാറ്റം വന്നിട്ടില്ല. വർഷാവസാനത്തിലെ തിരക്കിട്ടുള്ള ചെലവഴിക്കൽ പദ്ധതികളുടെ ഗുണമേന്മയേയും കാര്യക്ഷമതയേയും ബാധിക്കാൻ സാധ്യത ഏറെയാണ്. പദ്ധതികളിൽ പലതും ആരംഭഘട്ടത്തിലും, ചില പദ്ധതികൾ ഭാഗികമായി മാത്രം നടപ്പിലാക്കിയവയുമാണ്. ഉദാ:– പ്രൊജക്ട് നം. 12/2010–11 – പ്ലാസ്റ്റിക് റീ–പ്രോസസിംഗ് യൂണിറ്റിൽ യന്ത്ര സാമഗ്രികൾ സ്ഥാപിക്കൽ–വൈദ്യുതീകരണം എന്ന പ്രോജക്ടിൽ 18 ലക്ഷം രൂപ വകയിരുത്തിയ സ്ഥാനത്ത് 38,800 രൂപ മാത്രമാണ് ചെലവഴിച്ചത്.

**<u>സി) പദ്ധതി രൂപീകരണം, അംഗീകാരം വാങ്ങൽ – സമയക്രമങ്ങൾ പാലിച്ചിട്ടില്ല.</u>**

1994–ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 51 പ്രകാരം നഗരസഭകൾ വികസന പദ്ധതികൾ തയ്യാറാക്കി, വകുപ്പ് 285 പ്രകാരം നഗരസഭയുടെ ബജറ്റിന്റെ ഭാഗമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 30–12–2009–ലെ സർക്കാർ ഉത്തരവ് (എം. എസ്) നം. 257/2009 ത.സ്വ.ഭ.വ. പ്രകാരം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2010–11 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കി, ഡി.പി.സി. അംഗീകാരം തേടുന്നതിനുള്ള നടപടികൾക്ക് സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ത.സ്വ.ഭ.വ സ്ഥാപനങ്ങൾ 2010–11–ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ 2010 ജനുവരി 5–ന് ആരംഭിക്കുകയും, 2009–10 സാമ്പത്തിക വർഷത്തിലെ സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടുത്തി 2010 ഏപ്രിൽ 30–നകം അംഗീകാരം തേടേണ്ടതുമാണ്. എന്നാൽ നഗരസഭ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചതുതന്നെ 2010 ഫെബ്രുവരിയിലാണ്. നഗരസഭയുടെ പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ കാലഘട്ടങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവർത്തനങ്ങൾ | തീയതി/ മാസം |
|---|---|---|
| 1 | വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടന | പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 2 | വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്നത് | 2010 ഫെബ്രുവരി |
| 3 | സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചന | മിനിറ്റ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 4 | വാർഡ് കമ്മിറ്റി യോഗങ്ങൾ | |
| 5 | കരട് പദ്ധതി തയ്യാറാക്കിയത് | |
| 6 | വികസന സെമിനാർ | 22–2–2010 |
| 7 | കൗൺസിൽ അംഗീകരിച്ച തീയ്യതി | 10–3–2010 |
| 8 | ഡി.പി.സി. അംഗീകാരം ലഭിച്ചത്. | 30–7–2010 |

15–6–2010–ലെ 37893/ഡി.എ1/2010 ത.സ്വ.ഭ.വ. നം. സർക്കുലർ പ്രകാരം ത.സ്വ.ഭ.വ. സ്ഥാപനങ്ങൾ 2010–11 സാമ്പത്തിക വർഷത്തിലെ പദ്ധതികൾ 19–6–2010–ന് മുമ്പായി

Local Fund Audit Department

ഡി.പി.സി. അംഗീകാരം വാങ്ങിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നഗരസഭയ്ക്ക് പാലിക്കുവാൻ കഴിഞ്ഞില്ല.

**ഡി) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.**

11-ാം പഞ്ച വൽസര പദ്ധതിയുടെ ഭാഗമായി ത.സ്വ.ഭ.വ സ്ഥാപനങ്ങളുടെ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗ രേഖ 14-5-2007-ലെ സർക്കാർ ഉത്തരവ് (എം. എസ്) നം. 128/2007/ ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവി ച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ അതാത് മേഖലയെക്കുറിച്ച് ശരിയായ പഠനം, ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ കണ്ടെത്തൽ, നിർവ്വഹണ മേൽനോട്ടം എന്നിങ്ങനെ പദ്ധതിയുമായി ബന്ധപ്പെട്ട് നിർണ്ണായക പ്രവർത്തനങ്ങൾ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്.

നഗരസഭയുടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സുകൾ പരിശോധിച്ചതിൽ നിന്നും അവയുടെ പ്രവർത്തനം പൊതുവേ തൃപ്തികരമല്ല എന്ന് കാണുന്നു. മിക്ക വർക്കിംഗ് ഗ്രൂപ്പുകളും അവയുടെ യോഗങ്ങൾ ചേരുന്നതിനായി നിശ്ചിത സമയപരിധി പാലിക്കുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

Local Fund Audit Department

<table>
<tr><th>വർക്കിംഗ് ഗ്രൂപ്പിൻെറ പേര്</th><th colspan="2">യോഗം ചേർന്ന തീയ്യതികൾ</th></tr>
<tr><td>നീർത്തട വികസനം, കൃഷി, പരിസ്ഥിതി ജലസേചനം</td><td colspan="2">1-3-2010, 14-1-2011</td></tr>
<tr><td>മത്സ്യ ബന്ധനം</td><td colspan="2">2-6-2009, 5-1-2011</td></tr>
<tr><td>സാമൂഹ്യ സുരക്ഷിതത്വം</td><td colspan="2">8-6-2009, 19-1-2011</td></tr>
<tr><td>ഭരണ നിർവ്വഹണം</td><td>22-2-2010</td><td rowspan="4">പിന്നീട് യോഗം ചേർന്നതിൻെറ വിശദാംശങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.</td></tr>
<tr><td>വനിതാ ക്ഷേമം</td><td>25-3-2010</td></tr>
<tr><td>മൃഗ സംരക്ഷണം</td><td>22-2-2010</td></tr>
<tr><td>ശിശു വികസനം</td><td>22-2-2010</td></tr>
</table>

വർക്കിംഗ് ഗ്രൂപ്പുകളുടെ തുടർ പ്രവർത്തനമായി നടത്തേണ്ട വാർഡ് കമ്മിറ്റി യോഗങ്ങളുടെ മിനിറ്റ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**ഇ) വികസന സെമിനാർ**

ജനകീയാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനായി ഒരു ത.സ്വ.ഭ.വ സ്ഥാപനം വികസന സെമിനാർ സംഘടിപ്പിക്കുമ്പോൾ, ആ സ്ഥാപനത്തിൻെറ വിവിധ മേഖലകളുടെ വികസനാവസ്ഥ പ്രാഥമികമായി അപഗ്രഥിക്കുന്നതും, വികസനത്തിൻെറ

മൊത്തത്തിലുള്ള വിലയിരുത്തൽ അവതരിപ്പിക്കുന്നതുമായ ഒരു തുറന്ന വേദിയായിട്ടുവേണം സംഘടിപ്പിക്കേണ്ടത്. ഇതിനായി പ്രാദേശികമായി ലഭ്യമായ എല്ലാ സ്ഥിതി വിവരക്കണക്കുകളും , പ്രത്യേകം ആവശ്യമായി വരുന്ന അധിക സ്ഥിതി വിവരക്കണക്കുകളും ശേഖരിക്കണം.

22-2-2010-ൽ ചേർന്ന വികസന സെമിനാർ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും മേൽ വിവരിച്ച രീതിയിലുള്ള സ്ഥിതി വിവരകണക്കുകളുടെ വിശദാംശങ്ങൾ ചർച്ച ചെയ്തതായോ, വിവര ശേഖരണം നടത്തിയതായോ കാണുന്നില്ല. സെമിനാറിൽ പങ്കെടുത്തവർ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്തതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

.വികസന സെമിനാറിൽ 383 പേർ പങ്കെടുത്തെങ്കിലും അവരുടെ മേൽ വിലാസം, വയസ്സ്, തൊഴിൽ തുടങ്ങിയ വിവരങ്ങളടങ്ങിയ ഹാജർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

Local Fund Audit Department

**<u>എഫ്) ഗുണഭോക്തൃ ലിസ്റ്റ്</u>**

ത.സ്വ.ഭ. സ്ഥാപനങ്ങളിൽ പദ്ധതി രൂപീകരണത്തിലെ ഒരു പ്രധാന രേഖയാണ് ഗുണഭോക്താക്കളുടെ സമ്പൂർണ്ണമായ അന്തിമ ലിസ്റ്റ്. ഗുണഭോക്താക്കളെ അവരുടെ അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തിരഞ്ഞെടുക്കേണ്ട ചുമതല നഗരസഭയിലെ വാർഡ് കമ്മിറ്റികൾക്കാണ്.

1-11-2010 -നു ശേഷമുള്ള വാർഡ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ നിന്നും, ഓരോ വാർഡിലേയും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ആ വാർഡിലെ സബ് കമ്മിറ്റികളുടെ ശുപാർശ പ്രകാരമാണ് ഗുണഭോക്താക്കളുടെ യോഗ്യതാ മാനദണ്ഡവും, മുൻഗണനാ മാനദണ്ഡവും വാർഡ് കമ്മിറ്റികളിൽ ചർച്ച ചെയ്യുന്നില്ല.

2-10-1997-ലെ സർക്കാർ ഉത്തരവ് സ.ഉ (പി) നം. 220/97/ എൽ.എ.ഡി പ്രകാരം വാർഡ് കമ്മിറ്റി യോഗത്തിൽ, അർഹതയുള്ള എല്ലാ അപേക്ഷകരേയും വിളിക്കേണ്ടതും പരിശോധനാ പ്രക്രിയ വേളയിൽ വെളിവാക്കപ്പെടുന്ന വസ്തുതകൾ കണക്കിലെടുത്തു മുൻഗണനാ മാനദണ്ഡം അടിസ്ഥാനമാക്കി അവരുടെ സാന്നിദ്ധ്യത്തിൽ തന്നെ മുൻഗണനാ ക്രമം നിശ്ചയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വാർഡ് കമ്മിറ്റികളിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ മേൽ പറഞ്ഞ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

**ജി) മോണിറ്ററിംഗ്**

13–2–2009–ലെ സർക്കാർ ഉത്തരവ് (എം. എസ്)/28/09 ത.സ്വ.ഭ.വ. പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിനായി മാർഗ്ഗ രേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അവരുടെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം എല്ലാ മാസവും ആറാമത് പ്രവർത്തി ദിവസം വിളിച്ചു ചേർക്കണമെന്നും, പ്രസ്തുത യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ മുൻമാസം വരെയുള്ള നിർവ്വഹണ പുരോഗതിയും, ചെലവു കണക്കുകളും നിശ്ചിത മാതൃകയിൽ രേഖാമൂലം റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവ് പ്രകാരമുള്ള ചിട്ടയായ പ്രവർത്തനങ്ങൾ നഗരസഭയിൽ നടന്നിട്ടില്ല. ആയതിനാൽ നഗരസഭയിലെ പദ്ധതി പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് കാര്യക്ഷമമായിരുന്നില്ല എന്നു വേണം കരുതാൻ.

നഗരസഭയിൽ പദ്ധതികൾ തയ്യാറാക്കിയതുകൊണ്ട് മാത്രം നേട്ടം കൈവരിക്കാനാവില്ല. തയ്യാറാക്കിയ പദ്ധതി നടപ്പാക്കുന്നതിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഒരു പോലെ കഴിയണം. എന്നാൽ മാത്രമേ പദ്ധതികൾ ലക്ഷ്യം കൈവരിക്കുകയുള്ളൂ. പദ്ധതി രൂപീകരണ ത്തിലെന്നപോലെ നിർവ്വഹണത്തിൻെറയും, അവലോകനത്തിൻെറയും ചുമതലയും ജനപ്രതിനിധികൾക്കുണ്ട്.

മുകളിൽ പരാമർശിച്ച അപാകതകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ പല അപാകതകൾക്കും മറുപടി തന്നിരുന്നില്ല. മറ്റുള്ളവയിൽ പലതും വസ്തു നിഷ്ഠവുമായിരുന്നില്ല. ആയതിനാൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കാൻ സമ്പൂർണ്ണവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1–6) ഓഡിറ്റു റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിലെ കാലതാമസം**

നഗരസഭയുടെ 1995–96 മുതൽ 2009–10 വരെയും വികസന വിഭാഗത്തിൻെറ 1988–89 മുതൽ 2006–07 വരെയുമുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാന വശേഷിക്കുന്നുണ്ട്. നഗരസഭയുടെ 2009–10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 27–9–2011–ന് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ടിന് നാളിതുവരെ പ്രഥമ മറുപടി ലഭിച്ചിട്ടില്ല. 1994–ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 എന്നിവ പ്രകാരം റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം അതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ എന്നിവ ഒഴിവാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതും, ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത

Local Fund Audit Department

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമുണ്ട്. ഈ കാര്യത്തിൽ സമയബന്ധിതമായ നടപടികൾ ഇതുവരെ കൈക്കൊണ്ടിട്ടില്ല. ആയതിനാൽ, ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

## ഭാഗം – 2

## വരവ്

### 2–1) ക്യാഷ് വെരിഫിക്കേഷൻ :

2010–11 വർഷത്തെ ഓഡിറ്റിൻെറ ഭാഗമായി നഗരസഭയിലെ വിവിധ സെക്ഷനുകളിലെ പണമിടപാടുകളുടെ വിവരം 19–10–2011, 20–10–2011 എന്നീ തീയതികളിൽ പരിശോധിക്കുകയുണ്ടായി. അപാകതകളൊന്നും ശ്രദ്ധയിൽപ്പെട്ടില്ല. പരിശോധനാ റിപ്പോർട്ട് ഈ ഓഫീസിലെ എൽ.എഫ്. സി.സി. എ7/775/2011 തീ. 25–10–2011 കത്തു പ്രകാരം നഗരസഭാ സെക്രട്ടറിക്കു നൽകുകയുണ്ടായി.

Local Fund Audit Department

### 2–2) അനധികൃത കെട്ടിടം ക്രമവൽക്കരിച്ച് മുൻകാല പ്രാബല്യത്തിൽ വസ്തു നികുതി ചുമത്തി– നികുതി ചുമത്തിയതിൽ വന്ന നഷ്ടം.

**ഫയൽ എ25/91938/10** **ഡോർനമ്പർ : 33/5952 ബി.**

വാർഡ് 33, സർവ്വെ നമ്പർ 186/9–ൽ ശ്രീ. എൻ. അബ്ബാസ് 19–9–2006–ൽ അനധികൃതമായി പണി പൂർത്തിയാക്കിയ വാസ ഗൃഹം 16–2–2011–ലെ ടി.പി. 9/91938/2010 നമ്പർ ഉത്തരവ് പ്രകാരം ക്രമവൽക്കരിച്ച് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിരുന്നു. ഒക്യുപൻസി സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും നമ്പരിട്ട് നികുതി ചുമത്താനായി റവന്യൂ വിഭാഗത്തിലേക്ക് നൽകിയതിൽ, കെട്ടിടത്തിന് 1–10–2006 മുതൽ 247/– രൂപ അർദ്ധ വാർഷിക നികുതി ചുമത്തി നോട്ടീസ് നൽകിയതിൽ കെട്ടിട ഉടമ 2006–07 രണ്ടാം അർദ്ധ വർഷം മുതൽ നികുതി അടവാക്കി വരുന്നു.

എന്നാൽ 19–9–2006–ൽ അനധികൃതമായി പൂർത്തിയാക്കിയ കെട്ടിടം ക്രമവൽക്കരിക്കുന്നത് 16–2–2011–ൽ ആയതിനാൽ 1994–ലെ കേരള മുനിസിപ്പാലിറ്റി നിയമം 242–ാം വകുപ്പനുസരിച്ച് 2006–07 രണ്ടാം അർദ്ധ വർഷം മുതൽ 2010–11 രണ്ടാം അർദ്ധ വർഷം വരെ അനധികൃത കെട്ടിടത്തിന് ബാധകമായ നികുതിയും, തുടർന്ന് 2011–12 ഒന്നാം അർദ്ധ വർഷം മുതൽ സാധാരണ നികുതിയുമാണ് ചുമത്തേണ്ടിയിരുന്നത്. 242–ാം വകുപ്പനുസരിച്ച് ചുമത്തേണ്ടിയിരുന്ന നികുതിയുടെ വിവരം താഴെ കൊടുക്കുന്നു.

| നികുതിചുമത്തുന്ന അർദ്ധ വർഷം | ചുമത്തേണ്ട നികുതി | ചുമത്തിയ നികുതി | കുറവ് |
|---|---|---|---|
| 2006–07 II | 247 x 3 = 741 | 247 | 494 |
| 2007–08 I & II | 247 x 6= 1482 | 494 | 988 |
| 2008–09 I &II | 247 x 6= 1482 | 494 | 988 |
| 2009–10 I &II | 247 x 6= 1482 | 494 | 988 |
| 2010–11 I & II | 247 x 6= 1482 | 494 | 988 |
| **ആകെ** | **6669** | **2223** | **4446** |

(ചുമത്തേണ്ട നികുതി = നിയമാനുസൃത നികുതി + രണ്ടിരട്ടി)

16–3–2011–ൽ അസസ്മെൻറ് ലിസ്റ്റ് ചെയ്ത 8–ാം സർക്കിൾ റവന്യൂ ഇൻസ്പെക്ടർ ശ്രീ. എം.പി.രാമൻ, 18–3–2011–ൽ അസസ്സ്മെൻറ് അംഗീകരിച്ച റവന്യൂ ഓഫീസർ എന്നിവർ നഷ്ടത്തിന് ഉത്തരവാദികളായി ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്. നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2–3) <u>അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് നികുതി ചുമത്തൽ– നിയമം പാലിക്കാത്തതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം.</u>

അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നികുതി ചുമത്തുമ്പോൾ 1994–ലെ കേരള മുനിസിപ്പാലിറ്റി നിയമം 242–ാം വകുപ്പനുസരിച്ച് നികുതി നിർണ്ണയത്തിൽ മാറ്റം വരുത്തുന്നതായി കാണുന്നില്ല. പ്രസ്തുത വകുപ്പു പ്രകാരം അനധികൃത നിർമ്മാണങ്ങൾക്ക് അത് നിയമാനുസൃതം നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും, അതോടൊപ്പം അതിൻെറ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണ്.

എന്നാൽ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുമ്പോൾ പ്രസ്തുത കെട്ടിടം അനധികൃത നിർമ്മാണമായി നിന്നിരുന്ന കാലത്തേയ്ക്ക് മേൽ പറഞ്ഞ രീതിയിൽ നികുതി ചുമത്താതെ നിയമാനുസൃതം നിർമ്മിച്ചതായി കണക്കാക്കി സാധാരണ നികുതി മാത്രമാണ് ചുമത്തി വരുന്നത്. ഇപ്രകാരം നികുതി ചുമത്തുന്നതിനാൽ നിയമാനുസൃതം നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി നഷ്ടപ്പെടുന്നതായി കാണുന്നു.

Local Fund Audit Department

| ക്രമ നം | ഉടമസ്ഥൻെറ പേര്, ഫയൽ നം. | അനധികൃത നിർമ്മാണം പൂർത്തിയാക്കിയ തീയ്യതി | ക്രമവൽക്കരിച്ച തീയ്യതി | ചുമത്തേണ്ട നികുതി | ചുമത്തിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | തസ്‌ലീം.പി.പി.<br>A25/85590/2009<br>33/1401A1 | 1–12–2009 | 1–10–2010 | 2009–10 II<br>(803x3) 2409<br>2010–11<br>(803x3) 2409<br>4818 | 803<br>803<br>1606 | 1606<br>1606<br>3212 |
| 2 | ജോൺ മാത്യൂ<br>A25/13026/10<br>33/5752B | 13–7–2001 | 22–2–2011 | 20 അർദ്ധവർഷങ്ങൾ<br>20x741x3=44460 | 20 x741<br>=14820/– | 29640 |
| 3 | സി.മുഹമ്മദ് ബഷീർ<br>A6/28768/11<br>7/119A | 19–9–2010 | 24–01–2012 | 2010–11(II)<br>2011–12(I)<br>2x2077x3 =12462 | 2x 2077<br>=4154 | 8308 |
| 4 | കെ.പി. അബ്ദുൾ ഖാദർ<br>ടി.കെ. ജമീല<br>A6/12312/11<br>9/600F to 9/600J | 28–8–2004 | 22–3–2011 | 2004–05 II to<br>2010–11 II<br>13x 893 x 5x3<br>=174135 | 13 x 893x 5<br>=58045 | 116090 |
| 5 | പി. അജയകുമാർ<br>A6/47675/10<br>9/34A | 10–5–2009 | 12–2–2011 | 2009–10<br>2010–11<br>4x 1399 x 3= 16788 | 4x 1399<br>= 5596 | 11192 |
| | | | | | **ആകെ** | **1,68,442** |

പട്ടികയിൽ കാണിച്ചിട്ടുള്ള 5 ഇനങ്ങളിലെ നഷ്ടം 1,68,442/– രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2–4) വസ്തു നികുതി അപ്പീൽ തീർപ്പാക്കുന്നതിൽ കാലതാമസം

വസ്തു നികുതിയുടെ അപ്പീൽ ഫയലുകളും രജിസ്റ്ററും പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ അപ്പീലുകളിൽ തീരുമാനമെടുക്കുന്നില്ല എന്നു കാണുന്നു. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 509(5) പ്രകാരം അപ്പീൽ ലഭിച്ച് 60 ദിവസത്തിനകം തീർപ്പാക്കേണ്ടതുണ്ട്. എന്നാൽ ഭൂരിഭാഗം അപ്പീൽ പെറ്റീഷനുകളും തീർപ്പാക്കുന്നതിൽ അനന്തമായ കാലതാമസം നേരിടുന്നു. നികുതിദായകർക്ക് സമയബന്ധിതമായി സേവന ലഭ്യത ഉറപ്പ് വരുത്തേണ്ടത് നഗരസഭയുടെ ഉത്തരവാദിത്വമാണ്. കാലതാമസം, ഏതാനും ഉദാഹരണങ്ങൾ സഹിതം കൗൺസിലിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നു.

Local Fund Audit Department

| ക്രമ നം | അപ്പീൽ നം/ഫയൽ നം. | അപ്പീൽ ലഭിച്ച തീയ്യതി | കമ്മിറ്റിക്ക് സമർപ്പിച്ച തീയ്യതി | തീർപ്പാക്കിയ തീയ്യതി, തീരുമാനം നം. | ജമവിവരം |
|---|---|---|---|---|---|
| 1 | A3/2/104/10–11<br>A3/58399/10 | 21–10–2010 | 27–01–2011 | 29–9–2011<br>തീരുമാനം നം. 11 | K.M റിലേഷ് കുമാർ<br>2/2197B, സിവിൽ സ്റ്റേഷൻ,<br>കോഴിക്കോട്. |
| 2 | A3/2/98/10–11<br>A3/76/10 | 28–09–2010 | 27–1–2011 | 29–9–2011<br>തീരുമാനം നം. 24 | എം. സുകുമാരൻ<br>എം.ശ്യാമള<br>2/2464–A<br>മലാപ്പറമ്പ്<br>കോഴിക്കോട് |
| 3 | A3/2/166A/10–11<br>A3/72688/09 | 17–07–2010 | 6–01–2011 | 3–11–11<br>തീരുമാനം നം. 88 | ടി. എ. ആലിഫ്<br>മാർവ ഗ്രീൻ നഗർ<br>കരുവശ്ശേരി,<br>കാരപ്പറമ്പ്. |
| 4 | A3/2/160A–10–11 | 28–08–2010 | 6–01–2011 | 3–11–11<br>തീരുമാനം നം. 68 | എ.പി. ഹംസക്കോയ<br>ചെറിയമാളിയേക്കൽ<br>സിവിൽ സ്റ്റേഷൻ,<br>കോഴിക്കോട്. |
| 5 | A3/19/87/10–11<br>A3/19853/10 | 9–07–2010 | 28–07–2010 | 21–7–11<br>തീരുമാനം നം. 16 | ഇ.പി.ആലിക്കുട്ടി<br>മുതൽ 7 പേർ. |

അപ്പീൽ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2–5) മുറി ഒഴിഞ്ഞ് കിടപ്പാണെന്ന് ഉറപ്പ് വരുത്താതെ ഒഴിവിളവ് അനുവദിച്ചു– നഗരസഭയ്ക്ക് നഷ്ടം.

**ഫയൽ –എ8/23041/10**

തങ്ങളുടെ ഉടമസ്ഥതയിലുള്ള 18/813 A3, 18/813 A4, 18/813 A5 എന്നീ ഷോപ്പ് മുറികൾ വാടകയ്ക്ക് കൊടുക്കാതെയും സ്വന്തമായി ഉപയോഗിക്കാതെയും ഒഴിഞ്ഞു കിടക്കുന്നതിനാൽ വസ്തു നികുതിയിൽ ഒഴിവിളവ് അനുവദിക്കണമെന്ന ഉടമസ്ഥരായ പി.എ. കുഞ്ഞാപ്പു/ വി. ഇത്തിക്കുട്ടി എന്നിവരുടെ 22–3–2010–ലെ അപേക്ഷ പരിഗണിച്ച്, 2010–11 ഒന്നാം അർദ്ധ വർഷത്തിൽ പ്രസ്തുത ഷോപ്പ് മുറികളിൽ രണ്ടെണ്ണത്തിന് (18/813 A4, 18/813 A5) ഒഴിവിളവ് അനുവദിക്കുകയുണ്ടായി. മുറി ഗോഡൗണായി ഉപയോഗിക്കുന്നു എന്ന കാരണത്താൽ 18/813 A3 എന്ന മുറിയ്ക്ക് ഒഴിവിളവ് നിഷേധിക്കുകയും ചെയ്തിരുന്നു. 1–11–2010–ലെ അഞ്ചാം സർക്കിൾ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലായിരുന്നു ഒഴിവിളവ് അനുവദിച്ചത്.

Local Fund Audit Department

എന്നാൽ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് A3, A4 മുറികൾ പരിശോധന സമയത്ത് പൂട്ടി കിടക്കുകയാണെന്നും A5 മുറി ഗോഡൗണായി ഉപയോഗിച്ചു വരുന്നുണ്ട് എന്നുമായിരുന്നു പൂട്ടി കിടന്ന A3, A4 മുറികൾ തുറന്ന് പരിശോധിക്കാതെ ഒഴിവിളവിന് ശുപാർശ ചെയ്ത റവന്യൂ ഇൻസ്പെക്ടർ, അപൂർണ്ണമായ റിപ്പോർട്ട് പരിഗണിച്ച് ഒഴിവിളവ് അനുവദിച്ച റവന്യൂ ഓഫീസർ എന്നിവരുടെ നടപടി ക്രമവിരുദ്ധമാണ്. 23–4–2012–ലെ 87/2010–11 നമ്പർ ഒ.എസ് പ്രകാരം ഇവരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത അർദ്ധ വർഷത്തിൽ നഗരസഭയ്ക്ക് നഷ്ടം വന്ന 2188 രൂപ (1257 + 931) മേൽ പറഞ്ഞ ഓഫീസർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2–6) അർദ്ധ വാർഷിക വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതിഈടാക്കിയില്ല.– നഗരസഭയ്ക്ക് നഷ്ടം

കോഴിക്കോട് നഗരസഭയിലെ വാർഡ് 21(2)–ൽ സ്ഥിതി ചെയ്യുന്ന താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും 2010–11 ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും, റിട്ടേണിൽ കാണിച്ച അർദ്ധ വാർഷിക വരുമാനത്തിന്

ബാധകമായ നിരക്കിലും കുറവായാണ് നികുതി ഈടാക്കിയത് എന്നതിനാൽ നഗരസഭയ്ക്ക് ഈയിനത്തിൽ 1980/– നഷ്ടമുണ്ടായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

Local Fund Audit Department

| സ്ഥാപനം | ജീവനക്കാരൻെറ പേരും ഉദ്യോഗപ്പേരും | | അർദ്ധ വർഷ വരുമാനം | തൊഴിൽ നികുതി | | |
|---|---|---|---|---|---|---|
| | | | | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
| കേരളാ ആയുർവേദിക് കോ–ഓപ്പ് സൊസൈറ്റി, മീഞ്ചന്ത INST 3208 | 1 | അനൂപ് കുമാർ, സെക്രട്ടറി | 86415 | 750 | 600 | 150 |
| | 2 | ഡോ. കെ. വി. നിഷ, ഫിസിഷ്യൻ | 17538 | 120 | – | 120 |
| | 3 | രാധാകൃഷ്ണൻP.N, അക്കൗണ്ടൻറ് | 76590 | 750 | 600 | 150 |
| | 4 | മീര.പി. സീനിയർ ക്ളാർക്ക് | 64302 | 600 | 450 | 150 |
| | 5 | സനിത. M.N, ജൂനിയർ ക്ളാർക്ക് | 39600 | 300 | 180 | 120 |
| | 6 | ശ്രീനിക.പി., ജൂനിയർ ക്ളാർക്ക് | 39600 | 300 | 180 | 120 |
| | 7 | ജയചന്ദ്രൻ.ടി.,പ്യൂൺ | 38748 | 300 | 180 | 120 |
| | 8 | രഘുനാഥ്.കെ.വി., ഓഫീസ് ബോയ് | 38748 | 300 | 180 | 120 |
| | 9 | ബാബു.പി., വർക്കർ | 64302 | 600 | 450 | 150 |
| | 10 | ഹരിദാസൻ.പി., വർക്കർ | 64295 | 600 | 450 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | 11 | മോഹൻദാസ്.കെ, വർക്കർ | 64302 | 600 | 450 | 150 |
| | 12 | കോയ.കെ., വർക്കർ | 64302 | 600 | 450 | 150 |
| | 13 | അനീഷ് കുമാർ, വർക്കർ | 64302 | 600 | 450 | 150 |
| | 14 | ജയശ്രീ, വർക്കർ | 16850 | 120 | – | 120 |
| | 15 | വിജീഷ് രാജൻ | 23232 | 180 | 120 | 60 |
| | | | | | **ആകെ കുറവ്** | **1980** |

തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയതിൽ കുറവു വന്ന തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2–7 ) <u>വാർഡ് 34– തൊഴിൽ നികുതി– നികുതി റിട്ടേണിലെ അപാകതകൾ</u>

കോഴിക്കോട് നഗരസഭയിലെ 34–ാം വാർഡിൽ നിന്നുള്ള 2010–11 വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) റിട്ടേണിൽ കാണിച്ച അർദ്ധ വാർഷിക വരുമാനത്തിന് ബാധകമായ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല.
2) വിമുക്ത ഭടന്മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.
3) തൊഴിൽ നികുതി ഈടാക്കിയെങ്കിലും മൊത്തം നികുതി അടച്ചതിൽ കുറവ് വന്നു.
4) സറണ്ടർ ലീവ് സാലറി, ക്ഷാമബത്ത കുടിശ്ശിക, ബോണസ്സ്/ ഫെസ്റ്റിവൽ അലവൻസ് എന്നിവ ഉൾപ്പെടുത്താതെ അർദ്ധ വാർഷിക വരുമാനം കണക്കാക്കി നികുതി അടച്ചു.
5) തൊഴിൽ നികുതി പത്രികയിൽ രേഖപ്പെടുത്തിയ തുകയും തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററിൽ (സ്ഥാപനത്തിൻെറ ) രേഖപ്പെടുത്തിയ തുകയും തമ്മിലുള്ള വ്യത്യാസം.

വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

Local Fund Audit Department

1) <u>**അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല.**</u>

| ക്രമ നം | പേര്/ ഉദ്യോഗപ്പേര് | സ്ഥാപന നമ്പർ | സ്ഥാപനത്തിൻെറ പേര് | അർദ്ധ വർഷം | റിട്ടേണിൽ കാണിച്ച അർദ്ധ വർഷ വരുമാനം | തൊഴിൽ നികുതി | | കുറവ് |
|---|---|---|---|---|---|---|---|---|
| | | | | | | ഈടാക്കേണ്ടത് | ഈടാക്കിയത്/ രശീതി നം. | |
| 1 | ബൈജു.എം, ശിപായി | 4372 | കലക്ടറേറ്റ്, കോഴിക്കോട് | 2010–11 (I) | 53274 | 450 | 300 | 150 |
| 2 | ജിതേഷ് കുമാർ.ഇ.പി. ചെയിൻമാൻ | 4393 | സ്പെഷ്യൽ തഹസിൽദാറുടെ കാര്യാലയം, കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെൻറ് പ്രൊജക്ട് | 2010–11 (I) | 60453 | 600 | 450 110041–16002 തീ. 14.9.10 | 150 |
| 3 @ | ഷിജിന.എ.പി ശിപായി | 4393 | സ്പെഷ്യൽ തഹസിൽദാറുടെ കാര്യാലയം, കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെൻറ് പ്രൊജക്ട് | 2010–11 (I) | 63403 | 600 | 450 110041–16002 തീ. 14–9–10 | 150 |
| 4 | ശൈലജ പയ്യടി സീനിയർ സൂപ്രണ്ട്. | 4398 | ക്ഷീരവികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട് | 2010–11 (I) | 133362 | 1250 | 1000 | 250 |
| 5 @ | അനിത.എം, യു.ഡി. ക്ളാർക്ക് | 4357 | ടൂറിസം ജോയിൻറ് ഡയറക്ടറുടെ കാര്യാലയം | 2010–11(I) | 76470 | 750 | 600 | 150 |
| 6 @ | അഭിലാഷ്. എം.കെ, യു.ഡി.ക്ളാർക്ക് | 4357 | ടൂറിസം ജോയിൻറ് ഡയറക്ടറുടെ കാര്യാലയം | 2010–11 (I) | 56070 | 450 | 400 | 50 |
| 7 | സവാദ്.കെ.എം മെഡിക്കൽ പി.ആർ.ഒ | 4456 | ഇഖ്റാ ഇൻറർ നാഷണൽ ഹോസ്പിറ്റൽ | 2010–11 (II) | 22000 | 180 | 120 110003–0692 തീ. 21.2.11 | 60 |
| 8 | റിജിത്ത്.എം.കെ ശിപായി | 4356 | മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, ഐ&പി.ആർ.ഡി, | 2010–11 (I) | 45640 | 450 | 350 KZE 11925 തീ. 27.9.10 | 100 |

Local Fund Audit Department

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 @ | അബ്ദുൾ ലത്തീഫ്.സി. യു.ഡി. ക്ളാർക്ക് | 4474 | അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം, ഇലക്ട്രോണിക്സ് സബ്ഡിവിഷൻ | 2010–11 (I) | 130340 | 1250 | 1000 | 250 |
| 10 @ | അജിത്ത് കുമാർ.കെ.വി എൽ.ഡി ക്ളാർക്ക് | 4474 | അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം, ഇലക്ട്രോണിക്സ് സബ്ഡിവിഷൻ | 2010–11 (I) | 75053 | 750 | 600 | 150 |
| | | | | | | | **ആകെ** | **1460** |

കുറവു വന്ന 1460/– രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

@ അർദ്ധ വാർഷിക വരുമാനം കൂട്ടി എഴുതിയതിലെ തെറ്റ്.

**2) <u>വിമുക്തഭടന്മാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.</u>**

Local Fund Audit Department

| ക്രമ നം | പേര്/ ഉദ്യോഗപ്പേര് | സ്ഥാപന നമ്പർ | സ്ഥാപനത്തിൻെറ പേര് | അർദ്ധ വർഷ വരുമാനം | അർദ്ധ വർഷം | ഈടാക്കേണ്ട തൊഴിൽ നികുതി | തൊഴിൽ നികുതി ഈടാക്കിയ രശീതി നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | ഉപേന്ദ്രൻ.വി യു.ഡി. ക്ളാർക്ക് | 4368 | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കോഴിക്കോട് | 76260 | 2010–11(I) | 750 | 11046/ 25.9.10 |
| 2 | പദ്മാനാഭൻ. എം.കെ, എൽ.ഡി ടൈപ്പിസ്റ്റ് | 4368 | ടി | 60206 | 2010–11(I) | 600 | ടി |
| | | | | | ആകെ | **1350** | |

വിമുക്ത ഭടന്മാരെ, തൊഴിൽ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള ചട്ടമോ ഉത്തരവോ ഇല്ലാത്ത സ്ഥിതിയ്ക്ക് മേൽ പറഞ്ഞവരിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3) <u>മൊത്തം തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്.</u>**

| ക്രമ നം | സ്ഥാപനം | സ്ഥാപനത്തിൻെറ പേര് | ആകെ അടവാക്കേണ്ട തൊഴിൽ നികുതി | അടവാക്കിയത് | കുറവ് | അർദ്ധ വർഷം/ രശീതി നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|
| | 4132 | വിൻഫെയർ സൂപ്പർ മാർക്കറ്റ് | 720 | 520 | 200 | 2010–11(II) 110041–44418 തീ. 31–03–2011. |
| | | | | **ആകെ** | **200** | |

കുറവു വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4) **അർദ്ധ വാർഷിക വരുമാനത്തിൽ ഉത്സവബത്ത ഉൾപ്പെടുത്തിയിട്ടില്ല.**

| ക്രമ നം | പേര്/ ഉദ്യോഗപ്പേര് | സ്ഥാപന നമ്പർ | സ്ഥാപനത്തിൻെറ പേര് | റിട്ടേണിൽ കാണിച്ച അർദ്ധ വാർഷിക വരുമാനം | 1500 രൂപ ഉത്സവ ബത്ത ഉൾപ്പെടുത്തിയാൽ അർദ്ധ വാർഷിക വരുമാനം. | തൊഴിൽ നികുതി | | കുറവ് |
|---|---|---|---|---|---|---|---|---|
| | | | | | | ഈടാക്കേണ്ടത് | ഈടാക്കിയത്/ രശീതി നം. | |
| 1 | നവിൻ.സി.<br>അസി. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ | 4442 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, കോഴിക്കോട് | 124918<br>2010–11 (I) | 126418 | 1250 | 1000<br>102252<br>14.9.2010 | 250 |
| 2 | ഗോവിന്ദൻകുട്ടി ജി.എസ്.ഐ | – | Office of the CI of Police, City Traffic, Kozhikode. | 124375 | 125875 | 1250 | 1000 | 250 |
| | | | | | | | **ആകെ** | **500** |

ബോണസ്സ് /ഫെസ്റ്റിവൽ അലവൻസ് ഉൾപ്പെടുത്താത് മൂലം കുറവു വന്ന 500/– രൂപ ഈടാക്കേണ്ടതാണ്.

2–8) **സ്റ്റേഡിയം കമേർഷ്യൽ കോംപ്ളക്സ് – റും നം. ജി. 17– സൗജന്യ നിരക്കിൽ കൈത്തറി സഹകരണ സംഘത്തിന് നൽകിയ മുറി– സ്വകാര്യ വ്യക്തിക്ക് കൈമാറി– നഗരസഭയ്ക്ക് നഷ്ടം.**

**ഫയൽ നം. എ30/578/04** **ലൈസൻസി : എം. സജീർ.**

സ്റ്റേഡിയം കമേർഷ്യൽ കോംപ്ളക്സിലെ മുറികൾ ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്ക് നൽകുന്നതിനായി തയ്യാറാക്കിയ വ്യവസ്ഥകൾ 16–4–2002–ലെ 1–ാംനമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ചിരുന്നു പ്രസ്തുത വ്യവസ്ഥകളിൽ മേൽ പറഞ്ഞ മുറിയുടെ ലൈസൻസ് ഫീസ് പ്രതിമാസം 5500/– രൂപയായും നിശ്ചയിച്ചിരുന്നു. കാലിക്കറ്റ് ഹാൻറ്ലൂം വീവേഴ്സ് സൊസൈറ്റിയുടെ അപേക്ഷ പ്രകാരം, പ്രത്യേക പരിഗണന നൽകി 4000/– രൂപ ലൈസൻസ് ഫീസ് ചുമത്തിക്കൊണ്ട് 12–7–2005 മുതൽ 3 വർഷത്തേയ്ക്ക് സൗജന്യ നിരക്കിൽ മുറി സൊസൈറ്റിയ്ക്ക് നൽകിയിരുന്നു. ചെയർമാൻെറ പ്രായാധിക്യവും അനാരോഗ്യവും കാരണം മുറി തുടർന്ന് ആവശ്യമില്ലെന്നും എം. സജീർ എന്ന വ്യക്തിക്ക് മുറി കൈമാറണമെന്നും സൊസൈറ്റിയുടെ അംഗീകാരത്തോടുകൂടി ചെയർമാൻ ആവശ്യപ്പെട്ടതനുസരിച്ച്, 29–4–2008–ലെ 4–ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത മുറി ലൈസൻസ് ഫീസിൽ 50% വർദ്ധനവോടെ ശ്രീ. സജീറിനു കൈമാറി. നിലവിലുള്ള സൗജന്യ നിരക്കായ 4000/– രൂപ

Local Fund Audit Department

എന്നത് 6000/– രൂപയായി വർദ്ധിപ്പിച്ച് 29–4–2008 മുതൽ 11–7–2008 വരെയും, തുടർന്ന് 12–7–2008 മുതൽ 7200/– രൂപ ലൈസൻസ് ഫീ നിശ്ചയിച്ച് 11–7–2011 വരെയും മുറി കൈവശം വെയ്ക്കാൻ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. 12–7–2011 മുതൽ ലൈസൻസ് പുതുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല.

മുറി കൈമാറ്റം ചെയ്യുന്ന അവസരത്തിൽ കൗൺസിൽ നിശ്ചയിച്ച നിരക്ക് 5500/– രൂപയാണെന്നും നിലവിലുള്ളത് സൗജന്യ നിരക്കായ 4000/– രൂപയാണെന്നുന്നുമുള്ള വസ്തുത ധനകാര്യ അക്കൗണ്ട്സ് സ്ഥിരം സമിതിയേയോ, കൗൺസിലിനേയോ, ശുപാർശ സമർപ്പിച്ച റവന്യൂ ഓഫീസർ അറിയിച്ചിരുന്നില്ല. ലൈസൻസ് ഫീസിൽ 50% വർദ്ധനവ് വരുത്തി കൈമാറ്റം അനുവദിക്കാൻ കൗൺസിൽ അംഗീകരിച്ച നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ശരിയായ അവസ്ഥ സ്ഥിരം സമിതിയേയും, കൗൺസിലിനേയും അറിയിക്കാത്തതിനാൽ നഗരസഭയക്ക് താഴെ പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| **കാലയളവ്** | **നഗരസഭയ്ക്ക് അർഹമായ ലൈസൻസ് ഫീസ്** | **ലഭിച്ച ലൈസൻസ് ഫീസ്** | **നഷ്ടം** |
|---|---|---|---|
| 29–4–2008 മുതൽ<br>11–7–2008 വരെ | 5500 x 150 / 100<br>8250 x 2 = 16500<br>8250 x13 / 30 = 3575<br>20075<br>======== | 6000 x 2 = 12000<br>6000 x 13 / 30 = 2600<br>14600<br>===== | 5475 |
| 12–7–2008 മുതൽ<br>11–7–2011 വരെ. | 8250 x 120%=9900<br>9900 x 36= 356400 | 7200 x 36 = 259200 | 97200 |
| 29–4–2008 മുതൽ 11–7–2011 വരെയുള്ള നഷ്ടം | | | **102675** |

11–7–2011–നു ശേഷം ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ നഷ്ടം കണക്കാക്കിയിട്ടില്ല. ആവർത്തന നഷ്ടം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 8–1–2008–ൽ കൈമാറ്റം സംബന്ധിച്ച് ലൈസൻസ് ഫീസ് വർദ്ധനവ് ശുപാർശ ചെയ്ത റവന്യൂ ഓഫീസറാണ് നഷ്ടത്തിന് ഉത്തരവാദി. നഷ്ടമായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

Local Fund Audit Department

**2–9) ഐ.ജി. റോഡ് ബസ്സ്റ്റാൻറ് പഴയ ബ്ളോക്ക്– റൂം നം. 32– വൻ കുടിശ്ശിക വരുത്തിയിട്ടും, ബിസിനസ്സി ൽ പങ്കാളിയെ ചേർത്തിട്ടും, നടപടി സ്വീകരിച്ചില്ല.**

ഫയൽ നം. A29/78637/88

മേൽ പറഞ്ഞ മുറിയുടെ ലൈസൻസിയായ ശ്രീ. വി.പി. അബ്ദുറഹിമാൻ ഏതാണ്ട് 5 വർഷത്തെ ലൈസൻസ് ഫീസിനത്തിൽ 2 ലക്ഷത്തിൽ പരം രൂപ കുടിശ്ശിക വരുത്തിയതിനാൽ 11–8–2009–ന് നഗരസഭ മുറി കൈവശപ്പെടുത്തി സീൽ ചെയ്തിരുന്നു. നിയമാനുസൃതം നടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ് ഇത്രയധികം കുടിശ്ശിക വന്നിട്ടുള്ളത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ധനകാര്യ അക്കൗണ്ട്സ് കമ്മിറ്റിയും സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിരുന്നില്ല. 1–4–98 മുതൽ 31–3–2010 വരെയുള്ള 12 വർഷക്കാലം യാതൊരു രേഖയുമില്ലാതെ, കരാർ പുതുക്കാതെ, ലൈസൻസ് ഫീസ് പൂർണ്ണമായി അടവാക്കാതെ മുറി കൈവശം വെയ്ക്കുകയായിരുന്നു. 1–4–2010 മുതൽ 31–3–2013 വരെയുള്ള കാലത്തേയ്ക്ക് 12–11–2010–ൽ ലൈസൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

നഗരസഭയുടെ അനുവാദമില്ലാതെ ടിയാൻ ബിസിനസ്സിൽ പി.പി. സിദ്ദിക്ക് എന്ന പങ്കാളിയെ കണ്ടെത്തുകയും, കുടിശ്ശിക പൂർണ്ണമായും അടവാക്കുകയും ചെയ്തു. ശ്രീ. അബ്ദുറഹിമാൻ, ശ്രീ. പി. ജയരാജൻ എന്ന വ്യക്തിക്ക് 11–1–2010–ൽ നൽകിയ പവർ ഓഫ് അറ്റോർണിയിൽ ടിയാൻ സിദ്ദിക്കുമായി ചേർന്ന് പ്രസ്തുത മുറിയിൽ “ പ്രിൻസ് ബേക്കറി” എന്ന സ്ഥാപനം നടത്തുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. 9–1–2010–ൽ തയ്യാറാക്കിയ പാർട്ട്ണർഷിപ്പ് ഡീഡിൻെറ അടിസ്ഥാനത്തിലാണ് പങ്കാളിയെ കണ്ടെത്തിയതെന്നും, പ്രസ്തുത മുക്ത്യാറിൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയുടെ അനുവാദമില്ലാതെ പങ്കാളിയെ ചേർക്കുക വഴി 1–4–2010 മുതൽ നൽകേണ്ട ലൈസൻസ് ഫീസിൽ നിയമാനുസൃത വർദ്ധനവ് വരുമെന്ന് അറിഞ്ഞുകൊണ്ടാണ് പാർട്ട്ണർഷിപ്പ് ഡീഡ് നഗരസഭയിൽ സമർപ്പിക്കാതെ ടിയാൻ മറച്ചു വെച്ചത്. ബൈലോ പ്രകാരം നിലവിലുള്ള വ്യവസ്ഥയനുസരിച്ച് 1–4–2010 മുതൽ 50% വർദ്ധനവോടുകൂടിയാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. ഇപ്പോൾ പ്രതിമാസം 2791/– രൂപ നിരക്കിൽ ഈടാക്കി വരുന്ന ലൈസൻസ് ഫീസ് 4187 രൂപയായി വർദ്ധിക്കുന്നതിനാൽ നഗരസഭയ്ക്ക് 31–3–2012 വരെ 33504 രൂപയും പിഴപ്പലിശയും നഷ്ടമായിരിക്കയാണ്. (4187–2791= 1396 X 24= 33504)

വിവരം കൗൺസിലിൻെറ ശ്രദ്ധയിൽപ്പെടുത്തേണ്ടതും കൗൺസിൽ അംഗീകരിക്കുന്ന പക്ഷം ലൈസൻസ് ഫീ പുതുക്കി ഈടാക്കാവുന്നതും, അംഗീകാരം

Local Fund Audit Department

ലഭിക്കാത്ത പക്ഷം, മുറി ടിയാനിൽ നിന്നും കൈവശം വാങ്ങി ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2–10) ലേലം കൊണ്ട മുറി നാളിതുവരെ ഏറ്റെടുത്തില്ല– കോർപ്പറേഷന് ലൈസൻസ് ഫീസിനത്തിൽ നഷ്ടം സംഭവിച്ചു.

**ഫയൽ നമ്പർ : എ32/34002/92** **ലൈസൻസി : യു.എ. ഫിറോസ്**

പാളയം ഇന്ദിര ബിൽഡിംഗ് നം '.L' കടമുറിയുടെ മുൻ ലൈസൻസിയായ ശ്രീമതി പാർവ്വതി അന്തർജ്ജനം ടിയാളുടെ ബാദ്ധ്യതകൾ എല്ലാം 13–10–2010–ൽ അടവാക്കി മുറിയുടെ താക്കോൽ കോർപ്പറേഷന് തിരികെ ഏൽപ്പിച്ചതിനു ശേഷം 10–2–2011–ന് പ്രസ്തുത കടമുറി പുനർ ലേലം നടത്തുകയും ഏറ്റവും കൂടുതൽ തുകയായ 3200/– വിളിച്ച ശ്രീ. യു.എ. ഫിറോസിന് ലേലം ഉറപ്പിക്കുകയും ചെയ്തു.

ലേല നിബന്ധനയിലെ 11–ാം നിബന്ധന പ്രകാരം കടമുറി കൈമാറിയ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ലൈസൻസ് ഫീസ്, ഡെപ്പോസിറ്റ് എന്നിവ ഒടുക്കി എഗ്രിമെൻറ് ഒപ്പിട്ട് മുറി ഏറ്റെടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം 7–ാം ദിവസം മുതൽ ലൈസൻസ് ഫീസ് ഒടുക്കുവാൻ ലൈസൻസി ബാദ്ധ്യസ്ഥനാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ 30–4–2011–ലെ 41–ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം മുറി ലൈസൻസിക്ക് അനുവദിച്ചു നൽകിയിട്ടും നാളിതുവരെ ടിയാൻ മുറി ഏറ്റെടുക്കുകയോ ലൈസൻസ് ഫീസ്, ഡെപ്പോസിറ്റ് എന്നിവ അടവാക്കുകയോ ചെയ്തതായി കാണുന്നില്ല. മുറി ഒഴിഞ്ഞു കിടന്നതിനാൽ 2012 ഏപ്രിൽ വരെ ലൈസൻസ് ഫീസിനത്തിൽ 38400/– ( 5/2011 മുതൽ 4/2012 വരെ 12 മാസം x 3200= 38400) രൂപയും പലിശയും കോർപ്പറേഷന് നഷ്ടം വന്നതായി കാണുന്നു. മുറി പൂട്ടി കിടക്കുന്നതിനാൽ നോട്ടീസ് നൽകാതെ സെക്ഷനിലേക്ക് മടക്കുന്നു എന്ന് രേഖപ്പെടുത്തി കാണുന്നു. മുറി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് 23–5–2011–ന് അയച്ചുവെങ്കിലും ടിയാൻ കൈപ്പറ്റിയില്ല. അനന്തര നടപടികൾ സ്വീകരിക്കാതെ 9 മാസത്തിനു ശേഷം 4–2–2012–ന് നോട്ടീസ് അയക്കുക മാത്രമാണ് ചെയ്തത്. ഫയലിൽ അനന്തമായ കാലതാമസം നേരിട്ടതായി കാണുന്നു. ടിയാൻെറ നിരതദ്രവ്യം കണ്ടുകെട്ടി നിയമാനുസൃതമായ നഷ്ടം ഈടാക്കേണ്ടതും മുറി പുനർ ലേലം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

Local Fund Audit Department

## 2–11) പാളയം ഇന്ദിരാ ബിൽഡിങ്ങിലെ മൂന്ന് മുറികൾ – ഇടച്ചുമർ പൊളിച്ച് ഹാളാക്കി മാറ്റി– മത്സരാധിഷ്ഠിതമല്ലാതെ ലേലം ചെയ്തു.

**ഫയൽ A32/18109/92, 57953/91, 9774/11, 9775/11**

മേൽ പറഞ്ഞ കെട്ടിടത്തിലെ M, N, O നമ്പർ മുറികൾ താഴെ പറയും പ്രകാരം ശ്രീ. ആർ. സുന്ദരൻ, കളരിക്കണ്ടി പറമ്പ്, കല്ലായ് എന്നവർ ലൈസൻസ് വ്യവസ്ഥയിൽ കൈവശം വെച്ചിരുന്നു.

| മുറി നമ്പർ | കരാർ കാലാവധി | ലൈസൻസ് ഫീസ് |
|---|---|---|
| M | 1–4–2007– 31–3–2010 | 1631 |
| N | 1–4–2007 – 31–3–2010 | 1631 |
| O | 1–4–2008 – 31–3–2011 | 9224 |

മേൽ പറഞ്ഞ 3 മുറികളുടെയും ലൈസൻസ് ഫീസ് 3/10 വരെ മുടക്കമില്ലാതെ അടച്ചിരുന്നു. 4/10 മുതൽ ലൈസൻസ് ഫീസ് കുടിശ്ശിക വരുത്തിയതിനാൽ, കക്ഷിക്ക് നോട്ടീസ് നൽകി. 13–8–2010–ന് മുറിപൂട്ടി സീൽ ചെയ്യുകയുണ്ടായി. തുടർന്ന് M,N എന്നീ നമ്പർ മുറികൾ ലേലം ചെയ്ത് ലൈസൻസിയെ ഏൽപ്പിക്കുകയും O നമ്പർ മുറി ലേലം വിളിക്കാൻ ആളില്ലാതി രുന്നതിനാൽ പുനർ ലേലത്തിനായി മാറ്റി വെയ്ക്കുകയും ചെയ്തു. കുടിശ്ശികയായ ലൈസൻസ് ഫീസ് ( 4/10 മുതൽ 8/10 വരെയുള്ളത്) ലൈസൻസിയിൽ നിന്നും ഈടാക്കുന്നതിനായി പലവക ബിൽ നൽകിയിട്ടുണ്ട്. എന്നാൽ തുക ലൈസൻസി അടവാക്കിയതായി കാണുന്നില്ല.

### 1) മുറികളുടെ ഇടച്ചുമർ പൊളിച്ച് ഹാളാക്കി മാറ്റി.

13–8–2010–ന് പൂട്ടി കൈവശപ്പെടുത്തിയ M,N,O മുറികൾ ലേലം ചെയ്തതിൽ M,N മുറികൾ പി. അബ്ദുൾ റഷീദ് എന്നയാൾ ഓരോ മുറികൾക്കും 2000/– രൂപ ലൈസൻസ് ഫീസായി ഏറ്റെടുക്കുകയും, നഗരസഭയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ മുറികൾ തമ്മിൽ വേർതിരിവും, വാതിലും ഇല്ലാത്തതിനാൽ ആയത് ശരിയാക്കിത്തരുന്നതിന് പുതിയ ലൈസൻസി നഗരസഭയെ സമീപിച്ചിരിക്കുകയാണ്. പ്രസ്തുത വിഷയം അന്വേഷിച്ച IV–ാം സർക്കിൾ റവന്യൂ ഇൻസ്പെക്ടറുടെ 14–10–2011–ലെ റിപ്പോർട്ടു പ്രകാരം മൂന്ന് മുറികൾക്കും കൂടി ഒരു വാതിൽ മാത്രമാണെന്നും ഇത് ഇടച്ചുമർ ഇല്ലാതെ ഒരു ഹാളായാണ് ഉപയോഗിക്കാൻ സാധിക്കുക എന്നും, ഹാളിൽ ഹോട്ടലിനു സൗകര്യപ്പെടുത്തിയതുപോലെ ടോയ്ലറ്റും വാഷ്ബേസിനും കാണുന്നുണ്ടെന്നും പറയുന്നു. M,N,O മുറികളുടെ ലൈസൻസി

Local Fund Audit Department

ശ്രീ. ആർ. സുന്ദരൻ പ്രസ്തുത മുറികളുടെ പ്രവേശന കവാടവും ഇടച്ചുമരുകളും മാറ്റി ഒറ്റ ഹാളാക്കി മാറ്റി ഉപയോഗിക്കുകയായിരുന്നു എന്ന് വ്യക്തമാണ്. മുറി പൂട്ടി എടുത്തപ്പോൾ ഇതൊന്നും ശ്രദ്ധിക്കാതെ പുനർ ലേലം നടത്തിയതാണ് ഇപ്പോൾ പ്രശ്നമായിരിക്കുന്നത്. മുറി ഏൽപ്പിച്ചു കൊടുക്കുമ്പോഴും തിരിച്ചെടുക്കുമ്പോഴും ശരിയായ നടപടികൾ സ്വീകരിക്കുന്നില്ല എന്നു വേണം കരുതാൻ. മുറി പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിനു വേണ്ട ചെലവു കൂടി ഉൾപ്പെടുത്തി മുൻ ലൈസൻസിയായ ശ്രീ. സുന്ദരന് നോട്ടീസ് നൽകി ടിയാനിൽ നിന്നും പ്രസ്തുത തുക കൂടി ഈടാക്കേണ്ടതാണ്.

**2) മുറികളുടെ ലേലം മത്സരാധിഷ്ഠിതമായിരുന്നില്ല.**

**A32/9774/11, A32/9775/11**

മേൽ പറഞ്ഞ ഹാൾ M,N,O നമ്പർ മുറികളായി കണക്കാക്കി 10–2–2011–ൽ ലേലം ചെയ്തതിൽ M,N നമ്പർ മുറികൾ ശ്രീ. പി. അബ്ദുൾ റഷീദ് എന്ന വ്യക്തിക്ക് അനുവദിക്കുകയുണ്ടായി. ലേല ഡയറി പരിശോധിച്ചതിൽ ശ്രീ. അബ്ദുൾ റഷീദ് മാത്രമാണ് ലേലത്തിൽ പങ്കെടുത്തത്. രണ്ട് മുറികളും ശ്രീ. റഷീദ് 1650–ൽ തുടങ്ങി 1900/– രൂപ വരെ വിളിച്ചതായും ധനകാര്യ സ്ഥിരം സമിതി നെഗോഷ്യേറ്റ് ചെയ്ത് 4–7–2011–ലെ 11–ാം നമ്പർ തീരുമാന പ്രകാരം 2000/– രൂപയായി ഉയർത്തിയതായും ഫയലിൽ കാണുന്നു. ലേല നോട്ടീസ് പ്രസിദ്ധം ചെയ്ത് നടത്തുന്ന ലേലത്തിൽ ഒരാൾ മാത്രം പങ്കെടുത്ത് നൽകുന്ന ഓഫർ സുതാര്യവും, മത്സരാധിഷ്ഠിതവുമായി കണക്കാക്കാനാവില്ല. ലേലം ടെണ്ടർ നോട്ടീസിന് ഏതെങ്കിലും തരത്തിലുള്ള പ്രചാരണം നൽകിയതായി ഫയലിൽ രേഖയില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2–12) ആവശ്യമായ തയ്യാറെടുപ്പുകൾ നടത്താതെ ലേലം നടത്തി – ലൈസൻസ് ഫീസ് ഇനത്തിൽ നഷ്ടം

**ഫയൽ നം. എ32/9165/09.**

കോഴിക്കോട് നഗരസഭയുടെ അധീനതയിലുള്ള സി.എച്ച്. ഫ്ളൈ ഓവർ

ബിൽഡിംഗിലെ 27–ാം നമ്പർ മുറി 7–2–2009 –ന് നടന്ന ലേലത്തിൽ പട്ടികജാതി വിവിധോദ്ദേശ്യ സൊസൈറ്റിക്ക് 1700/– രൂപ പ്രതിമാസം ലൈസൻസ് ഫീസ് നൽകണമെന്ന വ്യവസ്ഥയിൽ 6–4–2009–ന് നോട്ടീസ് നൽകി കൈമാറി. കടമുറി ലേലം കൊണ്ട ലൈസൻസി 15–6–2009–ന് മുറി ഏറ്റെടുക്കാൻ ചെന്നപ്പോൾ പഴയ

Local Fund Audit Department

ലൈസൻസിയുടെ ജംഗമ വസ്തുക്കൾ മുറിയിലുണ്ടായിരുന്നതിനാൽ മുറി ഏറ്റെടുക്കാൻ സാധിക്കാത്ത സാഹചര്യം വ്യക്തമാക്കി ലൈസൻസി നഗരസഭയക്ക് കത്ത് എഴുതി. ലൈസൻസിയുടെ കത്തിന്മേൽ നഗരസഭ നടപടി എടുത്തത് 11/09–നാണ്.

ലേലം കൊണ്ട കടമുറി മേൽ കാരണങ്ങളാൽ ഉപയോഗിക്കാൻ കഴിയാതിരുന്ന 6/09 മുതൽ 11/09 വരെയുള്ള കാലയളവിലെ ലൈസൻസ് ഫീസ് ഒഴിവാക്കി കൊടുക്കണം എന്ന ലൈസൻസിയുടെ അപേക്ഷ കൗൺസിൽ അംഗീകരിച്ചതായി കാണുന്നു. (3–8–2010–ലെ 20–ാം നമ്പർ തീരുമാനം)

ഒരു ലൈസൻസി ഉപയോഗിച്ചിരുന്ന മുറി നഗരസഭ അധികൃതർ ഒഴിപ്പിച്ചു വാങ്ങി ലേലം ചെയ്യുന്നതിനു മുമ്പായി മുൻ ലൈസൻസിയുടെ വസ്തു വകകൾ നീക്കം ചെയ്ത് പുതിയ ലൈസൻസിക്ക് മുറി ഏൽപ്പിച്ചു കൊടുക്കുവാനുള്ള നടപടി സ്വീകരിക്കാതിരുന്നത് ഉത്തരവാദപ്പെട്ടവരുടെ വീഴ്ചയാണ്. പുതിയ ലൈസൻസിക്ക് 6 മാസത്തെ വാടക ഒഴിവാക്കി കൊടുത്തപ്പോൾ അത്രയും കാലം നഗരസഭയ്ക്ക് ഉദ്യോഗസ്ഥരുടെ വീഴ്ചകൾ കാരണം ലൈസൻസ് ഫീസ് നഷ്ടമായ വസ്തുത അധികൃതർ ശ്രദ്ധിക്കാതെ പോയി. ഇക്കാര്യത്തിൽ കൗൺസിലിൻെറ ശ്രദ്ധ ക്ഷണിക്കുന്നു.

പുതിയ ലൈസൻസിക്ക് ഇളവ് നൽകേണ്ടി വന്ന 10200/– രൂപ (1700 x 6=10200/– ) നഷ്ടം വരുത്തിയതിന് ഉത്തരവാദിയായ റവന്യൂ ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

Local Fund Audit Department

## 2–13) ഡി ആൻറ് ഒ ലൈസൻസ്

നഗരസഭയിലെ 3,4 സർക്കിളുകളിലെ ഡി ആൻറ് ഒ ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) **പൊതു അപാകതകൾ**

1) അപൂർണ്ണമായ അപേക്ഷകൾ സ്വീകരിച്ച് ലൈസൻസ് നൽകി വരുന്നു.
2) ലൈസൻസ് ഫീ കണക്കാക്കുന്നതിന് ആവശ്യമായ പ്രധാന വിവരങ്ങൾ അപേക്ഷകളിൽ രേഖപ്പെടുത്തി വാങ്ങുന്നില്ല. ( വിറ്റു വരവ്, പ്രവൃത്തിക്കാരുടെ എണ്ണം, ലോഡ്ജിലെ കിടക്കകളുടെ എണ്ണം തുടങ്ങിയവ)

2) **ഫീസ് ഈടാക്കിയതിൽ കുറവ്**

നഗരസഭയിൽ 1995–ൽ നിലവിൽ വന്ന ഡി ആൻറ് ഒ ലൈസൻസ് ഫീസ് ബൈ ലോ, കൗൺസിൽ തീരുമാന പ്രകാരം 7–8–2004–ലെ എഫ്. 6/53239/03 നം. ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിരുന്നു. ഭേദഗതി വരുത്തിയ ബൈലോയിൽ വ്യവസ്ഥ

ചെയ്തിട്ടുള്ളതിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ചില സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഫീസ് ഈടാക്കിയതിൽ വന്ന കുറവ് താഴെ പറയും പ്രകാരമാണ്.

| ക്രമ നം | സർ ക്കിൾ | വാർഡ് | കെട്ടിട നമ്പർ | ലൈസൻസിൻെറ വിശദാംശം | ബൈ ലോയി ലെ ക്രമ നമ്പർ | അടവാ ക്കിയ തുക | ബൈ ലോ പ്രകാര മുള്ള തുക | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 3 | 5 | 3434C | അലക്സാണ്ടർ.കെ.ജി, സ്കാനിംഗ് സെൻറർ ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ | 94(6) | 500 | 1000 | 500 |
| 2 | 4 | 1 | 4112B | മഞ്ജു പിള്ള, ബ്യൂട്ടി പാർലർ (2 കസേര) | 186 | 100 | 200 | 100 |
| 3 | 4 | 37 | 1143E | ബാബു.എം., മലബാർ ഹോളോ ബ്രിക്സ് | 191(38) | 350 | 500 | 150 |
| 4 | 4 | 37 | 1143F | ബാബു.എം., മലബാർ ഹോളോ ബ്രിക്സ് | 191(38) | 350 | 500 | 150 |
| 5 | 4 | 37 | 1361A | ഗിരിജ.ഇ, (നിതിൻ ഹോളോബ്രിക്സ്) | 191(38) | 325 | 500 | 175 |
| 6 | 4 | 38 | 1893F | ഷീജ.എ.പി ക്ളിനിക്കൽ ലബോറട്ടറി | 94 | 100 | 250 | 150 |
| 7 | 4 | 2 | 304 Q | ജയറാം.പി., ക്ളിനിക്കൽ ലബോറട്ടറി | 94 | 100 | 250 | 150 |
| | | | | | | | **ആകെ** | **1375** |

Local Fund Audit Department

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിൽ കുറവ് വന്ന 1375/- രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-14) വൻ തുക കുടിശ്ശിക വരുത്തിയ മുൻ ലൈസൻസിയ്ക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടില്ല.

നഗരസഭാ വികസന വിഭാഗത്തിനു കീഴിൽ ഉള്ള ചെറുവണ്ണൂർ ഷോപ്പിംഗ് കോംപ്ളക്സിൽ 2704 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഷോപ്പ് മുറികൾ ശ്രീ ബാലൻ എന്ന വ്യക്തി 'മേഴ്സി കോളേജ്' എന്ന സ്ഥാപനം നടത്തുന്നതിന് വേണ്ടി ലൈസൻസ് ഫീസ് വ്യവസ്ഥയിൽ ഏറ്റെടുത്തിരുന്നു. ഭീമമായ കുടിശ്ശിക വരുത്തി വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് ടിയാനുമായുള്ള എഗ്രിമെൻറ് 24-11-2005-ൽ റദ്ദ് ചെയ്തു.

ഇതിനെതിരെയുള്ള വ്യവഹാരം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടു ള്ളതിനെ തുടർന്ന് കുടിശ്ശിക അടയ്ക്കാൻ കക്ഷിക്ക് സാവകാശം ലഭിച്ചു. എന്നിരുന്നാലും കക്ഷി കുടിശ്ശിക പൂർണ്ണമായി അടയ്ക്കുകയുണ്ടായില്ല. അടയ്ക്കാൻ ബാക്കിയുള്ള 2.5 ലക്ഷം രൂപ അടയ്ക്കാനാവശ്യപ്പെട്ട് കക്ഷിക്ക് 22-3-2012-ൽ നഗരസഭ നോട്ടീസ് നൽകുകയും ചെയ്തു. ഇത്രയും വലിയ തുക കുടിശ്ശിക വരുത്താൻ സാഹചര്യം സൃഷ്ടിച്ചത് ഒരു വീഴ്ച തന്നെയാണ്. എഗ്രിമെൻറ് റദ്ദ് ചെയ്ത് ആറര വർഷത്തോളമായിട്ടും കുടിശ്ശിക പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-15) എഗ്രിമെൻറ് പുതുക്കാതെ പഴയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കൽ- നഗരസഭയുടെ വരുമാനം കുറയുന്നു.

ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ എഗ്രിമെൻറ് കാലാവധി അവസാനിച്ചിട്ടും നിയമാനുസൃതമായി പുതുക്കാതെ കൈവശം വെയ്ക്കുന്നതായി കാണുന്നു. സ്റ്റേഡിയം കമേഴ്സ്യൽ കോംപ്ലക്സിലെ ലൈസൻസ് പുതുക്കാതെ അനധികൃതമായി മുറികൾ കൈവശം വെയ്ക്കുന്ന വാടകക്കാരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫയൽ നം./ ലൈസൻസി | റൂം നമ്പർ | നിലവിലെ ഫീസ് | റിമാർക്സ് |
|---|---|---|---|---|
| 1 | A30/3077/04 തോമസ്.പി. ഹില്ലാരിയോസ്, ലിയോ മാർക്കറ്റിംഗ് | G44 | 11080 | 30-6-2011-ശേഷം പുതുക്കിയിട്ടില്ല. ( 6/11 മുതൽ 3/12 വരെ പിഴയടക്കം 124982 രൂപ ഈടാക്കിയതായി DR പ്രകാരം കാണുന്നു. |
| 2 | A30/3075/04 തോമസ്.പി. ഹില്ലാരിയോസ്, ലിയോ മാർക്കറ്റിംഗ് | G43 | 10820 | 30-6-2011-ന് ശേഷം പുതുക്കിയിട്ടില്ല. |
| 3 | A30/60956/06 എം.കെ. അജിത്ത് | G79 | 4000 | 31-5-2011-ന് ശേഷം പുതുക്കിയിട്ടില്ല. |
| 4 | A30/96205/02 കെ.കെ. ഷൈനി | G50 | 6600 | 2-1-2011-ന് ശേഷം പുതുക്കിയിട്ടില്ല. |
| 5 | A30/28726/05 എൻ.ഇ. ബാലകൃഷ്ണൻ | G53 | 4800 | 4-10-2011 മുതൽ പുതിക്കിയിട്ടില്ല. പഴയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. |
| 6 | A30/3165/04 കെ. പ്രേമരാജൻ | G33 | 13920 | 2-5-2011-ന് ശേഷം പുതുക്കിയിട്ടില്ല. |
| 7 | A30/69978/00A എം. കെ. രാഗേഷ് | G8 | 5400 | 2-10-2011-ന് ശേഷം പുതുക്കിയിട്ടില്ല. ( 4/12 വരെ പഴയ നിരക്കിൽ ഈടാക്കി വരുന്നു. |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 8 | A30/28728/05<br>സ്റ്റേഡിയം കമേഴ്സ്യൽ കോംപ്ളക്സ്<br>വി.പി. മുഹമ്മദ് ഷക്കീർ | G55 | 7200 | 2–10–2011–ന് ശേഷം പുതുക്കിയിട്ടില്ല. പഴയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നു. |
| 9 | A30/3063/04<br>യു.എസ്. സന്തോഷ് കുമാർ | G27 | 14640 | 31–8–2011–ന് ശേഷം എഗ്രിമെൻറ് പുതുക്കിയിട്ടില്ല. |
| 10 | A30/28739/04<br>T.V.മുഹമ്മദ് സുബൈർ | GF25 | 4200 | 21–12–2011–ശേഷം പുതുക്കിയിട്ടില്ല. |
| 11 | A30/1754/04<br>ഷാജു മലബാർ ഏജൻസീസ് | G19 | 7200 | 20–2–2011–ന് ശേഷം പുതുക്കിയിട്ടില്ല. പഴയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. |
| 12 | A30/28775/04<br>കെ. അബ്ദുൾ അസീസ് | G12 | 5400 | 16–6–2011–ന് ശേഷം പുതുക്കിയിട്ടില്ല. . പഴയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. |
| 13 | A30/47492/08<br>തോമസ് പി. ഹില്ലാരിയോസ് | G1 | 5100 | 19–5–2011–ന് ശേഷം എഗ്രിമെൻറ് പുതുക്കിയിട്ടില്ല. പഴയ നിരക്കിൽ LF ഈടാക്കി വരുന്നു. |
| 14 | A30/28744/05<br>സി.ടി. സുരേന്ദ്രൻ | F33 | 2220 | 16–10–2011–ന് ശേഷം എഗ്രിമെൻറ് പുതുക്കിയിട്ടില്ല. പഴയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. |
| 15 | A30/28732/05<br>ബിനീഷ് കുമാർ.പി. | G74 | 4800 | 12–10–2011–ന് ശേഷം എഗ്രിമെൻറ് പുതുക്കിയിട്ടില്ല. പഴയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നു. |
| 16 | A30/3064/04<br>കെ. വിജയൻ | G28 | 13920 | 9–7–2010–ന് ശേഷം പുതുക്കിയിട്ടില്ല. |
| 17 | A30/52951/07<br>ഉല്ലാസ് | G5 | 8750 | 20–7–2010–ന് ശേഷം പുതുക്കിയിട്ടില്ല. |

സ്റ്റേഡിയം കമേഴ്സ്യൽ കോംപ്ളക്സിലെ കരാർ പുതുക്കാത്ത ലൈസൻസികളുടെ വിവരം മാത്രമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. നഗരസഭയിലെ മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിലും ഇത്തരത്തിലുള്ള അനധികൃത കൈവശം നടക്കുന്നുണ്ട്. ഈ കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് നഗരസഭയുടെ സ്ഥിര വരുമാനം സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനുള്ള ശ്രമം ത്വരിതപ്പെടുത്തേണ്ടതാണ്.

Local Fund Audit Department

## 2–16) കരാർ വെയ്ക്കാതെ കാൻഫെഡിനു സൗജന്യമായി കെട്ടിടം അനുവദിച്ചു–

**ഫയൽ നം. എ32/46845/93 റൂം നമ്പർ : 1 സി.എച്ച് ഫ്ളൈഓവർ ബിൽഡിങ്ങ്**

**ലൈസൻസി : ഡോ. പി.ബാലൻ കാൻഫെഡ്/ എസ്.ആർ.സി. റീജണൽ ഇൻചാർജ്ജ്.**

മേൽ പറഞ്ഞ മുറി സാക്ഷരത പ്രവർത്തനങ്ങൾക്കായി പ്രതിമാസം 300/– രൂപ നിരക്കിൽ ലൈസൻസ് ഫീസ് നിശ്ചയിച്ച് കാൻഫെഡിനു കൈമാറിയിരുന്നു. പ്രസ്തുത സംഘടനയ്ക്ക് വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തതിനാൽ ലൈസൻസ് ഫീസും, ഡെപ്പോസിറ്റും ഒഴിവാക്കി കൊടുക്കണം എന്ന ലൈസൻസിയുടെ അപേക്ഷ പരിഗണിച്ച് 18–7–1994–ലെ 19–ാം നമ്പർ തീരുമാന പ്രകാരം മുറി സൗജന്യമായി നൽകാൻ കൗൺസിൽ അംഗീകാരം നൽകിയിരുന്നു. എന്നാൽ ഇപ്രകാരം സൗജന്യമായി മുറി ഏൽപ്പിച്ച് നൽകിയപ്പോൾ സംഘടനയുമായി കരാറിൽ ഏർപ്പെട്ടിരുന്നില്ല. കരാർ വ്യവസ്ഥകൾ നിലവിലില്ലാത്തതിനാൽ വൈദ്യുതി ചാർജ്ജ് കുറച്ച് കാലം നഗരസഭ അടവാക്കുകയും, തുടർന്ന് ചാർജ്ജ് അടയ്ക്കാത്തതിനാൽ കെ.എസ്.ഇ.ബി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തതായി ഫയലിൽ കാണുന്നു.

ആയതിനാൽ നഗരസഭ സൗജന്യമായി നൽകിയ മുറി സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്ന കാര്യം അന്വേഷണം നടത്തി ഉറപ്പ് വരുത്തേണ്ടതും, അന്വേഷണ ഫലം സംഘടനയ്ക്ക് അനുകൂലമെങ്കിൽ എല്ലാ വ്യവസ്ഥകളും ഉൾക്കൊള്ളിച്ച് കരാർ ചമച്ച് മുറി കൈവശം വെയ്ക്കാൻ അനുവദിക്കാവുന്നതാണ്.

എന്നാൽ മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്ക് മുറി ഉപയോഗിക്കുന്നില്ലെങ്കിൽ, ആയത് നഗരസഭ ഏറ്റെടുത്ത് ലേലം/ ടെണ്ടർ നടപടികളിലൂടെ വരുമാനപ്രദമാക്കേണ്ടതാണ്.

Local Fund Audit Department

## 2–17) കരാർ ചമയ്ക്കാതെയും, കുടിശ്ശിക അടവാക്കാതെയും കടമുറി കൈവശം വെച്ചിട്ടും നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല.

**ഫയൽ നം. എ29/21271/94**

നഗരസഭയുടെ അധീനതയിലുള്ള ഐ.ജി. റോഡ് ബസ്റ്റാൻറിലെ 25–ാം നമ്പർ മുറി ലൈസൻസിയായ ശ്രീ. പി. അബ്ദുല്ല ഹാജി 1–4–2001 മുതൽ 11 വർഷക്കാലമായി ലൈസൻസ് ഫീസിൽ നിയമാനുസൃതമായി വർദ്ധനവ് അടവാക്കാതെയും, കരാർ പുതുക്കാതെയും കൈവശം വെച്ചതായി കാണുന്നു. ലൈസൻസി ഇപ്പോഴും (7/11 വരെ) 2001– നു മുമ്പുള്ള നിരക്കിലാണ്, (1346 രൂപ) ലൈസൻസ് ഫീസ് അടവാക്കിയത്. ഫയലും, ഡി. ആറും പരിശോധിച്ചപ്പോൾ 1–4–2001 മുതൽ 31–3–2012 വരെ വാടക, ഡെപ്പോസിറ്റ് ഇനങ്ങളിലെ ബാലൻസ്

ഇനത്തിലെ കുടിശ്ശികയും 8 മാസത്തെ പുതുക്കിയ ലൈസൻസ് ഫീസായ 22352 (2794 x8) രൂപയും നാളിതുവരെ അടവാക്കിയതായി കാണുന്നില്ല.

ആയതിനാൽ പ്രസ്തുത കാലയളവുകളിലെ ലൈസൻസ് ഫീസ് കാലാനുസൃതമായി വർദ്ധിപ്പിച്ച് പിഴപ്പലിശ സഹിതം ഈടാക്കേണ്ടതും, കുടിശ്ശിക വരുത്തുന്ന സംഗതിയിൽ മുറി കൈവശപ്പെടുത്തുന്ന നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഫയലിൽ അനന്തമായി കാലതാമസം വരുത്തിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിക്കേണ്ടതും ആയതിൻെറ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2–18) എഞ്ചിനീയറുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിക്കാതെ കെട്ടിടത്തിൻെറ ഇടച്ചുമർ പൊളിച്ചു മാറ്റി.

**ഫയൽ നം. എ30/3071/04** **ലൈസൻസി : സന്തോഷ് കുമാർ**

**റും നമ്പർ ജി. 38 സ്റ്റേഡിയം കെട്ടിടം.**

നഗരസഭയുടെ അധീനതയിലുള്ള മേൽ നമ്പർ കെട്ടിടം ശ്രീ. സന്തോഷ് കുമാർ 11800 രൂപയ്ക്ക് ലേലം വിളിച്ചെടുക്കുകയും (കാലയളവ് 1–9–2005 മുതൽ 1–8–2008 വരെ) കച്ചവടം വിപുലപ്പെടുത്തേണ്ട ആവശ്യത്തിലേക്കായി തൊട്ടടുത്തുള്ള ജി. 37, ജി. 39 റൂമുകളുടെ ഇടച്ചുമർ പൊളിച്ചു മാറ്റിത്തരണം എന്നാവശ്യപ്പെട്ട് കോർപ്പറേഷന് കത്ത് നൽകുകയും ചെയ്തു. ഇടച്ചുമർ പൊളിച്ചു മാറ്റി കൊടുക്കാം എന്ന വ്യവസ്ഥയിലായിരുന്നില്ല മുറി ലേലം ചെയ്തിരുന്നത്.

ടിയാൻെറ അപേക്ഷയുടെ അടിസ്ഥാനത്തിൽ നഗരസഭ ഉപാധികളോടെ ഇടച്ചുമർ പൊളിക്കുവാനുള്ള അനുമതി നൽകുകയും ആയതിലേക്കായി കോർപ്പറേഷൻ നിശ്ചയിച്ച ഫീസായ 24500/– രൂപ അടവാക്കുകയും ചെയ്തു. ഫീസ് ഈടാക്കി ഒരു കെട്ടിടത്തിൻെറ സ്ട്രക്ചറൽ ഡിസൈൻ മാറ്റുന്നതിൻെറ സാംഗത്യം വിശദമാക്കേണ്ടതാണ്. ഒരു കെട്ടിടത്തിൻെറ അചലഭാരം, സചലഭാരം എന്നിവയെ ആസ്പദമാക്കിയാണ് കെട്ടിടങ്ങളുടെ മുറികൾ ഡിസൈൻ ചെയ്യുന്നത്. മേൽക്കൂരയുടെ ഭാരം ചുവരുകളിലേക്ക് വീതിച്ചു നൽകുന്ന ഡിസൈനിൽ വരുത്തുന്ന ഇത്തരം മാറ്റങ്ങൾ കെട്ടിടത്തിൻെറ മൊത്തം സ്ട്രക്ച്ചറൽ സ്റ്റെബി ലിറ്റിയെ ബാധിക്കും.

കെട്ടിടത്തിൻെറ സുരക്ഷ ഉറപ്പ് വരുത്താനായി ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് വാങ്ങാതെ കെട്ടിടങ്ങളുടെ ഇടച്ചുമർ പൊളിച്ചു മാറ്റാൻ അനുമതി നൽകിയതിന് വിശദീകരണം ആവശ്യമാണ്. കെട്ടിടത്തിൻെറ

Local Fund Audit Department

തൽസ്ഥിതി ക്ഷമതയുള്ള എഞ്ചിനീയർ പരിശോധിച്ച് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-19) വാടക കെട്ടിടങ്ങളുടെ ലൈസൻസ് ഫീസ്- ഫീസ് പിരിവ് കാര്യക്ഷമമല്ല.

നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങൾ ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്ക് നൽകുന്നതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

### 1) ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

1) ഡിമാൻറ് രജിസ്റ്ററിൽ കൗൺസിൽ തീരുമാനം, ജമനമ്പർ, സർവ്വേ നമ്പർ, മുറിയുടെ അളവ്, വൈദ്യുതി കൺസ്യൂമർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.
2) രജിസ്റ്ററിൽ ചില എൻട്രികൾ പെൻസിൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തി യിട്ടുള്ളത്.
3) ഓരോ വർഷത്തെയും ഡിമാൻറ്, കളക്ഷൻ, ബാലൻസ് എന്നീ വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിച്ച് സംക്ഷിപ്തം തയ്യാറാക്കുന്നില്ല.

### 2) കരാർ ചമയ്ക്കുന്നതിലെ അപാകതകൾ

1) ലൈസൻസികളുമായി വെയ്ക്കുന്ന കരാർ ഫോർമാറ്റിൽ നിർബന്ധമായും പൂരിപ്പിക്കേണ്ട പല ഭാഗങ്ങളും ഒഴിവാക്കി വിടുന്നു. എഴുതി ചേർത്ത ഭാഗങ്ങൾ, പലപ്പോഴും സാക്ഷ്യപ്പെടുത്തുന്നതായും കാണുന്നില്ല.
2) നഗരസഭയും, ലൈസൻസിയും തമ്മിൽ കരാർ വെയ്ക്കുന്ന ഫോർമാറ്റിൽ അവഗണിക്കാനാവാത്ത അക്ഷരതെറ്റുകൾ ധാരാളമായി കാണുന്നു.
3) കരാറിൻെറ ഭാഗമായ വസ്തു വിവരണ പട്ടികയിൽ പൂർണ്ണ വിവരങ്ങൾ ചേർക്കുന്നില്ല.

### 3 ) മറ്റ് അപാകതകൾ

1) മുറി കൈവശം ലഭിക്കുന്ന ലൈസൻസികൾ നഗരസഭയുടെ സമ്മതം വാങ്ങാതെ കെട്ടിടത്തിൻെറ രൂപം / ഉപയോഗം എന്നിവയിൽ മാറ്റം വരുത്തുന്നു.
2) ലൈസൻസി കുടിശ്ശിക വരുത്തുന്ന സംഗതിയിൽ, കുടിശ്ശിക തുക മുഴുവനായി ഈടാക്കാതെ മുറി കൈവശം വെയക്കാൻ അനുവദിക്കുകയും, സ്ഥിരം വീഴ്ച വരുത്തുന്നവരുടെ കടമുറികൾ ഏറ്റെടുക്കാതെ തുടർച്ചയായി നോട്ടീസ് അയക്കുന്ന സമീപനം സ്വീകരിക്കുകയും ചെയ്യുന്നു.
3) ബൈലോയിലെ നിബന്ധന പ്രകാരം, ലൈസൻസ് ഫീസിൽ 50% വർദ്ധനവ് വരുത്തി ഷോപ്പ് മുറി ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. എന്നാൽ ലൈസൻസ്

Local Fund Audit Department

ഫീസിൽ പ്രത്യേക ഇളവ് അനുവദിച്ച് കൈമാറിയ മുറികളും 50% വർദ്ധനവോടെ ട്രാൻസ്ഫർ ചെയ്തു വരുന്നു.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-20) വികസന വിഭാഗം- ബേപ്പൂർ ഗോഡൗൺ കോംപ്ളക്സ്- ഗോഡൗൺ/ കടമുറികൾ വാടകയ്ക്ക് നൽകുന്നതിലെ അപാകതകൾ

നഗരസഭയിലെ വികസന വിഭാഗത്തിനു കീഴിൽ ലൈസൻസ് ഫീ വ്യവസ്ഥയിൽ വാടകയ്ക്ക് നൽകി വരുന്ന ബേപ്പൂർ ഗോഡൗൺ കോംപ്ളക്സിലെ കടമുറികളുടെ ഫയലും ഡിമാൻറ് രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) **ബേപ്പൂർ ഗോഡൗൺ കോംപ്ളക്സ് – റൂം 1**

**കൈവശക്കാരൻ : വിനോദ് കുമാർ**

26-2-2010 വരെ 2116/- രൂപ പ്രതിമാസ ലൈസൻസ് ഫീസ് ഉണ്ടായിരുന്ന കടമുറി, ലൈസൻസ് ഫീസിൽ 15% വർദ്ധനവ് വരുത്തി 27-2-2010 മുതൽ 26-2-2013 വരെ 2433 രൂപയ്ക്ക് നിലവിലുള്ള ലൈസൻസിക്ക് തന്നെ നൽകി. എന്നാൽ ലൈസൻസ് ഫീ വർദ്ധനവിന് ആനുപാതികമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല. ഈ സംഗതിയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ 10,248/-രൂപയുടെ കുറവുണ്ട്. 27-2-2010 മുതൽ പുതുക്കി അനുവദിച്ചെങ്കിലും കൈവശക്കാരൻ നാളിതുവരെ നഗരസഭയുമായി കരാറുടമ്പടി വെച്ചിട്ടില്ല.

2) **BGC – റൂം നമ്പർ 2**

**കൈവശക്കാരൻ : സുജിത്ലാൽ**

6-1-2010 മുതൽ 3 വർഷത്തേയ്ക്ക് മുറി പുതുക്കി അനുവദിച്ചുവെങ്കിലും ലൈസൻസ് ഫീസിന് അനുസൃതമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാത്തതിനാൽ ഈയിനത്തിൽ 6768/- രൂപയുടെ കുറവുണ്ട്.

3) **BGC – റൂം നമ്പർ 14**

പ്രതിമാസം 2600/- രൂപ ലൈസൻസ് ഫീസിന് പ്രസ്തുത മുറി ബേപ്പൂർ സർവ്വീസ് സഹകരണ ബാങ്കിന് അനുവദിച്ചു. 12 മാസത്തെ ലൈസൻസ് ഫീക്ക് തുല്യമായ സെക്യൂരിറ്റി ഡെപ്പോസിറ്റ്, മുൻകൂർ ലൈസൻസ് ഫീസ് എന്നിവ (31200 + 31200 = 62400/-രൂപ) 19-2-2010-ന് തന്നെ ബാങ്ക് ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മുറി ഏറ്റെടുക്കുകയോ എഗ്രിമെൻറ് വെയ്ക്കുകയോ ചെയ്തിട്ടില്ല. ടി ബാങ്കിന് അനുവദിച്ച മുറിയുടെ ഷട്ടർ തകരാറിലായതിനാലാണ് മുറി ഏറ്റെടുക്കാതിരിക്കാൻ

Local Fund Audit Department

കാരണമായിട്ടുള്ളത്. ഷട്ടറിൻെറ തകരാർ പരിഹരിക്കുന്നതിനു വേണ്ടി നിരവധി തവണ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഫയൽ അയച്ചെങ്കിലും നാളിതുവരെ എഞ്ചിനീയറിംഗ് വിഭാഗം നടപടി സ്വീകരിച്ചിട്ടില്ല. 19–2–2010 മുതൽ 24–1–2012 വരെ പ്രസ്തുത മുറി ലൈസൻസ് ഫീ ലഭിക്കാതെ ഒഴിഞ്ഞു കിടന്നു. പിന്നീട് 25–1–2012–ലാണ് മറ്റൊരു വ്യക്തി, ഷട്ടർ തകരാർ സ്വയം പരിഹരിക്കാമെന്ന വ്യവസ്ഥയിൽ മുറി ഏറ്റെടുത്തിട്ടുള്ളത്. ഷട്ടറിൻെറ തകരാർ പരിഹരിക്കാത്തതിനാൽ 23 മാസത്തെ ലൈസൻസ് ഫീസിന് തുല്യമായ തുക 59,800 (23 x 2600) നഗരസഭാ വികസന വിഭാഗത്തിന് നഷ്ടമായി.

4) **BGC റും നമ്പർ 15,16**

മാവേലി സ്റ്റോറിൻെറ നടത്തിപ്പിന് വേണ്ടി പ്രതിമാസം 1000/– രൂപ വീതം ലൈസൻസ് ഫീസിന് റും നമ്പർ 15,16 എന്നിവ ബേപ്പൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ചുവെങ്കിലും ഷട്ടറിൻെറ അറ്റകുറ്റപ്പണി നടത്താത്തതിനാൽ ഗ്രാമപഞ്ചായത്ത് മുറികൾ ഏറ്റെടുത്തില്ല.

ബേപ്പൂർ ഗ്രാമ പഞ്ചായത്ത് പിന്നീട് കോഴിക്കോട് നഗരസഭയിൽ ലയിച്ചുവെങ്കിലും നഗരസഭാ വികസനത്തിന് വരുമാനം ലഭിയ്ക്കേണ്ട രണ്ടു മുറികളും ഒഴിഞ്ഞു കിടക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2–21) വികസന വിഭാഗം– ചെറുവണ്ണൂർ ഷോപ്പിംഗ് കോംപ്ളക്സ്– വാടകയ്ക്ക് നൽകിയതിലെ അപാകതകൾ

1) **മുറികൾ ഒഴിഞ്ഞു കിടക്കുന്നു.**

വിവിധ ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് നിർമ്മാണം പൂർത്തിയാക്കിയ ചെറുവണ്ണൂർ ഷോപ്പിംഗ് കോംപ്ളക്സിലെ താഴെ പറയുന്ന ഷോപ്പ് മുറികൾ ആരും എറ്റെടുക്കാതെ ഒഴിഞ്ഞു കിടക്കുന്നു. മുറികൾ ലേലത്തിൽ സ്വീകരിക്കാൻ വ്യക്തികൾ/ സ്ഥാപനങ്ങൾ മുന്നോട്ട് വരാത്തത് ടി ഷോപ്പിംഗ് കോംപ്ളക്സ് സ്ഥിതി ചെയ്യുന്നത് വാണിജ്യപ്രാധാന്യം കുറഞ്ഞ പ്രദേശത്തായതിനാലാണെന്ന് ഓഡിറ്റ് അനുമാനിക്കുന്നു.

| | | |
|---|---|---|
| 1 | മുറി നമ്പർ 5 | 8–2–2007–വരെ പ്രതിമാസം 1495 രൂപ ലൈസൻസ് ഫീസ് ഉണ്ടായിരുന്ന ടി മുറി 9–2–2007 മുതൽ 5 വർഷത്തിലധികമായി ഏറ്റെടുക്കാതെ ഒഴിഞ്ഞു കിടക്കുന്നു. |
| 2 | മുറി നമ്പർ 6 | 20–10–2006 വരെ 1539 രൂപ പ്രതിമാസ ലൈസൻസ് ഫീ ഉണ്ടായിരുന്ന ടി മുറി 21–10–2006 മുതൽ 31–10–2008 വരെ 2 വർഷത്തിലധികം ഒഴിഞ്ഞുകിടന്നു. |

Local Fund Audit Department

| | | |
|---|---|---|
| 3 | മുറി നമ്പർ 7 | 21-12-2005 വരെ പ്രതിമാസം 1660 രൂപ ലൈസൻസ് ഫീസിന് നൽകിയിരുന്നു ശ്രീ. ഷംസുദ്ദീൻ എന്ന വ്യക്തിയിൽ നിന്നും കുടിശ്ശികയിനത്തിൽ 16212/- രൂപ ഇനിയും അടയ്ക്കാനുണ്ട്. 22-12-2005 മുതൽ 15-1-2012 വരെ 6 വർഷത്തിലധികം ടി മുറി ഒഴിഞ്ഞു കിടക്കുകയാണ്. |
| 4 | മുറി നമ്പർ 9 | 11-7-2000-ൽ നിലവിലുണ്ടായിരുന്ന ലൈസൻസിയെ (ലൈസൻസ് ഫീ. 1350 രൂപ) ഒഴിപ്പിച്ച ശേഷം 15-1-2012 വരെ പതിനൊന്നര വർഷമായി മുറി ഒഴിഞ്ഞു കിടന്നു. |
| 5 | മുറി നമ്പർ 10 | പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് വേണ്ടി മാറ്റി വെച്ച ടി മുറി, നിർമ്മിച്ച തീയ്യതി മുതൽ ഒഴിഞ്ഞു കിടക്കുന്നു. |

Local Fund Audit Department

## 2) ഉടമ്പടി വെയ്ക്കാതെയും ലൈസൻസ് ഫീസ് ഈടാക്കാതെയും കൈവശം വെയ്ക്കുന്നത്

**ഫയൽ നമ്പർ** . **DW /110/1175/11.**

ചെറുവണ്ണൂർ ഷോപ്പിംഗ് കോംപ്ളക്സിലെ 628.78 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള മുറി, പുതുതായി തുടങ്ങിയ ICDS അർബ്ബൻ 4-ന് ഓഫീസ് ആവശ്യാർത്ഥം കൗൺസിലിൻെറ 19-1-2011-ലെ 53-ാം നമ്പർ തീരുമാന പ്രകാരം അനുവദിച്ചു. 1-2-2011-ന് സാമൂഹ്യ ക്ഷേമ വകുപ്പ് സ്ഥലം ഏറ്റെടുത്തുവെങ്കിലും ഇതുവരെ എഗ്രിമെൻറ് വെയ്ക്കുകയോ, ലൈസൻസ് ഫീസ് അടയ്ക്കുകയോ ചെയ്തിട്ടില്ല. മുറി അനുവദിച്ചുകൊണ്ടുള്ള കൗൺസിൽ തീരുമാനത്തിൽ എത്ര രൂപ ലൈസൻസ് ഫീസിന് മുറി അനുവദിക്കുന്നുവെന്ന് തീരുമാനിച്ചിരുന്നില്ല. മുറി സൗജന്യമായി അനുവദിക്കാനും തീരുമാനമില്ലായിരുന്നു. ഈ കെട്ടിടത്തിൽ ചതുരശ്ര അടി വിസ്തീർണ്ണത്തിന് 4 രൂപ 50 പൈസയാണ് ലൈസൻസ് ഫീ നിരക്ക് എന്നതിനാൽ ICDS അർബ്ബൻ IV-ൽ നിന്ന് പ്രതിമാസം 2830/- രൂപ ലൈസൻസ് ഫീസ് ലഭിക്കേണ്ടതുണ്ട്.

നഗരസഭാ വികസന വിഭാഗത്തിൻെറ തനതു വരുമാന സ്രോതസ്സായ കടമുറികളിൽ നിന്നുള്ള ലൈസൻസ് ഫീസ് ലഭിക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2–22) വികസന വിഭാഗം ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ അഡ്വാൻസ് ലൈസൻസ് ഫീസ് / സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നില്ല.

കോഴിക്കോട് വികസന അതോറിറ്റിയുടെ പ്രധാന വരുമാന സ്രോതസ്സ് സി.ഡി.എ നിർമ്മിച്ച 8 വാണിജ്യ കെട്ടിടങ്ങളുടെ കടമുറികളിൽ നിന്നുള്ള ലൈസൻസ് ഫീസാണ്. നിർത്തലാക്കപ്പെട്ട സി.ഡി.എ 1–4–2007 മുതൽ കോർപ്പറേഷൻെറ വികസന വിഭാഗമായി പ്രവർത്തിച്ചു വരുന്നു.

നഗരസഭയുടെ കീഴിലുള്ള കോർപ്പറേഷൻ സ്റ്റേഡിയം കോംപ്ലക്സ് ബിൽഡിംഗ്, ഐ.ജി. റോഡ് ബിൽഡിംഗ്, പാളയം ബസ്റ്റാൻറ് ബിൽഡിംഗ് എന്നിവിടങ്ങളിലെ റൂമുകൾക്ക് കരാർ പ്രകാരം 12 മാസത്തെ ലൈസൻസ് ഫീസിന് തുല്യമായ തുക സെക്യൂരിറ്റി ഡെപ്പോസിറ്റായും 12 മാസത്തെ ലൈസൻസ് ഫീസിന് തുല്യമായ തുക മുൻകൂർ ലൈസൻസ് ഫീസായും വാങ്ങി വരുന്നുണ്ട്. എന്നാൽ നഗരത്തിലെ പ്രധാന വാണിജ്യ കേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്ന വികസന വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് ലൈസൻസ് ഫീസ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും ഇതിനനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ്/ അഡ്വാൻസ് ലൈസൻസ് ഫീസ് എന്നിവ വർദ്ധിപ്പിക്കുന്നില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**എ) ഫറോക്ക് ഷോപ്പിംഗ് കോംപ്ലക്സ്**

| ക്രമ നം. | റൂം നമ്പർ | ലൈസൻസിയുടെ പേര് വിലാസം | ഒരു മാസത്തെ പുതുക്കിയ ലൈസൻസ് ഫീസ് | എഗ്രിമെൻറ് കാലാവധി | സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച തുക | പുതുക്കിയ ലൈസൻസ് ഫീസിന് ആനുപാതികമായി സെക്യൂരിറ്റി ഡെപ്പോസിറ്റ്/ ലൈസൻസ് ഫീസ് ഇനത്തിൽ അടയ്ക്കേണ്ട തുക | കുറവു വന്ന തുക |
|---|---|---|---|---|---|---|---|
| 1 | 1 | മൊയ്തീൻ കുട്ടി ഹാജി, എലക്കാട്ട്, ഓലക്കര.പി.ഒ, | 1742 | 1–3–2010 മുതൽ 28–2–2013 വരെ | 9408 | 41808 | 32400 |
| 2 | 2 | ജയപ്രകാശ്, പൂത്തേരിത്തൊടി വീട്, ഫറോക്ക്.പി.ഒ, | 1421 | 1–3–2010 മുതൽ 28–2–2013 വരെ. | 8760 | 34104 | 25344 |
| 3 | 3 | കെ.ടി. അലവി ഹാജി, അരക്കുത്തിപറമ്പ് വീട്, ഫറോക്ക്.പി.ഒ | 1756 | 27–7–2010 മുതൽ 26–7–2013 വരെ. | 37332 | 42144 | 4812 |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 4 | ശ്രീധരൻ മൂത്തേടത്ത്, അപൂർണ്ണ , ഫറോക്ക് | 1370 | 1–3–2010 മുതൽ 28–2–2013 വരെ. | 8472 | 32880 | 24408 |
| 5 | 5 | എം. പ്രദീപ്, ബത്‌ലഹേം, ഫറോക്ക് പി.ഒ | 1716 | 18–7–2010 മുതൽ 17–7–2013 വരെ. | 31170 | 41184 | 10014 |
| 6 | 6 | അബ്ദുൾ ബഷീർ, s/o; ബീരാൻ കോയ ഹാജി, | 1712 | 6–9–2010 മുതൽ 5–9–2013 വരെ. | 10836 | 41088 | 30252 |
| 7 | 8 | കെ.എം. ഭാസ്കരൻ, കണ്ണഞ്ചേരി, പന്നിയങ്കര.പി.ഒ | 1944 | 11–7–2008 മുതൽ 10–7–2011 വരെ. | 35970 | 46656 | 10686 |
| 8 | 7 | അബൂബക്കർ, പൂതാറംമ്പത്ത്‌വീട്, മുന്നിയൂർ.പി.ഒ, | 1945 | 29–8–2010 മുതൽ 28–8–2013 വരെ | 35970 | 46680 | 10710 |
| 9 | 9 | എം. അബ്ദുൾ ബഷീർ, ചെമ്മാംകുഴി വീട്, ഫറോക്ക്.പി.ഒ | 2098 | 5–9–2010 മുതൽ 4–9–2013 വരെ. | 14388 | 50352 | 35964 |
| 10 | 10 | സാബിറാ ബാനു, പുതിയ വീട്ടിൽ വീട്, കടലു ണ്ടി | 2964 | 1–4–2010 മുതൽ 31–3–2013 വരെ | 36000 | 71136 | 35136 |
| 11 | 11 | എം. ഭാർഗ്ഗവൻ നായർ, നമ്പക്കാട്ട് വീട്, ഫറോക്ക്.പി.ഒ, | 1155 | 4–7–2008 മുതൽ 30–7–2011 വരെ. | 9108 | 27720 | 18612 |
| 12 | 12 | സുലോചന, ദ്വാരക മണാൽ വീട്, കൊളത്തറ പി.ഒ, | 2308 | 26–8–2010 മുതൽ 25–8–2013 വരെ. | 15828 | 55392 | 39564 |
| 13 | 14 | കെ.എം. ഭാസ്കരൻ, തൊണ്ടൻ വീട്, കല്ലായ് പി.ഒ | 2489 | 8–8–10 മുതൽ 7–8–2013 വരെ. | 39070 | 59736 | 20666 |
| 14 | 18 | ടി. രവീന്ദ്രൻ, അവിയിൽ പാടത്ത് വീട്, ഫറോക്ക്പി.ഒ. | 1198 | 2–7–2008 മുതൽ 1–7–11വരെ | 9456 | 28752 | 19296 |
| 15 | 19 | എം. അബ്ദുറഹിമാൻ, ചേമങ്കുഴി വീട്, ഫറോക്ക്.പി.ഒ | 1500 | 10–7–2010 മുതൽ 9–7–2013 വരെ | 10752 | 36000 | 25248 |
| 16 | 20 | പി. മെഹബൂബ്, ആശാ നിവാസ്, ഫറൂഖ് കോളേജ് പി.ഒ | 2262 | 5–9–2010മുത ൽ 4–9–2013 വരെ | 38790 | 54288 | 15498 |
| 17 | 21 | സി.പി. അബൂബക്കർ, പൂത്താറമ്പത്ത് വീട്, മുന്നിയൂർ.പി.ഒ | 4018 | 1–4–2010 മുതൽ 31–3–2013 വരെ | 36144 | 96432 | 60288 |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | 23 | കെ. ചന്ദ്രൻ, ഹൈമ, കല്ലായ്.പി.ഒ | 2445 | 17–8–2010 മുതൽ 16–8–2013 വരെ | 21270 | 58680 | 37410 |
| 19 | 22 | കെ. ചന്ദ്രൻ, ഹൈമ, കല്ലായ്.പി.ഒ | 2036 | 1–3–2010 മുതൽ 28–2–2013 | 13815 | 48864 | 35049 |
| 20 | 24 | എം.കെ. കരുണാകരൻ, പൂതേരി പുര വീട്, ഫറോക്ക്.പി.ഒ | 1555 | 1–3–2010 മുതൽ 28–2–2013 | 9408 | 37320 | 27912 |
| 21 | 25 | എ.എ. അഹമ്മദ് കുട്ടി, വെമ്മാരത്ത് വീട്, കരുവൻതുരുത്തി. പി.ഒ | 1555 | 1–3–2010 മുതൽ 28–2–2013 വരെ | 9408 | 37320 | 27912 |
| 22 | 26 | പി. വിശ്വനാഥൻ, എടക്കാട്ട് പുരയിൽ വീട്, ഫറോക്ക്.പി.ഒ. | 1738 | 1–5–2010 മുതൽ 30–4–2013 വരെ | 8868 | 41712 | 32844 |
| 23 | 27 | പി.വി. വാസുദേവൻ, പടിഞ്ഞാറെ വീട്ടിൽ വീട്. ഫറോക്ക് പി.ഒ. | 1728 | 5–9–2010 മുതൽ 4–9–2013 വരെ | 10836 | 41472 | 30636 |
| 24 | 28 | സി.പി. അബൂബക്കർ, പൂതാറമ്പത്ത് വീട്, മുന്നിയൂർ പി.ഒ | 2097 | 10–4–2010 മുതൽ 9–4–2013 വരെ | 36144 | 50328 | 14184 |
| 25 | 3FF | പി.പി. ഹരിദാസൻ, കടമ്പിൽ വീട്, ഫറോക്ക്.പി.ഒ | 3545 | 1–4–2010 മുതൽ 31–3–2013 വരെ. | 7269 | 85080 | 77811 |
| 26 | 4FF | എം. മോഹൻദാസ്, ചന്തപ്പടി വീട്, മാപ്പാല പി.ഒ | 2900 | 1–3–2010 മുതൽ 28–2–2013 വരെ | 5701 | 69600 | 63899 |
| 27 | 5FF | കെ. ചന്ദ്രൻ ഹിമ, കല്ലായ് പി.ഒ | 989 | 5–3–2010 മുതൽ 4–3–2013 വരെ | 14730 | 23736 | 9006 |
| 28 | 29 | പി. സുനിൽ കുമാർ, മഞ്ജുള ഭവൻ, ഫറോക്ക്.പി.ഒ | 1369 | 1–4–2010 മുതൽ 31–3–2013 വരെ. | 32400 | 32856 | 456 |
| 29 | 30 | ശ്രീധരൻ, ബത്‌ലഹേം, ഫറോക്ക്.പി.ഒ | 1217 | 1–4–2010 മുതൽ 31–3–2013 വരെ | 28000 | 29208 | 1208 |
| 30 | 32 | ശ്രീധരൻ, ബത്‌ലഹേം, ഫറോക്ക്.പി.ഒ | 459 | 1–4–2010 മുതൽ 31–3–2013 വരെ | 10872 | 11016 | 144 |
| 31 | 6FF | പി.പി.മെഹബൂബ്, ജ്യോളി ഹൗസ്, അരീക്കോട്.പി.ഒ | 16273 | 15–7–2010 മുതൽ 14–7–2013 വരെ | 169800 | 390552 | 220752 |
| 32 | 7attach ed pipe stand | സി.പി. അബൂബക്കർ, പൂത്താറമ്പത്ത് വീട്, മുന്നിയൂർ.പി.ഒ | 331 | 15–6–2008 മുതൽ 14–6–2011 വരെ. | 1500 | 7944 | 6444 |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 33 | ബങ്ക് | ഇ.സാബിറാ ബാനു, പുതിയവീട്ടിൽ വീട്, കടലു ണ്ടി.പി.ഒ | 1119 | 19–6–2009–നു ശേഷം പുതുക്കിയിട്ടി ല്ല. | 8106 | 26856 | 18750 |
| 34 | 29 | ശ്രീധരൻ, ബത്‌ലഹേം, ഫറോക്ക്.പി.ഒ | 1217 | 1–4–2010 മുതൽ 31–3–2013 വരെ | 28000 | 29208 | 1208 |
| | | | | | **ആകെ** | | **1024523** |

## ബി) കാരപ്പറമ്പ് ഷോപ്പിംഗ് കോംപ്ലക്സ്

| **ക്രമ നം.** | **റൂം നമ്പർ** | **ലൈസൻ സിയുടെ പേര് വിലാസം** | **ഒരു മാസ ത്തെ ലൈസൻ സ് ഫീസ്** | **എഗ്രിമെൻറ് കാലാവധി** | **സെക്യൂരിറ്റി ഡെപ്പോസി റ്റ് അടച്ച തുക** | **സെക്യൂരിറ്റി ഡെപ്പോസി റ്റ്/ ലൈസൻസ് ഫീസ് അഡ്വാൻസ് ഇനത്തിൽ അടയ്ക്കേ ണ്ടതതുക** | **കുറവു വന്ന തുക** |
|---|---|---|---|---|---|---|---|
| 1 | A1 | പ്രേം ബാൽ.കെ.ബി 1/ 3161 കിനാര വെസ്റ്റ്ഹിൽ പി.ഒ | 1334 | 1–11–2009 മുതൽ 31–10–2012 വരെ | 16440 | 32016 | 15576 |
| 2 | A2 | കെ. രജിത, സാഗരിക എലത്തൂർ.പി.ഒ | 1325 | 12–5–2010 മുതൽ 11–5–2013 വരെ | 30000 | 31800 | 1800 |
| 3 | A6 | ബോണ ജോർജ്ജ്, തിയ്യിൽ വീട്, കരുവിശ്ശേരി.പി.ഒ | 1271 | 10–12–2008 മുതൽ 9–12–2011 വരെ | 16440 | 30504 | 14064 |
| 4 | A9 | സുരേഷ് ഗോപി നാഥ്, കാർത്തിക, വെസ്റ്റ്ഹിൽ പി.ഒ | 1392 | 27–10–2010 മുതൽ 26–10–13 വരെ | 10000 | 33408 | 23408 |
| | | | | | **ആകെ** | | **54848** |

## സി) വികാസ് ഭവൻ കെട്ടിടം

| **ക്രമ നം.** | **റൂം നമ്പർ** | **ലൈസൻസിയു ടെ പേരും വിലാസവും** | **ലൈസ ൻസ് ഫീസ്** | **കരാർ കാലയളവ്** | **സെക്യൂരിറ്റി ഡെപ്പോസിറ്റ്** | **സക്യൂരിറ്റി ഡെപ്പോസിറ്റ് / ലൈസൻസ് ഫീസ് ഇനത്തിൽ അടയ്ക്കേണ്ട തുക** | **കുറവ്** |
|---|---|---|---|---|---|---|---|
| 1 | ബി1 | ഇ.പി.ഹാരീസ്, സിംഗപ്പൂർ ഹൗസ്, പി. ഒ അരക്കിണർ, നടുവട്ടം, കോഴിക്കോട്. | 3089 | 22–8–2011 മുതൽ 21–8–2014 വരെ | 40080 RN.No. 513 തീ. 9–3–95 | 74136 (3089 x 24) | 34056 |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ബി.3 | അബ്ദുൾ റഹീം, സുലൈഖ, അസ്മ മൻസിൽ, കല്ലായ്.പി.ഒ, | 1166 | 1-4-2010 മുതൽ 31-3-2013 വരെ | 6720 RN.No. 7895 തീ. 10-8- | 27984/- | 21264 |
| 3 | ബി4(A) | എം. കെ. അഹമ്മദ് റാഫി, മേലെ കുന്നത്ത് ഹൗസ്, ഇരിമല്ലൂർ, കോഴിക്കോട്. | 2681 | 28-12-09 മുതൽ 27-12-12 വരെ | 39990 RN.No. 45231 തീ. 18-11-94 46397 തീ. 48-12-94 | 64344 | 24354 |
| 4 | ബി4(B) | കെ.അനിൽ കുമാർ | 1038 | 1-4-2010 മുതൽ 31-3-13 വരെ | 9420 RNNo. 186 തീ. 28-3-2006 | 24912 | 15492 |
| 5 | ബി 5 | ദേവദാസൻ, അലംബത്ത് ഹൗസ്, കല്ലായ്.പി.ഒ, പന്നിയങ്കര. | 1166 | 1-4-2010 മുതൽ 31-3-2013 വരെ. | 6720 RN.No. 4052 തീ. 19-5-87 | 27984 | 21264 |
| 6 | ബി 6 | കെ.കെ. ശശീധരൻ, കുന്നത്ത് ഹൗസ്, ചേവരമ്പലം, കോഴിക്കോട്. | 1663 | 1-4-2010 മുതൽ 31-3-2013 വരെ. | 8640 RN.No4054 തീ. 19-5-87 | 39912 | 31272 |
| 7 | ബി7 | അബ്ദുൾ സത്താർ, സൈന മൻസിൽ, തൃക്കോവിൽ ലെയിൻ, കുറ്റിച്ചിറ, കോഴിക്കോട്. | 1166 | 1-4-2010 മുതൽ 31-3-2013 വരെ | 6720 RNNo. 405 തീ. 19-5-87 | 27984 | 21264 |
| 8 | ബി 8 | സുബ്രമണ്യൻ, പുത്തൻ വീട്, പി.ഒ.കുതിരവട്ടം, കോട്ടൂളി. | 1663 | 1-4-10 മുതൽ 31-3-13 വരെ. | 12420 RNNo. 4034 തീ. 19-5-87 | 39912 | 27492 |
| 9 | ബി. 9 | ഉമേഷ് വി.വി. സുനിൽ 16/927, മുല്ലത്ത് പറമ്പ് നഗരം, അംശം കോഴിക്കോട്. | 1259 | 1-4-2010 മുതൽ 31-3-2013 വരെ. | 7248 RNNo. 4053 തീ. 19-5-87 5892/- ചെലാൻ 113 തീ. 19-3-2010 | 30216 | 22968 |
| 10 | ബി 10 | മുഹമ്മദ് നജീബ്, റസിയ റസിഡൻസി, പി.ഒ.കാപ്പാട്, ചേമഞ്ചേരി, കൊയിലാണ്ടി, കോഴിക്കോട്. | 3475 | 1-4-2009 മുതൽ 31-3-2012 വരെ | 51840 RNNo. 582 തീ. . 12-4-96 | 83400 | 31560 |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | ബി 11 | സി.എം. റോഷ്ണി, 12/4368 ജെ. അസ്മ അപ്പാർട്ട്മെൻറ്, ഒ.ബി.റോഡ്, കോഴിക്കോട്. | 1166/– | 1–4–2010 മുതൽ 31–3–2013 വരെ | 6720 RNNo. 51 തീ. 7–4–2011 | 27984 | 21264 |
| 12 | ബി 13 | അനിത കുമാരി, കിനാരൻ കണ്ടിയിൽ ഹൗസ്, മക്കട.പി.ഒ, കക്കോടി.. | 2627 | 2–11–2008 മുതൽ 1–11–11 വരെ | 31344 RNNo. 26136 തീ. 29–10–93 | 63048 | 31704 |
| 13 | ബി 14 | ഇ.പി.ഹാരീസ്, സിംഗപ്പൂർ ഹൗസ്, പി. ഒ അരക്കിണർ, നടുവട്ടം, കോഴിക്കോട്. | 3324 | 12–11–2008 മുതൽ 11–11–11 വരെ. | 39648 RNNo. 26924 തീ. 12–11–93 | 79776 | 40128 |
| 14 | ബി 15 | ടി. ഉസ്മാൻ കോയ, നജ്ജാസ്, തിരുവണ്ണൂർ റോഡ്, പന്നിയങ്കര പി.ഒ, കല്ലായ്. | 1458 | 1–4–2010 മുതൽ 31–3–2013 വരെ. | 21756 ch No. 42 തീ; 9–4–2012 | 34992 | 13236 |
| 15 | ബി 16 | ഇ. അബ്ദുൾ മനാസ്, ഇളയിടത്ത് ഹൗസ്, റഹ്മാൻ ബസാർ, പി.ഒ. കൊളത്തറ. | 4998 | 28–5–2010 മുതൽ 27–5–2013 വരെ. | 39744 RNNo. 27503 തീ. 25–11–93 | 119952 | 80208 |
| 16 | ബി. 17 | സി.വി. ഗോകുലദാസൻ, സോനാസ്, പൈപ്പ് ലൈൻ റോഡ്, കോട്ടൂളി. | 2317 | 19–1–2010 മുതൽ 18–1–2012 വരെ. | 50544 RNNo. 82 തീ. 12–10–2006 | 55608 | 5064 |
| 17 | എ1 | എം.ദിനേശ്, അമ്പാടി, നെല്ലിക്കോട്.പി.ഒ., കോഴിക്കോട് | 6840 | 10–10–09 മുതൽ 9–10–12 വരെ | 81600 RN.No. 41821 Dt. 14–9–1994 | 1,64,160 (6840 x 24) | 82560 |
| 18 | എ2 | എ.പി. ഡേവിസ്, അച്ചാണ്ടി ഹൗസ്, പി.ഒ. എലഞ്ഞിപ്ര, ചാലക്കുടി വഴി, തൃശ്ശൂർ. | 8677 | 4–10–09 മുതൽ 3–10–2012 വരെ. | 103536 RN No. 41661 Dt. 9–9–1994 RN.No. 42112 Dt. 23–9–1994 | 208248 (8677 x 24) | 104712 |
| 19 | എ3 | എ.പി. വർഗ്ഗീസ്, അച്ചാണ്ടി ഹൗസ്, പി.ഒ. എലഞ്ഞിപ്ര, ചാലക്കുടി വഴി, തൃശ്ശൂർ. | 5754 | 17–03–10 മുതൽ 16–03–11 | 60240 RN.No.15873 Dt. 27–2–1993 | 138096 | 77856 |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 20 | എ4 | ശ്രീമതി കൃഷ്ണ പ്രമോദ് കുമാർ ഡാങ്ഗ്ര, നന്ദൻ പുനത്തിൽ ഹൗസ്, പി.ഒ. പുതിയറ, 27/363എ, കോഴിക്കോട് | 6059 | 16–8–09 മുതൽ 15–8–12 വരെ | 72288 Rn.No. 40249 Dt. 12–8–1994 | 145416 | 73128 |
| 21 | എ5 | ടി. കൃഷ്ണൻ, സുരഭി, ചാലപ്പുറം. പി.ഒ., കോഴിക്കോട്. | 5284 | 16–8–2009 മുതൽ 15–8–2012 വരെ. | 95904 RN.No. 236 തീ. 30–9–94 | 126816 | 30912 |
| 22 | എ6 | പി.ടി. മുഹമ്മദ് അസ്ലം.' പൂന്തോപ്പിൽ ഹൗസ്, ചെലവൂർ.പി.ഒ., കോഴിക്കോട്. | 6034 | 27–6–2009 മുതൽ 26–6–2012 വരെ. | 72000 RN.No. 37489 തീ. 21–6–94 | 144816 | 72816 |
| 23 | എ7 | എ. ഗോപാലകൃഷ്ണൻ, ദീപ്തി. ബേപ്പൂർ.പി.ഒ, കോഴിക്കോട്. | 5650 | 1–4–2009 മുതൽ 31–3–2012 വരെ. | 56039 RN/ No. date Not recorded. | 135600 | 79561 H.C case Pending |
| 24 | എ8 | കെ.സി. ചാക്കോ, ഷാരോൺ, കാളൂർ റോഡ് മാങ്കാവ്, കോഴിക്കോട്. | 6084 | 4/09 മുതൽ 3/12 വരെ | 6050/– രൂപ തോതിൽ അടച്ചു വരുന്നു. എസ്.ഡി / എൽ.എഫ്. പുതുക്കുന്നില്ല. | | |
| 25 | എ9 | പി.എ. ഗണേഷ്, അമ്പാടി, കുതിരവട്ടം.പി.ഒ, കോട്ടൂളി. | 5335 | 25–3–2009 മുതൽ 24–3–2012 വരെ. | 96816 RNNo. 236 തീ. 25–9–03 | 128040 | 31224 |
| 26 | എ10 | ലവീണ രമേഷ്, അമ്പാടി, കുതിരവട്ടം.പി.ഒ, കോട്ടൂളി. | 6059 | 1–4–2009 മുതൽ 31–3–2012 വരെ. | 60240 RNNo. 41374 തീ. 8–9–89 | 145416 | 85176 |
| 27 | എ11 | ഉഷാദേവി. കൂട്ടമോളി പറമ്പ്, പയമ്പ്ര, കോഴിക്കോട്. | 5238 | 1–4–09 മുതൽ 31–3–12 വരെ. | 52080 26040 78120 RNNo. 9732 തീ. 18–9–87 RNNo. 828 തീ. 17–7–95 | 125712 | 47592 |
| 28 | എ12 | ടി. മുഹമ്മദ് നജിബ്, റസിയ റസിഡൻസി, കാപ്പാട്.പി.ഒ. ചേമഞ്ചേരി, കൊയിലാണ്ടി, കോഴിക്കോട്. | 6059 | 1–4–2009 മുതൽ 31–3–2012 വരെ. | 72288 RNNo. 2457 തീ. 23–2–95 | 145416 | 73128 |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 29 | എ13 | കെ.കെ. സോമൻ, കുരുന്നംവേലിൽ, മലാപ്പറമ്പ്, കോഴിക്കോട് | 5261 | 4/2009 മുതൽ 3/2012 വരെ. | Average 5000/– remitted | 126264 (5261 x 24) | 126264 Case pending |
| 30 | എ14–15 | എം. കെ. രാജേന്ദ്രൻ, വളപ്പിൽ ഹൗസ്, രാം മോഹൻ റോഡ്, കോഴിക്കോട്. | 1792 | 10/96 മുതൽ 9/99വരെ. | Average 5000/– remitted upto 5–5–12 | 43008 | 43008 |
| 31 | IIIrd Floor RW 13/ 711A EW36/ 1436A | സുജിത്കുമാർ, കിഴക്കേ പുരയിൽ, കൂവൽ, പറശ്ശിനിക്കടവ്, കണ്ണൂർ | 5725 | 22–9–2009 മുതൽ 21–9–2010 വരെ. | 49450 RNNo. 150 തീ. 23–6–06 | 144264 | 94814 |
| | | | 6011 | 22–9–2010 മുതൽ 21–9–2011 വരെ. | | | |
| 32 | IIIrd Floor RW 13/712 EW 36/143 7 | നെബു പാട്രിക കൊറിയ & നെലീന നെൽസൺ, സീലോട്സ് വില്ല, നം. 10 കല്ലുത്താൻ റോഡ്, ഗോവിന്ദപുരം.പി.ഒ., കോഴിക്കോട്. | 27915 | 12–6–2010 മുതൽ 11–6–2011 വ രെ. | 229660 RNNo. 101 തീ. 19–4–2006 | 669960 | 440300 |

മുൻകൂർ ലൈസൻസ് ഫീസ്/ സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ നിർദ്ദിഷ്ട നിരക്കിൽ ഈടാക്കാതിരിക്കുന്നത് നഗരസഭയുടെ സാമ്പത്തിക ഭദ്രതയ്ക്ക് അനുഗുണമല്ല. ഫറോക്ക് ഷോപ്പിംഗ് കോംപ്ളക്സ്, കാരപ്പറമ്പ് ഷോപ്പിംഗ് കോംപ്ളക്സ് എന്നിവയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ്/ അഡ്വാൻസ് ലൈസൻസ് ഫീസ് എന്നിവ കാലാനുസൃതമായി വർദ്ധിപ്പിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2–23) ചട്ട വിരുദ്ധമായി കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചു.

താഴെ പറയുന്ന കെട്ടിട നിർമ്മാണ അനുമതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കെട്ടിട നിർമ്മാണ അനുമതി നമ്പർ : ടി.പി. 4/71680/2010

2–11–2010

കെട്ടിട ഉടമസ്ഥയുടെ പേര് : എ.പി. ഷൈജു.
എ.പി. ഹൗസ്,
10/406., കളരിത്തൊടി,
നടുവട്ടം.പി.ഒ,
കോഴിക്കോട്.

കെട്ടിടത്തിൻെറ തരം : വാണിജ്യ കെട്ടിടം.

കെട്ടിടത്തിൻെറ പ്ളിന്ത് വിസ്തീർണ്ണം : 166.47 ച.മീ ( 3 നില കെട്ടിടം)

Local Fund Audit Department

പ്ളോട്ട് വിസ്തീർണ്ണം : 2. 5 സെൻറ്.

പ്ളോട്ട് സ്ഥിതി ചെയ്യുന്നത് : കോട്ടൂളി, റീ–സ. നമ്പർ 105/4B

മേൽ പരാമർശിച്ച കെട്ടിടം പണി പൂർത്തിയായ ശേഷം ക്രമവൽക്കരിച്ചതാണ്. കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ളോട്ടിന് 2.5 സെൻറ് മാത്രമേ വിസ്തീർണ്ണമുള്ളൂ എന്നതിനാൽ ചെറു പ്ളോട്ടുകളിലെ കെട്ടിട നിർമ്മാണങ്ങൾക്കുള്ള വ്യവസ്ഥകളാണ് ഇവിടെ ബാധകം. (1999–ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 60 മുതൽ 64 വരെ)

ചട്ടം 62(2) പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് പ്ളോട്ടിലെ ഒരു വശത്ത് ഏറ്റവും കുറഞ്ഞത് 90 സെൻറിമീറ്ററും മറു വശത്ത് 60 സെൻറീ മീറ്ററും സൈഡ് യാർഡ് (Side Yard) ആവശ്യമാണ്. എന്നാൽ ബന്ധപ്പെട്ട ഫയലിലെ ക്രമവൽക്കരിച്ച പ്ളാൻ പ്രകാരം ഒരു വശത്ത് 90 സെൻറീമീറ്റർ സൈഡ് യാർഡ് ലഭ്യമാണെങ്കിലും മറു വശത്ത് 35 സെൻറീ മീറ്റർ മുതൽ 40 സെൻറീ മീറ്റർ വരെ മാത്രമേ ലഭ്യമാകുന്നുള്ളൂ. ചട്ടം 62(2) പ്രകാരം 90 സെൻറീ മീറ്റർ വിസ്തൃതിയുള്ള പാർശ്വാങ്കണത്തിൻെറ മറുവശത്തിൻെറ വിസ്തൃതി 60 സെൻറീ മീറ്ററിൽ കുറയ്ക്കണമെങ്കിൽ പ്രസ്തുത ഭാഗത്ത് വാതായനങ്ങൾ ഇല്ലാതിരിക്കുകയും ആ വശത്ത് അതിർത്തി പങ്കിടുന്ന പ്ളോട്ടിൻെറ ഉടമസ്ഥനിൽ നിന്ന് രേഖാമൂലം അനുമതി പത്രം വാങ്ങുകയും വേണം. എന്നാൽ ഇവിടെ ഇപ്രകാരം അനുമതി പത്രം ഇല്ലാതെയാണ് 35 സെൻറീമീറ്റർ മുതൽ 40 സെ.മി വരെ പാർശ്വാങ്കണമുള്ള കെട്ടിടം ക്രമവൽക്കരിച്ചു കൊടുത്തത്. നിയമ വിരുദ്ധമായി നടത്തിയിട്ടുള്ള മേൽ ക്രമവൽക്കരണത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2–24) <u>കെട്ടിടങ്ങൾ വിഭജിച്ച് നികുതി ചുമത്തൽ – നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ രൂപ ഭേദം വരുത്തിയ കെട്ടിടങ്ങൾക്കും വിഭജിച്ച് നമ്പർ നൽകുന്നു.</u>

**ഫയൽ നമ്പർ: എ8/113326/2011**

**ജമ നമ്പർ : 17/504എ, 17/504 ബി.**

വാർഡ് 17, എരഞ്ഞിക്കുഴി നിലം പറമ്പിലെ മൂന്നു നില കെട്ടിടത്തിലെ തറ നിലയിലും ഒന്നാം നിലയിലും സ്ഥിതി ചെയ്യുന്ന മേൽ പറഞ്ഞ ജമ നമ്പരിലുള്ള രണ്ട് ഹാളുകൾ താഴെ പറയും പ്രകാരം വിഭജിച്ച് നികുതി ചുമത്തി നൽകിയിരുന്നു.

Local Fund Audit Department

| ജമ നമ്പർ | വിഭജിച്ച് നികുതി ചുമത്തിയ മുറികളുടെ ജമ നമ്പർ | മുറികളുടെ എണ്ണം |
|---|---|---|
| 17/504 എ | എ1 മുതൽ എ15 വരെയും എ 25 മുതൽ എ40 വരെയും | 1+31 മുറികൾ |
| 17/504 ബി | ബി 1 മുതൽ ബി 36 വരെ | 1+ 36 മുറികൾ |

മേൽ പറഞ്ഞ രണ്ടു ഹാളുകളും ചുമർ നിർമ്മിച്ച് കടമുറികളായി രൂപ ഭേദം വരുത്തി, മുറികളുടെ സ്കെച്ച് പ്ളാൻ സഹിതം അപേക്ഷ സമർപ്പിച്ചതിൻെറ അടിസ്ഥാനത്തിലാണ് വിഭജിച്ച് നികുതി ചുമത്തിക്കാണുന്നത്.

കെട്ടിടത്തിൻെറ ഉപയോഗമനുസരിച്ച് Group E – യിൽ പെടുന്ന മേൽ പറഞ്ഞ കെട്ടിടഭാഗം Group F–ൽ പറയുന്ന ഉപയോഗങ്ങൾക്കായി രൂപഭേദം വരുത്തിയപ്പോൾ 1999–ലെ KMBR Rule 2 –ൽ പറയുന്ന നിർമ്മാണ അനുമതി ആവശ്യമുള്ള ഒരു പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്.

KMBR Rule 4(2), 7, 11 എന്നിവ പ്രകാരം ആവശ്യമായ ഫീസ് അടച്ച് അനുവാദം വാങ്ങിയതിനു ശേഷമാണ് വിഭജിച്ച മുറികൾക്ക് നികുതി ചുമത്തി നമ്പർ നൽകേണ്ടിയിരുന്നത്. KMBR Rule 30 പ്രകാരം Group E വിഭാഗത്തിൽപ്പെടുന്ന മേൽ പറഞ്ഞ കെട്ടിട ഭാഗം ചുമർ നിർമ്മിച്ച് കട മുറികളായി മാറ്റിയപ്പോൾ Group F വിഭാഗത്തിലാണ് ഉൾപ്പെടുക. Occupancy–യിൽ മാറ്റം വരുന്ന ഇത്തരം രൂപ ഭേദങ്ങൾ KMBR Rule 10–ൽ പറയുന്ന പെർമിറ്റ് ആവശ്യമില്ലാത്ത പ്രവൃത്തികളുടെ ഗണത്തിൽപ്പെടുത്താനാവില്ല. ആയതിനാൽ മേൽ പറഞ്ഞ കെട്ടിടങ്ങൾക്ക് നിർണ്ണയിച്ച നികുതിയും അനുവദിച്ച കെട്ടിട നമ്പരും റദ്ദാക്കേണ്ടതും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 242 –ാം വകുപ്പ് പ്രകാരം നികുതി നിർണ്ണയിക്കേണ്ടതും ചട്ടപ്രകാരമല്ലാത്ത രൂപഭേദം ക്രമപ്പെടുത്തിയതിനു ശേഷം സാധാരണ നികുതി ചുമത്തേണ്ടതുമാണ്. ഉപയോഗ ക്രമത്തിൽ മാറ്റം വന്ന ( Occupational Change ) കാലയളവിൽ കെട്ടിടത്തിന് ഒഴിവിളവും അനുവദിക്കാവുന്നതല്ല.

ചട്ടങ്ങൾ പാലിക്കാതെ നികുതി നിർണ്ണയിച്ചതിന് വിശദീകരണം നൽകേണ്ടതും വിഷയത്തിൽ സ്വീകരിച്ച നടപടികളും ഈടാക്കിയ നികുതി/ പെർമിറ്റ് ഫീസ് / പിഴ എന്നിവയുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

Local Fund Audit Department

## 2–25) സെറ്റ് ബാക്ക് സംബന്ധിച്ച വ്യവസ്ഥ പാലിക്കാതെ 2.5 സെൻറിൽ മൂന്ന് നില ഫ്ളാറ്റിന് പെർമിറ്റ് നൽകി.

**ഫയൽ നം. ടി.പി.5/19338/2011. തീയതി 28–10–2011**

**ഉടമസ്ഥ : ബി.എം. സൽവ, ബിഎം. ഹൗസ്, പരപ്പിൽ**

**രശീതി നം. 111011– 13507/ 18–10–2011**

കെ.എം.ബി.ആർ ചാപ്റ്റർ VIII പ്രകാരം ചെറിയ പ്ളോട്ടുകളിൽ (125 ചതുരശ്ര മീറ്ററിൽ കുറവ്) നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നൽകാവുന്ന ആനുകൂല്യങ്ങൾ നൽകിയാണ് ഈ ഫ്ളാറ്റിന് പെർമിറ്റ് നൽകിയത്. ഇത്തരം ചെറു പ്ളോട്ടുകളിൽ കെട്ടിടം നിർമ്മിക്കുമ്പോൾ ആവശ്യമായ സെറ്റ് ബാക്ക് സംബന്ധമായ വ്യവസ്ഥകൾ ചട്ടം 62–ൽ ആണ് വിവരിച്ചിട്ടുള്ളത്.

ചട്ടം 62 (2) പ്രകാരം കെട്ടിടത്തിന് അതിരിൽ നിന്നും ഒരു വശത്ത് ചുരുങ്ങിയത് 90 സെൻറി മീറ്ററും മറു വശത്ത് 60 സെൻറീ മീറ്ററും സെറ്റ് ബാക്ക് ഉണ്ടായിരിക്കണം. എന്നാൽ സർവ്വീസ് പ്ളാൻ പ്രകാരം വടക്കു ഭാഗത്ത് തീരെ സെറ്റ് ബാക്ക് ഇല്ലാതെ അതിർത്തിയോട് ചേർന്നാണ് കെട്ടിടം നിർമ്മിക്കുന്നത്.

ചട്ടം 62(3) പ്രകാരം കെട്ടിടത്തിൻെറ പിൻവശത്തെ മുറ്റത്തിന് എറ്റവും കുറഞ്ഞത് 0.5 മീറ്റർ സെറ്റ് ബാക്കോടെ ശരാശരി ഒരു മീറ്റർ സെറ്റ് ബാക്ക് ഉണ്ടായിരിക്കണം. എന്നാൽ സർവ്വീസ് പ്ളാൻ പ്രകാരം പിൻ മുറ്റത്തിന് ഉടനീളം 75 സെൻറീ മീറ്റർ മാത്രമാണ് സെറ്റ് ബാക്ക് ഉള്ളത്.

വ്യവസ്ഥകൾ പാലിക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

Local Fund Audit Department

## 2–26) ബിൽഡിംഗ് പ്ളാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർ / സൂപ്പർ വൈസർ എന്നിവർക്ക് നിർദ്ദിഷ്ട യോഗ്യതയുണ്ടോ എന്നത് പരിശോധിക്കുന്നില്ല.

1999–ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് റൂൾ 6(3), റൂൾ 148 എന്നിവ പ്രകാരം എല്ലാ പ്ളാനുകളും ഡ്രോയിംഗുകളും ഒരു രജിസ്ട്രേഡ് ആർക്കിടെക്ട്, എഞ്ചിനീയർ അല്ലെങ്കിൽ സൂപ്പർ വൈസർ എന്നിവർ ഒപ്പു വെയ്ക്കേണ്ടതാണ്. പ്ളാനുകളും സ്പെസിഫിക്കേഷനുകളും മറ്റും തയ്യാറാക്കേണ്ടതും ഒപ്പു വെയ്ക്കേണ്ടതും ഇവരാണ്. ഇക്കാര്യത്തിൽ രജിസ്റ്ററിംഗ് അതോറിറ്റി ആയിരിക്കുന്നത് മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ റീജിയണൽ ജോയിൻറ് ഡയറക്ടർമാരാണ്. (റൂൾ 149)

എന്നാൽ ബിൽഡിംഗ് പെർമിറ്റുകൾ പരിശോധിച്ചപ്പോൾ പലപ്പോഴും പ്ളാനുകൾ തയ്യാറാക്കിയ എഞ്ചിനീയർ, സൂപ്പർ വൈസർ എന്നിവർക്ക് നിശ്ചിത യോഗ്യതയുണ്ടോ

എന്നുറപ്പുവരുത്താതെ ബിൽഡിംഗ് ലൈസൻസ് അനുവദിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് പെർമിറ്റ് നം. | ഉടമസ്ഥന്റെ പേര് | പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയർ/ സൂപ്പർ വൈസർ | കെട്ടിടത്തിന്റെ പ്ലിൻത് ഏരിയ | റിമാർക്സ് |
|---|---|---|---|---|---|
| 1 | TP 1 5333/11<br>29–10–11 | ഷൗക്കത്തലി<br>മന്നം കണ്ടി പറമ്പ്<br>പി.ഒ.<br>പുതിയങ്ങാടി | നിഷിത്.ടി.ജി. | 147.79 ച.മീ. | എഞ്ചിനീയർക്ക് ലഭിച്ചിട്ടുള്ളത് ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് നൽകുന്ന ചാർട്ടേർഡ് എഞ്ചിനീയർ എന്ന സർട്ടിഫിക്കറ്റാണ്. മുനിസിപ്പൽ റീജിയണൽ ജോയിൻറ് ഡയറക്ടർ നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റല്ല. |
| 2 | TP 9/11520/2011<br>2–8–2011 | ഹേമലത–രാധാകൃഷ്ണൻ,<br>സോപാനം,<br>ചേവായൂർ,<br>കോഴിക്കോട്. | പി.ജിഷ | 343.49 ച.മീ. | സർട്ടിഫിക്കറ്റ് ഓഫ് രജിസ്ട്രേഷൻ രേഖയുടെ പകർപ്പ് ഫയലിൽ വെച്ചിട്ടില്ല. ആയതിനാൽ നിർദ്ദിഷ്ട യോഗ്യതയുണ്ടോ എന്നുറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

Local Fund Audit Department

## 2–27) കാർ പാർക്കിംഗ് സൗകര്യമില്ലാതെ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാൻ പെർമിറ്റ് നൽകി.

**ഫയൽ നം. ടി.പി.5/15269/2010. ഉടമസ്ഥ : കെ.രാധിക.**

**രശീതി നം. 110031– 39130/21–3–2011 രൂപ 6550/–**

വൈ.എം.സി.എ ക്രോസ്സ് റോഡിൽ 3 നില കെട്ടിടം നിർമ്മിച്ച് ഷോപ്പിംഗ് കോംപ്ളക്സ് കം കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാനാണ് അപേക്ഷ നൽകിയിരുന്നത്. ( ഗ്രൗണ്ട് ഫ്ളോറിലും ഒന്നാം നിലയിലും ഷോപ്പ് റൂമുകളും രണ്ടാം നിലയിൽ കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കാനായിരുന്നു പദ്ധതി). 7.25 സെൻറ് വിസ്തൃതി യുള്ള പ്ളോട്ടിൽ നിന്നും 0.92 സെൻറ് വൈ.എം.സി.എ ക്രോസ്സ് റോഡ് വികസനത്തിനായി സറണ്ടർ ചെയ്തതായി ഫയലിൽ കാണുന്നു. റോഡ് വികസനത്തിന് സൗജന്യമായി സ്ഥലം വിട്ടു നൽകിയവർക്ക് നൽകുന്ന സവിശേഷ ആനുകൂല്യങ്ങളുടെ ( കെ.എം.ബി.ആർ ചാപ്റ്റർ XI ) അടിസ്ഥാനത്തിലാണ് പെർമിറ്റ് നൽകിയത്.

കെ.എം. ബി.ആർ.ചട്ടം 84 പ്രകാരം ഇപ്രകാരം സ്ഥലം സൗജന്യമായി വിട്ടു കൊടുത്തവർക്ക് ശേഷിച്ച ഭൂമിയിൽ കെട്ടിടം പണിയുമ്പോൾ യഥാർത്ഥത്തിൽ ആവശ്യമായ പാർക്കിംഗ് സ്ഥലത്തിൻെറ 75% സ്ഥലം മാത്രം ഒരുക്കി കെട്ടിടം പണിയാൻ പെർമിറ്റ് നൽകാവുന്നതാണ്.

ഷോപ്പ് റൂമുകൾ ചട്ടം 30–ൻെറ കാര്യത്തിൽ എഫ്. കാറ്റഗറിയിലാണ് വരുന്നത്. ചട്ടം 30[(3)(ജി)] –യുടെ കുറിപ്പിൽ 150 ചതുരശ്ര മീറ്ററിൽ താഴെ വിസ്തൃതിയുള്ള ഗ്രൂപ്പ് സി, ഡി കെട്ടിടങ്ങളേയും കാറ്റഗറി എഫ് ആയി കണക്കാക്കണം എന്നു പറയുന്നു. ഇതനുസരിച്ച് പ്രസ്തുത കെട്ടിടം എഫ് കാറ്റഗറിയായി കരുതാവുന്നതാണ്. ചട്ടം 34 പട്ടിക 5– 2 പ്രകാരം എഫ് കാറ്റഗറിയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് കാർപ്പറ്റ് ഏരിയയുടെ ഓരോ 75 ചതുരശ്ര മീറ്ററിനും അതിൻെറ ഫ്രാക്ഷനുകൾക്കും ഓരോ കാർ പാർക്കിംഗ് സ്ഥലം വീതം നീക്കിവെയ്ക്കണം. ഇതു പ്രകാരം 3 നിലകളിലും കൂടി 323.29 ചതുരശ്ര മീറ്റർ കാർപ്പറ്റ് ഏരിയ ഉള്ള കെട്ടിടത്തിൽ 5 കാറുകൾക്ക് പാർക്ക് ചെയ്യാനുള്ള സ്ഥലം ഉണ്ടായിരിക്കണം. ചട്ടം 84–ൻെറ ആനുകൂല്യം ഈ കെട്ടിട ഉടമയ്ക്ക് നൽകിയാൽ പോലും നാലു കാറുകൾ പാർക്ക് ചെയ്യാനുള്ള സ്ഥലം ഒരുക്കിയിട്ടുണ്ടെങ്കിൽ മാത്രമേ ഈ കെട്ടിടത്തിന് പെർമിറ്റ് നൽകാമായിരുന്നുള്ളൂ. എന്നാൽ സർവ്വീസ് പ്ളാൻ പ്രകാരം പ്രസ്തുത പ്ളോട്ടിൽ കാർ പാർക്കിംഗിന് സ്ഥലം നീക്കിവെച്ചിട്ടില്ല.

അപാകതൾക്ക് വിശദീകരണം നൽകേണ്ടതാണ്.

Local Fund Audit Department

## 2–28) പരസ്യ നികുതി– അപാകതകൾ

**ഫയൽ നമ്പർ : എ37/13325/10 ലേല തുക : 25,25,252**

1994–ലെ കേരള മുനിസിപ്പാലിറ്റി നിയമം 271–ാം വകുപ്പ് പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വെയ്ക്കുകയോ, വെച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നതിന് സർക്കാർ അംഗീകാരത്തോടുകൂടി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ പരസ്യ നികുതി ഈടാക്കാവുന്നതാണ്. വകുപ്പ് 276 പ്രകാരം പരസ്യ നികുതി പിരിക്കുന്നതിനായി, നഗരസഭ തയ്യാറാക്കിയ ബൈ ലോകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും, നിബന്ധനകളിന്മേലും ഒരു പ്രാവശ്യം, ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേയ്ക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ്.

2010–11 സാമ്പത്തിക വർഷത്തേയ്ക്ക് നഗരസഭ വക പ്രദേശത്തുള്ള പരസ്യങ്ങളിന്മേൽ നികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേല നടപടികളിലൂടെ ശ്രീ. എൻ.ജെ. ജോൺസൺ, എന്നയാൾക്ക് നഗരസഭ കൗൺസിലിൻെറ 12–3–2010–ലെ 39–ാം നമ്പർ തീരുമാന പ്രകാരം സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്.

Local Fund Audit Department

**<u>പരസ്യ നികുതി ഈടാക്കിയതു സംബന്ധിച്ച അപാകതകൾ താഴെ പറയുന്നു.</u>**

1) തൻവർഷം പരസ്യ നികുതിയുടെ നിരക്കുകൾ നിശ്ചയിച്ചത് കൗൺസിലിൻെറയോ, സർക്കാരിൻെറയോ അംഗീകാരം ഇല്ലാതെയാണ്. നഗരസഭാ കൗൺസിലും സർക്കാരും അംഗീകരിക്കാത്ത നിരക്കുകളിൽ പരസ്യ നികുതി ഈടാക്കിയത് നിയമവിരുദ്ധമാണ്. 1998–ലെ കേരള മുനിസിപ്പാലിറ്റി ( പുതിയ നികുതികളെ സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധപ്പെടുത്തൽ) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം നഗരസഭ ആദ്യമായോ, പുതിയ നിരക്കിലോ നികുതി ചുമത്താൻ ഒരു കൗൺസിൽ യോഗത്തിൽ തീരുമാനിച്ചു കഴിഞ്ഞാൽ നികുതി നിരക്ക്, ഈടാക്കേണ്ട കാലയളവ്, പ്രാബല്യത്തിൽ വരുന്ന തീയ്യതി തുടങ്ങിയവ മുനിസിപ്പൽ പ്രദേശത്ത് വ്യാപകമായി പ്രചാരമുള്ള രണ്ടിൽ കുറയാത്ത ദിനപത്രങ്ങളിലും, ഒരു ഇംഗ്ളീഷ് പത്രത്തിലും, കേരളാ ഗസറ്റിലും പ്രസിദ്ധപ്പെടുത്തണം. കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 271–ൽ പരസ്യ നികുതി പിരിക്കുന്നത് സർക്കാർ അംഗീകാരത്തോടെ ആയിരിക്കണമെന്നും, നിരക്കുകൾ സർക്കാർ നിശ്ചയിച്ചതിലും കുറവായിരിക്കരുത് എന്നും നിഷഷ്കർഷിക്കുന്നു. ഈ നടപടി ക്രമങ്ങളൊന്നും ഇവിടെ പാലിച്ചതായി കാണുന്നില്ല.

2) കേരള മുനിസിപ്പൽ നിയമം 567–ാം വകുപ്പ്, നഗരസഭയിൽ നികുതികളും കരങ്ങളും പിരിക്കുന്നതിനായി ബൈലോകൾ തയ്യാറാക്കാൻ നഗരസഭയ്ക്ക് അധികാരം നൽകുന്നുണ്ട്. എന്നാൽ പരസ്യ നികുതി ഈടാക്കുന്നതിനായി നഗരസഭ ബൈലോകൾ തയ്യാറാക്കിയിട്ടില്ല.

3) 2010–11 പരസ്യ നികുതി ലേല നിബന്ധന 17 പ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർ ഒരു ലക്ഷം രൂപ ഡെപ്പോസിറ്റായി അടവാക്കാനും, ടി തുക ലൈസൻസ് കാലാവധിക്കുശേഷം ബാധ്യതകളൊന്നും ഇല്ലെങ്കിൽ കരാറുകാരന് തിരിച്ചു നൽകുന്നതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ലൈസൻസ് കാലാവധി 31–3–2011 ആയിരിക്കേ, കരാറുകാരൻെറ 31–7–2010–ലെ അപേക്ഷ പ്രകാരം പ്രസ്തുത ഡെപ്പോസിറ്റ് തുക ലൈസൻസ് ഫീ അടവിൻെറ അവസാന ഗഡുവിലേക്ക് അഡ്ജസ്റ്റ് ചെയ്യുകയാണ് ഉണ്ടായത്. ( ലേല നോട്ടീസ് നമ്പർ എ34/83789/09 തീയ്യതി 5–2–2010)

4) തൻവർഷം 25,25,252 /– രൂപയ്ക്ക് പരസ്യ നികുതി പിരിക്കാനുള്ള കുത്തകാവകാശം അനുവദിച്ചു നൽകിയെങ്കിലും, നഗരസഭാ അതിർത്തിക്കുള്ളിലെ പരസ്യ ബോർഡുകളുടെ എണ്ണം, അവ സ്ഥാപിച്ച സ്ഥലങ്ങൾ അവയുടെ വലിപ്പം, 1999–ലെ കേരള മുനിസിപ്പാലിറ്റി ( പൊതു തെരുവുകളിലും, പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നഗരസഭ നൽകിയ അനുമതി പത്രം തുടങ്ങിയവയൊന്നും ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. (റിക്വിസിഷൻ നമ്പർ 127/2010–11)

5) 26–3–2010–ൽ നഗരസഭ ഡെപ്യൂട്ടി സെക്രട്ടറി കരാറുകാരനുമായി ചമച്ച കരാറുടമ്പടി വ്യവസ്ഥ 1 പ്രകാരം നഗരസഭ വക സ്ഥലങ്ങളിൽ നിലനിർത്തിയ പരസ്യ ബോർഡു കളിൽ (ഹോർഡിംഗ്) നിന്നും നികുതി ഈടാക്കുന്നതിനായിട്ടാണ് ലൈസൻസ് നൽകിയിട്ടുള്ളത്. മുനിസിപ്പൽ നിയമം വകുപ്പ് 271 പ്രകാരം നഗരസഭകൾക്ക് 1988–ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ നിർവ്വചിച്ച പ്രകാരമുള്ള പബ്ളിക് സർവ്വീസ് വാഹനത്തിൽ പ്രദർശിപ്പിച പരസ്യങ്ങൾക്ക് നികുതി ചുമത്താവുന്നതാണ്. (ഉദാ:– കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വക ബസ്സുകൾ ) എന്നാൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ച പരസ്യങ്ങൾക്ക് പരസ്യ നികുതി ഈടാക്കുന്നതായി കാണുന്നില്ല.

6) 2010–11–ലെ പൊതു ലേല നിബന്ധന പ്രകാരം ലേലം കൊള്ളുന്നയാൾനഗരസഭയിൽ അടവാക്കേണ്ട ലേല തുകയ്ക്ക് പുറമേ നിയമാനുസൃത ആദായ നികുതി അടക്കം, വിവിധ വകുപ്പുകളിലേക്ക് അടയ്ക്കേണ്ട എല്ലാ നികുതികളും അടയ്ക്കാൻ ബാധ്യസ്ഥരാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

Local Fund Audit Department

എന്നാൽ കരാറുകാരൻ ലേല തുകയുടെ ആദായ നികുതി അടവാക്കിയതിൻെറ വിശദാംശങ്ങൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 1961–ലെ ആദായ നികുതി നിയമം വകുപ്പ് 194(ജെ) ഉപവകുപ്പ് പ്രകാരം കരാറുകാരനിൽ നിന്ന് ലേലത്തുകയുടെ 10% വരുന്ന തുക ഈടാക്കി പ്രസ്തുത വകുപ്പിൽ അടവാക്കേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. കരാറുകാരൻ ആദായ നികുതി വകുപ്പിൽ ലേലത്തുകയുടെ 10% അടവാക്കിയിട്ടില്ലെങ്കിൽ (2,52,525/–രൂപ) ആയത് അടവാക്കിപ്പിക്കേണ്ടതും വിശദാംശങ്ങൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക ഇതുമായി ബന്ധപ്പെട്ട സെക്ഷൻ ക്ളാർക്ക്, സൂപ്രണ്ട്, റവന്യൂ ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി നിയമാനുസൃത പലിശ സഹിതം ഈടാക്കി ആദായ വകുപ്പിൽ അടവാക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2–29) <u>തടി നികുതി – ലേലം നടത്തിപ്പിലെ അപാകതകൾ</u>

**ഫയൽ നം – എ 35/13322/10 ലേല തുക – 4,57,200/–**

**കൗൺസിൽ തീരുമാനം നം. 39, തീയതി 12–3–2010**

നഗരസഭ വക തടി നികുതി ചെക്ക് പോസ്റ്റുകളിൽ നിന്ന് 2010–11 സാമ്പത്തിക വർഷത്തിൽ ഫീസ് പിരിക്കുന്നതിനായി ശ്രീ. കെ. കെ. വത്സൻ ( കുറുവൻ കോട്ട, ചാലിൽ വീട്, ചെറുവണ്ണൂർ.പി.ഒ, മേപ്പയൂർ) എന്നവർക്ക് കുത്തകാവകാശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 1994–ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 277–ാം വകുപ്പ് 1–ാം ഉപവകുപ്പ് പ്രകാരം നഗരസഭാ പ്രദേശത്തിനുള്ളിലേക്ക് കൊണ്ടുവരുന്ന തടികൾക്ക് നികുതി ഈടാക്കണമെങ്കിൽ കൗൺസിൽ തീരുമാനമെടുത്ത് നിരക്ക് നിശ്ചയിക്കേണ്ടതാണ്. ലേല പരസ്യത്തിൽ നഗരസഭാ പരിധിയിലേക്ക് കൊണ്ടുവരുന്ന എല്ലാ മരത്തിനും ടണ്ണിന് 20/– രൂപാ നിരക്കിൽ നികുതി ഈടാക്കണമെന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ നിരക്ക് കൗൺസിൽ നിശ്ചയിച്ചതിൻെറ വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) നഗരസഭാ ഡെപ്യൂട്ടി സെക്രട്ടറിയുടെ 5–2–2010–ലെ എ34/83789/ 09 നമ്പർ ലേല നോട്ടീസ് പ്രകാരം തടി നികുതി ടണ്ണിന് 20/–രൂപയാണെന്ന്

Local Fund Audit Department

വ്യക്തമാക്കിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ ടണ്ണിന് 10/– രൂപ നിരക്കിലാണ് തടി നികുതി ഈടാക്കിയിരുന്നത്. 1998–ലെ കേരള മുനിസിപ്പാലിറ്റി ( പുതിയ നികുതികളെ സംബന്ധിച്ച് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിലവിലുള്ള നിരക്കിൽ നിന്നും നികുതി പുതുക്കുന്ന സാഹചര്യത്തിൽ കൗൺസിൽ തീരുമാനമെടുക്കേണ്ടതും, നികുതിയുടെ നിരക്കും അത് ഏത് തീയതി മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്നും, നികുതി ചുമത്തേണ്ട കാലയളവ് ഏതെങ്കിലുമുണ്ടെങ്കിൽ അത് ഏതെന്നും വിവരിച്ചുകൊണ്ടുള്ള വിജ്ഞാപനം നഗരസഭയിൽ പ്രചാരമുള്ള രണ്ടിൽ കുറയാത്ത പ്രാദേശിക പത്രത്തിലും, ഒരു ഇംഗ്ളീഷ് പത്രത്തിലും, കേരള ഗസറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എന്നാൽ നഗരസഭയിൽ തടി നികുതി നിരക്ക് വർദ്ധിപ്പിച്ചപ്പോൾ മേൽ രീതിയിലുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

3) നഗരസഭാ ഡെപ്യൂട്ടി സെക്രട്ടറിയും കരാറുകാരനും ചേർന്ന് 1–4–2010–ൽ ചമച്ച കരാർ (ഖണ്ഡിക 4) പ്രകാരം ലേലം അംഗീകരിച്ച് അറിയിപ്പ് നോട്ടീസ് ലഭിച്ച് 7 ദിവസത്തിനകം ലേലത്തുകയുടെ 2.66 % നിരക്കിൽ ( 10360/– രൂപ) ആദായ നികുതി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ലേലം കൊണ്ടയാൾ ആദായ നികുതി അടവാക്കിയതിൻെറ വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

1961–ലെ ആദായ നികുതി നിയമം വകുപ്പ് 206 സി. ഉപവകുപ്പ് (IC) പ്രകാരം പ്രസ്തുത തരം നികുതിയ്ക്ക് ലേലം കൊണ്ടയാൾ ആദായ നികുതിയടക്കാൻ ബാധ്യസ്ഥനാണ്. ഈ ഉപവകുപ്പിലെ വ്യവസ്ഥ പ്രകാരം കുത്തകാവകാശം ലൈസൻസ് വ്യവസ്ഥയിൽ ഏറ്റെടുത്ത വ്യക്തിയിൽ നിന്നും ഈടാക്കി ബന്ധപ്പട്ട വകുപ്പിൽ അടവാക്കേണ്ടത് ലൈസൻസിയുമായി കരാറിലേർപ്പെടുന്ന വ്യക്തിയാണ്. ( സെക്രട്ടറി, കോഴിക്കോട് നഗരസഭ)

ലേലം കൊണ്ടയാൾ ആദായ നികുതി നാളിതുവരെയും അടവാക്കി യിട്ടില്ലെങ്കിൽ ആയത് നിയമാനുസൃത പലിശ സഹിതം അടയ്ക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട സെക്ഷൻ ക്ളാർക്ക്, സൂപ്രണ്ട്, റവന്യൂ ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

Local Fund Audit Department

4) കേരള മുനിസിപ്പൽ നിയമം 277–ാം വകുപ്പ് 6–ാം ഉപവകുപ്പ് പ്രകാരം തടി നികുതിയുമായി സംബന്ധിച്ച് വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് കൗൺസിൽ ബൈലോ തയ്യാറാക്കേണ്ടതുണ്ട്. പ്രസ്തുത ബൈലോ പരിശോധനയ്ക്ക് ഹാജരാക്കി യിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും മുകളിൽ പരാമർശിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 2–30) <u>മണൽ വാരാൻ മുൻകൂർ നൽകിയ തുക – പൂർണ്ണമായും അഡ്ജസ്റ്റ് ചെയ്തിട്ടില്ല.</u>

ഫിഷറീസ് & പോർട്ട് വകുപ്പിൻെറ ബേപ്പൂർ കടവിൽ നിന്നും മണൽ വാരുന്നതിന് ലോഡ് ഒന്നിന് (3 ടൺ) വെഹിക്കിൾ പാസ് ഇനത്തിൽ 200/– രൂപയും മണലിൻെറ വിലയായി 303/– രൂപയും നഗരസഭ മുൻകൂർ അടവാക്കി മണൽ വാങ്ങി ഗുണഭോക്താക്കൾക്ക് വിൽപ്പന നടത്തുന്നുണ്ട്. ഇപ്രകാരം 2011 മെയ് മാസത്തിൽ അനുവദിച്ച 1500 ടൺ മണൽ തികയാതെ വന്നതിനാൽ പോർട്ട് കൺസർവേറ്ററുടെ അനുവാദം വാങ്ങി 300 ലോഡ് മണൽ കൂടി ഖനനം ചെയ്യുന്നതിന് മേൽപറഞ്ഞ നിരക്കിൽ (200+303X 300) 1,50,900/– രൂപ പോർട്ട് അധികൃതർക്ക് നൽകിയിരുന്നു. (വൗച്ചർ നം. 32/17–5–2011)

എന്നാൽ മണൽ വാരൽ അനുവദിച്ചിട്ടുള്ള 2011 ജൂൺ 3 വരെ 293 ലോഡ് മണൽ മാത്രമാണ് കടവിൽ നിന്നും വാരി ഗുണഭോക്താക്കൾക്ക് പി. ഫോറം മുഖേന വിൽപ്പന നടത്തിയിട്ടുള്ളത്. 7 ലോഡ് മണൽ നഗരസഭ ഖനനം ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത വിവരം പോർട്ട് അധികൃതരെ അറിയിച്ച്, ലോഡ് ഒന്നിന് 503 രൂപ നിരക്കിൽ അടവാക്കിയ തുക (7x 503=3521) 3521/– രൂപ അധികൃതരിൽ നിന്നും തിരികെ വാങ്ങുകയോ, പിന്നീട് അടവാക്കുന്ന തുകയിൽ നിന്നും അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്ത്, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുപോലെ മൈനിങ്ങ് ആൻറ് ജിയോളജി വകുപ്പിൽ അടവാക്കിയ 210/– രൂപയും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2–31) <u>മണൽ വിൽപ്പന– വിൽപ്പന തുക നഗരസഭ ഫണ്ടിൽ അടവാക്കാതെ നേരിട്ട് ചെലവഴിക്കുന്നു.</u>

നഗരസഭ പരിധിയിൽപ്പെട്ട ബേപ്പൂർ കടവിൽ, മണൽ വിൽപ്പന വഴി ലഭിക്കുന്ന (രശീതി പരിശോധനാ കാലഘട്ടം 1–4–2011 മുതൽ 31–1–2012 വരെ) വരവ് തുകകൾ പൂർണ്ണമായും നഗരസഭ ഫണ്ടിൽ അടവാക്കുന്നില്ല. മണൽ തൊഴിലാളികളുടെ കൂലി കടവിൽ നിന്നും മണൽ റൈറ്റർ വഴി നേരിട്ടു നൽകി ബാക്കി തുക മാത്രമാണ് നഗരസഭ ഫണ്ടിൽ അടവാക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

Local Fund Audit Department

| | | |
|---|---|---|
| 1) തൊഴിലാളിക്ക് ലോഡൊന്നിന് നൽകുന്ന കൂലി. | : | 630 രൂപ |
| 2) 1–4–2011 മുതൽ 31–1–2012 വരെയുള്ള കാലഘട്ടത്തിൽ നഗരസഭ വിറ്റ മണൽ ലോഡുകളുടെ എണ്ണം | } | 8693 ലോഡ് |
| 3) തൊഴിലാളികൾക്ക് കൂലിയിനത്തിൽ നൽകിയ ആകെ തുക | } | 5476590/– (8693 x 630) |

നഗരസഭ റോയൽറ്റി അടവാക്കി പി. ഫോറം വഴി കടവിൽ ലഭ്യമാക്കുന്ന മണലിൻെ വിലയായി ലോഡൊന്നിന് 1675/– രൂപ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുമ്പോൾ, തൊഴിലാളികളുടെ കൂലിയായ 630/– രൂപ കിഴിച്ച് ബാക്കി തുകയായ 1045/– രൂപയാണ് നഗരസഭ ഫണ്ടിൽ ഈ ഇനത്തിൽ വരവ് വെയ്ക്കുന്നത്. ഒരു ലോഡ് മണലിൻെറ വിൽപ്പനയിൽ 630/– രൂപ വരവ്/ ചെലവ് ഇനങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെടുകയോ, അധികൃതപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇത് കേരള ഫിനാൻഷ്യൽ കോഡ് (വോള്യം–1) ആർട്ടിക്കിൾ 40(എ), 2007–ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 17(3)33,34 എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ 78/2010–11 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ, 10/2010–ൽ ബേപ്പൂർ ഗ്രാമപഞ്ചായത്ത് കോഴിക്കോട് കോർപ്പറേഷനിൽ ലയിപ്പിക്കുമ്പോൾ അവിടെ നിലവിലുണ്ടായിരുന്ന സമ്പ്രദായമാണിതെന്നും തൊഴിലാളികൾക്ക് അതാത് ദിവസം തന്നെ കൂലി നൽകാൻ വേണ്ടി ഈ രീതി തുടരാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ കെ.എഫ്.സി, കേരളാ മുനിസിപ്പാലിറ്റി അക്കൗണ്ട് റൂൾസ് എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വരവ് തുക ഭാഗികമായി കോർപ്പറേഷൻ ഫണ്ടിൽ അടവാക്കാതെ നേരിട്ട് ചെലവഴിക്കാനുള്ള അനുമതി നൽകാൻ ഓഡിറ്റിന് ക്ഷമതയില്ല. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിൻെറ പ്രത്യേകാനുമതി വാങ്ങേണ്ടതാണ്.

## 2–32) ആസ്തി രജിസ്റ്റർ ഇല്ല– ലീസിന് നൽകിയ സ്ഥലം ലൈസൻസ് റദ്ദാക്കാതെതാൽക്കാലിക ഉപയോഗത്തിനായി മറ്റൊരാൾക്ക് വാടകയ്ക്ക് നൽകി– നഗരസഭ അനാവശ്യമായി നിയമനടപടികളിൽ ഉൾപ്പെട്ടു.

**ഫയൽ നം. ടി.പി. 5/16615/2010, ടി.പി.5/19155/2010**

കോർപ്പറേഷൻ വക സ്റ്റേഡിയത്തിലെ ഗ്രാൻറ് സ്റ്റാൻറ് പവിലിയൻ പൊളിച്ചു മാറ്റി പുതുക്കിപ്പണിയുന്ന പ്രവർത്തനങ്ങൾ കഴിയുന്നതുവരെ പ്രസ്തുത പവലിയനിൽ പ്രവർത്തിച്ചിരുന്ന സിനിമാ തിയേറ്റർ, കടമുറികൾ എന്നിവകളിലെ ലൈസൻസികൾക്ക് സ്വന്തം ചെലവിൽ സ്റ്റേഡിയം പരിസരത്ത് താൽക്കാലിക ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് നഗരസഭ അനുമതി നൽകി. എന്നാൽ ഇങ്ങനെ അനുമതി നൽകിയ സ്ഥലം, നഗരസഭ 10–5–1982 മുതൽക്ക് തന്നെ കോഴിക്കോട് ജില്ല ലോൺ ടെന്നീസ് അസോസിയേഷൻ

Local Fund Audit Department

എന്ന സംഘടനയ്ക്ക് ഉപയോഗത്തിനായി ലൈസൻസ് നൽകിയതായിരുന്നു. ഈ സ്ഥലം തിരിച്ചു ലഭിക്കുന്നതിനു വേണ്ടി 1992 മുതൽ നഗരസഭ നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഏറ്റവും ഒടുവിലായി എസ്.എ 519/98 നമ്പരിൽ ബഹു. കേരള ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതുമാണ്. അതായത് വിഷയം കോടതി പരിഗണനയിൽ ഇരിക്കവേ ആണ് ബന്ധപ്പെട്ട തർക്ക സ്ഥലം മറ്റൊരാൾക്ക് നഗരസഭ വാടകയ്ക്ക് കൊടുത്തത്. കോടതി അലക്ഷ്യ നടപടികൾ ക്ഷണിച്ചു വരുത്തിയേക്കാവുന്ന നടപടിയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അശ്രദ്ധ കാരണം നഗരസഭ കൈക്കൊണ്ടത്. വിശദാംശങ്ങൾ താഴെ പറയുന്നു.

സ്റ്റേഡിയം പവലിയനിൽ പ്രവർത്തിക്കുന്ന ഗംഗാ മൂവീസ് എന്ന സിനിമ തീയേറ്റർ, പവലിയൻ പൊളിച്ച് പുനർ നിർമ്മിക്കുന്നതുവരെ താൽക്കാലികമായി മാറ്റി സ്ഥാപിക്കുന്നതിന് ഷെഡ് നിർമ്മിക്കുന്നതിനായി തിയേറ്റർ ഉടമ എം. ബാബു എന്നയാൾ അപേക്ഷ നൽകിയത് 1–3–2010–നാണ്. ഇത്തരത്തിൽ താൽക്കാലിക പുനരധിവാസത്തിനായി പരിസരത്തെ മറ്റുള്ള കടക്കാർ സമർപ്പിച്ച അപേക്ഷകളും എം. ബാബു എന്നയാളുടെ അപേക്ഷയും ഒരുമിച്ച് പരിഗണിക്കുന്നതിനായി 10–3–2010–ൽ ബന്ധപ്പെട്ട ഫയലിൽ നഗരസഭാ സെക്രട്ടറി നിർദ്ദേശം നൽകിയതായി കാണുന്നു.

ടൗൺ പ്ളാനിംഗ് സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 24–7–2010–ലെ ശുപാർശ പ്രകാരം താൽക്കാലിക സിനിമാ തിയേറ്റർ നിർമ്മിക്കുന്നതിന് കോർപ്പറേഷൻ വക സ്ഥലം വാടകയ്ക്ക് നൽകുന്നതിനുള്ള നടപടിക്ക്, 26–7–2010–ലെ 92–ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകാരം നൽകി. തുടർന്ന് 683.52 ച.മീ സ്ഥലത്തിന് 6 മാസത്തേയ്ക്ക് 35000/– രൂപ എന്ന നിരക്കിൽ ധനകാര്യ അക്കൗണ്ട്സ് സ്ഥിരം സമിതി തറ വാടക നിശ്ചയിച്ചു. ( സമിതിയുടെ 3–8–2010–ലെ 48–ാം നമ്പർ തീരുമാനം) 9–7–2010–ൽ ഗംഗാ മൂവീസ് ഉടമ നഗരസഭാ സെക്രട്ടറി ശ്രീ. എസ്. വിജയകുമാറുമായി വാടക ഉടമ്പടി ഒപ്പു വെച്ചു.

ഇതിനിടയിൽ എസ്.എ 519/98 നമ്പർ കേസിൽ ഉൾപ്പെടുത്തിക്കൊണ്ട്, പ്രസ്തു കേസിൽ നഗരസഭയുടെ എതിർ കക്ഷികളായ കോഴിക്കോട് ജില്ലാ ലോൺ ടെന്നീസ് അസോസിയേഷൻ( കെ.ഡി.എൽ.ടി.എ) സെക്രട്ടറി ശ്രീ. പി.കെ. കേരള വർമ്മ ഒരു പരാതി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുകയുണ്ടായി. തങ്ങൾക്ക് ഉപയോഗത്തിനായി ലൈസൻസ് നൽകിയിരുന്ന സ്റ്റേഡിയം പരിസരത്തെ സ്ഥലം തിരിച്ചു പിടിക്കാൻ അനധികൃതമായി നഗരസഭ ശ്രമിക്കുന്നുവെന്നും കൂടാതെ ടെന്നീസ് കളിക്കുവാനുള്ള സൗകര്യത്തിനു വേണ്ടി തങ്ങൾ സ്ഥാപിച്ച ഫ്ളഡ് ലൈറ്റ് കോർപ്പറേഷൻ തകർത്തു എന്നുമായിരുന്നു പരാതി. ഈ കേസിൽ അടിയന്തിരമായി കൗണ്ടർ സ്റ്റേറ്റ്മെൻറ് സമർപ്പിക്കേണ്ടതുണ്ടെന്നും ആയതിനാൽ ബന്ധപ്പെട്ട സ്ഥലത്ത് പരിശോധന നടത്തേണ്ടതാണെന്നും 19–7–2011–ലെ കത്തു പ്രകാരം നഗരസഭയുടെ

Local Fund Audit Department

സ്റ്റാൻറിംഗ് കോൺസൽ അഡ്വക്കറ്റ് ഇ. അശോകൻ അറിയിച്ചു. പ്രസ്തുത കത്ത് 19–7–2011–ലെ നോട്ട് നമ്പർ എസ്.എ. /579/2008 പ്രകാരം നഗരസഭ ഡെപ്യൂട്ടി സെക്രട്ടറി റവന്യൂ ഓഫീസർ, കോർപ്പറേഷൻ എഞ്ചിനീയർ എന്നിവർക്കായി കൈമാറി. യഥാർത്ഥത്തിൽ ഇപ്പോൾ മാത്രമാണ് നഗരസഭ അധികൃതർക്ക് തങ്ങൾ കൈക്കൊണ്ട നടപടികളുടെ ഗുരുതരമായ നിയമ വശം ബോധ്യപ്പെട്ടത്.

എസ്.എ. 519/ 98 നമ്പർ കേസിൽ 17–8–2011–ന് ബഹു. കേരളാ ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയുണ്ടായി. ഇത് പ്രകാരം കെ.ഡി.എൽ.ടി.എ ക്ക് സ്ഥലം ലീസിനു നൽകിയ ലൈസൻസ് റദ്ദാക്കാതെ ടി. കക്ഷി പ്രസ്തുത സ്ഥലം കൈവശം വെയ്ക്കുന്നത് തടയാൻ നഗരസഭയ്ക്ക് അധികാരമില്ല. ഏറ്റവും ഒടുവിലായി ഫയലിൽ കാണുന്നത് കെ.ഡി.എൽ.ടി എ ക്ക് നൽകിയ ലൈസൻസ് Revoke ചെയ്യുന്നതിന് അടിയന്തിര നടപടികൾക്കുള്ള അനുമതിയ്ക്കായി വിഷയം കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് നഗരസഭാ സെക്രട്ടറി റവന്യൂ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നാണ്. ( 11–1–2012–ലെ സി. 7/എസ്.എ/519/98 നമ്പർ ഉത്തരവ്. )

മേൽ വിവരിച്ചവയുടെ പശ്ചാത്തലത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ഓഡിറ്റ് അറിയിക്കുന്നു.

1) ബഹു. കേരള ഹൈക്കോടതി മുമ്പാകെ കോഴിക്കോട് നഗരസഭ തന്നെ ഫയൽ ചെയ്ത അപ്പീലിൽ ഉൾപ്പെട്ട ഒരു സ്ഥലമാണ് കോടതി വിധി വരുന്നതിനു മുമ്പ് തന്നെ മറ്റൊരാൾക്ക് വാടകയ്ക്ക് നൽകിയത്. കോടതി അലക്ഷ്യ നടപടികൾക്ക് കാരണമായേക്കാവുന്ന ഗുരുതര വീഴ്ചയാണ് നഗരസഭാധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടായത്. നഗരസഭയിലെ ബന്ധപ്പെട്ട സെക്ഷനുകൾ തമ്മിൽ വേണ്ടത്ര ഒത്തിണക്കമില്ലാത്തതും നഗരസഭയുടെ പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ സൂക്ഷ്മതയോടെ മേൽ നോട്ടം വഹിക്കപ്പെടാതെ പോകുന്നതുമാണ് ഇത്തരത്തിലുള്ള വീഴ്ചകളുടെ കാരണം.
2) നിരവധി തവണ ഓഡിറ്റിൽ ആവശ്യപ്പെട്ടിട്ടും കോഴിക്കോട് നഗരസഭാധികൃതർ നഗരസഭയുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. നഗരസഭയ്ക്ക് സ്വന്തമായുള്ള വിവിധ വസ്തു വകകളുടെയും ഭൂമിയുടെയും മറ്റും വിശദാംശങ്ങൾ ഉൾപ്പെടുത്തി, അവ ലീസിനോ മറ്റോ നൽകിയതാണെങ്കിൽ ഏതു കാലയളവു വരെ ആർക്ക് നൽകി എന്നുമുള്ള എല്ലാ വിവരങ്ങളും എഴുതി ചേർത്തുകൊണ്ട് ഒരു ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത് മേൽ വിശദീകരിച്ച തരത്തിലുള്ള നിയമകുരുക്കുകളിൽ നിന്നും ഒഴിവാകുന്നതിനും നഗരസഭയുടെ വസ്തു വകകൾ അന്യാധീനപ്പെടാതെ പോകുന്നതിനും സഹായകമാകും എന്ന് ഓഡിറ്റ് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു.

Local Fund Audit Department

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ (സി.17–34014/2011) WP(C ) 34014/2011 (B) നമ്പരായി ഗംഗാ മൂവീസ് ഉടമ എം. ബാബു. എന്നയാൾ നഗരസഭയ്ക്കെതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ റിട്ട് സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. 1975–ലെ കേരള സിനിമ റഗുലേഷൻസ് റൂൾസ് റൂൾ 10 പ്രകാരമുള്ള സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ് 20–12–2011–ന് ശേഷം നഗരസഭ പുതുക്കി നൽകുന്നില്ല എന്നാരോപിച്ചാണ് ഹർജി. 1–4–2011 മുതൽ 20–12–2011 വരെ അനുവദിച്ച ലൈസൻസ് അടുത്ത വർഷത്തേയ്ക്കു കൂടി പുതുക്കണമെന്നാവശ്യപ്പെട്ട് 9–11–2011–ൽ ഗംഗാ മൂവീസ് ഉടമ അപേക്ഷ നൽകിയെങ്കിലും നഗരസഭ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. തങ്ങൾ നഗരസഭയുമായി ഒപ്പുവെച്ച വാടക ഉടമ്പടിയെ തുടർന്ന് സ്റ്റേഡിയം പരിസരത്തുള്ള സ്ഥലത്ത് 75 ലക്ഷം രൂപയോളം മുടക്കി താൽക്കാലിക സിനിമാ പ്രദർശന ശാല നിർമ്മിച്ചുവെന്നും ആയതിനാൽ ഈ വിഷയത്തിൽ അടിയന്തിരമായി വേണ്ട നിർദ്ദേശങ്ങൾ നഗരസഭയ്ക്ക് നൽകണമെന്നും അപേക്ഷിച്ചുകൊണ്ടാണ് WP(C) 34014/2011 (B) നമ്പർ റിട്ട് സമർപ്പിച്ചിട്ടുള്ളത്.

മേൽ പരാമർശിച്ച തരത്തിൽ ഗംഗാ മൂവീസ് ഉടമസ്ഥരുമായി നിയമപരമായ ബാധ്യത ഉണ്ടാകും വിധത്തിൽ ഒരു വാടക ഉടമ്പടിയിൽ നഗരസഭ ഏർപ്പെടാനിടയായത് ബന്ധപ്പെട്ട സെക്ഷനുകളുടേയും മേൽ ഉദ്യോഗസ്ഥരുടെയും അശ്രദ്ധ മൂലമാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഗംഗാ മൂവീസ് ഉടമസ്ഥൻ കോർപ്പറേഷനെതിരെ സ്വീകരിച്ച നിയമ നടപടികൾ വഴി കോർപ്പറേഷന് നഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ ആയത് മുകളിൽ പരാമർശിച്ച ഉദ്യോഗസ്ഥരുടെ (അവർ ആരൊക്കെയാണെന്ന് നിർണ്ണയിച്ച്)

ബാധ്യതയായി നിജപ്പെടുത്തേണ്ടതാണ്.

Local Fund Audit Department

## 2–33) ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ നിന്നുള്ള നികുതി വരവുകൾ സംബന്ധിച്ച്.

കോഴിക്കോട് ഇ.എം.എസ് സ്റ്റേഡിയം ബിസിനസ്സ് കോംപ്ളക്സിൽ പ്രവർത്തിക്കുന്ന സർക്കാറിന്റെ 'ഫ്രണ്ട്സ് ജനസേവന കേന്ദ്ര' ത്തിൽ വിവിധ സർക്കാർ വകുപ്പുകൾ, യൂണിവേഴ്സിറ്റി, കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവയിലേക്കുള്ള നികുതികളും, ഫീസുകളും, ചാർജ്ജുകളും അടയ്ക്കുന്നതിനുള്ള സംവിധാനത്തിന് പുറമേ നഗരസഭയുടെ വസ്തു നികുതി, തൊഴിൽ നികുതി, തുടങ്ങിയ വരവിനങ്ങളും സ്വീകരിക്കുന്നതിന് സംവിധാനമുണ്ട്.

കോഴിക്കോട് നഗരസഭയുടെ വസ്തു നികുതി വിവരങ്ങളും ഓൺലൈനായി ലഭ്യമാണ്. വസ്തു നികുതി ഓൺ ലൈൻ ആയി അടയ്ക്കുന്നതിനുള്ള സൗകര്യവും

ഒരുക്കിയിട്ടുണ്ട്. എന്നാൽ നഗരസഭാ ഓഫീസും ഫ്രണ്ട്സ് ജനസേവന കേന്ദ്രവും തമ്മിൽ ബന്ധിപ്പിക്കുന്ന സംവിധാനം നിലവിലില്ലാത്തതിനാൽ നഗരസഭാ അക്കൗണ്ടിലേക്ക് ഫ്രണ്ട്സ് ജനസേവന കേന്ദ്രം വഴി അടയ്ക്കുന്ന നികുതികളുടെ വിവരങ്ങൾ യഥാസമയം നഗരസഭാ ഓഫീസിലെ സെർവ്വർ കമ്പ്യൂട്ടറിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് സാധിക്കുകയില്ല. ഓരോ മാസവും ഫ്രണ്ട്സ് ജനസേവന കേന്ദ്രയിൽ അടയ്ക്കുന്ന വിവിധ നികുതികളുടെ വിശദ വിവരങ്ങൾ അവിടെ നിന്ന് കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെൻറായി നഗരസഭയ്ക്ക് ലഭ്യമാക്കുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന സ്റ്റേറ്റ്മെൻറിലെ വിവരങ്ങൾ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തി നികുതി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ചുമതല ബിൽ കലക്ടർമാരെയാണ് ഏൽപ്പിച്ചിരിക്കുന്നത്. എന്നാൽ ഈ വിവരങ്ങൾ യഥാസമയം കമ്പ്യൂട്ടറിൽ ഫീഡ് ചെയ്യപ്പെടുന്നില്ല. ഫ്രണ്ട്സ് ജനസേവന കേന്ദ്രയിൽ 2011 ജൂൺ മാസത്തിൽ വസ്തു നികുതി അടച്ച ഏതാനും കെട്ടിട നമ്പരുകളുടെ കളക്ഷൻ ഓൺ ലൈനായി പരിശോധിച്ചതിൽ, 2012 ഫെബ്രുവരിയിലും ഇവയുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടില്ല എന്ന് ഓഡിറ്റിന് വ്യക്തമായി. നികുതി പിരിവു സംബന്ധിച്ച വിവരങ്ങൾ ബിൽ കലക്ടർമാർ സമയബന്ധിതമായി പോസ്റ്റ് ചെയ്യുന്നില്ല എന്നതും ഇക്കാര്യം മേലുദ്യോഗസ്ഥർ പരിശോധിക്കുന്നില്ല എന്നതും ഗൗരവമായി കാണേണ്ടതുണ്ട്.

ഫ്രണ്ട്സ് ജനസേവന കേന്ദ്രയിൽ നിന്നും നഗരസഭയിൽ ലഭിക്കുന്ന കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെൻറിൽ വസ്തു നികുതി, തൊഴിൽ നികുതി തുടങ്ങിയ ഇനങ്ങളിലുള്ള വരവുകൾ ഇനം തിരിച്ചും തീയ്യതി തിരിച്ചുമാണുള്ളത്. എന്നാൽ വിവരങ്ങൾ വാർഡ് നമ്പരിൻെറ അടിസ്ഥാനത്തിൽ തരം തിരിച്ചല്ല ഉള്ളത്. ഇത് കാരണം വാർഡുകളുടെ ക്രമത്തിൽ അല്ല വരവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. 2010–11–ൽ നഗരസഭയിൽ നിലവിലുണ്ടായിരുന്ന 39 റവന്യൂ വാർഡുകളിൽ നിന്നുള്ള നികുതി ഔട്ട് ഡോർ കളക്ഷന് വേണ്ടി 46 ബിൽ കലക്ടർമാരാണുണ്ടായിരുന്നത്. (ചില റവന്യൂ വാർഡുകളിൽ ഒന്നിലധികം ബിൽ കലക്ടർമാർ ജോലി ചെയ്യുന്നുണ്ട്.)

വിവിധ വാർഡുകളിൽ നിന്നുള്ള നികുതി വിവരങ്ങൾ കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെൻറിൽ വാർഡ് ക്രമത്തിലല്ലാതെ കൂടി കുഴഞ്ഞു കിടക്കുന്നതിൽ നിന്നും, വ്യത്യസ്ത ജീവനക്കാർ അവർ ജോലി ചെയ്യുന്ന വാർഡുകളിൽ നിന്നുള്ള വിവരങ്ങൾ വേർതിരിച്ച്, ക്രമപ്പെടുത്തിയ ശേഷം ഡാറ്റാ എൻട്രി നടത്തേണ്ടതുണ്ട് എന്നതും കമ്പ്യൂട്ടറുകളുടെ അഭാവവും ഡാറ്റാ എൻട്രി ജോലിയ്ക്ക് തടസ്സമാണെന്ന് മനസ്സിലാവുന്നു. ഡാറ്റാ അപ്ഡേറ്റ് ചെയ്യുന്നതിലുണ്ടാവുന്ന കാലതാമസം, വസ്തു നികുതി സംവിധാനം ഓൺ ലൈൻ ആക്കിയതിൻെറ പ്രസക്തിയും ഗുണമേന്മയും ഇല്ലാതാക്കുന്നു.

Local Fund Audit Department

നഗരസഭയ്ക്ക് ലഭിക്കേണ്ട വസ്തു നികുതി, തൊഴിൽ നികുതി തുടങ്ങിയവ ഫ്രണ്ട്സ് ജനസേവന കേന്ദ്രയിൽ അടയ്ക്കുന്നണ്ടെങ്കിലും ഇവ ആധികാരികമാണോയെന്ന് പരിശോധിയ്ക്കാൻ സംവിധാനമില്ല. നഗരസഭയും ഫ്രണ്ട്സ് ജനസേവന കേന്ദ്രയും തമ്മിൽ ബന്ധിപ്പിക്കുന്ന വെർച്ച്വൽ പ്രൈവറ്റ് നെറ്റ്‌വർക്ക് (VPN) ഇല്ലാത്തതിനാൽ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ

( ഡോർ നമ്പർ , വാർഡ് നമ്പർ, അർദ്ധ വർഷം, ഉടമയുടെ പേര് തുടങ്ങിയവ) ഫ്രണ്ട്സ് ജനസേവന കേന്ദ്ര യിലെ കമ്പ്യൂട്ടറിൽ ലഭ്യമല്ല. ഇതുകാരണം, മുമ്പ് അടച്ച തുകയുടെ രശീതി അടിസ്ഥാനമാക്കിയാണ് ഇവിടെ നികുതി സ്വീകരിക്കപ്പെടുന്നത്. നികുതിയിലോ കൈവശക്കാരനിലോ മറ്റോ ഉണ്ടാവുന്ന മാറ്റം അറിയാനുള്ള സംവിധാനം ഫ്രണ്ട്സ് ജനസേവന കേന്ദ്രയിൽ ഇല്ലാത്തതിനാൽ മുമ്പ് അടച്ച രശീതി പ്രകാരമുള്ള പേര്, തുക എന്നിവ അടിസ്ഥാനപ്പെടുത്തി നികുതി സ്വീകരിക്കേണ്ടി വരുന്നത് പ്രശ്നങ്ങൾക്ക് കാരണമാവുന്നു.

ഒരു വ്യക്തിയോ സ്ഥാപനമോ തൊഴിൽ നികുതി അടയ്ക്കുമ്പോൾ നൽകുന്ന വരുമാനം സംബന്ധിച്ച റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന നികുതി, അതാത് സ്ളാബിന് ബാധകമായ നിരക്കിലാണോ എന്ന് ഫ്രണ്ട്സ് ജനസേവന കേന്ദ്രയിൽ പരിശോധിക്കപ്പെടുന്നില്ല. തൊഴിൽ നികുതി അടച്ച കേസ്സുകളിൽ തൊഴിൽ നികുതി റിട്ടേണുകൾ യഥാസമയം നഗരസഭയിൽ ലഭ്യമാക്കുന്നില്ല എന്നു കാണുന്നു. മേൽ പറഞ്ഞവ നഗരസഭയുടെ താൽപര്യങ്ങൾ ക്കെതിരാണ്. നഗരസഭയുടെ തനതു വരുമാന സ്രോതസ്സിൽ മുൻപന്തിയിൽ നിൽക്കുന്ന വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഫ്രണ്ട്സ് ജനസേവന കേന്ദ്രം വഴി പിരിച്ചെടുക്കുമ്പോൾ, സംഭവിക്കുന്ന മേൽ പറഞ്ഞ അപാകതകളിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

ഫ്രണ്ട്സ് ജനസേവന കേന്ദ്രയിൽ നഗരസഭയ്ക്ക് വേണ്ടി സ്വീകരിക്കപ്പെടുന്ന തുകകൾ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൻെറ അക്കൗണ്ടിൽ നിന്നും എസ്.ബി.ടി യിലുള്ള നഗരസഭാ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് നിലവിലുള്ള രീതി. ഇപ്രകാരം തുക നഗരസഭയുടെ അക്കൗണ്ടിലെത്തുന്നത് വലിയ താമസമുണ്ടാവുന്നുണ്ട്. ഓഡിറ്റിൽ പരിശോധി ക്കപ്പെട്ട ചില സംഗതികളിൽ തുക നഗരസഭ അക്കൗണ്ടിൽ വരവു വെയ്ക്കുന്നതിന് 14 ദിവസങ്ങൾ വരെ കാലതാമസമെടുത്തിട്ടുണ്ട്. നഗരസഭയ്ക്ക് അർഹമായ തുക യഥാസമയം വരവു വെയ്ക്കപ്പെടാത്തതും പലിശയിനത്തിലുള്ള നഷ്ടവും അധികൃതർ പരിഗണിക്കുന്നില്ല. ഫ്രണ്ട്സ് ജനസേവന കേന്ദ്രയിൽ ജോലി ചെയ്തു വരുന്ന രണ്ട് നഗരസഭാ ജീവനക്കാരുടെ സേവനം പരമാവധി ഉപയോഗിച്ച് നഗരസഭയ്ക്ക് അർഹതപ്പെട്ട തുക കാലതാമസമില്ലാതെ ലഭ്യമാവുമെന്നുറ പ്പുവരുത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

Local Fund Audit Department

ഇൻഫർമേഷൻ കേരള മിഷനുമായി ബന്ധപ്പെട്ട് നഗരസഭാ ഓഫീസും ഫ്രണ്ട്സ് ജനസേവന കേന്ദ്രയും തമ്മിൽ ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് സത്വരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള സംവിധാനം തിരുവനന്തപുരം നഗരസഭയിൽ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. ഇത് താമസംവിനാ ഏർപ്പെടുത്തുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉള്ളപക്ഷം സാദ്ധ്യമായ മറ്റ് മാർഗ്ഗങ്ങളും അവലംബിക്കാവുന്നതാണ്.

ഫ്രണ്ട്സ് ജനസേവന കേന്ദ്രയിൽ നിന്ന് ഇപ്പോൾ പ്രിൻറ് ചെയ്ത ലഭിക്കുന്ന കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെൻറിന് പകരം, മേൽ വിവരങ്ങൾ കോംപാക്ട് ഡിസ്കിലോ മറ്റോ ശേഖരിച്ച ശേഷം നഗരസഭയിൽ വിന്യസിച്ചിട്ടുള്ള ഓൺ ലൈൻ സംവിധാനത്തിലേക്ക് ട്രാൻസ്ഫർ ചെയ്ത് മനുഷ്യ പ്രയത്നം ലഘൂകരിച്ച് നികുതി വിവരങ്ങൾ അതത് വാർഡ്/ ഡോർ നമ്പരിലേക്ക് ഓട്ടോമറ്റിക്കായി രേഖപ്പെടുത്തുന്നതിനുള്ള ഒരു സംവിധാനം സംബന്ധിച്ച സാധ്യതയും ആരായാവുന്നതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2–34) 1997–ലെ കേരളാ മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പാലിക്കുന്നില്ല.

1997–ലെ കേരളാ മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനം മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ 1–ാം നമ്പർ ഫോറത്തിൽ, പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു 15 ദിവസത്തിൽ കുറയാത്ത കാലയളവിൽ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. 2010–11 വർഷത്തെ പുതിയ രജിസ്ട്രേഷനുകളുടെ അപേക്ഷകളിലെ ക്രമ നമ്പർ 3 (സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിച്ച തീയ്യതി) പരിശോധിക്കുമ്പോൾ, ഈ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല എന്നു വ്യക്തമാകുന്നുണ്ട്. 1–ാം നമ്പർ ഫോറത്തിലെ ക്രമ നം. 3 പൂരിപ്പിക്കാതെയാണ് ചില സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചിരിക്കുന്നത് ചട്ടം 3(3) പ്രകാരം രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ചാൽ ഒരാഴ്ചക്കകം കോർപ്പറേഷൻെറ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് സ്ഥലത്തിൻെറ ശുചിത്വം, കെട്ടിടത്തിൻെറ സുരക്ഷിതത്വം, അപേക്ഷയിൽ പറയുന്ന മറ്റ് കാര്യങ്ങളുടെ നിജസ്ഥിതി എന്നിവയെ സംബന്ധിച്ച് അന്വേഷണം നടത്തി ഫോറം 1–ൽ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തണം. എന്നാൽ മിക്ക അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തുന്നില്ല. അധികാരികൾ മതിയായ അന്വേഷണം നടത്താതെയാണ് സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്നത്, എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

Local Fund Audit Department

ചട്ടം 3(2) ലംഘിച്ചുകൊണ്ട് നഗരസഭയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രി/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങളും അവയെ സംബന്ധിച്ച വിശദ വിവരങ്ങളും താഴെ കൊടുക്കുന്നു.

| **ക്രമ നം** | **സർക്കിൾ നം.** | **അപേക്ഷകൻെറ മേൽ വിലാസം** | **സ്ഥാപനത്തിൻെറ വിലാസം** | **പ്രവർത്തനത്തിൻെറ സ്വഭാവം** | **സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിച്ച തീയതി** | **അപേക്ഷിച്ച തീയ്യതി** |
|---|---|---|---|---|---|---|
| 1 | V | സ്മിത.കെ. D/o.രവീന്ദ്രൻ.കെ. കളത്തിങ്കൽ(ഹൗസ്) മേരിക്കുന്ന്, കോഴിക്കോട്.–12 | ലക്ഷ്മി മെഡിക്കൽസ്, പാർവ്വതി കോംപ്ളക്സ്, മേരിക്കുന്ന്. (37/2843 E) | മെഡിക്കൽ ലബോറട്ടറി | – | 9–4–2010 |
| 2 | IX | മാസികത്ത്.പി., പിലാത്തോട്ടത്തിൽ (H) പട്ടേൽത്താഴം, പൊക്കുന്ന് (PO) മാങ്കാവ്, കോഴിക്കോട്. | ഷഹിൻലാബ് പട്ടേൽതാഴം, പൊക്കുന്ന് (PO)മാങ്കാവ്, കോഴിക്കോട് (25/368 B) | .ലബോറട്ടറി | 15–7–2010 | 12–7–2010 |
| 3 | XI | ഡോ.പി.ഹബീബ് ഇഹ്സാൻ,കറുപ്പത്ത്, കുണ്ടോട്ടി 673638 | പ്രശാന്തി ആയുർ സെൻറർ, മെഡിസ്പാ ഷെൽട്ടർ, മാങ്കാവ് ബൈപ്പാസ്, കോഴിക്കോട് (24/761) | ആയുർവേദ ക്ളിനിക് | 2–6–2010 | 29–5–2010 |
| 4 | XII | ശ്രീ.വി.കെ. ഗോപി, സായൂജ്യ, ചെമ്പക കോളനി, ചേവായൂർ (PO), കോഴിക്കോട്. | ഓഷ്യൻ പ്ളസ് ഇന്ത്യ പോളി ക്ളിനിക്, സ്പാർക്ക് ബിൽഡിംഗ്, തൊണ്ടയാട്, കോഴിക്കോട് (28/2372A) 28/2372B, 28/2372C) | ക്ളിനിക്, വൈദ്യ പരിശോധന, ഓപ്പറേഷൻ മുറി, പരിചരണ മുറി | 27–11–2010 | 27–11–2010 |

Local Fund Audit Department

| | | | | | | |
|---|---|---|---|---|---|---|
| 5 | XVI | സി.പി. കോയ, പ്രസിഡണ്ട്, സി.എച്ച് സെൻറർ മെഡിക്കൽ കോളേജ്, കോഴിക്കോട് | ഷിഹാബ് തങ്ങൾ ഡയാലിസിസ് സെൻറർ, മെഡിക്കൽ കോളേജ്, കോഴിക്കോട് (30/746A) | ഡയാലിസിസ് സെൻറർ | 9–3–2010 | 8–3–2010 |
| 6 | XVIII | സൽമത്ത്നിസ.യു, കാജൽ. HNO. 48, ജയന്തി നഗർ കോളനി, കോഴിക്കോട്. | എസ്റ്ററ്റിക്സ് ടോട്ടൽ ഡെൻറൽ കെയർ, റെഡ് ക്രോസ് റോഡ് (11/931 A) | ഡെൻറൽ ക്ളിനിക് | 13–9–2010 | 11–9–2010 |

ചട്ടം 3(3) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ, ഒരാഴ്ചക്കകം സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് സ്ഥലത്തിൻെറ ശുചിത്വം, കെട്ടിടത്തിൻെറ സുരക്ഷിതത്വം, അപേക്ഷയിൽപറയുന്ന മറ്റു കാര്യങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച് 1–ാം നമ്പർ ഫോറത്തിലെ ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. എന്നാൽ മേൽ വിവരിച്ച സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അപേക്ഷകളിൽ, അധികാരികളുടെ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.

മേൽ ചൂണ്ടിക്കാണിച്ച അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

Local Fund Audit Department

## 2–35) സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷൻ യഥാസമയം പുതുക്കുന്നില്ല.

1997–ലെ കേരളാ മുനിസിപ്പാലിറ്റി (സ്വകാര്യ) ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വകാര്യ ആശുപത്രിയുടെയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിൻെറയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ സ്വകാര്യ ആശുപത്രികൾ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ നിലവിലുള്ള രജിസ്ട്രേഷൻ പുതുക്കുമ്പോൾ ചട്ടം 5(1) –ലെ വ്യവസ്ഥ പാലിക്കുന്നില്ല. 2010–11 സാമ്പത്തിക വർഷത്തെ രജിസ്ട്രേഷൻ പുതുക്കാൻ വൈകിയ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ

സ്ഥാപനങ്ങളുടേയും ഏതാനും ഉദാഹരണങ്ങളും അവയെ സംബന്ധിച്ച വിശദ വിവരങ്ങളും താഴെ കൊടുക്കുന്നു.

| ക്രമ നം. | സർക്കിൾ നം. | അപേക്ഷകൻെറ പേര് | സ്ഥാപനത്തിൻെറ പേരും മേൽ വിലാസവും | രജിസ്ട്രേഷൻ പുതുക്കിയ വിവരം. |
|---|---|---|---|---|
| 1 | V | ഡോ. സേതു ശിവശങ്കർ | ശങ്കേഴ്സ് ഡെൻറൽ ക്ളിനിക്, വെള്ളിമാട്കുന്ന് | 109031–24334 തീ 26–2–2011 |
| 2 | I | ഡോ. മാലാമനോഹർ | സുമംഗൾ, വെസ്റ്റ് നടക്കാവ്, കോഴിക്കോട് | 110041–23909 തീ. 20–11–2010 |
| 3 | VIII | അനിൽ കുമാർ.കെ.എം | 28/306 ജി3 | 10902–30926 തീ. 4–5–2010 |
| 4 | VIII | ഡോ. എ.എം. ഷെരീഫ് | മലബാർ ഡെൻറൽ ക്ളിനിക്, സി.എച്ച്. ക്രോസ് റോഡ്, നടക്കാവ് (പി.ഒ) | 11104–05793 തീ. 16–8–2011 |
| 5 | XVI | ജസീജ.കെ. | മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സെൻറർ, 30/1487 സി. | 110011– 00527 തീ. 16–4–2010 |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കൈക്കോള്ളേണ്ടതുമാണ്.

**2–36) <u>1999–ലെ കേരളാ മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പാലിക്കുന്നില്ല.</u>**

1999–ലെ കേരളാ മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഒരു ട്യൂട്ടോറിയിൽ സ്ഥാപനം മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ 1–ാം നമ്പർ ഫോറത്തിൽ, പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു 15 ദിവസത്തിൽ കുറയാത്ത കാലയളവിൽ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ് എന്നു നിഷ്കർഷിക്കുന്നുണ്ട്. 2010–11 വർഷത്തെ പുതിയ രജിസ്ട്രേഷനുകളുടെ അപേക്ഷകളിലെ ക്രമ നം. 3 (സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിച്ച തീയ്യതി) പരിശോധിക്കുമ്പോൾ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനു 15–ദിവസം മുമ്പായെങ്കിലും നഗരസഭയിൽ അപേക്ഷ സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. എന്നു വ്യക്തമാകുന്നുണ്ട്.

1) ചട്ടം 3(2) ലംഘിച്ചുകൊണ്ട് നഗരസഭയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങളും അവയെ സംബന്ധിച്ച വിശദ വിവരങ്ങളും താഴെ കൊടുക്കുന്നു.

Local Fund Audit Department

| ക്രമ നം | സർക്കിൾ നം. | അപേക്ഷകൻെറ മേൽ വിലാസം | സ്ഥാപനത്തിൻെറവിലാസം | പ്രവർത്തനത്തിൻെറ സ്വഭാവം | സ്ഥാപനംആരംഭിക്കാൻ ഉദ്ദേശിച്ച തീയതി | അപേക്ഷിച്ച തീയ്യതി |
|---|---|---|---|---|---|---|
| 1 | II | പി.ജി. പീടികക്കൽ, പീടിയാക്കൽ ഹൗസ്, വിരുന്നുകണ്ടി, കൊയിലാണ്ടി, കോഴിക്കോട് 673305 | ഡീറ്റയിൽ HR സർവ്വീസസ് (ഇന്ത്യാ പ്രൈവറ്റ് (ലി) ട്രേഡ് സെൻറർ, വൈ.എം.സി.എ. ക്രോസ് റോഡ് | ട്യൂട്ടോറിയൽ കോളേജ് | 20–5–2010 | 19–5–2010 |
| 2 | II | രൂപ്ജിത്.എൻ. രമ്യ 5/1383, കൊട്ടാരം റോഡ്, കോഴിക്കോട് | ഇന്ന്യൂൻ ഫസിലിറ്റി മാനേജ്മെൻറ് സർവ്വീസസ് ട്രെയിനിംഗ്, സിതാര കോംപ്ളക്സ്, 4/436K പിടി. ഉഷ റോഡ് | ട്യൂട്ടോറിയൽ കോളേജ് | 15–9–2010 | 4–9–2010 |
| 3 | XVII | യുനുസ് ബാബു, തയ്യിൽ (H) കാവമന്ദം (പി.ഒ) കൽപ്പറ്റ. | ഈ മൗൽഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, സിൽക് സ്ട്രീറ്റ്. | എൻട്രൻസ് കോച്ചിംഗ് സെൻറർ | 8–2010 | 17–8–2010 |

മേൽ പറഞ്ഞ വ്യവസ്ഥ മറികടക്കാൻ വേണ്ടി 1–ാം നമ്പർ ഫോറത്തിലെ ക്രമ നം. 3 (സ്ഥാപനം ആരംഭിക്കുന്ന തീയ്യതി) പൂരിപ്പിക്കാതെയാണ് പലസ്ഥാപനങ്ങളും അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അവയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സർക്കിൾ നം. | അപേക്ഷകൻെറ മേൽ വിലാസം | സ്ഥാപനത്തിൻെറ വിലാസം | പ്രവർത്തനത്തിൻെറ സ്വഭാവം | സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിച്ച തീയതി | അപേക്ഷിച്ച തീയ്യതി |
|---|---|---|---|---|---|---|
| 1 | II | പ്രിയ ശ്യാം. | ജി.ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ, സിറ്റി ഡെൻറൽ , കണ്ണൂർ റോഡ്, കോഴിക്കോട്–1 | കമ്പ്യൂട്ടർ സെൻറർ | – | 22–2–2010 |
| 2 | II | .രമേശ്.കെ., കുറുവഞ്ചേരി, ചേവായൂർ, കോഴിക്കോട്. | പി.ക്യൂ.ആർ.എൽ. പ്രവി ബിൽഡിംഗ്, മലബാർ ക്രിസ്ത്യൻ കോളേജ് ക്രോസ് റോഡ് | ട്യൂട്ടോറിയൽ കോളേജ് | – | 13–9–2010 |
| 3 | VII | സുജിത്കുമാർ.കെ.വി കഴക്കെ പുരയിൽ (H) പറശ്ശിനിക്കടവ്, കണ്ണൂർ | കെ.ഐ.ഇ.ടി. എഞ്ചിനീയറിംഗ് ട്യൂഷൻ, വികാസ് ബിൽഡിംഗ്, ലിങ്ക് റോഡ് | എഞ്ചിനീയറിംഗ് ട്യൂഷൻ | – | 15–6–2010 |

Local Fund Audit Department

| | | | | | | |
|---|---|---|---|---|---|---|
| 4 | VII | മാത്യൂ വിനോദ്,നടുകുന്നൽ (H) വിളയന്നൂർ, കണ്ണൂർ. | സി.എ.സി III ഫ്ളോർ, ലിങ്ക് റോഡ്, വികാസ് ബി ൽഡിംഗ്, കോഴിക്കോട് | ട്യൂട്ടോറിയൽ കോളേജ് | – | 24–4–2010 |
| 5 | XV | നിസി. സി.എച്ച്,D/o. ശശീന്ദ്രൻ, മംഗള ഹൗസ്, മൊകേരി | ഇൻഫോടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ കള്ളിയത്ത് ബിൽ ഡിംഗ്, പന്നിയങ്കര. | എം.എസ്.ഓഫീ സ്, ഡി.ടി.പി., ടാലി | – | 27–2–2010 |
| 6 | XVII | സിയാ ഉൾഹഖ്, S/o. അബ്ദുൾ ഖാദർ, കഞ്ചാരക്കടവത്ത് (H)കെ.പുരം, മലപ്പുറം | ഭാഭ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, 4th ഫ്ളോർ, ഗോൾഡൻ പ്ളാസ, കോഴിക്കോട് | എൻട്രൻസ് കോച്ചിംഗ് | | 29–10–2010 |
| 7 | XVII | ചാക്കോമാത്യൂ. താഴത്തെകുടി, എരഞ്ഞിപ്പാലം. | ഇൻഫോകോം കമ്പ്യൂട്ടർ സെൻറർ, മുല്ലത്ത് ബിൽഡിംഗ്, കോഴിക്കോട്. | ഐ.ടി. കോഴ്സ്, എം.എസ് ഓഫീസ്, ഡി.ടി.പി. | | 27–10–2010 |

Local Fund Audit Department

2) ചട്ടം 3(3) പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ ഒരാഴ്ചക്കകം സെക്രട്ടറിയോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് സ്ഥലത്തിൻെറ ശുചിത്വം, കെട്ടിടത്തിൻെറയോ കെട്ടിടങ്ങളുടേയോ സുരക്ഷിതത്വം, അതിൻെറ തറ വിസ്തീർണ്ണം, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം, അപേക്ഷയിൽ പറയുന്ന മറ്റു വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച് 1–ാം നമ്പർ ഫോറത്തിലെ ബന്ധപ്പെട്ട ഭാഗത്ത് അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. മേൽ വിവരിച്ച അപേക്ഷകളിൽ അധികാരികളുടെ അന്വേഷണ റിപ്പോർട്ട് ഇല്ല.

3) ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ 2–ാം നമ്പർ ഫോറത്തിലുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്. എന്നാൽ 4,7,10,11,13,17 സർക്കിളുകളിൽ മാത്രമാണ് ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത്. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

അപാകതകൾക്ക് തൃപ്തികരമായി വിശദീകരണം നൽകേണ്ടതും ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

## 2–37) ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ യഥാസമയം പുതുക്കുന്നില്ല.

1999–ലെ കേരളാ മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ, അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ, ട്യൂട്ടോറിയൽ കോളേജുകൾ, നിലവിലുള്ള രജിസ്ട്രേഷൻ പുതുക്കുമ്പോൾ ചട്ടം 5(1)–ലെ വ്യവസ്ഥ പാലിക്കുന്നില്ല. 2010–11 സാമ്പത്തിക വർഷത്തെ രജിസ്ട്രേഷൻ പുതുക്കാൻ വൈകിയ ട്യൂട്ടോറിയൽ കോളേജുകളെ സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സർക്കിൾ നം. | അപേക്ഷകന്റെ മേൽ വിലാസം | സ്ഥാപനത്തിന്റെ പേര്/ മേൽവിലാസം | രജിസ്ട്രേഷൻ പുതുക്കിയ തീയതി |
|---|---|---|---|---|
| 1 | II | ഷിനോജ്ലാൽ.കെ. | ബ്രൈറ്റ് അക്കാദമി, 6/621A ഭാസ്കർ ബിൽഡിംഗ്, ഫ്ളൈഓവർ ജംഗ്ഷൻ , മാനാഞ്ചിറ | .രശീതി നം. 110041 10618 തീ. 19–7–2010 |
| 2 | II | കെ. സുരേഷ് | അക്ബർ അക്കാദമി ഓഫ് എയർ ലൈൻ സ്റ്റഡീസ്, കോഴിക്കോട്. | 110011 02195 തീ. 5–5–2010 |
| 3 | II | കെ.രാഹുൽ ധ്രുവ് | ധ്രുവ്, HR കൺസൽട്ടൻസി, പ്രവി ബിൽഡിംഗ്, കോഴിക്കോട് | രശീതി നം. 110021 01006 തീ. 20–4–2010 |
| 4 | VII | അഫ്സൽ.കെ.എം. | റെയ്സ് മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്, കനകശ്രീ ബിൽഡിംഗ് 17/163A,B | രശീതി നം. 110021–11930 തീ 18–11–2010 |
| 5 | VII | സത്യഭാമ.കെ. | പ്രൊഫഷണൽ അക്കൗണ്ടിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, രശ്മി ബിൽഡിംഗ്, കോഴിക്കോട് | രശീതി നം. 110031–05445തീ. 7–7–2010 |
| 6 | XV | ഷിനോജ് പുതേരി | പെർഫെക്ട് പ്രൊഫഷണൽ ട്രെയിനിംഗ് അക്കാദമി, എൻ.വി. ടവ്വർ, കല്ലായി, 20/265 | 110031–060846 തീ. 16–9–10 |

അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതും ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

Local Fund Audit Department

## 2–38) കൗൺസിൽ തീരുമാനം നടപ്പാക്കിയില്ല – ലൈസൻസ് ഫീസിനത്തിൽ നഷ്ടം.

**ഫയൽ നം. എ32 / 61445/92**

ജവഹർ കെട്ടിടത്തിലെ 204–ാം നമ്പർ മുറിയുടെ മുൻ ലൈസൻസിയായ അബ്ദുൾ ഷഹീദ് ലൈസൻസ് ഫീസ് കുടിശ്ശിക വരുത്തിയതിനാൽ (2/2001 മുതൽ 1/2009 വരെ) ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നു. റിക്കവറി നടപടികൾക്കെതിരെ ബഹു. ഹൈക്കോടതിയിൽ W.P 6734/2011 നമ്പരായി ടിയാൻ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തത് ഇതുവരെ തീർപ്പായിട്ടില്ല.

മേൽ പറഞ്ഞ മുറി 20–1–2009 മുതൽ നഗരസഭയുടെ കൈവശത്തിലാണ്. 26–5–2009–ലെ 47–ാം നമ്പർ തീരുമാന പ്രകാരം മുറി ലേലം ചെയ്യുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. കൗൺസിൽ തീരുമാനം ലഭിച്ച 3 വർഷത്തിനു ശേഷവും പ്രസ്തുത മുറി ലേലം / ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കൗൺസിൽ തീരുമാനം 3 മാസങ്ങൾക്കകമെങ്കിലും നടപ്പിലാക്കിയിരുന്നെങ്കിൽ നഗരസഭയ്ക്ക് താഴെ പറയും പ്രകാരം സ്വാഭാവിക വരുമാനം ലഭിക്കുമായിരുന്നു.

| | | |
|---|---|---|
| 9/09 മുതൽ 3/10 ( 7 മാസം) | = 7 x 1972 = | 13804 |
| 4/10 മുതൽ 3/12 വരെ<br>24 മാസം ( 20% വർദ്ധനവ്) | = 24 x 2366 = | 56784 |
| | | 70588 |

കൗൺസിൽ തീരുമാനം നടപ്പിലാക്കാതെ നഗരസഭയ്ക്ക് നഷ്ടം വരുത്തി വെച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് റവന്യൂ നോൺ ടാക്സ് വിഭാഗത്തിൽ നിന്ന് 5–7–2012–ൽ താഴെ കാണിച്ച പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് അവകാശം റദ്ദ് ചെയ്ത് 15–10–2009–നും 3–12–2009–നും പുനർ ലേലം നടത്തിയെങ്കിലും ടെണ്ടർ വിളിക്കാൻ ആളില്ലാത്തതിനാൽ ശ്രീ. ലതീഷ്.പി.കെ. എന്ന വ്യക്തി ക്ക് 1150 രൂപ ഓഫർ നിരക്കിൽ വാടക നിജപ്പെടുത്തി നൽകി. എന്നാൽ സീലിങ്ങ് പൊളിഞ്ഞ് കെട്ടിടം ഏറ്റെടുക്കുവാൻ കഴിയാത്ത വിവരം കാണിച്ച് നഗരസഭയ്ക്ക് കത്തെഴുതുകയും ടിയാന് 204–ാം നമ്പർ മുറിയ്ക്ക് പകരം 209–ാം നമ്പർ മുറി അനുവദിക്കുകയും ചെയ്തു. കെട്ടിടത്തിൻെറ സ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യണം എന്ന് കാണിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിന് കത്തെഴുതുകയും കെട്ടിടം പരിശോധിച്ച എ.ഇ കെട്ടിടത്തിൻെറ അവസ്ഥ പരിതാപകരമാണെന്നും ജീവന് തന്നെ ഭീഷണിയാണ് എന്നും 30–9–2010–ൽ റിപ്പോർട്ട് ചെയ്തു. ആയതിൻെറ അടിസ്ഥാനത്തിൽ റവന്യൂ ഓഫീസർ കെട്ടിടം റിപ്പയർ ചെയ്യണം എന്ന് ആവശ്യപ്പെട്ട് പ്രൊജക്ട് എഞ്ചിനീയർക്ക് 19–1–2011–ന് കത്ത് അയച്ചു. എന്നാൽ ഒന്നര വർഷം കഴിഞ്ഞിട്ടും നാളിതുവരെ മേൽ കെട്ടിടം റിപ്പയർ ചെയ്യുവാനുള്ള നടപടി പ്രൊജക്ട് എഞ്ചിനീയർ സ്വീകരിച്ചിട്ടില്ല.

Local Fund Audit Department

ആയതിനാൽ ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി നഗരസഭയ്ക്ക് നാളിതുവരെയുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്. ഈ വിഷയം കൗൺസിലിൻെറ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 2–39) നഗര ഹൃദയത്തിലെ വാണിജ്യ പ്രാധാന്യമുള്ള കെട്ടിടത്തിലെ മുറികൾക്ക് കുറഞ്ഞ ലൈസൻസ് ഫീസ് ഈടാക്കുന്നു. നഗരസഭയ്ക്ക് ആവർത്തന നഷ്ടം.

നഗരസഭാ വികസന വിഭാഗത്തിൻെറ ഉടമസ്ഥതയിലുള്ള സാമൂതിരി സ്ക്വയർ ബിൽഡിംഗ് സ്ഥിതി ചെയ്യുന്നത് നഗര ഹൃദയമായ റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡിലാണ്. ഏറെ വാണിജ്യ പ്രാധാന്യമുള്ള ഈ പ്രദേശത്ത് തന്നെയാണ് വികസന വിഭാഗത്തിൻെറ അംബേദ്കർ ബിൽഡിംഗ്, വികാസ് ബിൽഡിംഗ് എന്നിവയും മറ്റു നിരവധി സ്വകാര്യ ഷോപ്പിംഗ് കോംപ്ളക്സുകളും പ്രവർത്തിച്ചു വരുന്നത്. വികസന വിഭാഗത്തിൻെറ പ്രധാന വരുമാന സ്രോതസ്സ് 8 വാണിജ്യ കെട്ടിടങ്ങളിൽ നിന്നും ലഭിക്കുന്ന ലൈസൻസ് ഫീ യാണ്.

സാമൂതിരി സ്ക്വയർ ബിൽഡിംഗിൽ ഗ്രൗണ്ട് ഫ്ളോർ ഉൾപ്പെടെ 5 നിലകളിലായുള്ള വ്യത്യസ്ത വിസ്തീർണ്ണമുള്ള ഷോപ്പുകൾ ലൈസൻസ് ഫീസിന് നൽകിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഒരു സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ ഈടാക്കുന്ന ലൈസൻസ് ഫീ താഴെ കൊടുത്ത പ്രകാരമാണ്.

| ക്രമ നം | നില/ മുറി നമ്പർ | ലൈസൻസിയുടെ പേര് | വിസ്തീർണ്ണം സ്ക്വയർ ഫീറ്റ് | പ്രതിമാസ ലൈസൻസ് ഫീ | സ്ക്വയർ ഫീറ്റിന് ഈടാക്കുന്ന നിരക്ക് (2010–11ൽ) |
|---|---|---|---|---|---|
| 1 | ഗ്രൗണ്ട് ഫ്ളോർ/ 1 | സന്ദീപ് പി. മേത്ത | 207 | 9450 | 45 /സ്ക്വ.ഫീ |
| 2 | ഗ്രൗണ്ട് ഫ്ളോർ/ 2 | രമേഷ് എം. മേത്ത | 206 | 9450 | 45/ ” |
| 3 | ഗ്രൗണ്ട് ഫ്ളോർ/ 3 | സി.പി. അബ്ദുൾ അസീസ് | 208 | 6547 | 31/ ” |
| 4 | ഗ്രൗണ്ട് ഫ്ളോർ/ 4 | സി.പി. അബ്ദുൾ അസീസ് | 208 | 6547 | 31/ ” |
| 5 | ഗ്രൗണ്ട് ഫ്ളോർ/ 5 | നീതി മെഡിക്കൽസ് | 211 | 5621 | 26/ ” |
| 6 | ഒന്നാം നില എഫ്.1 | അഡ്വ. എം.കെ. ദിനേശൻ (16.4.11 മുതൽ) | 750 | 4500 | 6/ ” |
| 7 | ഒന്നാം നില എഫ്.1 | ഉണ്ണികൃഷ്ണൻ ചോലയിൽ | 750 | 16200 | 21/ ” |
| 8 | രണ്ടാം നില | അനിൽ കുമാർ | 778 | 13304 | 17/ ” |
| 9 | രണ്ടാം നില | അക്ഷയാ സെൻറർ | 750 | 9046 | 12/ ” |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 10 | മൂന്നാം നില | മലിനീകരണ നിയന്ത്രണ ബോർഡ് | 4458 | 36653 | 8/ സ്ക്വ.ഫീ |
| 11 | നാലാം നില | കാക്കൊള്ളി കൃഷ്ണൻ കുട്ടി | 4457 | 15000 | 3/ ” |

ഒരു നിലയിൽ തന്നെ വിവിധ ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്ന ഷോപ്പ് റൂമുകളുടെ കാര്യത്തിൽ, അവയുടെ ലൈസൻസ് ഫീസിൽ ചെറിയ തോതിൽ ഏറ്റക്കുറച്ചിലുണ്ടാകുന്നത് സ്വാഭാവികമാണ്. അതുപോലെതന്നെ വിവിധ നിലകളിലായി സ്ഥിതി ചെയ്യുന്ന ഷോപ്പുകൾ തമ്മിലും ലൈസൻസ് ഫീസിൽ വ്യത്യാസമുണ്ടാകാം. എന്നാൽ മുകളിൽ കൊടുത്ത സ്റ്റേറ്റ്മെൻറ് പരിഗണിച്ചാൽ ഒന്നാം നിലയിലെ 750 ചതുരശ്ര അടി സ്ഥലം ഏറ്റെടുത്ത അഡ്വ. എം.കെ. ദിനേശൻ, അതേ നിലയിൽ തന്നെയുള്ള അതേ വിസ്തീർണ്ണമുള്ള സ്ഥലം ഏറ്റെടുത്ത ശ്രീ. ഉണ്ണികൃഷ്ണനേക്കാൾ 11700/– രൂപ കുറവാണ് മാസംതോറും അടയ്ക്കുന്നത്. മൂന്നാം നിലയിലെ 4458 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്ഥലം കൈവശം വെയ്ക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ഈടാക്കുന്ന ലൈസൻസ് ഫീസിനേക്കാൾ 21653/– രൂപ കുറവാണ് തുല്യ വിസ്തീർണ്ണമുള്ള നാലാം നിലയിലെ സ്ഥലം കൈവശം വെച്ച കൃഷ്ണൻ കുട്ടിയിൽ നിന്നും പ്രതിമാസം ഈടാക്കുന്നത്.

ഈ കെട്ടിടത്തിൽ സ്ക്വയർ ഫീറ്റിന് ഈടാക്കുന്ന ശരാശരി ലൈസൻസ് ഫീ താഴത്തെ നിലയിൽ 28 രൂപയും ഒന്നാം നിലയിൽ 14 രൂപയും രണ്ടാം നിലയിൽ 13 രൂപയും ആണെന്നിരിക്കേ മൂന്നാം നിലയിൽ ഇത് കേവലം 4 രൂപയാണ്. പട്ടികയിലെ വിവരങ്ങൾ അപഗ്രഥിച്ചാൽതന്നെ പ്രതിമാസ ലൈസൻസ് ഫീ ഈടാക്കുന്നതിന് നിശ്ചിത നിരക്കോ മാനദണ്ഡമോ നിശ്ചയിച്ചിട്ടില്ല എന്നു കാണാം.

വാണിജ്യ പ്രാധാന്യമുള്ള കെട്ടിടത്തിൽ ആവശ്യമായ തുക അടിസ്ഥാന ലൈസൻസ് ഫീസായി നിശ്ചയിക്കാതിരുന്നതുമൂലമാണ് ലൈസൻസ് ഫീസിൽ വലിയ അന്തരം ഉണ്ടായിട്ടുള്ളത്. ലൈസൻസ് ഫീസിൽ കുറവുണ്ടാകുന്നതുമൂലം നഗരസഭയ്ക്കുണ്ടാകുന്ന വാർഷിക നഷ്ടം വളരെ വലുതും ആവർത്തന സ്വഭാവം ഉള്ളതും ആയതിനാൽ കെട്ടിടത്തിൻെറ റിപ്പയർ/ മെയിൻറനൻസ്/ തേയ്മാനം/ മറ്റ് ചെലവുകൾ എന്നിവ കൂടി പരിഗണിച്ച് അടിസ്ഥാന ലൈസൻസ് ഫീ നിശ്ചയിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതും മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

Local Fund Audit Department

## ഭാഗം – 3

## ചെലവ് കണക്കുകളെ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3–1) ശമ്പളം നൽകിയതിൽ അപാകത– അധികം തുക നൽകി.

ജി.ഒ. ആർ.ടി നം. 1949/10/LSGD നമ്പർ ഉത്തരവ് പ്രകാരം എക്സി. എഞ്ചിനീയർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീ.കെ. ജോസഫ് പോൾ 21–6–2010–ന് മൂവാറ്റുപുഴ നഗരസഭയിൽ നിന്നും വിടുതൽ ചെയ്ത് 24–6–2010–ന് കോഴിക്കോട് നഗരസഭയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. 22–6–2010 മുതൽ 30–6–2010 കാലയളവിലേക്ക് വൗച്ചർ നം. 2151/8/10 പ്രകാരം ശമ്പളം അനുവദിച്ചു കൊടുത്തതിൽ ചുവടെ സൂചിപ്പിക്കുന്ന പ്രകാരം അപാകതകൾ കാണുന്നു.

21–6–2010–ന് മൂവാറ്റുപുഴ നഗരസഭയിൽ നിന്നും വിടുതൽ ചെയ്ത് 24–6–2010–ന് ജോലിയിൽ പ്രവേശിച്ച ശ്രീ. കെ. ജോസഫ് പോളിന് 22–6–2010 മുതൽ 23–6–2010 വരെ (2 ദിവസം) പഴയ സ്റ്റേഷനിലെ നിരക്കിലും 24–6–2010 മുതൽ 30–6–2010 വരെയുള്ള 7 ദിവസത്തേക്ക് കോഴിക്കോട് നഗരസഭയിൽ അനുവദനീയമായ നിരക്കിലുമാണ് ശമ്പളം നൽകേണ്ടിയിരുന്നത്. ഇതുപ്രകാരം ടിയാന് അനുവദനീയമായി തുക, അനുവദിച്ച തുക, അധികം നൽകിയ തുക തുടങ്ങിയവ താഴെ കാണിച്ചിരിക്കുന്നു.

| | അടിസ്ഥാന ശമ്പളം | ഡി.എ 64% | എച്ച്.ആർ.എ | സി.സി.എ | പി.സി.എ | ആകെ |
|---|---|---|---|---|---|---|
| അർഹമായത് | 18900 x 9 / 30<br>= 5670 | 3629 | 2 x 380 / 30 = 25 +<br>7 x 1000 / 30 = 233<br>= 258 | 120 x 7 / 30<br>= 28 | 91 | 9676 |
| അനുവദിച്ചത് വൗച്ചർ നം. 2151/8/10 10722 രൂപ | 6300 | 4032 | 271 | 28 | 91 | 10722 |
| അധികം നൽകിയ തുക | 630 | 403 | 13 | – | – | 1046 |

അധികമായി നൽകിയ 1046/– ഉത്തരവാദിയായവരിൽ നിന്നും തിരിച്ചു പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

Local Fund Audit Department

## 3–2) അനർഹമായ കാലയളവ് കണക്കിലെടുത്ത് പ്രൊബേഷൻ പൂർത്തീകരിച്ചത് സംബന്ധിച്ച്.

### I) ഡയസ് നോൺ കാലയളവ് പ്രൊബേഷന് പരിഗണിച്ചു.

കോഴിക്കോട് നഗരസഭയിൽ യു.ഡി. ക്ളാർക്ക് ആയി ജോലി ചെയ്ത് വരുന്ന ശ്രീ. ഷാജു.എൻ. എന്നയാളുടെ സേവന പുസ്തകം പരിശോധിച്ചതിൽ 21–10–2000–ന് ബിൽ കളക്ടർ / എൽ.ഡി.സി. ആയി സേവനത്തിൽ പ്രവേശിച്ച ടിയാൻ 10–1–2002–നും 6–2–02 മുതൽ 8–3–2002 വരെയും അനധികൃതമായി ജോലിക്ക് ഹാജരായില്ലെന്നും ടി കാലയളവ്, സെക്രട്ടറിയുടെ സി. 8– 66788/02 നടപടിക്രമം അനുസരിച്ച് ഡയസ്നോൺ ആയി പരിഗണിച്ചു എന്നും സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (സേവന പുസ്തകം പേജ് 19)

31–8–2002–ലെ സർക്കാർ ഉത്തരവ് (പി) 291/2002/ജി.എ.സി പ്രകാരം ഡയസ് നോണായി പരിഗണിക്കുന്ന ദിവസങ്ങൾ പ്രൊബേഷന് പരിഗണിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഡയസ് നോൺ ഉൾപ്പെടെയുള്ള കാലയളവ് ( 32 ദിവസം) കൂടി ഉൾപ്പെടുത്തിയാണ് പ്രൊബേഷൻ പൂർത്തീകരിച്ചത്. (നഗരകാര്യ ഡയറക്ടറുടെ 4–10–06–ലെ ബി 7/7321/06 നം. ഉത്തരവ് – സർവ്വീസ് ബുക്ക് പേജ് 27)

Local Fund Audit Department

### II) 3 വർഷത്തെ സേവനം പൂർത്തിയാക്കാതെ ക്രമവിരുദ്ധമായി അനുവദിച്ച കമ്മ്യൂട്ടട്അവധിയും പ്രൊബേഷന് പരിഗണിച്ചു.

കേരള സർവ്വീസ് റൂൾ പാർട്ട് I, റൂൾ 84, 86 എ എന്നിവ പ്രകാരം 3 വർഷം സേവനം പൂർത്തിയായ ജീവനക്കാരന് മാത്രമേ കമ്മ്യൂട്ടട് അവധി അനുവദിക്കാവൂ. 21–10–2000–ന് സേവനത്തിൽ പ്രവേശിച്ച ടിയാന് 20–10–2003–ന് ശേഷം മാത്രമേ കമ്മ്യൂട്ടട് അവധി അനുവദിക്കാനാവൂ എന്നിരിക്കെ 25–7–2001, 22–11–2001 തീയ്യതികളിൽ അനധികൃതമായി ഹാജരാകാതിരുന്ന ദിവസങ്ങൾ 9–4–2003–ലെ സി. 8–24822/03 നമ്പർ നടപടിക്രമ പ്രകാരം കമ്മ്യൂട്ടട് അവധിയായി അനുവദിച്ചിട്ടുണ്ട്. (സർവ്വീസ് ബുക്ക് പേജ് 19) ചട്ട വിരുദ്ധമ.ായി കമ്മ്യൂട്ടട് അവധി അനുവദിച്ചതിന് പുറമേ ടി അവധി ദിവസങ്ങൾ കണക്കിലെടുക്കാതെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുമുണ്ട്.

21–10–2000–ന് സേവനത്തിൽ പ്രവേശിച്ച ടിയാൻെറ പ്രൊബേഷൻ കാലയളവിലെടുത്ത ഡയസ്നോണും ( 33ദിവസം) ചട്ടവിരുദ്ധമായി അനുവദിച്ച കമ്മ്യൂട്ടട് അവധിയും ( 2 ദിവസം) ആകെ 35 ദിവസം ഒഴിവാക്കി മാത്രമേ ടിയാൻെറ പ്രോബേഷൻ പൂർത്തീകരിക്കാൻ അർഹതയുണ്ടായിരുന്നുള്ളൂ. എന്നാൽ നഗരകാര്യ ഡയറക്ടറുടെ 4–10–2006–ലെ ബി.7/7321/06 നമ്പർ നടപടിക്രമ പ്രകാരം 21–10–2002–ന്

തന്നെ LDC തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച നടപടി അംഗീകരിക്കാവുന്നതല്ല.

ആയതിനാൽ ക്രമപ്രകാരമല്ലാതെ 25–7–2001, 22–11–2001 തീയതികളിൽ അനുവദിച്ച കമ്മ്യൂട്ടഡ് അവധി മറ്റ് അർഹമായ അവധികളാക്കി മാറ്റുകയും, ചട്ടവിരുദ്ധമായി പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ് റദ്ദാക്കി പുതിയ ഉത്തരവിറക്കേണ്ടതും 21–10–2002 മുതൽ അധികമായി കൈപ്പറ്റിയ ശമ്പളവും മറ്റാനുകൂല്യങ്ങളും തിരിച്ചു പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3–3) പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പ് ഇൻക്രിമെൻറുകൾ അനുവദിക്കുന്നു.

നേരിട്ടുള്ള നിയമനം വഴി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരൻെറ തുടർച്ചയായ 3 വർഷ കാലയളവിലെ 2 വർഷത്തെ യഥാർത്ഥ ഡ്യൂട്ടിയാണ് പ്രൊബേഷൻ കാലം. ഇപ്രകാരമുള്ള ജീവനക്കാരുടെ ആദ്യ ഇൻക്രിമെൻറ് സർവ്വീസിൽ പ്രവേശിച്ച് ഒരു വർഷം തികയുന്ന മാസത്തിലെ ഒന്നാം തീയ്യതി മുതൽ നൽകാവുന്നതാണെങ്കിലും രണ്ടാമത്തെ ഇൻക്രിമെൻറ് പ്രൊബേഷൻ പൂർത്തിയായ തീയ്യതി മുതൽ മാത്രമേ നൽകാവൂ ( കെ.എസ്.ആർ പാർട്ട് I, റൂൾ 37(B)(b)(i))

എന്നാൽ താഴെ കാണിച്ച ജീവനക്കാർ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പ് തന്നെ അവർക്ക് രണ്ടാമത്തെയും തുടർന്നുമുള്ള ഇൻക്രിമെൻറുകൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേരു വിവരം | അധികം തുക വാങ്ങിയ കാലയളവ് |
|---|---|---|
| 1 | ശ്രീ.വി. ശ്രീകുമാരൻ നായർ, സൂപ്രണ്ട്. | 1–6–90 മുതൽ 29–6–92 വരെ. |
| 2 | ശ്രീ. ബൽരാജ്.പി.പി., സൂപ്രണ്ട്. | 1–12–83 മുതൽ 19–8–1984 വരെ. |
| 3 | കെ. പ്രേമാനന്ദൻ, സൂപ്രണ്ട് | 22–4–1983 മുതൽ 24–4–1985 വരെ. |
| 4 | എം. കേശവൻ, സൂപ്രണ്ട് | 1–2–1991 മുതൽ 29–11–1991 വരെ. |
| 5 | അബ്ദുൾ ജബ്ബാർ.കെ., സൂപ്രണ്ട് | 12–10–1983 മുതൽ 7–2–1985 വരെ. |

ഇപ്രകാരം ക്രമ വിരുദ്ധമായി ഇൻക്രിമെൻറുകൾ നൽകിയത് വഴി അനർഹമായ സാമ്പത്തിക ലാഭം ജീവനക്കാർക്ക് ഉണ്ടായിട്ടുണ്ട്. അധികം വാങ്ങിയ ശമ്പളം തിരിച്ച് പിടിച്ച് വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ഇപ്രകാരം നൽകിയ ഇൻക്രിമെൻറുകൾ വഴി ശമ്പളം / ഗ്രേഡ് നിർണ്ണയത്തിലും അധികം തുക നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

Local Fund Audit Department

മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ശ്രീ. കെ. അബ്ദുൾ ജബ്ബാറിൻെറ സേവന പുസ്തകത്തിൽ 18–5–2011–ന് ശേഷം രേഖപ്പെടുത്തലുകളൊന്നും വരുത്തിയിട്ടില്ല. സേവന പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ കാലികമാക്കേണ്ടതാണ്.

## 3–4) നിശ്ചിതകാലയളവിനുള്ളിൽ പ്രൊബേഷൻ പൂർത്തീകരിക്കാതെയും സർക്കാർ അനുമതി കൂടാതെയും സർവ്വീസിൽ തുടരുന്നു.

സർക്കാർ സർവ്വീസിൽ നേരിട്ട് നിയമനം ലഭിക്കുന്ന ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള ഉദ്യോഗാർത്ഥികൾ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ ജനറൽ റൂൾ 21 പ്രകാരം തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ട് വർഷ കാലത്തെ സേവനവും നിർബന്ധിത വകുപ്പുതല പരീക്ഷകളും പാസ്സായി പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചാൽ മാത്രമേ സർവ്വീസിൽ തുടരുന്നതിനുള്ള അർഹത നേടുന്നുള്ളൂ. ഈ പ്രൊബേഷൻ കാലയളവ് പരമാവധി ഒരു വർഷത്തേക്ക് കൂടി വർദ്ധിപ്പിച്ച് നൽകാൻ നിയമനാധികാരിക്ക് അധികാരമുണ്ട്. ഇതിനു ശേഷം കാലാവധി നീട്ടി കൊടുക്കുന്നതിനുള്ള അധികാരം സർക്കാരിനാണ്. കോഴിക്കോട് കോർപ്പറേഷനിൽ പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കാതെയും നിയമനാധികാരിയോ സർക്കാരോ പ്രൊബേഷൻ കാലയളവ് നീട്ടി നൽകാതെയും നിരവധി പേർ സേവനത്തിൽ തുടരുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | സവ്വീസിൽ വന്ന തീയതി | പ്രൊബേഷൻ പൂർത്തീകരിക്കാതെയുള്ള സർവ്വീസ് കാലം |
|---|---|---|---|
| 1 | ശ്രീജിത്ത്.കെ., എൽ.ഡി.സി./ബി.സി. | 24–8–2004 | 6 വർഷം 10 മാസം |
| 2 | ജയലക്ഷ്മി.കെ എൽ.ഡി.സി. | 8–4–2002 | 9 വർഷം 2 മാസം. |
| 3 | പി.എം. രമേശൻ എൽ.ഡി.സി./ ബിസി | 17–2–2003 | 8 വർഷം 4 മാസം |
| 4 | കൃഷ്ണചന്ദ്രൻ.സി. എൽ.ഡി.സി. | 18–10–1999 | 11 വർഷം 8 മാസം |
| 5 | രജീന്ദ്രൻ.ടി.പി എൽ.ഡി.സി./ബി.സി. | 21–10–1998 | 12 വർഷം 8 മാസം |
| 6 | നവീൻ സുകുമാരൻ.കെ എൽ.ഡി.സി. | 1–7–1993 | 18 വർഷം |

പ്രൊബേഷൻ പൂർത്തീകരിക്കാതെയും ചട്ട പ്രകാരം നിയമനാധികാരിയുടേയോ സർക്കാരിൻെറയോ അംഗീകാരം നേടാതെയും ജീവനക്കാർ സേവനത്തിൽ തുടരുന്നതിൻെറ സാധുത വിശദീകരിക്കേണ്ടതാണ്.

Local Fund Audit Department

## 3–5) എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഹാജർ പുസ്തകം കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ ന്യൂനത കാരണം എഞ്ചിനീയറിംഗ് വിഭാഗത്തിലെ ടെക്നിക്കൽ, നോൺ ടെക്നിക്കൽ സെക്ഷനുകളിലെ ഹാജർ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

### I. അവധികൾ രേഖപ്പെടുത്താത്തത് സംബന്ധിച്ച്.

എഞ്ചിനീയറിംഗ് വിഭാഗത്തിലെ ടെക്നിക്കൽ സ്റ്റാഫിൻെറ ഹാജർ പുസ്തകം അലക്ഷ്യമായാണ് കൈകാര്യം ചെയ്യുന്നത്. പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെട്ട ജീവനക്കാർ കൃത്യമായി ഹാജർ രേഖപ്പെടുത്തുകയോ ഹാജരാകാതിരുന്ന ദിവസങ്ങളിൽ അവധി രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ഓരോ മാസവും എടുത്ത ആകസ്മിക അവധികൾ അടുത്ത മാസത്തേക്ക് എടുത്തെഴുതാത്തതിനാൽ ഒരു കലണ്ടർ വർഷം എത്ര ആകസ്മിക അവധികളെടുത്തുവെന്ന് അറിയാൻ സാധിക്കുന്നില്ല. അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ജീവനക്കാരുടെ പേരു വിവരങ്ങൾ ഇതിനോടൊപ്പമുള്ള പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഹാജരാകാതിരുന്ന ദിവസങ്ങളിൽ അർഹമായ അവധി അനുവദിച്ച് ക്രമപ്പെടുത്തുകയോ അധികമായി കൈപ്പറ്റിയ ശമ്പളവും മറ്റാനുകൂല്യങ്ങളും കോർപ്പറേഷൻ ഫണ്ടിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

റൂൾ 111 കെ.എസ്.ആർ പാർട്ട് I (Appendix VII, 2(ii)) പ്രകാരം ഒരു കലണ്ടർ വർഷത്തിൽ അനുവദിച്ചിരിക്കുന്ന പരമാവധി ആകസ്മിക അവധികളുടെ എണ്ണം 20 ആണ്. എന്നാൽ താഴെ പറയുന്ന ജീവനക്കാർ അർഹതപ്പെട്ടതിലും അധികം ആകസ്മിക അവധികളെടുത്തതായി കാണുന്നു.

| ക്രമ നം | പേരും ഉദ്യോഗപ്പേരും | എടുത്ത അവധികൾ | | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ഓഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | |
| 1 | ശിവജി.ടി.കെ യു.ഡി.സി | 3½ | 1½ | 4 | 7 | 1½ | 8 | 3 | – | – | – | 1 | – | 29½ |
| 2 | പ്രഭാകരൻ.സി.കെ, പ്യൂൺ | 4 | – | 1 | 8 | 2 | 2 | 1 | – | – | – | – | 4 | 22 |
| 3 | മോഹൻദാസ്.പി.സി | 1 | 1 | 1 | 3 | 3 | 6½ | 5½ | – | 3 | 1 | 2 | 1 | 28 |

Local Fund Audit Department

ഹാജർ പുസ്തകം, പേജ് നമ്പർ 6 പ്രകാരം ശ്രീ. ശിവജി.ടി.കെ.,യു.ഡി.സി. എഞ്ചിനീയറിംഗ് സെക്ഷനിലായിരിക്കേ ടിയാൻ മെയ് 26,27,28,29 ദിവസങ്ങളിൽ അനധികൃത അവധിയിലാണെങ്കിലും പ്രസ്തുത ദിവസങ്ങളിലെ ശമ്പളവും മറ്റാനുകൂല്യങ്ങളും കുറവ് വരുത്തേണ്ടതിനു പകരം വൗച്ചർ നമ്പർ 1014/6/10 പ്രകാരം ടിയാന് മെയ് മാസത്തെ മുഴുവൻ ശമ്പളവും നൽകിയിട്ടുണ്ട്. കൂടാതെ സ്ഥലം മാറ്റിയതിനു ശേഷം അക്കൗണ്ട്സ് സെക്ഷനിൽജോലിയിലിരിക്കെ 3/8/10,4/8/10,5/8/10,6/8/10,7/8/10,13/8/10, 16/8/10, 17/8/10, 21/8/10, 26/8/10,27/8/10, 28/8/10, 7/9/10,23/9/10 എന്നീ ദിവസങ്ങളിൽ ടിയാൻ ജോലിക്ക് ഹാജരാവുകയോ അർഹതപ്പെട്ട അവധി അനുവദിക്കുകയോ ചെയ്ത് കാണുന്നില്ല. മേൽ പറഞ്ഞ ദിവസങ്ങളിൽ ശമ്പളം നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

II) **2010 വർഷം എഞ്ചിനീയറിംഗ് വകുപ്പിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ പേര് വിവരങ്ങൾ**

Local Fund Audit Department

| ക്രമ നം | പേര് ഉദ്യോഗപ്പേര് | ഹാജരാകാതിരുന്ന ദിവസങ്ങൾ | ആകെ |
|---|---|---|---|
| 1 | .രമേഷ്.കെ.പി.<br>അസി. എക്സി. എഞ്ചിനീയർ | 28/1/10, 29/6/10, 30/6./10, 1/7/10, 2/7/10, 3/7/10,5./7/10, 7/9/10, 29./10/10, 30./10./10 | 10 |
| 2 | ശാന്ത.ടി.വി.<br>അസി. എഞ്ചിനീയർ | 25/1/10,2/3/10 | 2 |
| 3 | കവിത.കെ,<br>അസി. എഞ്ചിനീയർ | 27/1/10,28/1/10,29/1/10,30/1/10,1/2/10,2/2/10,3/2/10, 4/2/10,5/2/10,6/2/10,8/2/10,9/2/10,10/2/10,11/2/10 | 14 |
| 4 | .ലിജു. എൽ.എസ്.<br>അസി. എഞ്ചിനീയർ | 5/1/10 | 1 |
| 5 | .സജി.ടി.കെ,<br>അസി. എഞ്ചിനീയർ | 6/1/10,25/2/10,2/3/10,22/5/10,29/5/10,31/5/10,31/7/10, 13/9/10,14/9/10,30/12/10 | 10 |
| 6 | ബാലകൃഷ്ണൻ,<br>ഡ്രൈവർ | 12/1/10,17/2/10,2/3/10,4/5/10,11/5/10,20/5/10,26/5/10 2/6/10,7/6/10,19/6/10,26/6/10,30/6/10,5/7/10,9/7/10, 16/7/10, 22/7/10,26/8/10,7/9/10,8/9/10,14/9/10,22/9/10, 28/9/10,1/11/10,2/11/10,9/11/10,2/12/10,18/12/10 | 27 |
| 7 | ഉദയൻ.കെ.വി,<br>അസി. എഞ്ചിനീയർ | 4/2/10 | 1 |
| 8 | മുരളീധരൻ.വി,<br>.പി.ഡബ്ളിയു.ഒ | 27/2/10,7/4/10 | 2 |
| 9 | പത്മനാഭൻ.കെ.പി.<br>പി.ഡബ്ളിയു.ഒ II | 20/2/10,27/2/10,2/3/10,9/3/10,19/5/10,24/5/10,29/5/10, 25/6/10,26/6/10,16/7/10,17/7/10,19/7/10,6/9/10,7/9/10, 20/9/10,30/9/10,23/10/10,27/10/10,28/10/10,30/11/10. | 20 |
| 10 | .സുധീർ,<br>പി.ഡബ്ളിയു.ഒ II | 27/2/10 | 1 |
| 11 | മോഹനൻ.സി.<br>റോളർ ഡ്രൈവർ | 8/2/10,9/2/10,2/3/10,3/6/10,4/6/10,9/6/10,26/6/10,5/7/10 ,30/8/10,31/8/10,14/9/10,15/9/10,14/10/10,19/10/10, 30/11/10,3/12/10,28/12/10,31/12/10 | 18 |

| | | | |
|---|---|---|---|
| 12 | മണികണ്ഠൻ,<br>പി.ഡബ്ളിയു.ഒ III | 30/3/10,31/3/10,19/4/10,27/4/10,26/6/10,5/7/10,6/7/10,<br>7/7/10,12/8/10, 13/8/10,30/10/10 | 11 |
| 13 | .സി.കെ. സുരേന്ദ്രൻ<br>അസി. എക്സി. എഞ്ചിനീയർ II | 2/3/10,5/7/10,31/8/10,31/12/10 | 4 |
| 14 | .രാമകൃഷ്ണൻ.വി,<br>അസി. എഞ്ചിനീയർ | 2/3/10 | 1 |
| 15 | അനീഷ.കെ.പി.<br>പി.ഡബ്ളിയു.ഒ III | 2/3/10, 3/4/10,13/4/10,16/4/10,27/4/10 | 5 |
| 16 | .വിജയ<br>പി.ഡബ്ളിയു.ഒ III | 2/3/10,7/9/10 | 2 |
| 17 | .രഞ്ജിനി.ടി.<br>പി.ഡബ്ളിയു.ഒ III | 20/3/10,29/5/10,5/7/10,22/10/10,23/10/10 | 5 |
| 18 | സതീഷ് കുമാർ.സി.കെ,<br>അസി. എഞ്ചിനീയർ(പി2) | 20/3/10,30/3/10,31/3/10,14/5/10,5/7/10,7/9/10,22/9/10,<br>23/9/10,24/9/10,25/9/10,27/11/10 | 11 |
| 19 | ഹരികുമാർ.പി.ജി<br>അസി.എക്സി. എഞ്ചിനീയർ IV | 2/3/10,31/7/10 | 2 |
| 20 | .വിനീത്കുമാർ.എം.ടി.<br>പി.ഡബ്ളിയു.ഒ. III | 2/3/10,26/6/10,27/7/10,7/9/10 | 4 |
| 21 | അനിൽകുമാർ.പി.<br>പി.ഡബ്ളിയു.ഒ. III | 2/3/10,26/6/10,7/9/10,8/9/10,9/9/10,9/12/10,18/12/10 | 7 |
| 22 | മാത്യൂ.കെ.പി. .സി.ഇ | 8/3/10 | 1 |
| 23 | ഗോപിനാഥൻ നായർ,<br>പി.ഡബ്ളിയു.ഒ. I | 12/4/10,13/4/10,16/4/10,17/4/10,21/5/10,22/5/10,<br>22/6/10,1/7/10,2/7/10,3/7/10,24/7/10,26/7/10,26/8/10,<br>27/8/10,20/9/10,22/9/10,23/9/10,15/10/10,22/10/10,<br>23/10/10,6/11/10 | 21 |
| 24 | രാമചന്ദ്രൻ.വി.<br>അസി. എഞ്ചിനീയർ II | 19/4/10,23/4/10,24/4/10,26/4/10,27/4/10,5/6/10,<br>26/6/10,14/7/10,7/9/10,23/10/10 | 10 |
| 25 | ചന്ദ്രൻ<br>പി.ഡബ്ളിയു.ഒ II | 27/4/10,26/6/10,5/7/10,7/9/10 | 4 |
| 26 | എൽസമ്മ ജേക്കബ്<br>അസി. എഞ്ചിനീയർ III | 22/4/10,27/4/10,31/5/10,26/6/10,5/7/10,7/7/10,31/7/10,<br>23/10/10,20/11/10 | 9 |
| 27 | സലീം.പി.പി.<br>അസി. എഞ്ചിനീയർ IV | 5/4/10,5/7/10,23/7/10,9/9/10,20/9/10,22/9/10,23/9/10,<br>24/9/10,25/9/10 | 9 |
| 28 | മുസ്തഫ.സി.എച്ച്<br>പി.ഡബ്ളിയു.ഒ II | 9/4/10,27/4/10,28/4/10,29/4/10,30/4/10,19/5/10,20/5/10,<br>29/5/10,31/5/10 | 9 |
| 29 | ശ്രീധരൻ വെള്ളിയറ<br>അസി. എഞ്ചിനീയർ VI | 21/4/10 | 1 |
| 30 | രമേഷ്.ടി.പി. ,<br>പി.ഡബ്ളിയു.ഒ I | 13/4/10,23/10/10 | 2 |
| 31 | ഷീബ.കെ.,<br>പി.ഡബ്ളിയു.ഒ I | 30/4/10 | 1 |
| 32 | മനോഹരൻ.കെ.<br>അസി. എക്സി. എഞ്ചിനീയർ I | 29/5/10,24/6/10,26/6/10,2/8/10,3/8/10,24/9/10,6/11/10 | 7 |
| 33 | ഉമാദേവി.കെ.,<br>പി.ഡബ്ളിയു.ഒ II | 29/5/10,31/5/10, | 2 |
| 34 | സി.ഡു.പി.കെ<br>അസി. എഞ്ചിനീയർ | 5/5/10,27/5/10 | 2 |

Local Fund Audit Department

| | | | |
|---|---|---|---|
| 35 | ബിജിഷ.ടി,<br>അസി. എഞ്ചിനീയർ<br>പ്രോജക്ട് I | 26/6/10,5/7/10,7/9/10,23/10/10 | 4 |
| 36 | ബിജിത കൃഷ്ണൻ,<br>അസി. എഞ്ചിനീയർ | 26/6/10,3/7/10,5/7/10,7/9/10,24/9/10,6/11/10,30/11/10 | 7 |
| 37 | വിജയൻ.സി.കെ<br>പി.ഡബ്ളിയു.ഒ I | 26/6/10,3/7/10,5/7/10,7/9/10,22/9/10 | 5 |
| 38 | ബാബുരാജൻ, ഡ്രൈവർ | 26/6/10,1/7/10,5/7/10,6/8/10,7/8/10,3/9/10,7/9/10,<br>23/10/10 | 8 |
| 39 | ഉസ്മാൻ,<br>പി.ഡബ്ളിയു.ഒ III | 31/7/10,23/10/10 | 2 |
| 40 | ശശി. എം.എൻ.,<br>പി.ഡബ്ളിയു. ഒ I | 29/7/10,30/7/10,31/7/10,2/8/10,3/8/10,4/8/10,5/8/10,<br>6/8/10,7/8/10,10/8/10,11/8/10,12/8/10,13/8/10,16/8/10,<br>17/8/10,18/8/10,26/8/10,27/8/10,28/8/10,7/9/10,27/9/10,<br>28/9/10,22/10/10,23/10/10,29/11,10,13/12/10 | 26 |
| 41 | രാമദാസൻ പനക്കൽ<br>അസി. എഞ്ചിനീയർ IV | 5/7/10,31/8/10,30/10/10 | 3 |
| 42 | സുനിൽ.ടി.<br>അസി. എഞ്ചിനീയർ | 5/7/10,21/8/10,26/8/10,27/8/10,28/8/10,30/8/10,31/8/10 | 7 |
| 43 | മുഹമ്മദ് ജരീഷ്. എൻ.പി..<br>പി.ഡബ്ളിയു.ഒ I | 29/7/10,4/9/10,7/9/10,9/9/10,30/10/10 | 5 |
| 44 | ജയപ്രകാശൻ.എ<br>അസി. എഞ്ചിനീയർ VI | 5/7/10,9/7/10,31/8/10,20/9/10 | 4 |
| 45 | .ശങ്കരൻ കുട്ടി.എം.<br>എക്സി. എഞ്ചിനീയർ I | 19/7/10,7/9/10,20/9/10 | 3 |
| 46 | ലതാകുമാരി.ബി.<br>പി.ഡബ്ളി.യു. ഒ I | 10/8/10,26/8/10,27/8/10,28/8/10,6/9/10,7/9/10,<br>20/9/10,23/10/10,30/10/10,6/11/10,27/11/10 | 11 |
| 47 | ശ്രീദേവി. .വി.എസ്<br>അസി. എഞ്ചിനീയർ VII | 26/8/10,27/8/10,28/8/10,7/9/10,20/9/10,23/10/10,<br>6/11/10 | 7 |
| 48 | ശ്രീജിത്ത്,<br>എക്സി. എഞ്ചിനീയർ | 28/8/10,30/8/10,31/8/10 | 3 |
| 49 | മോഹൻദാസ്.സി.ബി.<br>ഇലക്ട്രീഷ്യൻ | 7/9/10 | 1 |
| 50 | ജെസ്സി.ടി.ടി.<br>പി.ഡബ്ളിയു.ഒ I | 7/9/10 | 1 |
| 51 | അഭിലാഷ്<br>പി.ഡബ്ളി.യു. ഒ I | 14/9/10 | 1 |
| 52 | എം.കെ. വിജയകുമാർ,<br>അസി. എക്സി. എഞ്ചിനീയർ | 7/9/10 | 1 |
| 53 | ദമയന്തി. എം, പ്യൂൺ. | 23/10/10 | 1 |
| 54 | അബ്ദുൾ ഗഫൂർ. എം.<br>.പി.ഡബ്ളിയു.ഒ III | 4/11/10 | 1 |
| 55 | ജയൻ<br>എക്സി. എഞ്ചിനീയർ | 2/11/10,3/11/10,4/11/10,6/11/10,27/12/10,28/12/10,<br>29/12/10,30/12/10,31/12/10 | 9 |
| 56 | ടൈറ്റസ് എച്ച്.<br>അസി. എക്സി. എഞ്ചിനീയർ | 21/12/10 | 1 |
| 57 | അൻസാർ അഹമ്മദ്.കെ.<br>പി.ഡബ്ളിയു.ഒ I | 23/12/10 | 1 |

Local Fund Audit Department

## 3–6) നഗരസഭയിലെ ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോൺ ബിൽ / വസതികളിലെ ഫോൺ ബിൽ അടവ്– അപാകതകൾ

### എ) വസതി ഫോൺ ബിൽ അടവ് – സർക്കാർ ഉത്തരവ് ലഭ്യമല്ല.

നഗരസഭയിലെ റവന്യൂ ഓഫീസറുടെ വസതിയിലെ ടെലഫോൺ ചാർജ്ജ് നഗരസഭാ ഫണ്ടിൽ നിന്ന് അടച്ചു വരുന്നതായി ബന്ധപ്പെട്ട ഫയൽ (എ1/78427/01) പരിശോധിച്ചതിൽ കാണുകയുണ്ടായി. 2010–11 വർഷത്തിൽ താഴെ കൊടുത്തിരിക്കും വിധം 4275/– രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. റവന്യൂ ഓഫീസറുടെ വസതിയിലെ ഫോൺ ബിൽ നഗരസഭാ ഫണ്ടിൽ നിന്ന് അടവാക്കാൻ അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഒ.എസ്. നമ്പർ 12/2010–11 പ്രകാരം 24–5–2011–ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4275/– രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. 2010–11 വർഷത്തെ ചെലവു വിവരം താഴെ കൊടുക്കുന്നു

| ബിൽ കാലയളവ് | ബിൽ തുക | വൗച്ചർ നമ്പർ |
|---|---|---|
| 1.2.2010 – 31.3.2010 | 538 | 544/5–2010 |
| 1.4.2010– 31.5.2010 | 625 | 1316/6–2010 |
| 1.6.2010–31.7.2010 | 766 | 2475/8–2010 |
| 1.8.2010–30.9.2010 | 514 | 3900/10–2010 |
| 1.10.2010–30.11.2010 | 576 | 4717/12–2010 |
| 1.12.2010–31.1.2011 | 1256 | 5676/2–2011 |
| **ആകെ** | **4275** | |

### ബി) സെക്രട്ടറിയുടെ മൊബൈൽ ഫോൺ ചാർജ്ജിനത്തിൽ അധികം തുക നൽകി.

28–12–2006–ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3328/2006/തഭവ ഉത്തരവു പ്രകാരം കോർപ്പറേഷൻ സെക്രട്ടറിമാർക്ക് മൊബൈൽ ഫോൺ ചാർജ്ജിനത്തിൽ പ്രതിമാസം 750/– രൂപയുടെ ചെലവനുമതി നൽകി ഉത്തരവായി. വൗച്ചർ നമ്പർ 804/5–2010 പ്രകാരം 2009 ഡിസംബർ മുതൽ 2010 ഏപ്രിൽ വരെ 5 മാസത്തെ മൊബൈൽ ഫോൺ ചാർജ്ജിനത്തിൽ 4400/– രൂപ നൽകിയിട്ടുണ്ട്. 5 മാസത്തെ മൊബൈൽ ഫോൺ ചാർജ്ജിനത്തിൽ അർഹമായ തുക (750 X 5= 3750/–) 3750/– രൂപയാണ്. അധികമായി നൽകിയ 650/– രൂപ തിരികെ ഈടാക്കേണ്ടതാണ്.

Local Fund Audit Department

## 3–7) സ്റ്റോർ പർച്ചേസ് ചട്ടം ലംഘിച്ച് ബ്ളീച്ചിംഗ് പൗഡർ വാങ്ങിയതും മറ്റ് അപാകതകളും

ഫയൽ നം. എഫ്. 12/46171/10

ചെലവ് : വൗച്ചർ നമ്പർ 1720/7–10/17–7–2010: 35,200/– രൂപ

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മേൽ വൗച്ചർ പ്രകാരം സർക്കാർ സ്ഥാപനമായ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ്സിൽ (KSIE) നിന്നും 2000 കി.ഗ്രാം ബ്ളീച്ചിംഗ് പൗഡർ വാങ്ങിയിട്ടുണ്ട്.

പി.എച്ച്. (ട്രാൻസ്പോർട്ട്) വിഭാഗം ഹെൽത്ത് ഇൻസ്പെക്ടറുടെ 22–5–2010 അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ഹെൽത്ത് ഓഫീസർ ബ്ളീച്ചിംഗ് പൗഡർ വാങ്ങാൻ ഉത്തരവിട്ടത്. പർച്ചേസിന് 20,000 രൂപ കവിയുന്നതിനാൽ ടെണ്ടർ നടപടികൾ ആവശ്യമായി വരുമെന്നും മഴക്കാലം ആരംഭിക്കാറായതിനാൽ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ടെണ്ടർ നടപടികൾ ഒഴിവാക്കി സർക്കാർ സ്ഥാപനമായ കെ.എസ്.ഐ.ഇ യിൽ നിന്നും നേരിട്ട് വാങ്ങാമെന്നും സെക്ഷനിൽ നിന്നും കുറിപ്പെഴുതിയിട്ടുണ്ട്. ഇതനുസരിച്ച് കെ.എസ്.ഐ.ഇ യിൽ നിന്നും ഇൻവോയ്സ് വാങ്ങുകയും ഹെൽത്ത് ഓഫീസറുടെ എഫ്. 12/46171/2010 തീ. 11–6–2010 പ്രകാരം 25 കി.ഗ്രാമിൻെറ 80 പാക്കിന് (440 രൂപ/25 കി.ഗ്രാം) സപ്ളൈ ഓർഡർ നൽകുകയും ചെയ്തു. ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) യാതൊരു ടെണ്ടർ നിബന്ധനകളും പാലിക്കാതെ കെ.എസ്.ഐ.ഇ ആവശ്യപ്പെട്ട നിരക്കിൽ നേരിട്ട് സാധനം വാങ്ങുകയാണ് നഗരസഭ ചെയ്തിട്ടുള്ളത്. എന്നാൽ കേരളാ സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 12–ലെ വ്യവസ്ഥ പ്രകാരം, ഖണ്ഡിക 57–ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാത്രമേ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറില്ലാതെ നേരിട്ട് സാധനങ്ങൾ വാങ്ങാൻ പാടുള്ളൂ. ഖണ്ഡിക 57 എ(1) ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് സാധനം വാങ്ങണമെങ്കിൽ പ്രസ്തുത സാധനം ഈ സ്ഥാപനം നേരിട്ട് നിർമ്മിക്കുന്നതായിരിക്കണം. എന്നാൽ ബ്ളീച്ചിംഗ് പൗഡറിൻെറ സ്പെസിഫിക്കേഷൻ ബ്രാൻറ് : ' വിക്രം', നിർമ്മാണം:

' ഗ്രാസിം' എന്നാണ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

2) ഖണ്ഡിക 57എ(1) പ്രകാരം പർച്ചേസ് സംബന്ധിച്ച് ധാരണയിലെത്തുന്നതിനു മുമ്പ് പർച്ചേസിംഗ് ഓഫീസർ, പരമാവധി അന്വേഷണം നടത്തി മാർക്കറ്റ് വിലയെ സംബ ന്ധിച്ച് മനസ്സിലാക്കി സ്ഥാപനവുമായി നെഗോസിയേഷൻ നടത്തണം. എന്നാൽ നെഗോസിയേഷൻ നടത്താതെ കെ.എസ്.ഐ.ഇ ആവശ്യപ്പെട്ട ' ചില്ലറവിൽപ്പന വില' (Maximum Retail Price) നൽകിയാണ് സാധനം വാങ്ങിയത്. സ്ഥാപനം

Local Fund Audit Department

ഉൽപാദന പ്രക്രിയയിൽ ഏർപ്പെട്ടിട്ട് അഞ്ചു വർഷത്തിലധികമായിരിക്കരുത് എന്ന നിബന്ധന സംബന്ധിച്ചും അന്വേഷണം നടത്തിയിട്ടില്ല.

3) സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2-2-2010-ന് സ്റ്റോക്ക് മുഴുവനായും തീർന്നിട്ടുണ്ട്. കാലവർഷത്തിനു മുമ്പ് ബ്ളീച്ചിംഗ് പൗഡർ ആവശ്യമായി വരുമെന്ന് നേരത്തേ അറിയാമായിരുന്നിട്ടും, 22-5-2010-നാണ് വാങ്ങാൻ ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് നൽകിയത്. ഈ കാലതാമസം കാരണമാണ് ടെണ്ടർ നടപടികൾ നടപ്പാക്കാൻ സമയം ലഭിക്കാതെ പോയത്. ഇത് കൃത്യനിർവ്വഹണത്തിലെ വീഴ്ചയാണ്.

അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ബ്ളീച്ചിംഗ് പൗഡർ വാങ്ങാൻ റിപ്പോർട്ട് ചെയ്യുന്ന 22-5-2010-ന് 275 കി.ഗ്രാം ബ്ളീച്ചിംഗ് പൗഡർ സ്റ്റോക്ക് ഉണ്ടായിരുന്നു എന്നും ഇത് സ്റ്റോക്ക് രജിസ്റ്റർ വോള്യം X-ൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും പറയുന്നു. സുതാര്യമായ ടെണ്ടർ നടപടികൾ പാലിച്ചുകൊണ്ട് പർച്ചേസ് നടത്തിയാൽ സ്വാഭാവികമായും ഉണ്ടാകുന്ന കാലതാമസം പരിഗണിച്ച് അത്രയും കാലത്തേക്ക് ആവശ്യമായ ബ്ളീച്ചിംഗ് പൗഡർ 22-5-2010-ന് സ്റ്റോക്ക് ഉണ്ടായിരുന്നെങ്കിൽ എന്തിനാണ് ധൃതിപിടിച്ച് നേരിട്ട് സാധനം വാങ്ങിയത് എന്ന് വിശദീകരിക്കേണ്ടതാണ്. അത്രയും കാലത്തെ ആവശ്യം നിറവേറ്റാൻ മേൽ പറഞ്ഞ സ്റ്റോക്ക് തികയുമായിരുന്നില്ലെങ്കിൽ യഥാസമയം വിവരം റിപ്പോർട്ട് ചെയ്ത് സാധനം വാങ്ങാൻ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഹെൽത്ത് ഇൻസ്പെക്ടറുടെ പേരിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

11-6-2010-ലെ ഈ പർച്ചേസ് (2000 കിഗ്രാം) ഹെൽത്ത് സെക്ഷനിലെ സ്റ്റോക്ക് രജിസ്റ്റർ വോള്യം VIII-ൽ ആണ് ചേർത്തിരിക്കുന്നത്. എന്നാൽ ഇതിനും മൂന്ന് മാസം മുമ്പ്, 4-3-2010-ന് നടത്തിയ 1750 കി.ഗ്രാമിൻെറ പർച്ചേസ് സ്റ്റോക്ക് രജിസ്റ്റർ വോള്യം X-ൽ ചേർത്തിട്ടുണ്ട്. ഇത് സംശയകരമാണ്. സ്റ്റോക്ക് രജിസ്റ്റർ വോള്യം VIII-ൽ ബ്ളീച്ചിംഗ് പൗഡറിന് നീക്കിവെച്ച പേജുകൾ കഴിഞ്ഞപ്പോൾ 19-8-2010-ന് ബാക്കിയുണ്ടായിരുന്ന 2900 കി.ഗ്രാം വോള്യം IX-ൽ പേജ് 170-ലേക്ക് ക്യാരി ഓവർ ചെയ്തിട്ടുണ്ട്. പിന്നീട് 23-6-2011 വരെ ഈ രജിസ്റ്ററിൽ നിന്നും ബ്ളീച്ചിംഗ് പൗഡർ ഇഷ്യൂ ചെയ്തതായി കാണാം. ഇതേ സമയത്തു തന്നെ 4-3-2010-ലെ പർച്ചേസ് ചേർത്തിയ വോള്യം X-ൽ നിന്നും ഇഷ്യൂ നടന്നിട്ടുണ്ട്. ബ്ളീച്ചിംഗ് പൗഡറിന് ഒരേ സമയം രണ്ട് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ ഒരു അന്വേഷണം നടത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

Local Fund Audit Department

## 3–8) സ്ഥലം അക്വയർ ചെയ്യാൻ ഡെപ്പോസിറ്റ് ചെയ്ത നാലരക്കോടി രൂപ പദ്ധതി ഉപേക്ഷിച്ച് ഒന്നര വർഷം കഴിഞ്ഞിട്ടും തിരിച്ച് വാങ്ങിയില്ല.

**ഫയൽ നമ്പർ : E3/TP8/45610/01.**

ഞെളിയൻ പറമ്പിലെ ഖരമാലിന്യ സംസ്കരണ പ്ളാൻറിൻെറ പ്രവർത്തനം ജനവാസ കേന്ദ്രങ്ങളെ മലിനമാക്കുന്നത് തടയാൻ ട്രഞ്ചിംഗ് ഗ്രൗണ്ടിനു ചുറ്റും ഒരു ഗ്രീൻ ബെൽറ്റ് സ്ഥാപിക്കാൻ നഗരസഭ തീരുമാനിച്ചിരുന്നു. സ്ഥലം അക്വയർ ചെയ്യുന്നതിന് നഷ്ടപരിഹാര തുകയായി നാലരക്കോടി രൂപ ലാൻറ് അക്വസിഷൻ തഹസിൽദാരുടെ ഓഫീസിൽ ഡെപ്പോസിറ്റ് ചെയ്തു. 3/2010–ൽ പദ്ധതി ഉപേക്ഷിച്ചെങ്കിലും ഒന്നര വർഷമായിട്ടും തുക തിരിച്ച് വാങ്ങിയിട്ടില്ല.

സ്ഥലമേറ്റെടുക്കലിൻെറ ഓരോ ഘട്ടത്തിലും വളരെയധികം കാലതാമസം നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കാൻ 24–4–2003–ലെ 3–ാം നമ്പരായി സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനിച്ചെങ്കിലും ഇതിന്മേൽ കൗൺസിൽ തീരുമാനമെടുക്കുന്നത് 5–10–2004–ലെ 1(16) പ്രകാരമാണ്. അക്വയർ ചെയ്യാനുള്ള സ്ഥലത്തിൻെറ സ്കെച്ചിന് അന്തിമ രൂപം നൽകാൻ രണ്ട് വർഷമെടുത്തു. 31–5–2003–ൽ തയ്യാറാക്കിയ ആദ്യ സ്കെച്ചിൽ 72.71 ഏക്കർ സ്ഥലമുണ്ടായിരുന്നു. ഇതിൽ നിന്നും പിന്നീട് ഓരോ സ്ഥലങ്ങൾ ഒഴിവാക്കിക്കൊണ്ട് 8–7–2003, 8–9–2004, 11–7–2005 തീയതികളിൽ സ്കെച്ച് തയ്യാറാക്കി. ഒടുവിൽ അക്വയർ ചെയ്യാനുള്ള സ്ഥലം 5.84 ഏക്കറായി നിശ്ചയിച്ചു. രൂക്ഷമായ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട വിഷയമായിട്ടും ഉണർന്ന് പ്രവർത്തിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ഈ കാലയളവിൽ സ്ഥലത്തിൻെറ മാർക്കറ്റ് വിലയിൽ വളരെയധികം വർദ്ധനവുണ്ടാവുകയും ചെയ്തു.

Local Fund Audit Department

കോഴിക്കോട് L.A തഹസിൽദാർ 13–7–2005–ലെ A– 777/05 നമ്പർ കത്ത് പ്രകാരം Acquisition Cost ആയി രണ്ട് കോടി രൂപയും 6–8–2009–ലെ അതേ നമ്പർ കത്ത് പ്രകാരം നഷ്ടപരിഹാരതുകയായി 2,54,90,503 രൂപയും ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടു. ഇതിന് പുറമെ 100 സർവ്വേക്കല്ലുകളുടെ വിലയായി 3850/– രൂപ ഉൾപ്പെടെ 4,54,94,353 രൂപ നഗരസഭ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ചെക്ക് നമ്പർ | | തുക |
|---|---|---|
| 643317/8.3.2006 | SBT മെയിൻ ബ്രാഞ്ച് | 1,00,00,000 |
| 643319/8.3.2006 * | ടി | 40,00,000 |
| 101927/30.1.2007 | ടി | 3,850 |
| 221531/17.4.2007 | ടി | 1,00,00,000 |
| 246456/10.9.2009 | ടി | 2,14,90,503 |
| **ആകെ** | | **4,54,94,353** |

* കോതി അറവുശ്ശാലയുടെ അക്വിസിഷനു വേണ്ടി ഡെപ്പോസിറ്റ് ചെയ്ത തുക പദ്ധതി ഉപേക്ഷിച്ചതു കാരണം വക മാറ്റിയത്

(NB:– മുകളിൽ കാണിച്ചതിനു പുറമെ ഖരമാലിന്യ സംസ്കരണത്തിൻെറ പ്രത്യേക അക്കൗണ്ടിൽ നിന്നും PNB ചെക്ക് നം. 070/977/22–8–05 പ്രകാരം ഒരു കോടി രൂപ കൂടി ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ DPR–ൽ ഉൾപ്പെടാത്ത കാര്യത്തിന് പണം ചെലവാക്കിയതിന് കേന്ദ്ര പരിസ്ഥിതി– വനം മന്ത്രാലയം തടസ്സവാദം ഉന്നയിച്ചതിനെ തുടർന്ന് 22–10–06–ന് ഈ തുക തിരിച്ചു വാങ്ങി. എന്നാൽ ഡെപ്പൊസിറ്റ് ചെയ്ത തുകയുടെ കണക്ക് കാണിച്ചുകൊണ്ട് ഡെപ്യൂട്ടി കലക്ടർക്ക് (LA) അയച്ച കത്തിൽ (E3/TP8/45610/01 dt. 18–2–2010) ഈ തുക ഡെപ്പോസിറ്റിൽ തുടരുന്നതായിട്ടാണ് കാണിച്ചത്. 17–4–2007–ൽ നൽകിയ ചെക്ക് കത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. 2,14,90,503 രൂപയുടെ ചെക്ക് നമ്പർ 643317/8–3–2006 എന്നാണ് കത്തിൽ കാണിച്ചിരുന്നത്.)

അക്വിസിഷനെതിരെ പരിസരവാസികൾ പ്രക്ഷോഭം നടത്തുകയും സർക്കാരിന് ഹരജി നൽകുകയും ചെയ്തതിനെ തുടർന്ന് ഭൂമി ഏറ്റെടുക്കുന്നത് നിർത്തിവെയ്ക്കാൻ സർക്കാർ നിർദ്ദേശിക്കുകയും (റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 25–11–2009–ലെ 66082/ബി/09) ജില്ലാ കലക്ടറുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ മതിയായ പുനരധിവാസ പാക്കേജോടുകൂടി മാത്രമേ ഇനി ഭൂമി ഏറ്റെടുക്കേണ്ടതുള്ളൂ എന്ന് നിർദ്ദേശിക്കുകയും ചെയ്തു. (9–3–10–ലെ അതേ നമ്പർ കത്ത്) അതോടെ ഈ പ്രോജക്ട് അവസാനിപ്പിച്ചിരിക്കുകയാണ്.

എന്നാൽ സർക്കാർ നിർദ്ദേശം വന്ന് ഒന്നര വർഷം കഴിഞ്ഞിട്ടും ഡെപ്പോസിറ്റ് ചെയ്ത നാലരക്കോടി രൂപ തിരിച്ച് വാങ്ങാൻ നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല. 9.25 പലിശ നിരക്കിൽ ഹഡ്കോയിൽ നിന്ന് സ്റ്റേഡിയത്തിൽ ഫ്ളഡ്ലൈറ്റ് സ്ഥാപിക്കാൻ അഞ്ച് കോടി രൂപയും സ്പോർട്സ് ട്രെയിനിംഗ് കോംപ്ളക്സിന് 1.35 കോടി രൂപയും വായ്പ എടുക്കേണ്ടി വന്ന സാഹചര്യത്തിലാണ് നഗരസഭയുടെ വക 4.54 കോടി രൂപ അന്യാധീനതയിൽ കിടക്കുന്നത് എന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. മേൽ പറഞ്ഞ രണ്ട് വായ്പകളുടെയും പലിശയിനത്തിൽ നഗരസഭ 2011–12–ൽ മാത്രമായി 72.21 ലക്ഷം രൂപ തിരിച്ചടയ്ക്കേണ്ടതുണ്ട്. (നഗരസഭയുടെ 11–12–ലെ ബജറ്റ് പേജ് 77 കാണുക) എസ്.ബി അക്കൗണ്ടുകൾക്ക് നൽകി വരുന്ന ബേങ്ക് പലിശ നിരക്കായ 3.5% നിരക്കിൽ കണക്കാക്കിയാൽ പോലും പ്രതിവർഷം 15 ലക്ഷം രൂപ വീതം പലിശയിനത്തിൽ നഗരസഭയ്ക്ക് നഷ്ടമാണ്. ആയതിനാൽ ഡെപ്പോസിറ്റ് ചെയ്ത തുക അടിയന്തിരമായി തിരിച്ച് വാങ്ങി നഗരസഭയിൽ മുതൽകൂട്ടേണ്ടതാണ്.

Local Fund Audit Department

## 3–9) നഗരസഭാ പരിധിയിൽ പ്രതിമകൾ സ്ഥാപിക്കൽ– മുൻകൂർ തുക നൽകി – പ്രവൃത്തി പൂർത്തിയാക്കിയില്ല – ചെയ്യാത്ത പ്രവൃത്തിക്കു നൽകിയ മുൻകൂർ തിരികെ ഈടാക്കിയില്ല.

**ഫയൽ നം. ഇ.ജി. 4/56462/10** **ചെലവ് : 7 ലക്ഷം രൂപ**

കോഴിക്കോട് നഗരത്തിൻെറ സൗന്ദര്യവൽക്കരണത്തിൻെറ ഭാഗമായി ഉപ്പു സത്യാഗ്രഹവുമായി ബന്ധപ്പെട്ട ഒരു പ്രതിമ കോഴിക്കോട് കടപ്പുറത്തു സ്ഥാപിക്കുക, സാംസ്കാരിക നായകന്മാരുടെ സ്മരണ നിലനിർത്തുന്നതിനു വേണ്ടി പ്രസിദ്ധ നാടക കൃത്ത് ശ്രീ. കെ.ടി. മുഹമ്മദ്, ഭരത് അവാർഡ് ജേതാവ് ശ്രീ. ബാലൻ കെ. നായർ എന്നിവരുടെ പ്രതിമകൾ മാനാഞ്ചിറയ്ക്കു സമീപം സ്ഥാപിക്കുക എന്നിങ്ങനെയുള്ള സ്റ്റിയറിംഗ് കമ്മിറ്റിയുടെ ശുപാർശകൾ (20.6.2009–ലെ 15–ാം തീരുമാനം) നഗരസഭാ കൗൺസിൽ പരിഗണിക്കയും 29.6.2009–ലെ 67–ാം നമ്പർ തീരുമാനം പ്രകാരം കെ.ടി മുഹമ്മദ്, ബാലൻ കെ. നായർ എന്നിവരുടെ പ്രതിമകൾ സ്ഥാപിക്കാൻ തീരുമാനി ക്കുകയും ചെയ്തു. ഇതിൻെറ അടിസ്ഥാനത്തിൽ പ്രതിമാ നിർമ്മാണ ത്തിനായി ജീവൻതോമസ് എന്ന ശിൽപിക്ക് 7 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നഗരസഭയും ശിൽപിയും തമ്മിൽ വെച്ച കരാറിൻെറ കാലാവധി അവസാനിച്ചു വെങ്കിലും ഒരു പ്രതിമയുടെ പോലും നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. ഇതു സംബ ന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പ്പെടുകയുണ്ടായി.

### 1) പ്രതിമകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയില്ല.

പ്രതിമാ നിർമ്മാണത്തിനുവേണ്ടി കൗൺസിൽ തീരുമാനമെടുത്തയുടൻതന്നെ 17–7–2009–ൽ പ്രതിമകൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം നിർദ്ദേശിക്കുവാൻ മാനാഞ്ചിറയുടെ ചാർജ്ജുള്ള അസി. എഞ്ചിനീയർക്കു ഫയൽ അയക്കാൻ ആവശ്യപ്പെട്ടുവെങ്കിലും തുടർ നടപടിയുണ്ടായില്ല. തന്മൂലം, നിർമ്മിക്കപ്പെടുന്ന പ്രതിമകൾ എവിടെ സ്ഥാപിക്കും എന്നതു സംബന്ധിച്ചു വ്യക്തതയില്ല.

### 2) പ്രതിമകളുടെ നിർമ്മാണത്തിനു ശിൽപിയെ കണ്ടെത്തുവാൻ അവലംബിച്ച നടപടികളുടെ വിവരം ലഭ്യമല്ല.

നഗരസഭ പ്രതിമകൾ സ്ഥാപിക്കുവാനുദ്ദേശിച്ച് തീരുമാനമെടുത്തതു സംബന്ധിച്ച വിവരങ്ങളൊന്നും പരസ്യപ്പെടുത്തുന്നതിനുമുമ്പുതന്നെ 18–7–2009–ൽ ജീവൻ തോമസ് എന്ന ശിൽപി കെ.ടി മുഹമ്മദിൻെറയും, ബാലൻ കെ നായരുടെയും പ്രതിമാ നിർമ്മാണം സംബന്ധിച്ച ക്വട്ടേഷനുകൾ നഗരസഭയിൽ സമർപ്പിച്ചു. അത് മാത്രം പരിഗണിച്ച് നെഗോസ്യേഷനിലൂടെ കരാറിലേർപ്പെടുകയും ചെയ്തു.

Local Fund Audit Department

**3) ശിൽപിയുമായി കുറ്റമറ്റ രീതിയിൽ കരാർ വെച്ചില്ല.**

പ്രതിമാനിർമ്മാണവുമായി ബന്ധപ്പെട്ട് നഗരസഭയും ശിൽപിയും തമ്മിൽ 14–9–2009–ന് കരാർ വെച്ചിട്ടുണ്ട്. ഈ എഗ്രിമെൻറിൽ പ്രതിമ നിർമ്മാണം പൂർത്തീയാക്കേണ്ട തീയതി കൃത്യമായി ചേർത്തിട്ടില്ല.. 8–10 മാസം കാലാവധി എന്നു മാത്രം ചേർത്തു കാണുന്നു. കരാറിലെ വ്യവസ്ഥകൾ പ്രകാരം 2 പ്രതിമകളുടെയും മൊത്തം തുകയായ 14 ലക്ഷം രൂപയുടെ 30% 22–10–2009–ന് ശിൽപിക്കു മുൻകൂർ നൽകി. (420000/– രൂപ, ചെക്ക് നം. 254770/ തീ. 22.10.2009) ഇത്രയും തുക ഒരു വ്യക്തിക്ക് മുൻകൂർ നൽകാൻ വ്യവസ്ഥയില്ലെന്നും ശിൽപിയുമായി നഗരസഭ വെച്ച കരാറിന് മുനിസിപ്പൽ ആക്ട് പ്രകാരം നിയമസാധുതയില്ലെന്നും. ഏതെങ്കിലും കാരണവശാൽ തുക റിക്കവറി. നടത്തേണ്ടി വന്നാൽ അതിനു യാതൊരു സാധ്യതയുമില്ലെന്നും സെക്ഷനിൽ നിന്ന് കുറിപ്പഴുതിയെങ്കിലും മേയറുടെ നിർദ്ദേശ പ്രകാരം തുക നൽകി.

**4) എഞ്ചിനീയറുടെ റിപ്പോർട്ട് പരിഗണിക്കാതെ രണ്ടും മൂന്നും ഗഡു തുക നൽകി.**

കരാറിലെ വ്യവസ്ഥകൾ പ്രകാരം പ്രതിമകളുടെ നിർമ്മാണത്തിൻെറ പുരോഗതി അനുസരിച്ച് 20% തുക വീതം 2,3,4 ഗഡുക്കളായി നൽകേണ്ടതാണ്. 'ക്ളേ' വർക്കിൻെറ 80% പൂർത്തിയായാൽ മാത്രമേ രണ്ടാം ഗഡുവായി 20% തുക നൽകാൻ വ്യവസ്ഥയുള്ളൂ. രണ്ടാം ഗഡു തുക ആവശ്യപ്പെട്ട് 1/3/2010–ന് ശിൽപി കത്തു നൽകിയതിന്മേൽ നഗരസഭാ ഓവർസിയർ സ്ഥലത്തു പോയി പരിശോധിച്ചു (18.3.2010) 80% ക്ളേ വർക്ക് പൂർത്തിയാക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തി ചെയ്തു തീർക്കുവാൻ കക്ഷിക്കു നോട്ടീസ് നൽകുവാൻ ശുപാർശ ചെയ്തു. ഈ ഘട്ടത്തിൽ മേയർ ഫയൽ വിളിപ്പിക്കുകയും കെ.ടി മുഹമ്മദിൻെറ പ്രതിമാ നിർമ്മാണം ഏതാണ്ട് പൂർത്തിയായിട്ടുണ്ടെന്നും ഇക്കാര്യം നേരിട്ടു പരിശോധിച്ചു ബോധ്യപ്പെട്ടുവെന്നും കെ.ടി മുഹമ്മദിൻെറ പ്രതിമ പൂർത്തിയാക്കിയാൽ മാത്രമേ അടുത്ത പ്രതിമ ചെയ്യാൻ പറ്റുകയുള്ളൂവെന്നും ആയതിനാൽ മെമ്മോ ഒഴിവാക്കി പൂർത്തീകരിച്ച പ്രവൃത്തിയുടെ ബിൽ നൽകുക എന്നും (13.4.2010) നിർദ്ദേശിച്ചു. അതു പ്രകാരം കെ.ടി മുഹമ്മദിൻെറ പ്രതിമയുടെ ക്വോട്ടു ചെയ്ത തുകയായ 7 ലക്ഷം രൂപയുടെ രണ്ടും മൂന്നും ഗഡു തുകയായ 40% (280000/– രൂപ ചെക്ക് നം. 29745/6.5.2010) തുക നൽകി.

**5) മേയറുടെ നിർദ്ദേശം പ്രകാരം ഇൻകം ടാക്സ് ഈടാക്കാതെ തുക നൽകി.**

ശിൽപിക്കു 2–ാം ഗഡു നൽകുന്ന വേളയിൽ ആദായ നികുതി കുറവു ചെയ്യണമെന്ന് സെക്ഷനിൽ നിന്ന് കുറിപ്പെഴുതിയെങ്കിലും പ്രതിമാ നിർമ്മാണച്ചെലവിൽ നിന്ന് ഇൻകം ടാക്സ് ഒഴിവാക്കിക്കൊടുക്കാവുന്നതാണെന്ന് മേയർ നിർദ്ദേശിച്ചതിൻെറ അടിസ്ഥാനത്തിൽ മുഴുവൻ തുകയും നൽകി. ഇക്കാര്യത്തിന്മേൽ വ്യക്തത ലഭിക്കുവാനായി ആദായ നികുതി വകുപ്പിനു നൽകിയ കത്തിനു മറുപടിയായി 8–6–2010–ലെ ഇൻകം ടാക്സ് അസി. കമ്മീഷണറുടെ കത്തിൽ ' പ്രൊഫഷണൽ/

Local Fund Audit Department

ടെക്നിക്കൽ സർവ്വീസുകൾ മുഖേനയുള്ള 20000/- രൂപയിലധികരിക്കുന്ന വരുമാനങ്ങളിൽ നിന്ന് (അഡ്വാൻസ് ഉൾപ്പെടെ) ആദായ നികുതി ഈടാക്കേണ്ട താണെന്നും അഡ്വാൻസ് ആയി നൽകിയ തുകയിന്മേൽ 10% നികുതിയും തുക നൽകിയ തീയതി മുതൽ തുക അടവാക്കുന്ന തീയതിവരെ 12% പലിശയും ഈടാക്കി അടയ്ക്കണമെന്നും നിർദ്ദേശിക്കുന്നു.

**6) രണ്ടാം ഗഡു തുക നൽകിയപ്പോൾ ചെയ്യാത്ത പ്രവൃത്തിക്കു നൽകിയ മുൻകൂർ കുറവു ചെയ്തില്ല.**

രണ്ടു പ്രതിമകൾക്കും കൂടി മൊത്തം ക്വോട്ടു ചെയ്ത 14 ലക്ഷം രൂപയുടെ 30% ആയ 4,20,000/- രൂപയാണ് 22.10.09-ന് മുൻകൂർ നൽകിയത്. ഇതിൽ 2,10,000/- രൂപ രണ്ടാമത്തെ (ബാലൻ.കെ. നായരുടെ) പ്രതിമാ നിർമ്മാണത്തിനുള്ളതാണ്. 13.4.2010-ലെ മേയറുടെ കുറിപ്പു പ്രകാരം രണ്ടാമത്തെ പ്രതിമാ നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നു വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ ആദ്യത്തെ പ്രതിമയ്ക്കു വേണ്ടിയുള്ള തുകയുടെ ശേഷിക്കുന്ന ഗഡു നൽകുമ്പോൾ ചെയ്യാത്ത പ്രവൃത്തിയ്ക്കു നൽകിയ മുൻകൂർ അഡ്ജസ്റ്റു ചെയ്യുകയെങ്കിലും ചെയ്യേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ വീണ്ടും തുക നൽകുകയാണു ചെയ്തത്.

**7) കരാർ കാലാവധി കഴിഞ്ഞ് 10 മാസം കഴിഞ്ഞിട്ടും ഒരു പ്രതിമ പോലും നിർമ്മിച്ചില്ല.**

14-9-2009-ൽ വെച്ച കരാർ പ്രകാരം പ്രതിമകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ പരമാവധി അനുവദിക്കാവുന്ന കാലപരിധി 10 മാസമാണ്. അതുപ്രകാരം 14-7-2010-ന് പ്രതിമകൾ നിർമ്മിച്ച് സ്ഥാപിക്കേണ്ടതാണ്. എന്നാൽ ഫയലിലെ കുറിപ്പു പരിഗണിച്ച് 2-6-2011-ന് ഓഡിറ്റു ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ കെ.ടി മുഹമ്മദിന്റെ പ്രതിമ പൂർത്തിയായിട്ടില്ലെന്നും ബാലൻ കെ. നായരുടെ പ്രതിമാ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടില്ലെന്നും ബോധ്യപ്പെടുക യുണ്ടായി.

**8) ചെയ്യാത്ത പ്രവൃത്തിക്കു നൽകിയ മുൻകൂർ തുക (2,10,000/- രൂപ ) ശിൽപി കൈവശം വെച്ചുകൊണ്ടിരിക്കുന്നു.**

ബാലൻ കെ. നായരുടെ പ്രതിമാ നിർമ്മാണത്തിനായി 22.10.2009-ന് 2,10,000/- രൂപ മുൻകൂർ നൽകിയെങ്കിലും നാളിതുവരെ പ്രവൃത്തി തുടങ്ങുകയോ മുൻകൂർ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല.

മുകളിൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അഭിപ്രായങ്ങൾ അടിയന്തിര നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

1) രണ്ടു പ്രതിമകൾ നിർമ്മിച്ചു സ്ഥാപിക്കുന്നതിനാണ് നഗരസഭ തീരുമാനമെടുത്തതും അതുപ്രകാരമാണ് ശിൽപിയുമായി കരാറിലേർപ്പെട്ടതും. ആയതിനാൽ ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ മുൻകൂർ തുക (2,10,000/- രൂപ )

Local Fund Audit Department

നിയമാനുസൃതമുള്ള പലിശ സഹിതം ശിൽപിയിൽനിന്നോ ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയ അധികാരികളിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ വരവു ചേർക്കേണ്ടതാണ്.

2) കെ.ടി. മുഹമ്മദിൻെറ പ്രതിമ പൂർത്തീകരിച്ചതിൻെറ വിവരം പരിശോധനയ്ക്കു ലഭ്യമാക്കേണ്ടതാണ്. കരാർ കാലാവധിക്കുള്ളിൽ പ്രതിമാ നിർമ്മാണം പൂർത്തിയാക്കാതിരുന്നതിനാൽ ടിയാനിൽ നിന്ന് കാലതാമസത്തിനുള്ള പലിശ ഈടാക്കേണ്ടതാണ്.

3) ആദായ നികുതി കുറവു ചെയ്യാതെ 7 ലക്ഷം രൂപ നൽകിയതിനാൽ ഈ തുകയിന്മേൽ 10% നികുതിയും തുക നൽകിയ തീയതി മുതൽ തുക അടവാക്കുന്ന തീയതി വരെയുള്ള കാലയളവിലേയ്ക്ക് നികുതിയിന്മേൽ 12% പിഴപ്പലിശയും ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കുകയും ചെയ്യേണ്ടതാണ്.

ബാലൻ കെ നായരുടെ പ്രതിമാ നിർമ്മാണത്തിനായി അനുവദിച്ച മുൻകൂർ ചെലവ് തടസ്സത്തിൽ വെയക്കുന്നു.

## 3–10) യഥാസമയം നടപടി എടുക്കാത്തതുമൂലം നഗരസഭയ്ക്ക് 1.15 കോടിരൂപയുടെ കേന്ദ്ര സഹായം നഷ്ടമായി.

കേന്ദ്ര സർക്കാരിൻെറ നഗരവികസന മന്ത്രാലയം 2009 ഫെബ്രുവരി മാസത്തിൽ രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട 20 പൈലറ്റ് സിറ്റികളിൽ സർവ്വീസ് ലെവൽ ബെഞ്ച് മാർക്ക് (Service Level Benchmark – SLB) എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. കുടിവെള്ള വിതരണം, മലിനജല നിർമ്മാർജ്ജനം, ഖരമാലിന്യ സംസ്കരണം, സ്റ്റോം വാട്ടർ ഡ്രെയിനേജ് എന്നീ മേഖലകളിൽ ഒരു മിനിമം സ്റ്റാൻഡേർഡ് രൂപപ്പെടുത്തുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. കേരളത്തിൽ നിന്നും കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരങ്ങൾ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

6–2–2009–ന് ഹൈദരബാദിൽ വെച്ച് നടന്ന ശിൽപ്പശാലയിൽ പദ്ധതിയുടെ നിർവ്വഹണത്തിനായി നഗരസഭയിൽ ഒരു കോർ കമ്മിറ്റിയും മേൽ നോട്ടം വഹിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയും രൂപീകരിക്കാൻ തീരുമാനമായി. ഈ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കോർ കമ്മിറ്റിയുടെ നേരിട്ടുള്ള ഇടപെടലുകളിലൂടെയും നിയന്ത്രണത്തിലൂടെയും മാത്രമേ നടപ്പാക്കാൻ പാടുള്ളൂ എന്ന് SLB അപ്രോച്ച് നോട്ട് തീയ്യതി 24–12–2008–ൽ വിശദീകരിക്കുന്നുണ്ട്. ശിൽപ്പശാലയുടെ തീരുമാന പ്രകാരം നഗരസഭയിൽ ഒമ്പതംഗ കോർ കമ്മിറ്റിക്ക് രൂപം നൽകി. (സെക്രട്ടറിയുടെ ഉത്തരവ് നം. സി– 38929/10 തീ 22–5–2009)

കോർ കമ്മിറ്റി രൂപീകരിച്ചെങ്കിലും അതിനു ശേഷം യഥാസമയം കമ്മിറ്റി വിളിച്ചു ചേർക്കുകയോ പദ്ധതി നിർവ്വഹണത്തിൻെറ രൂപരേഖ ആവിഷ്കരിക്കുകയോ ചെയ്തില്ല. പിന്നീട് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 2/2010–ൽ

Local Fund Audit Department

നിർദ്ദേശിച്ചതിനു ശേഷമാണ് പദ്ധതി സംബന്ധിച്ച നഗരസഭയുടെ പ്രൊപ്പോസൽ തയ്യാറാക്കിയത്. (LSGD സെക്രട്ടറിയുടെ 22-2-2011-ലെ D.O 72/PS (LSG)/2010 നമ്പർ കത്ത് കാണുക) കോർ കമ്മിറ്റി രൂപീകരിച്ച് ഒമ്പത് മാസത്തിനു ശേഷമാണ് പ്രൊപ്പോസൽ ഉണ്ടാക്കിയത്. 164 ലക്ഷം രൂപ മതിപ്പ് ചെലവ് കണക്കാക്കിയ ഈ പ്രൊപ്പോസലിലെ (Information System Imrovement Plan – ISIP) പദ്ധതികൾ ഇപ്രകാരമായിരുന്നു.

| മേഖല | ഇനീഷ്യേറ്റീവ് (എണ്ണം) | അടങ്കൽ (ലക്ഷം രൂപ) | നിർവ്വഹണ ഏജൻസി |
|---|---|---|---|
| കുടിവെള്ളം/മലിന ജല നിർമ്മാർജ്ജനം | 6 | 79 | KWA |
| ഖരമാലിന്യ സംസ്കരണം | 5 | 83 | നഗരസഭ |
| സ്റ്റോം വാട്ടർ ഡ്രെയിനേജ് | 1 | 2 | നഗരസഭ |
| **ആകെ** | **12** | **164** | |

Local Fund Audit Department

കേന്ദ്ര നഗര വികസന മന്ത്രാലയം ഈ പ്രൊപ്പോസലുകൾ അംഗീകരിക്കുകയും 30-3-2010-ലെ FN – 11025/26/2010- UCD നമ്പർ ഉത്തരവ് പ്രകാരം പദ്ധതിക്കായി 164 ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. പദ്ധതി നിർദ്ദേശം അംഗീകരിക്കുന്ന മുറയ്ക്ക് 30% തുക മുൻകൂറായി ലഭിക്കുകയും പിന്നീട് മൂന്നു മാസം കഴിഞ്ഞ് 30% രണ്ടാം ഗഡുവായും അതു കഴിഞ്ഞ് മൂന്നു മാസം കഴിഞ്ഞ് 30% മൂന്നാം ഗഡുവായും അവസാനം പ്രൊജക്ട് പൂർത്തിയാക്കിയതിനു ശേഷം 10% തുകയും ലഭിക്കും. ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കണം. ഓരോ ഗഡുവും ലഭിച്ച് മൂന്ന് മാസത്തിനകം ലഭിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ അടുത്ത ഗഡു അനുവദിക്കുകയുള്ളൂ എന്ന് ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

അനുവദിച്ച ആവശ്യത്തിനല്ലാതെ ഗ്രാൻറ് വകമാറി ചെലവഴിക്കാൻ പാടില്ല എന്നും അനുവദിച്ച ആവശ്യത്തിന് ചെലവഴിച്ചില്ലെങ്കിൽ ഗ്രാൻറ് തുക 2005-ലെ ജനറൽ ഫിനാൻഷ്യൽ റൂൾസ് പ്രകാരമുള്ള പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണെന്നും ഗ്രാൻറ് അനുവദിച്ച ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. 5-4-2010-ലെ മേൽ നമ്പർ കത്ത് പ്രകാരം ഒന്നാം ഗഡുവായി 49.20 ലക്ഷം രൂപ കോർപ്പറേഷന് ലഭിച്ചു.

എന്നാൽ 2009 മെയ് മാസത്തിൽ കോർ കമ്മിറ്റി രൂപീകരിച്ചതിനു ശേഷം ആവശ്യം നിറവേറ്റേണ്ട തുടർ പ്രവർത്തനങ്ങളൊന്നും കോർ കമ്മിറ്റി നടത്തിയിരുന്നില്ല. കേന്ദ്ര നഗരവികസന മന്ത്രാലയത്തിൽ നിന്നും എന്തെങ്കിലും കത്തുകൾ ലഭിക്കുമ്പോൾ മാത്രമേ ഈ വിഷയത്തിൽ എന്തെങ്കിലും തുടർ പ്രവർത്തനങ്ങൾ നഗരസഭയിൽ നടന്നിരുന്നുള്ളൂ എന്നാണ് ഫയലിൽ നിന്നും മനസ്സിലാകുന്നത്. ഗ്രാൻറ് അനുവദിച്ച ഉത്തരവിലെ വ്യവസ്ഥ പ്രകാരം 30-4-2010-നകം വിശദമായ കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരത്തിന്

സമർപ്പിക്കേണ്ടിയിരുന്നെങ്കിലും 14-9-2010-നാണ് ഇത് സമർപ്പിച്ചത്. (നമ്പർ സി.1-38929/09 തീ 14-9-2010) ഗ്രാൻറിൻെറ ഒന്നാം ഗഡു വിനിയോഗിക്കാനുള്ള കാലാവധി ഇതിനകം കഴിഞ്ഞിരുന്നു.

ഒന്നാം ഗഡുവിൻെറ വിനിയോഗ വിവരം നൽകാത്തതിനെ തുടർന്ന് നഗര വികസന മന്ത്രാലയത്തിൽ നിന്നും 31-8-2010-നും, 28-10-2010-നും കത്തുകൾ ലഭിച്ചിരുന്നു. (മേൽ നമ്പർ കത്ത്) ഇതു കൂടാതെ വിനിയോഗ പത്രിക ആവശ്യപ്പെട്ടുകൊണ്ട് ഫോൺ സന്ദേശങ്ങളും ലഭിച്ചിരുന്നതായി ഫയലിൽ നിന്നും മനസ്സിലാക്കാം. ഇതിനു മറുപടിയായി നൽകിയ 12.11.2010-ലെ ഇ.ജി.-12/38929/09 നമ്പർ കത്തിൽ അടങ്കൽ തുകയുടെ 48% ചെലവഴിക്കേണ്ടത് ജല അതോറിറ്റിയാണെന്നും ബാക്കിയുള്ള നഗരസഭയുടെ വിഹിതത്തിൽ നിന്നും 10/2010-ലെ തെരഞ്ഞെടുപ്പ് കാരണം പണമൊന്നും ചെലവഴിക്കാൻ സാധിച്ചിട്ടില്ല എന്നും കാണിച്ചിട്ടുണ്ട്. 48% തുക ചെലവഴിക്കാനുള്ള തുക നിർവ്വഹണ ഏജൻസിയായി ജല അതോറിറ്റിയെ വിഭാവനം ചെയ്തതല്ലാതെ, ഈ പ്രവൃത്തി അവരെ എൽപ്പിക്കാനുള്ള നടപടികളൊന്നും നഗരസഭ സ്വീകരിച്ചിരുന്നില്ല. 10/2010-ൽ തെരഞ്ഞെടുപ്പായിരുന്നെങ്കിലും 9/2010 വരെ ചെലവൊന്നും നടക്കാതിരുന്നതിൻെറ കാരണവും മറുപടിയിൽ വിശദീകരിക്കുന്നില്ല.

നിർവ്വഹണ ഏജൻസിയായി കർമ്മ പദ്ധതിയിൽ ജല അതോറിറ്റിയെ വിഭാവനം ചെയ്ത സ്ഥിതിയ്ക്ക് നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും പ്രകാരം ഈ പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്ക് ആയി മാത്രമേ നടപ്പാക്കാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ ജല അതോറിറ്റിയിൽ നിന്നും റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ആവശ്യപ്പടുകയോ തുക ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യമായ നടപടികൾ നഗരസഭ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

കർമ്മ പദ്ധതി പ്രകാരം അടങ്കൽ തുകയുടെ സിംഹഭാഗവും (52%) ചെലവഴിക്കേണ്ടത് നഗരസഭയാണ്. എന്നാൽ ഇതിനാവശ്യമായ തുടർ പ്രവർത്തനങ്ങളൊന്നും കോർ കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. 22.5.2009-ന് രൂപീകൃതമായ കമ്മിറ്റി 14.9.2010-നാണ് കർമ്മ പദ്ധതി തയ്യാറാക്കിയത്. അതും കഴിഞ്ഞ് 20.12.2010-നാണ് ഈ പദ്ധതിയിലെ ഏക ചെലവ് നടക്കുന്നത്.

## <u>ചെലവിനു വേണ്ടി നടത്തിയ ചെലവ്.</u>

അംഗീകരിച്ച കർമ്മ പദ്ധതി പ്രകാരം ഖരമാലിന്യ സംസ്കരണത്തിൽ അഞ്ച് (5) ഇനീഷ്യേറ്റീവുകളിലായി 83 ലക്ഷം രൂപ ചെലവഴിക്കാനായിരുന്നു വിഭാവനം ചെയ്തത്. ഇതിൽ അഞ്ചാമത്തെ ഇനീഷ്യേറ്റീവായിരുന്നു " ഖരമാലിന്യ സംസ്കരണം മോണിട്ടർ ചെയ്യാൻ സമഗ്രമായ സോഫ്റ്റ്വെയർ" എന്ന പദ്ധതി. ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നഗരസഭ നൽകുന്ന സേവനങ്ങൾ മോണിട്ടർ ചെയ്യാൻ സമഗ്രമായ ഒരു സോഫ്റ്റ്വെയർ രൂപ കൽപ്പന ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക, ആവശ്യമായ

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുക, ഈ ആവശ്യത്തിന് പരിശീലനം നൽകുക എന്നിവയായിരുന്നു ഈ ഇനീഷ്യേറ്റീവിൽ ഉദ്ദേശിച്ച പ്രവർത്തനങ്ങൾ. എന്നാൽ ഇതിൽ സോഫ്റ്റ്‌വെയർ ഡിസൈനിംഗ്, പരിശീലനം എന്നീ പ്രവർത്തനങ്ങളൊന്നും നടത്താതെ 24 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുക എന്ന പ്രവർത്തനം മാത്രം നടത്തിയത് ഏത് വിധേനയും സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് കുറച്ച് പണം ചെലവ് കാണിക്കാനായിരുന്നു.

നഗരസഭയ്ക്ക് 23 ഹെൽത്ത് സർക്കിളുകൾ ഉള്ളതിനാൽ അവർക്കായി 23 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും എഞ്ചിനീയറിംഗ് വിംഗിലേയ്ക്ക് ഒരു ലാപ്പ് ടോപ്പ് കമ്പ്യൂട്ടറുമാണ് വാങ്ങിയത്. സോഫ്റ്റ്‌വെയർ ഡിസൈൻ ചെയ്യാതെ കമ്പ്യൂട്ടർ വാങ്ങിയതിനാൽ ഹെൽത്ത് സർക്കിളുകൾക്ക് കമ്പ്യൂട്ടർ കൊണ്ട് ഉദ്ദേശിച്ച പ്രയോജനം ലഭിക്കുന്നില്ല. കമ്പ്യൂട്ടറുകൾ വാങ്ങി ആറുമാസം കഴിഞ്ഞിട്ടും 11 ഹെൽത്ത് സർക്കിളുകൾ മാത്രമേ കമ്പ്യൂട്ടറുകൾ ഏറ്റുവാങ്ങിയിട്ടുള്ളൂ. കർമ്മ പദ്ധതിയിൽ ഉദ്ദേശിച്ച പ്രകാരം സമഗ്രമായ സോഫ്റ്റ്‌വെയർ രൂപ കൽപ്പന ചെയ്യൽ, പരിശീലനം എന്നീ ഘട്ടങ്ങൾ കഴിഞ്ഞാണ് കമ്പ്യൂട്ടറുകൾ വാങ്ങിയിരുന്നതെങ്കിൽ അവ ഉപയോഗിക്കപ്പെടാതെ കിടക്കുമായിരുന്നില്ല. പ്രൊജക്ടിൽ വിഭാവനം ചെയ്ത ആവശ്യത്തിന് ഉപയുക്തമല്ലാത്ത രീതിയിൽ ചെലവ് നടത്തിയതിനാൽ കമ്പ്യൂട്ടർ വാങ്ങാൻ 9.46 ലക്ഷം രൂപ ചെലഴിച്ചതും ഗ്രാൻറിൻെറ വകമാറി ചെലവഴിക്കൽ ആയി കണക്കാക്കേണ്ടിയിരിക്കുന്നു.

പ്രൊജക്ട് പൂർത്തിയാക്കേണ്ട കാലാവധി അവസാനിച്ചിട്ടും പദ്ധതി പൂർത്തിയാക്കാത്തതിനാൽ ഗ്രാൻറ് സാംഗ്ഷൻ ഓർഡറിലെ വ്യവസ്ഥ പ്രകാരം പ്രൊജക്ട് അവസാനിപ്പിക്കുകയും ഒന്നാം ഗഡു ലഭിച്ച 49.20 ലക്ഷം പലിശ സഹിതം തിരിച്ചടയ്ക്കാൻ നഗരവികസന മന്ത്രാലയം 25.4.2011-ലെ 11025/26/2010 UCD പ്രകാരം ആവശ്യപ്പെട്ടിരിക്കുകയാണ്. (ഈ കത്ത് ഫയലിൽ വെച്ചിട്ടില്ല. എന്നാൽ ഇപ്രകാരം ഒരു കത്ത് കിട്ടിയ വിവരം ഫയലിൽ കാണിച്ചിട്ടുണ്ട്. നൽകിയ മറുപടിയുടെ പകർപ്പും ഉണ്ട്.) ഇതിന് നൽകിയ മറുപടിയിൽ (12.5.2011-ലെ ഇ.ജി-12/38929/09) RFID കോളർ സ്ഥാപിക്കൽ, വെയ് ബ്രിഡ്ജുകൾ സ്ഥാപിക്കൽ എന്നിവ അവസാന ഘട്ടത്തിലാണെന്നും മറ്റു പ്രവർത്തനങ്ങൾ 10/2010-ലേയും 4/2011-ലേയും പൊതു തിരഞ്ഞെടുപ്പുകൾ കാരണമാണ് തടസ്സപ്പെട്ടതെന്നും പറയുന്നു. അതിനാൽ ആദ്യഗഡു തിരിച്ചടക്കുന്നതിൽ നിന്ന് ഒഴിവാക്കുകയും സമയ പരിധി നീട്ടിത്തരികയും ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

നഗരസഭാ അധികൃതരുടെയും കോർ കമ്മിറ്റി അംഗങ്ങളുടേയും ഭാഗത്തു നിന്നുണ്ടായ ഉദാസീനമായ സമീപനം കാരണം നഗരസഭയ്ക്ക് 114.80 ലക്ഷം രൂപയുടെ (164-49.20 =114.80) കേന്ദ്ര ധനസഹായം നഷ്ടമായിരിക്കുകയാണ്. 22.5.2009-ന്

Local Fund Audit Department

രൂപീകൃതമായ കോർ കമ്മിറ്റിയ്ക്ക് രണ്ട് വർഷത്തോളം ലഭിച്ചിട്ടും പദ്ധതി നടപ്പാക്കാൻ ആത്മാർത്ഥമായ യാതൊരു പരിശ്രമവും നടത്തിയിട്ടില്ല. ലഭിച്ച ഒന്നാം ഗഡു പലിശ സഹിതം തിരിച്ചടയ്ക്കേണ്ടി വരികയാണെങ്കിൽ അത് നഗരസഭയ്ക്ക് അധികമായി സാമ്പത്തിക ബാധ്യത സൃഷ്ടിക്കുകയും ചെയ്യും കൂടാതെ പ്രൊജക്ട് ഒഴിവാക്കിയതിനാൽ തിരുവനന്തപുരത്തും സംസ്ഥാനത്തിന് പുറത്തും വെച്ച് നടന്ന ശിൽപശാലകളിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്ക് വിമാന യാത്രാക്കൂലിയടക്കം നൽകിയ ടി.എ– ഡി.എ എന്നിവയും ഫലത്തിൽ പാഴ്ചെലവായി മാറുകയാണ്. ഇക്കാര്യം ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു. പദ്ധതി ആസൂത്രണത്തിലേയും നടത്തിപ്പിലേയും വീഴ്ചകൾക്ക് വിശദീകരണം ആവശ്യമാണ്.

## 3–11) 'വിശപ്പു രഹിത നഗരം' പദ്ധതി – യഥാസമയം നടപടികളെടുത്തില്ല – ഒരു കോടി രൂപയുടെ ധനസഹായം നഷ്ടപ്പെടുത്തി – പദ്ധതി നടത്തിപ്പ്അനിശ്ചിതത്വം തുടരുന്നു.

കോഴിക്കോട് നഗരത്തെ വിശപ്പു രഹിത നഗരമാക്കി മാറ്റാനുദ്ദേശിച്ചു കൊണ്ട് സർക്കാർ നടപ്പിലാക്കിത്തുടങ്ങിയ പദ്ധതിയാണ് 'വിശപ്പു രഹിത നഗരം' പദ്ധതി. 26.1.2009 മുതൽ മെഡിക്കൽ കോളേജിലെത്തുന്ന രോഗികളും കൂടെ നിൽക്കുന്ന വരുമുൾപ്പെടെ ശരാശരി 3000 പേർക്ക് സൗജന്യമായി ഭക്ഷണം നൽകി വന്നിരുന്നു. കേറ്ററിംഗ് കോൺട്രാക്ടർമാർ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്. സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള സോഷ്യൽ സെക്യൂരിറ്റി മിഷനായിരുന്നു ഇതിൻെറ നിർവ്വഹണ ചുമതല. പദ്ധതിയുടെ മെച്ചപ്പെട്ട നടത്തിപ്പിനുവേണ്ടി KSSM–ൻെറ ഫണ്ടിൽ നിന്ന് 65.41 ലക്ഷം രൂപ ചെലവിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ അടുക്കള, ഡൈനിംഗ് ഹാൾ എന്നിവയും നിർമ്മിച്ചു.

ഈ പദ്ധതിയുടെ തുടർ നടത്തിപ്പ്, വിപുലീകരണം എന്നിവ കോഴിക്കോട് കോർപ്പറേഷന് ഏൽപ്പിച്ചു കൊടുക്കുന്നതു സംബന്ധിച്ച് 6.11.09–ന് ബഹു. ധനകാര്യ മന്ത്രിയുടെ ചേംബറിൽ ചർച്ച നടന്നു. ബഹു. ആരോഗ്യ മന്ത്രി, തഭ.വ. മന്ത്രി, കോഴിക്കോട് നഗരസഭാ മേയർ, ആരോഗ്യ– തഭവ സെക്രട്ടറിമാർ, KSSM എക്സി. ഡയറക്ടർ എന്നിവർ ഈ യോഗത്തിൽ പങ്കെടുത്തു. നഗരസഭ ഈ പദ്ധതി ഏറ്റെടുത്തു നടത്തുന്നതിനും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് യോഗത്തിൽ തീരുമാനമുണ്ടായി. അവ താഴെ കൊടുക്കുന്നു.

1 പദ്ധതിയുടെ നടത്തിപ്പിനായി മേയറുടെ അധ്യക്ഷതയിൽ ഒരു സൊസൈറ്റി രൂപീകരിക്കുക.

2. KSSM പണി കഴിപ്പിച്ച ആധുനിക അടുക്കള കോർപ്പറേഷന് കൈമാറുക.

3. കോർപ്പറേഷൻ 20 കുടുംബശ്രീ അംഗങ്ങളെ തിരഞ്ഞെടുത്ത് അടുക്കളയിലും ഭക്ഷണശാലയിലും ജോലിചെയ്യാൻ ഏർപ്പാടു ചെയ്യുക.

4. കുടുംബശ്രീ അംഗങ്ങൾക്കാവശ്യമായ പരിശീലനം Indian Institute of Hospitality Management –ലൂടെ KSSM ലഭ്യമാക്കുക.

5 അടുക്കള, റെസ്റ്റോറൻറ് എന്നിവയുടെ മാനേജ്മെൻറ് ' നന്ദി' എന്ന 'NGO' വിനെ ഏൽപ്പിക്കുക.

6 ബീച്ച് ഹോസ്പിറ്റൽ, ജെ.ഡി.റ്റി ഓർഫനേജ് എന്നിവിടങ്ങളിൽ കൂടി ബേസ് കിച്ചൺ സ്ഥാപിക്കുക.

7 ആദ്യത്തെ ഒരു വർഷത്തെ ചെലവ് സർക്കാർ വഹിക്കും തുടർന്നുള്ള ചെലവിനു വേണ്ട ഫണ്ട് നഗരസഭ സ്വരൂപിക്കുക.

മേൽ തീരുമാനങ്ങൾക്കു വിധേയമായി ജി.ഒ(ആർ.ടി) നം. 588/2009/എസ്. ഡബ്ല്യൂ.ഡി തീ. 16.12.2009 ഉത്തരവു പ്രകാരം നിലവിലുള്ള വിശപ്പു രഹിത നഗരം പദ്ധതി നിർത്തൽ ചെയ്യുകയും തുടർ നടത്തിപ്പ് നഗരസഭക്കു കൈമാറുകയും ചെയ്തു.

സർക്കാർ ഉത്തരവിൻെറയും സർക്കാർ വിളിച്ചു ചേർത്ത യോഗതീരുമാനത്തിൻെറയും അടിസ്ഥാനത്തിൽ നഗരസഭ ഒരു സൊസൈറ്റി രൂപീകരിക്കുകയും അടുക്കളയും അനുബന്ധ സാമഗ്രികളും നഗരസഭക്കു കൈമാറുകയും ചെയ്തു. നഗരസഭാധ്യക്ഷൻ ചെയർ പേഴ്സണും നഗരസഭാ സെക്രട്ടറി, സെക്രട്ടറി കം ട്രഷററുമായി രൂപീകരിക്കപ്പെട്ട സൊസൈറ്റി 20.1.2010–ന് രജിസ്റ്റർ ചെയ്യപ്പെട്ടു. 13 അംഗ എക്സി . കമ്മിറ്റിയും 46 അംഗ കൗൺസിലുമാണ് ഈ സൊസൈറ്റിയിലുള്ളത്. സൊസൈറ്റിയുടെ ബൈലോ പ്രകാരം എക്സി. കമ്മിറ്റി മാസത്തിലൊരിക്കലും ജനറൽ ബോഡി മൂന്നുമാസത്തിലൊരിക്കലും യോഗം ചേരുകയും പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുകയും ചെയ്യേണ്ടതാണ്.

28.1.2010–ന് ആധുനിക അടുക്കളയും സാധന സാമഗ്രികളും ഹെൽത്ത് സൂപ്പർവൈസർ ഏറ്റെടുത്ത് 16–ാം സർക്കിൾ ഇൻസ്പെക്ടർക്കു കൈമാറി. 1.2.2010 മുതൽ ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഉത്തരവാദിത്വം 16–ാം സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർക്കാണെന്ന് ഈ കൈമാറ്റ ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നു.

KSSM എക്സിക്യൂട്ടീവ് ഡയറക്ടർ 16.12.2009–ന് അയച്ച കത്തിൽ പുതിയ കിച്ചണിൽ ഭക്ഷണം പാകം ചെയ്ത് രോഗികൾക്കും കൂടെ നിൽക്കുന്നവർക്കും നൽകികൊണ്ട് 29.12.2009–ന് പുതിയ കിച്ചൺ ആരോഗ്യ മന്ത്രി ഉദ്ഘാടനം ചെയ്യുമെന്നും

Local Fund Audit Department

30.12.2009–നു ശേഷം ഭക്ഷണ വിതരണം കോർപ്പറേഷൻ നടത്തണമെന്ന് അറിയിച്ചു. 24.12.2009–ന് ആരോഗ്യമന്ത്രിക്കയച്ച കത്തിൽ 1.2.2010 മുതൽ മാത്രമേ ഭക്ഷണ വിതരണം നഗരസഭക്ക് ഏറ്റെടുത്തു നടത്താനാവുകയുള്ളൂവെന്ന് നഗരസഭ അറിയിച്ചു.

ബഹുമാനപ്പെട്ട മന്ത്രിമാർ, മേയർ KSSM എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ പങ്കെടുത്ത യോഗത്തിലെ തീരുമാനപ്രകാരം കരാറുകാരൻ മുഖേന ഭക്ഷണ വിതരണം നിർത്തൽ ചെയ്ത് പരിശീലനം നൽകപ്പെട്ട കുടുംബശ്രീ അംഗങ്ങളുടെയും മാനേജ്മെൻറിനായി 'നന്ദി' എന്ന സംഘടനയുടെയും സേവനം പ്രയോജനപ്പെടുത്തി പുതുതായി നിർമ്മിച്ച അടുക്കളയിൽ ഭക്ഷണം പാകം ചെയ്ത് രോഗികൾക്കും കൂടെ നിൽക്കുന്നവർക്കും നൽകുകയാണു ചെയ്യേണ്ടത്. എന്നാൽ ഇതിനാവശ്യമായ ഒരുക്കങ്ങളൊന്നും നടത്തിയതായി കാണുന്നില്ല. 17–2–2010–ലെ 'പ്രദീപം' എന്ന ദിനപത്രത്തിൽ പരസ്യം ചെയ്ത് ടെണ്ടർ ക്ഷണിച്ച് ശ്രീ. ടി.എം. കോയ എന്ന കരാറുകാരൻ സമർപ്പിച്ച 8.50 രൂപ നിരക്കിൽ ഭക്ഷണം വിതരണം ചെയ്യുവാൻ ടിയാന് കരാർ നൽകി. 18–3–2010–ൽ വാങ്ങിയ മുദ്രപത്രത്തിൽ 1.2.2010 മുതൽ മുൻകാല പ്രാബല്യത്തോടെ കരാർ വെച്ചു. കരാർ പ്രകാരം ശ്രീ. കോയയുടെ കാലാവധി മാർച്ച് 31 (2010) വരെയോ പദ്ധതി 'കുടുംബശ്രീ' യെ ഏൽപ്പിക്കുന്നതുവരെയോ ആയിരുന്നു. എന്നാൽ ഇതുവരെയും ആധുനിക സൗകര്യങ്ങളോടു കൂടിയ അടുക്കള പ്രയോജനപ്പെടുത്തിയിട്ടില്ല. ഉപയോഗപ്പെടുത്താത്തതു മൂലം അടുക്കളയിൽ സജ്ജീകരിച്ചിരിക്കുന്ന ഉപകരണങ്ങൾ ഉപയോഗ ശൂന്യമായി മാറാനുള്ള സാധ്യതയും ഉണ്ട്. അടുക്കളയും ഡൈനിംഗ് ഹാളും നിർമ്മിച്ചുവെങ്കിലും ഇവ പ്രയോജനപ്പെടുത്തുവാൻ ആവശ്യമായ വൈദ്യുതി, ഗ്യാസ്, വാട്ടർ എന്നിവയുടെ കണക്ഷൻ നാളിതുവരെ ലഭിച്ചിട്ടില്ല. ഇവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് മെഡിക്കൽ കോളേജ് സൂപ്രണ്ട്, KSSM എക്സി. ഡയറക്ടർ എന്നിവർ പലപ്രാവശ്യം കത്തു നൽകിയതായി കാണുന്നുവെങ്കിലും നാളിതുവരെ നടപടിയുണ്ടായിട്ടില്ല.

കുടുംബശ്രീ അംഗങ്ങൾക്ക് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ് മുഖേന KSSM പരിശീലനം നൽകുന്നതാണെന്നും ആയതിനാൽ 20 കുടുംബശ്രീ അംഗങ്ങളെ തെരഞ്ഞെടുത്ത് പരിശീലനത്തിനയക്കാൻ KSSM ആവശ്യപ്പെട്ടിരുന്നുവെങ്കിലും നഗരസഭ/ സൊസൈറ്റി അപ്രകാരം ചെയ്തതായി കാണുന്നില്ല. (എന്നാൽ ഏറ്റവും ഒടുവിലായി KSSM സമർപ്പിച്ച project–ൽ നിന്ന് KSSM 11 കുടുംബശ്രീ പ്രവർത്തകർക്ക് പരിശീലനം നൽകിയതായി സൂചിപ്പിക്കുന്നു.)

മുകളിൽ സൂചിപ്പിച്ചതു പ്രകാരം ' വിശപ്പു രഹിത നഗരം പദ്ധതി' ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ നഗരസഭ നടപടിയെടുത്തില്ല. ഇത് കാരണം 2009–10 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്ന ഒരു കോടി രൂപയുടെ ധനസഹായം നഷ്ടമായി. 31.3.2010–ലെ 26624/ബജറ്റ് വിംഗ് എച്ച് 1/10/ധന

Local Fund Audit Department

തീ. 31.3.2010 നമ്പർ കത്തിൽ “ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും തുടർ നടപടി യഥാസമയത്ത് എടുക്കാത്തതു നിമിത്തം ടി തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം അറിയിക്കുന്നു”. എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഈ പദ്ധതി നടത്തിപ്പിനായി പണി കഴിപ്പിച്ച അടുക്കള പ്രവർത്തിപ്പിക്കാത്തതിനാൽ കരാറുകാരന് കാലാവധി നീട്ടിക്കൊടുത്തു കൊണ്ടിരിക്കുന്നു. കരാറുകാരൻെറ ഭക്ഷണ വിതരണം സംബന്ധിച്ച് നിരവധി പരാതികൾ അശുപത്രി സൂപ്രണ്ട് സെക്രട്ടറിക്ക് റിപ്പോർട്ടു ചെയ്തുവെങ്കിലും നടപടികൾ ഉണ്ടായതായും കാണുന്നില്ല.

ജി.ഒ (ആർ.ടി) 588/2009/ എസ്. ഡബ്ല്യൂ.ഡി / തീ. 6.12.09 പ്രകാരം നഗരസഭക്കു കൈമാറിയ പദ്ധതി നടത്തിപ്പിൽ പുരോഗതി കാണാതിരുന്നതിനാൽ ജി.ഒ.(ആർ.ടി) നം. 399/2010/ എസ്. ഡബ്ല്യൂ.ഡി തീ. 15.9.2010 നമ്പർ ഉത്തരവു പ്രകാരം പദ്ധതി നടത്തിപ്പിന് അനുയോജ്യമായ ഏജൻസിയെ കണ്ടെത്താനും നഗരസഭക്ക്/ സൊസൈറ്റിക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകാൻ KSSM ഉം നഗരസഭയും തമ്മിൽ ഇതു സംബന്ധിച്ച് കരാറിലേർപ്പെടുവാനും നിർദ്ദേശിച്ചു. ഇപ്രകാരം ഒരു കരാർ ഒപ്പിട്ടതിൻെറ അടിസ്ഥാനത്തിൽ KSSM ഒരു പ്രൊജക്ട് തയ്യാറാക്കി സർക്കാരിനു സമർപ്പിച്ചു. ഇപ്രകാരം സമർപ്പിച്ച പ്രൊജക്ട്ടു പ്രകാരം പദ്ധതി നടപ്പിലാക്കുവാൻ ജി.ഒ.(ആർ.ടി) നം. 470/2010/ എസ്. ഡബ്ല്യൂ.ഡി തീ. 4.11.2010 നമ്പർ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകി.

അംഗീകരിച്ച പ്രോജക്ട് അനുസരിച്ച് ഇതിൻെറ നടത്തിപ്പിന് ഒരു വർഷക്കാലത്തേയ്ക്ക് KSSM സാങ്കേതിക സഹായം നൽകും. ഈ കാലയളവിലെ സാമ്പത്തിക ബാധ്യതയും KSSM വഹിക്കും. മെഡിക്കൽ കോളേജ് ആശുപത്രിയിലെ 1500 രോഗികൾ , കൂടെ നിൽക്കുന്നവർ, മറ്റുള്ളവർ എന്നിവരുൾപ്പെടെ ശരാശരി 5000 പേർക്ക് ഭക്ഷണം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഉച്ച ഭക്ഷണത്തിൻെറ ചാർജ്ജ് 12/– രൂപയായി നിജപ്പെടുത്തുകയും രോഗികൾ ഒഴികെയുള്ളവരിൽ നിന്ന് രണ്ടു രൂപ ഈടാക്കാനുദ്ദേശിച്ചുള്ളതുമാണ് പ്രൊജക്ട്. KSSM പരിശീലനം നൽകിയ 11 കുടുംബശ്രീ പ്രവർത്തകരുടെ സേവനവും ആധുനിക അടുക്കള, ഡൈനിംഗ് ഹാൾ എന്നിവയുടെ സൗകര്യങ്ങളും പ്രയോജനപ്പെടുത്തിയാണ് ഈ പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

മുകളിൽ സൂചിപ്പിച്ച പ്രകാരം പ്രൊജക്ട് നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകുകയും കരാറുകാരൻ മുഖേന നഗരസഭ നടത്തുന്ന ഭക്ഷണ വിതരണം അവസാനിപ്പിക്കാൻ പ്രൊജക്ട് നിർദ്ദേശിക്കുകയും ചെയ്യുന്നുവെങ്കിലും പ്രൊജക്ട് നടത്തിപ്പിനു മേൽ നോട്ടം വഹിക്കുവാൻ രൂപീകരിക്കപ്പെട്ട സൊസൈറ്റി യോഗം

Local Fund Audit Department

ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തിയായ അടുക്കളയും അനുബന്ധ സൗകര്യങ്ങളും പ്രവർത്തനക്ഷമമാക്കുവാൻ ആവശ്യമായ വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ, ഗ്യാസ് കണക്ഷൻ എന്നിവയൊന്നും ലഭ്യമാക്കാൻ നടപടിയെടുത്തിട്ടില്ല. ആയതിനാൽ വളരെയേറെ പാവപ്പെട്ട രോഗികൾക്കും സാധാരണ ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് അനിശ്ചിതത്വത്തിലാണ്. 'വിശപ്പു രഹിതനഗരം' പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി കേറ്ററിംഗ് കരാറുകാരൻ മുഖേന ഭക്ഷണ വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. തനതു ഫണ്ടിനുള്ള ബാധ്യതയും ഇതു മൂലം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ ഈ പദ്ധതി നടത്തിപ്പു സംബന്ധിച്ച് ഗൗരവപൂർണ്ണമായ നടപടികൾ ആവശ്യമാണ്.

ഈ പദ്ധതിയുടെ ഭാഗമായി ബീച്ച് ആശുപത്രിയിലും ജെ.ഡി.റ്റി ഓർഫനേജിലും സ്ഥാപിക്കാനുദ്ദേശിച്ച ബേസ് കിച്ചൺ നിർമ്മാണവും തുടങ്ങിയിട്ടില്ല എന്ന വിവരവും ശ്രദ്ധയിൽകൊണ്ടുവരുന്നു.

### 3-12) കൺസൽട്ടൻസി ഫീസ് തുക മുഴുവനും മുൻകൂറായി നൽകി; സമയ പരിധി കഴിഞ്ഞിട്ടും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**ഫയൽ നമ്പർ** : **ഇ.ജി. 12/12716/10**

**വൗച്ചർ നമ്പർ** : **4705/12-10/28-12-2010 : 1,80,000 രൂപ.**

നഗരസഭയുടെ പരിധിക്കുള്ളിൽ ലോറികൾ പാർക്ക് ചെയ്യാൻ B.O.O (Built Own and Operate) അടിസ്ഥാനത്തിൽ പാർക്കിംഗ് കേന്ദ്രം നിർമ്മിക്കുന്നതിനായി 11-2-2010-ലെ രണ്ടാം നമ്പർ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാന പ്രകാരം പുതിയാപ്പ മുതൽ കല്ലായി വരെ റെയിൽവേ ലൈനിന് പടിഞ്ഞാറ് വശം 2 ഏക്കറിൽ ഭൂമി കൈവശമുള്ളവരിൽ നിന്നും താൽപര്യ പത്രം ക്ഷണിക്കാൻ തീരുമാനിച്ചു. 23-2-2010-ലെ 55-ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ ഇത് റെയിലിന് കിഴക്കും പടിഞ്ഞാറും എന്ന ഭേദഗതിയോടെ അംഗീകരിക്കുകയും പി.ഡി..എ (Project Development Agency) യായി ICICI- KINFRA (I-KIN) -യെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. Expression Of Interest ക്ഷണിച്ചുകൊണ്ട് പത്ര പരസ്യം നൽകിയതനുസരിച്ച് ശ്രീ. പി.എൻ. ബിജു, തൈക്കാട് സിദ്ധിഖ് എന്നീ രണ്ടു പേരുടെ താൽപര്യപത്രങ്ങൾ ലഭിച്ചു. സ്ഥലം പരിശോധിച്ച് അനുയോജ്യതാ സാക്ഷ്യപത്രം (Suitability Certificate) നൽകാൻ എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയതനുസരിച്ച് എഞ്ചിനീയർമാർ 24-6-2010, 25-6-2010 തീയതികളിൽ സ്ഥലം പരിശോധിച്ച് ശ്രീ സിദ്ധിഖിൻെറ സ്ഥലം പ്രൊജക്ടിന് അനുയോജ്യമാണെന്ന് കാണുകയും ചെയ്തു.

Local Fund Audit Department

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനുളള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ (ജി.ഒ (എം.എസ്) 298/2004/ത.സ്വ.ഭ.വ തീയതി 13–10–2004) പ്രകാരം Project Development Agency ആയി ഐ.സി.ഐ.സി.ഐ– കിൻഫ്ര (ഐ–കിൻ) യെ നിയമിച്ചിട്ടുണ്ട്. അതനുസരിച്ച് കൺസെഷൻ റിപ്പോർട്ട് സമർപ്പിക്കാൻ ഐ–കിന്നിനെ നിയമിക്കുകയും കൺസൽട്ടൻസി ഫീസായ രണ്ട് ലക്ഷം രൂപ മേൽ കാണിച്ച വൗച്ചർ പ്രകാരം മുൻകൂറായി നൽകുകയും ചെയ്തു. (ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 8–9–2010–ലെ നം. 73, ഭരണ സമിതിയുടെ 18–1–2011–ലെ നം. 48 തീരുമാനങ്ങൾ) അതിനു ശേഷം നാളിതുവരെ റിപ്പോർട്ട് സമർപ്പിക്കുകയോ ലേലം (Bidding) നടത്തുകയോ ചെയ്തതായി കാണുന്നില്ല. പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സർക്കാർ ഉത്തരവ് ഖണ്ഡിക 7.3 പ്രകാരം ആകെ കൺസൽട്ടൻസി ഫീസിൻെറ 15% മാത്രമേ മുൻകൂറായി നൽകാവൂ. ഇതിന് വിരുദ്ധമായി കരാറിൽ ഏർപ്പെടുകയും മുഴുവൻ ഫീസ് തുകയും മുൻകൂറായി നൽകുകയും ചെയ്തു.
2) ഏറ്റെടുത്ത ജോലി മൂന്ന് മാസത്തിനകം പൂർത്തിയാകുമെന്ന് ICICI– KINFRA സമ്മതിച്ചിരുന്നു. (" Based on the consultant's experience in similar assignments, it is estimated that the project would be completed in 3 months time and poised for bidding" ) എന്നാൽ എട്ടു മാസമായിട്ടും നാളിതുവരെ കൺസഷൻ റിപ്പോർട്ട് സമർപ്പിക്കുകയോ ലേലം(Bidding) നടക്കുകയോ ചെയ്തിട്ടില്ല.
3) സിദ്ധിഖിൻെറ സ്ഥലത്ത് പ്രൊജക്ട് നടപ്പാക്കാൻ കൗൺസിൽ തീരുമാനിക്കുകയോ ടിയാനെ വിവരം അറിയിക്കുകയോ ചെയ്തതായി കാണുന്നില്ല. പ്രൊജക്ട് നടപ്പാക്കുന്ന സ്ഥലത്തിൻെറ കാര്യത്തിൽ തീരുമാനമാകാതെ പ്രൊജക്ടിൻെറ Viability Assessment നടത്താൻ പി.ഡി.എ യ്ക്ക് പണം നൽകിയതിൻെറ ഔചിത്യം വിശദീകരിക്കേണ്ടതാണ്.
4) സിദ്ധിഖിൻെറ ഉടമസ്ഥതയിലുള്ള സ്ഥലം പ്രൊജക്ടിന് അനുയോജ്യമാണെന്നും Suitability Certificate നൽകാവുന്നതാണെന്നും 6–7–2010 തീയതി വെച്ച് എക്സി. എഞ്ചിനീയർ – II ഫയലിൽ കുറിപ്പെഴുതിയിട്ടുണ്ടെങ്കിലും സർട്ടിഫിക്കറ്റ് ഫയലിൽ കാണുന്നില്ല.
5) പി.ഡി.എ–യെ നിശ്ചയിച്ച് കൗൺസിൽ തീരുമാനം എടുത്ത് കഴിഞ്ഞാൽ PDA സ്വന്തം നിലയ്ക്ക് പ്രാഥമികമായ സൈറ്റ് പരിശോധന നടത്തണമെന്നും പിന്നീട് പ്രൊജക്ട് ഡവലപ്പ്മെൻറിനു വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻെറ പ്രതിനിധികളുമൊത്ത് സംയുക്ത പരിശോധന നടത്തണമെന്നും സർക്കാർ ഉത്തരവിൽ (ഖണ്ഡിക 2–1–4) നിഷ്കർഷിക്കുന്നു. എന്നാൽ റിപ്പോർട്ട് സമർപ്പിക്കേണ്ട സമയം കഴിഞ്ഞ് അഞ്ചു മാസമായിട്ടും സൈറ്റ് പരിശോധന നടന്നിട്ടില്ല.

Local Fund Audit Department

6) B.O.O മാതൃകയിൽ പ്രൊജക്ട് നടപ്പാക്കാനാണ് കൗൺസിൽ നിശ്ചയിച്ചതും പത്ര പരസ്യം നൽകിയതും (1–5–2010–ലെ മാതൃഭൂമി ദിനപത്രം കാണുക) എന്നാൽ ICICI– KINFRA–യുമായി ഒപ്പുവെച്ച കരാറിൽ B.O.T മാതൃകയിലാണ് പ്രൊജക്ട് നടപ്പാക്കുന്നത് എന്ന് പറയുന്നു. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ പദ്ധതി നിർവ്വഹണം നടത്തുന്നതിൻെറ വിവിധ മാർഗ്ഗങ്ങളിൽ ഉൾപ്പെട്ടതാണ് BOT–ഉം B.O.O–ഉം എന്നാൽ ഇവ രണ്ടും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ട്. BOT–ൽ ആസ്തിയുടെ ഉടമസ്ഥവകാശം അവസാനം നഗരസഭയ്ക്ക് ലഭിക്കുമ്പോൾ B.O.O–വിൽ ഇത്തരം ഒരു കൈമാറ്റം ഒരിക്കലും നടക്കുന്നില്ല. പദ്ധതി നിർവ്വഹണത്തിൽ അടിസ്ഥാനപരമായ ഇത്തരമൊരു അപാകത സംഭവിച്ചിട്ടും അത് നാളിതുവരെ പരിശോധിക്കുകയോ പരിഹരിക്കുകയോ ചെയ്തിട്ടില്ല. കരാർ ഉടമ്പടിയിൽ B.O.T മാതൃകയാണ് പരാമർശിക്കുന്നത് എന്നതിനാൽ B.O.T മാതൃകയിൽ പദ്ധതി നടപ്പാക്കാനുള്ള കൺസെഷൻ റിപ്പോർട്ടായിരിക്കും ഐ–കിൻ തയ്യാറാക്കുക. എന്നാൽ പത്രപരസ്യത്തിൽ ഇക്കാര്യം വ്യക്തമാക്കാത്തതിനാൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥലത്തിൻെറ ഉടമസ്ഥൻ ഇതിന് തയ്യാറാകാൻ സാധ്യതയില്ല. അടിസ്ഥാനപരമായ ഈ അപാകത ഓഡിറ്റ് സമയത്ത് ചൂണ്ടിക്കാട്ടിയിട്ടും നഗരസഭ എന്തെങ്കിലും നടപടി സ്വീകരിച്ചതായി കാണുന്നില്ല.

7) കൺസൽട്ടൻസി ഫീസ് നൽകിയതിൻെറ രശീതിയിൽ ' ശരത് ചന്ദ്രൻ, മാനേജിംഗ് ഡയറക്ടർ & സി.ഇ.ഒ' എന്ന് എഴുതി റവന്യൂ സ്റ്റാമ്പ് പതിച്ച് ഒപ്പ് വെച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റിയ തുക, തീയതി എന്നിവ രശീതിയിൽ രേഖപ്പെടു ത്തിയിട്ടില്ല.

8) ICICI–KINFRA നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നഗരസഭ നൽകിയ കത്തിന് (26–7–2011–ലെ ഇ.ജി –12/12716/10) മറുപടി ലഭിച്ചതായി കാണുന്നില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (ഒ.എസ്. നമ്പർ 34/10–11 തീയ്യതി 3–10–2011) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിലെ ചെലവ് (1,80,000 രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും കരാർ ലംഘനത്തിന് I–KIN ൻെറ പേരിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

Local Fund Audit Department

## 3–13) സിറ്റി ഡവലപ്പ്മെൻറ് പ്ളാൻ തയ്യാറാക്കൽ കൺസൽട്ടൻസി നിയമനത്തിലെ അപാകതകൾ

ഫയൽ നം. ഇ.ജി. 12/54308/09

ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻെറ (JNNURM) രണ്ടാം ഘട്ട വികസന പദ്ധതിയിൽ കോഴിക്കോട് കോർപ്പറേഷനേയും അനുബന്ധ പ്രദേശങ്ങളേയും കൂടി ഉൾപ്പെടുത്തുന്നതിൻെറ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ഇതിനായി ഒരു സിറ്റി ഡവലപ്പ്മെൻറ് പ്ളാൻ (CDP) തയ്യാറാക്കേണ്ടതുണ്ടെന്നും അറിയിച്ചുകൊണ്ടുള്ള തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ 17–7–2009–ലെ അർദ്ധ ഔദ്യോഗിക കത്താണ് ഫയലിന് തുടക്കമിടുന്നത്. ഫയൽ പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെ കൊടുക്കുന്നു.

### 1) കൺസൽട്ടൻസി നിയമന പ്രക്രിയ സുതാര്യമായില്ല.

23–7–2009 എന്ന തീയതി രേഖപ്പെടുത്തിയ ഇ.എം.ബി പ്ളാനേഴ്സ് ആൻറ് ഡിസൈനേഴ്സ്, കൊച്ചി എന്ന സ്ഥാപനം നഗരസഭക്കയച്ച കത്ത് ഫയലിലുണ്ട്. CDP തയ്യാറാക്കുന്ന പ്രവൃത്തി 12 ലക്ഷം രൂപയ്ക്ക് ഏറ്റെടുക്കാനായിരുന്നു സ്ഥാപനം താൽപര്യം പ്രകടിപ്പിച്ചിരുന്നത്. ഇ.എം.ബി പ്ളാനേഴ്സ് ആൻറ് ഡിസൈനേഴ്സിൻെറ അപേക്ഷ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഡെപ്യൂട്ടി മേയറെ ചുമതലപ്പെടുത്തിക്കൊണ്ട് സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനമെടുത്തു. ( 7–8–2009–ലെ 7–ാം നമ്പർ തീരുമാനം). 29–9–2009–ൽ യോഗം ചേർന്ന നഗരസഭാ കൗൺസിൽ ഇ.എം.ബി പ്ളാനേഴ്സ് ആൻറ് ഡിസൈനേഴ്സിൻെറ അപേക്ഷ അംഗീകാരത്തിനായി സർക്കാരിലേക്ക് അയക്കുന്നതിന് തീരുമാനിച്ചു. (17–ാം നമ്പർ തീരുമാനം)

കേന്ദ്ര നഗര വികസന മന്ത്രാലയത്തിൻെറ 25–1–2006–ലെ കെ– 14011/97/2004– UD – II നം. കത്തിൽ JNNURM പദ്ധതിക്കായി CDP തയ്യാറാക്കുന്ന തിനുള്ള ഏജൻസികളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ The State Govts./ Urban Local Bodies should undertake transparent and due process in selection of organisation along with assessment of technical capacity എന്ന് നിഷ്കർഷിക്കുന്നുണ്ട്. ത.സ്വ.ഭ.വ സെക്രട്ടറിയുടെ കത്ത് ലഭിച്ച് നാളുകൾക്കകം തന്നെ ലഭിച്ച ഒരു സ്ഥാപനത്തിൻെറ മാത്രം പ്രൊപ്പോസൽ പരിഗണിച്ചാണ് നഗരസഭ സർക്കാർ അനുമതിക്ക് അപേക്ഷിച്ചത്. കേന്ദ്ര സർക്കാരിൻെറ നിർദ്ദേശപ്രകാരം CDP തയ്യാറാക്കുന്നതിന് ക്ഷമതയുള്ള, യോഗ്യരായ സ്ഥാപനങ്ങളെ കണ്ടെത്താൻ മത്സരാധിഷ്ഠിതമായ ഒരു മാർഗ്ഗം അവലംബിച്ചിട്ടില്ല. ഇ.എംബി പ്ളാനേഴ്സ് ആൻറ് ഡിസൈനേഴ്സ് എന്ന സ്ഥാപനത്തിൻെറ ഈ രംഗത്തുള്ള മുൻകാല സാങ്കേതിക പരിചയം സംബന്ധിച്ച വിലയിരുത്തൽ നടത്തിയതിൻെറ സൂചനയുമില്ല.

Local Fund Audit Department

സുതാര്യമായ, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും സാങ്കേതിക പരിജ്ഞാനം വിലയിരുത്തിക്കൊണ്ടുമുള്ള ഒരു സെലക്ഷൻ പ്രക്രിയ നടത്തിയിട്ടില്ല.

**2) സർക്കാർ അംഗീകാരം വാങ്ങാതെ കൺസൽട്ടൻറിനെ നിയമിച്ചു, ഫീസ് നൽകി.**

29-9-2009-ലെ 7-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഇ.എം.ബി പ്ളാനേഴ്സ് ആൻറ് ഡിസൈനേഴ്സിൻെറ അപേക്ഷ ( കൺസൽട്ടൻസി ഫീസ് 11 ലക്ഷമായി കുറച്ച ശേഷം) അംഗീകാരത്തിനായി 3-10-2009-ന് സർക്കാരിലേക്കയച്ചുവെങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. സർക്കാർ അനുമതി ലഭിക്കുന്നതിനുമുമ്പ് തന്നെ 16-10-2009-ന് നഗരസഭയും ഇ.എം.ബി. പ്ളാനേഴ്സ് ആൻറ് ഡിസൈനേഴ്സും തമ്മിൽ കരാർ വെയ്ക്കുകയും 23-10-2009-ൽ സ്ഥാപനത്തിന് ജോലി തുടങ്ങുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. CDP തയ്യാറാക്കുന്നതിനു വേണ്ടി ഇതിനോടകം തന്നെ 9,90,000 രൂപ താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| വൗച്ചർ | നം. 5088/1-12-2009 | - | 1,65,000 |
| | 6955/15.3.2010 | - | 1,65,000 |
| | 936/27.5.2010 | - | 4,95,000 |
| | 5260/24.1.2011 | - | 1,65,000 |
| | | | 9,90,000 |

CDP തയ്യാറാക്കി നൽകുന്നതിനുള്ള ഇ.എം.ബി പ്ളാനേഴ്സ് ആൻറ് ഡിസൈനേഴ്സിൻെറ അപേക്ഷ കൗൺസിൽ തീരുമാന പ്രകാരം സർക്കാർ അംഗീകാരത്തിന് അയച്ച ശേഷം, സർക്കാർ അനുമതി ലഭിക്കുന്നതിനു മുമ്പ് തന്നെ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിനും തുക നൽകിയതിനും വിശദീകരണം നൽകേണ്ടതാണ്.

Local Fund Audit Department

**3) CDP ഡ്രാഫ്റ്റ് പ്രസൻേറഷൻ - ചെലവ് നഗരസഭാ ഫണ്ടിൽ നിന്നും നൽകിയത് അനുവദനീയമല്ല.**

6-4-2010-ന് ഹോട്ടൽ ഹൈസൺ ഹെറിറ്റേജിൽ വെച്ച് നടന്ന CDP യുടെ ഡ്രാഫ്റ്റ് പ്രസൻേറഷന് 1971/4.8.2010 വൗച്ചർ പ്രകാരം നഗരസഭാ ഫണ്ടിൽ നിന്നും 42270 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പരിപാടിയിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങളോ പരിപാടി സംബന്ധമായ വിവരങ്ങളോ ഫയലിൽ ഇല്ല. കരാർ പ്രകാരം Inception Report സമർപ്പണം മുതൽ കുറ്റമറ്റ രീതിയിലുള്ള ഫൈനൽ CDP സമർപ്പണം വരെയുള്ള എല്ലാ പ്രവൃത്തികൾക്കുമായാണ് കൺസൽട്ടൻസി ഫീസ് നൽകുന്നത് എന്നിരിക്കേ ഡ്രാഫ്റ്റ് റിപ്പോർട്ട് പ്രസൻേറഷൻ കൺസൽട്ടൻറിൻെറ ഉത്തരവാദിത്വമാണ്. നിയമാനുസൃതം

കൺസൽട്ടൻറ് ചെയ്യേണ്ട ജോലിക്ക് നഗരസഭാ ഫണ്ടിൽ നിന്നും തുക നൽകിയത് അനുവദനീയമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് (9,90,000 രൂപ) തടസ്സത്തിൽ വെയ്ക്കുന്നു.

### 3–14) ഫ്ളഡ് ലൈറ്റ് സൗകര്യം ഏർപ്പെടുത്താൻ ഹഡ്കോയിൽ നിന്നും വായ്പ എടുക്കൽ – ദീർഘ വീക്ഷണമില്ലാതെ നഗരസഭയ്ക്ക് വലിയ ബാധ്യത ഉണ്ടാക്കി.

ഫയൽ നം. ഇ.ജി /13/44783/09 (ഹഡ്കോ ലോൺ)

" ഇ.ജി/47682/07 (ഫ്ളഡ് ലൈറ്റ് പ്രതിഷ്ഠാപനം)

കോഴിക്കോട് നഗരസഭയുടെ വക ഇ.എം.എസ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര ക്രിക്കറ്റ്, ഫുട്ബോൾ മത്സരങ്ങൾ നടത്താൻ പര്യാപ്തമായ ഫ്ളഡ്ലൈറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഹഡ്കോയിൽ നിന്നും സ്കീം നമ്പർ 19677 പ്രകാരം 5,00,68,000 രൂപ വായ്പ എടുത്തിരുന്നു. 5/2009 മുതൽ 5/2011വരെ രണ്ട് വർഷത്തിനുള്ളിൽ വായ്പയുടെ മുതലിലേക്ക് 64,61,000 രൂപയും പലിശയിനത്തിൽ 79,91,410 രൂപയും കൂടി ആകെ 1,44,52,410 രൂപ അടവാക്കിക്കഴിഞ്ഞു. വായ്പയെടുത്ത് ഫ്ളഡ്ലൈറ്റിൻെറ പണി പൂർത്തിയാക്കിയെങ്കിലും ഗ്രാൻറ് സ്റ്റാൻറ് ഉൾപ്പെടെ സ്റ്റേഡിയത്തിലെ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും നിലവാരക്കുറവും കാരണം അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ മത്സരങ്ങൾക്കോ, ദേശീയ നിലവാരത്തിൽ പോലുമുള്ള ക്രിക്കറ്റ് മത്സരങ്ങൾക്കോ ആതിഥ്യം വഹിക്കാൻ സ്റ്റേഡിയത്തിന് കഴിഞ്ഞിട്ടില്ല. ദീർഘ വിക്ഷണമില്ലാതെ ഫ്ളഡ് ലൈറ്റ് സൗകര്യം ഒരുക്കാൻ വായ്പയെടുത്തത് മൂലം നഗരസഭ അനാവശ്യമായി ഒരു വലിയ കടബാധ്യതയിൽ അകപ്പെട്ടിരിരിക്കുകയാണ്. വിശദാംശങ്ങൾ താഴെ കാണിക്കുന്നു.

**എ) വായ്പാ തുകയുടെ വിവരങ്ങൾ**

| ഗഡു | തുക | ലഭിച്ച തീയതി | കരാർ കാലാവധി |
|---|---|---|---|
| 1 | 3,82,00,000.00 | 8–5–2009 | }15 വർഷം |
| 2 | 1,18,68,000.00 | 8–7–2010 | |
| **ആകെ** | **5,00,68,000.00** | | |

ബി) തിരിച്ചടവിൻെറ തവണ : ഫെബ്രുവരി, മെയ്, ആഗസ്റ്റ്, നവംബർ എന്നീ ത്രൈമാസ തവണകൾ

സി) തിരിച്ചടവ് ആരംഭിച്ച മാസം : 11/2009

Local Fund Audit Department

ഡി) തിരിച്ചടവ് അവസാനിക്കുന്ന മാസം : 5/2023

| | | |
|---|---|---|
| ഇ) ഗഡു തുക | : | വായ്പയുടെ മുതലിലേക്ക് 9,23,000 രൂപയും പലിശയും 2/2023 വരെ. അവസാന ഗഡു 2,26,000 രൂപയും പലിശയും. |
| എഫ്) പലിശ നിരക്ക് | : | ഫ്ളോട്ടിംഗ് നിരക്ക് (ആരംഭത്തിൽ 11.25 ശതമാനമായിരുന്നത് ഇപ്പോൾ 9.25 ശതമാനമായി കുറഞ്ഞിട്ടുണ്ട്). |

ഫ്ളഡ് ലൈറ്റ് സ്ഥാപിക്കാൻ തയ്യാറാക്കിയ പ്രൊജക്ടിൽ ഫ്ളഡ്ലൈറ്റ് സ്ഥാപിക്കാനും വായ്പതിരിച്ചടയ്ക്കാനും വിഭാവനം ചെയ്ത വരവ് – ചെലവുകൾ താഴെ കാണിച്ച പ്രകാരമായിരുന്നു.

ജി)

| ഫ്ളഡ്ലൈറ്റ് പ്രതിഷ്ഠാപനത്തിനുള്ള പ്രതീക്ഷിത ചെലവ് (ലക്ഷം രൂ) | | ഫണ്ട് സ്രോതസ്സ് (ലക്ഷം രൂ) | |
|---|---|---|---|
| എസ്റ്റിമേറ്റ് | 525.00 | ഹഡ്കോ ലോൺ | 525.00 |
| പദ്ധതി കാലയളവിൽ ചെലവിൽ ഉണ്ടാകാവുന്ന വർദ്ധനവ് | 18.73 | നഗരസഭ തനത് ഫണ്ട് | 71.23 |
| ഭരണപരമായ ചെലവ് (10%) | 52.50 | | |
| **ആകെ** | **596.23** | | **596.23** |

15 വർഷത്തെ കരാർ കാലാവധിക്കുള്ളിൽ 580.31 ലക്ഷം രൂപ വായ്പയുടെ പലിശയിനത്തിൽ തിരിച്ചടവാക്കേണ്ടിവരുമെന്ന് പ്രൊജക്ടിൽ കണക്കാക്കിയിരുന്നു. മുതലും പലിശയും ചേർത്ത് തിരിച്ചടയ്ക്കാനുള്ള തുകയിലേക്ക് 1283.4 ലക്ഷം രൂപ സ്റ്റേഡിയം ബിൽഡിംഗിലെ ഷോപ്പ് റൂമുകളുടെ വാടകയിനത്തിലും, 225.00 ലക്ഷം രൂപ സ്റ്റേഡിയത്തിൽ വെച്ച് നടക്കുന്ന മത്സരങ്ങളിൽ നിന്നുള്ളവരുമാനമായും ലഭിക്കുമെന്ന് കണക്കാക്കിയിരുന്നു മത്സരങ്ങളിൽ നിന്ന് പ്രതിവർഷം ശരാശരി 15 ലക്ഷം രൂപയുടെ വരുമാനമാണ് വിഭാവനം ചെയ്തത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയത്തിൽ നിന്ന് ഈ വരവ് തീരെ കുറവാണെങ്കിലും അതുപോലും കഴിഞ്ഞ രണ്ട് വർഷങ്ങളിൽ നേടാൻ സാധിച്ചിട്ടില്ല. ലൈറ്റ് സ്ഥാപിച്ചതിനു ശേഷം അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു മത്സരം പോലും സ്റ്റേഡിയത്തിൽ വെച്ച് നടന്നിട്ടില്ല. ദേശീയ ഐ ലീഗ് ഫുട്ബോൾ

Local Fund Audit Department

ചാമ്പ്യൻഷിപ്പാണ് ഇവിടെ വെച്ച് നടന്ന പ്രധാനപ്പെട്ട ഏക മത്സരം. അതുതന്നെ ടൂർണ്ണമെൻറ് പൂർത്തിയാക്കാതെ അവസാനിപ്പിക്കേണ്ടതായും വന്നിട്ടുണ്ട്.

ഫലത്തിൽ തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ട ഷോപ്പ് റൂം വാടക (മാസത്തിൽ ശരാശരി ഒമ്പത് ലക്ഷം രൂപ വീതം) വായ്പ തിരിച്ചടയ്ക്കാൻ ഉപയോഗിക്കുകയാണ്. അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരങ്ങൾ നടത്താൻ പ്രാപ്തമായ ലക്സ് ലെവലുള്ള ലൈറ്റുകളാണ് സ്റ്റേഡിയത്തിൽ സ്ഥാപിച്ചത്. അന്താരാഷ്ട്ര മത്സരങ്ങൾ നടക്കുമ്പോൾ വിദേശതാരങ്ങളും, കോച്ചുകളും, ഒഫീഷ്യൽസും, പ്രസ്സ് മീഡിയയും സ്റ്റേഡിയത്തിൽ ഉണ്ടാകും. അതിനാവശ്യമായ ഉയർന്ന നിലവാരത്തിലുള്ള പ്രസ്സ് ഗാലറി, വി.ഐ.പി റൂമുകൾ, പവലിയൻ തുടങ്ങിയവയൊന്നും സ്റ്റേഡിയത്തിൽ ഒരുക്കിയിട്ടില്ല. ഗ്രാൻറ് സ്റ്റാൻറ് നിർമ്മാണം തന്നെ പൂർത്തിയാക്കിയിട്ടില്ല. ഗതാഗതത്തിരക്ക് മൂലം വീർപ്പുമുട്ടുന്ന നഗരത്തിൻെറ ഹൃദയഭാഗത്താണ് സ്റ്റേഡിയം സ്ഥിതിചെയ്യുന്നത്. പ്രധാനപ്പെട്ട മത്സരങ്ങൾ നടത്തുമ്പോൾ ആവശ്യമായ പാർക്കിംഗ് സൗകര്യവും സ്റ്റേഡിയം പരിസരത്തില്ല. ഫ്ളഡ് ലൈറ്റിൽ ഇലക്ട്രിക്കൽ ഇലക്ട്രോണിക് ഉപകരണങ്ങളായതിനാൽ ഒരു നിശ്ചിത കാലയളവ് വരെ മാത്രമേ അവ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുകയുള്ളൂ. ഫ്ളഡ് ലൈറ്റിൻെറ രണ്ടു വർഷത്തെ ഗ്യാരണ്ടി കാലാവധി അവസാനിക്കാറായി. ഈ സമയത്തിനുള്ളിൽ സ്റ്റേഡിയത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയോ 1/2010-ന് ശേഷം പ്രധാനപ്പെട്ട ഏതെങ്കിലും മത്സരങ്ങൾ നടക്കുകയോ ചെയ്തിട്ടില്ല. വലിയ ഒരു തുകയ്ക്ക് AMC-യിൽ ഏർപ്പെട്ടാൽ മാത്രമേ കേടുപാടുകൾ സംഭവിക്കാതെ ഫ്ളഡ്ലൈറ്റ് നിലനിർത്താൻ ഇനി സാധിക്കുകയുള്ളൂ. ഗ്രാൻറ് സ്റ്റാൻറ് നിർമ്മാണം പൂർത്തിയാകാത്തതിനാലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിനാലും ഈ പ്രവൃത്തികൾ പൂർത്തിയാകുന്നതുവരെ മത്സരങ്ങൾക്കുള്ള വാടകയിനത്തിൽ കാര്യമായൊരു വരവും പ്രതീക്ഷിക്കാനാവില്ല. AMC-യിനത്തിലെ ചെലവിനും, വായ്പയുടെ തിരിച്ചടവിനും നഗരസഭയുടെ തനത് ഫണ്ടിനെ ആശ്രയിക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങൾ ഇല്ലാതായിരിക്കുകയാണ്.

ഇപ്രകാരം ദിർഘവീക്ഷണമില്ലാതെ വായ്പയെടുത്ത് ഫ്ളഡ്ലൈറ്റ് സ്ഥാപിച്ചതു മൂലം ഫ്ളഡ്ലൈറ്റ് സ്ഥാപിക്കാൻ ചെലവായ പണം (മൂല്യ നിർണ്ണയ തുക 5,28,54,183.70 രൂപ ഫൈനൽ ബിൽ വൗച്ചർ നം. 490/5-11/19-5-11 കാണുക) നഗരസഭയ്ക്ക് ഉപകാരപ്പെടാതെ പോയതിനൊടൊപ്പം വായ്പയുടെ പലിശയിനത്തിൽ വലിയൊരു ബാധ്യതയും (ഉദ്ദേശം അഞ്ചരക്കോടി രൂപ) സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

Local Fund Audit Department

## 3–15) ഫ്ളഡ് സ്ക്വാഡുകൾക്ക് മുൻകൂർ നൽകി; തുക വിനിയോഗിച്ചതിൻെറ വിവരങ്ങൾ വ്യക്തമല്ല.

| | | | | |
|---|---|---|---|---|
| **ഫയൽ നമ്പർ** | : | **ഇ.ജി.4/54044/10** | | |
| **വൗച്ചർ നമ്പർ** | : | **1263/6–10/18–6–2010** | : | **20,000/– രൂപ** |
| | | **1264/6–10/18–6–2010** | : | **10,000/– രൂപ** |
| | | **ആകെ** | : | **30,000/– രൂപ** |
| | | | | **============** |

കാലവർഷം മൂലമുണ്ടാകുന്ന വെള്ളക്കെട്ടുകളും ദുരന്തങ്ങളും ഒഴിവാക്കാൻ നഗരസഭയിൽ രണ്ട് മേഖലകളിലായി 6/2010–ൽ ഫ്ളഡ് സ്ക്വാഡുകൾ രൂപീകരിച്ചിരുന്നു. (സെക്രട്ടറിയുടെ 10–6–2010–ലെ ഇ.ജി. 4/54044/10 തീയതി 10–6–2010 നമ്പർ ഉത്തരവ്) സ്ക്വാഡിൻെറ വിശദാംശങ്ങൾ താഴെ കാണിക്കുന്നു.

**ഉത്തരമേഖല**

അസി. എഞ്ചിനീയർ ശ്രീ. മനോഹരൻെറ നേതൃത്വത്തിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടർ, ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ആറ് പി.ഡബ്ളിയു.ഒ മാർ, ഒരു ടാറ്റാ സുമോ വാഹനവും ഡ്രൈവറും.

**ദക്ഷിണ മേഖല**

അസി. എഞ്ചിനീയർ ശ്രീ. കെ.വി. ഉദയൻെറ നേതൃത്വത്തിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടർ, ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, അഞ്ച് പി.ഡബ്ളിയു.ഒ മാർ, ഒരു ടാറ്റാ സുമോ വാഹനവും ഡ്രൈവറും.

അടിയന്തിര ഘട്ടങ്ങളിൽ ചെളിയും മറ്റും നീക്കം ചെയ്യാൻ പണിയായുധങ്ങൾ സഹിതം രണ്ട് തൊഴിലാളികളെ ഏർപ്പെടുത്താൻ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. മേൽ വൗച്ചറുകൾ പ്രകാരം ഉത്തരമേഖലയ്ക്ക് 10,000 രൂപയും ദക്ഷിണ മേഖലയ്ക്ക് 20,000 രൂപയും മുൻകൂർ നൽകിയിരുന്നു. ഉത്തരമേഖലയുടെ ലീഡർ ശ്രീ മനോഹരൻ അസി. എഞ്ചിനിയർ കൈപ്പറ്റിയ 10,000/– രൂപയുടെ ചെലവ് കണക്കും സബ് വൗച്ചറുകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അവ ലഭ്യമാക്കേണ്ടതാണ്.

ദക്ഷിണ മേഖലയിൽ ഉൾപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ടി.കെ. മോഹനൻ ഒപ്പു വെച്ച് ഹാജരാക്കിയ മസ്റ്റർ റോൾ പ്രകാരം 6/2010–ൽ 5 ദിവസവും 7/2010–ൽ 4 ദിവസവും12 തൊഴിലാളികളെ വീതം പുറത്തു നിന്നും 186 രൂപ ദിവസം കൂലിയ്ക്ക് വേതനത്തിന് ജോലിയ്ക്ക് വെച്ച് മഴവെള്ളക്കെട്ട് മുറിച്ചു മാറ്റിയതായി കാണിച്ചിട്ടുണ്ട്.

Local Fund Audit Department

ഓരോ ബാച്ചിലും രണ്ട് തൊഴിലാളികളെ വീതം പണിയായുധങ്ങൾ സഹിതം നിയമിച്ചതായി സെക്രട്ടറിയുടെ ഉത്തരവിൽ പറയുന്നുണ്ട്. കൂടാതെ 22-6-2010-ന് ജില്ലാ കലക്ടറുടെ ചേമ്പറിൽ നടന്ന യോഗത്തിൽ രണ്ട് സ്ക്വാഡുകൾക്കുമായി രണ്ട് ജെ.സി.ബി, നാല് ട്രാക്ടർ, വുഡ് കട്ടർ- 1, മൺവെട്ടി, ചട്ടി, വെട്ടുകത്തി എന്നിവ ലഭ്യമാക്കിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ സ്ഥിതിക്ക് ഓരോ ബാച്ചിലും ഓരോ ജെ.സി.ബി യും രണ്ട് ട്രാക്ടറുകളും വീതംഉണ്ടാകും. എന്നിട്ടും നഗരസഭയുടെ സ്ഥിരം കണ്ടിജൻറ് ജീവനക്കാരുടെ സേവനത്തിന് പുറമെ 12 തൊഴിലാളികളെ പുറത്തു നിന്നും ജോലിയ്ക്ക് വെച്ചതിൻെറ ആവശ്യകത ഫയലിൽ നിന്നും വ്യക്തമല്ല. ഈ മസ്റ്റർ റോൾ ബാച്ച് ലീഡറായ അസി. എഞ്ചിനീയർ ശ്രീ. കെ.വി. ഉദയൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും മസ്റ്റർ റോൾ ബാച്ച് ലീഡർ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 3-16) <u>അഖിലേന്ത്യാ പ്രദർശനത്തിന് ഒരുക്കിയ സ്റ്റാൾ ഡിമോളിഷ് ചെയ്തവ ലേലം ചെയ്തതിൻെറ വിവരങ്ങൾ ഇല്ല.</u>

**ഫയൽ നമ്പർ : ഇ.ജി. 7/85177/09**

നഗരസഭ നടത്തിയ 40-ാമത് അഖിലേന്ത്യാ ആരോഗ്യ-വിദ്യാഭ്യാസ-കാർഷിക-വ്യാവസായിക പ്രദർശന നഗരിയിൽ, നഗരസഭയുടെ തൊട്ടുമുമ്പുള്ള നാല് വർഷത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും കാണിക്കുന്ന ഒരു സ്റ്റാൾ ഒരുക്കിയിരുന്നു. താഴെ കാണിച്ച പ്രകാരം മൂന്ന് പേർക്കായി കരാർ കൊടുത്ത് സ്റ്റാൾ ഒരുക്കാൻ നഗരസഭ തനതു ഫണ്ടിൽ നിന്നും 1,95,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വിവരണം | ചെലവ് |
|---|---|---|
| 1 | പവിലിയൻെറ ഉള്ളിലായി 80 അടി x 20 അടിയിൽ ഒരു മീറ്റർ ഉയരത്തിൽ ഫ്ളാറ്റ് അയേൺ, ആങ്കിൾ അയേൺ പ്ളൈവുഡ് എന്നിവ ഉപയോഗിച്ച് പ്ളാറ്റ് ഫോം നിർമ്മിച്ചത്.<br>(വൗച്ചർ 2359/28-8-2010 ശ്രീ. ഇ.പി. രാജീവിന്) | 52,000 |
| 2 | പ്ളാറ്റ് ഫോമിൽ കമ്പി, മരം, പ്ളൈവുഡ്, മെറ്റൽ ഷീറ്റ്, പ്ളാസ്റ്റർ ഓഫ് പാരീസ് എന്നിവ ഉപയോഗിച്ച് ഖരമാലിന്യ സംസ്കരണത്തിൻെറ വിവിധ ഘട്ടങ്ങൾ, ബസ്സ്റ്റാൻറ്, ആശുപത്രി, റസിഡൻഷ്യൽ ഏരിയ, റോഡുകൾ, ഫ്ളൈ ഓവർ എന്നിവയുടെ മോഡലുകൾ നിർമ്മിച്ചത്<br>(വൗച്ചർ ; 2502/26-8-2010. ബാബു പറമ്പത്തിന്) | 80,000 |
| 3 | പവിലിയനിൽ തുണി കൊണ്ട് സീലിംഗ് ചെയ്ത് ചുവർ ചിത്രങ്ങൾ കാണാവുന്ന രീതിയിൽ ലൈറ്റുകൾ സെറ്റ് ചെയ്യൽ.<br>(വൗച്ചർ 2503/26-8-2010. വി. ഗഫൂർ) | 63,000 |
| | | **1,95,000** |

Local Fund Audit Department

പ്രദർശനം കഴിഞ്ഞ ശേഷം അഴിച്ചു മാറ്റിയ പ്ളാറ്റ് ഫോം, സീലിംഗ്, ലൈറ്റുകൾ എന്നിവ ലേലം ചെയ്ത് നഗരസഭയിൽ അടവാക്കിയതായി കാണുന്നില്ല. ലേലം ചെയ്ത് നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിൻെറ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അവ നഗരസഭയിൽ മുതൽ കൂട്ടിയതിൻെറ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3–17) അർഹതയില്ലാത്തവർക്ക് വീട് റിപ്പയറിന് ധനസഹായം – തുക തിരിച്ചു പിടിക്കുന്നത് – സംബന്ധിച്ച്.

**പ്രൊജക്ട് നമ്പർ : S 0438/10 (സ്പിൽ ഓവർ)**

**പ്രൊജക്ടിൻെറ പേര് : വനിതകൾ നാഥകളായ കുടുംബങ്ങൾക്ക് സഹായം (വീട് റിപ്പയർ )**

**നിർവ്വഹണോദ്യോഗസ്ഥൻ : സി.ഡി.പി.ഒ, അർബ്ബൻ I**

വനിതകൾ ഗൃഹനാഥകളായ കുടുംബങ്ങൾക്ക് വീട് റിപ്പയറിന് 7500/– രൂപ ധനസഹായം നൽകുന്നതിനായി സ്പിൽ ഓവറായി നടപ്പിലാക്കിയ ഈ പ്രൊജക്ടിൻെറ അർഹതാ മാനദണ്ഡങ്ങൾ ചുവടെ കൊടുത്ത പ്രകാരമാണ്

1) ഗൃഹനാഥ വനിതയായിരിക്കണം.
2) ഭർത്താവ് പ്രായാധിക്യം മൂലമോ, രോഗം കൊണ്ടോ ശയ്യാവലംബനായ സാഹചര്യത്തിൽ ഭർത്താവ് ജീവിച്ചിരിക്കേ ഭാര്യയുടെ പേരിൽ ധനസഹായം അനുവദിക്കാവുന്നതാണ്.
3) ഭർത്താവ് മരണപ്പെട്ടതാണെങ്കിൽ വീട് അനന്തരാവകാശിയായ ഭാര്യയ്ക്ക് ലഭിക്കാൻ ഇടയുള്ള സാഹചര്യത്തിൽ ധനസഹായം അനുവദിക്കാവുന്നതാണ്.
4) മറ്റ് അവകാശികൾ ഇല്ലാതെ വരുകയും മരുമകൾക്ക് അവകാശപ്പെട്ടതും ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ടതുമാണെങ്കിൽ ധനസഹായം നൽകാവു ന്നതാണ്.

ഈ പദ്ധതിയുടെ ഒരു ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി റീന, സമർപ്പിച്ച അപേക്ഷയോടൊപ്പമുള്ള ആധാരം പരിശോധിച്ചതിൽ വീട് ടിയാളുടെയോ, ഭർത്താവിൻെറയോ പേരിലല്ല എന്ന് കാണുന്നു. അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡിൻെറ കോപ്പിയിൽ ടിയാളെ കൂടാതെ ഷീന, ഷൈജു, ആതിര എന്നിങ്ങനെ നാല് പേരുകളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതിലൊന്നും ഉൾപ്പെടാത്ത ശ്രീമതി ലിജിയുടെ പേരിലാണ് വീടിരിക്കുന്നത്. രേഖകൾ പരിശോധിച്ചതിൽ ശ്രീമതി ലിജി ടിയാളുടെ മരുമകളാണെന്നാണ് മനസ്സിലാകുന്നത്. ടി ഇനത്തിലുള്ള ധനസഹായം 7500/– രൂപ 5–5–2011–ന് (ഡി.ഡി നമ്പർ 901171, തീയ്യതി 19–3–2011) ശ്രീമതി റീന കൈപ്പറ്റിയിട്ടുണ്ട്.

Local Fund Audit Department

പദ്ധതി മാർഗ്ഗരേഖ പ്രകാരം വാർഡ് സഭ അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് ഭരണ സമിതി അംഗീകരിച്ച്, ഭരണ സമിതി തീരുമാനത്തോടൊപ്പം സെക്രട്ടറി നൽകുന്ന ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് മാത്രമേ ധനസഹായം നൽകാവൂ. ഇപ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ടവരാണെങ്കിലും ഗുണഭോക്താവ് ധനസഹായത്തിന് അർഹനാണെന്ന് നിർവ്വഹണോദ്യോഗസ്ഥന്മാർ തെളിവു രേഖകളുടെ അടിസ്ഥാനത്തിൽ ഉറപ്പു വരുത്തേണ്ടതാണ്. ആവശ്യമായ പരിശോധന നടത്താതെ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ടിട്ടില്ലാത്ത വ്യക്തിക്ക് ധനസഹായം നൽകിയത് അംഗീകരിക്കാവുന്നതല്ല. വീടോ സ്ഥലമോ ഇല്ലാത്തവർക്ക് അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ മറ്റാരുടെയെങ്കിലും പേരിലുള്ള വീടിന്, റിപ്പയർ ചെയ്യുന്നതിന് സഹായം അനുവദിച്ചത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ ഇപ്രകാരം പ്ളാൻ ഫണ്ടിൽ നിന്നും ദുർവ്യയം ചെയ്ത 7500/– രൂപ (ഏഴായിരത്തി അഞ്ഞൂറു രൂപ മാത്രം ) നഷ്ടോത്തരവാദിയായ സി.ഡി.പി.ഒ, അർബ്ബൻ I –ൽ നിന്നും ഈടാക്കി പ്ളാൻ ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3–18) അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ – നെഗോഷ്യേറ്റ് ചെയ്ത നിരക്ക് പരിഗണിക്കാതെ തുക നൽകി– നഷ്ടം 3407/– രൂപ

പ്രൊജക്ട് നമ്പർ : എസ്. ഒ 161/11

നിർവ്വഹണോദ്യോഗസ്ഥൻ : സി.ഡി.പി.ഒ അർബൻ I

അടങ്കൽ : 5,00,000/–

കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിച്ചു വരുന്ന 384 അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുള്ള ഈ പ്രോജക്ട് പ്രകാരം 56 അംഗനവാടികൾക്ക് 6000/– രൂപ വിലവരുന്ന ഓരോ അലമാരകളും 384 അംഗനവാടികൾക്ക് 140/– രൂപ വിലവരുന്ന മൂന്ന് വീതം പായയും വിതരണം ചെയ്യുന്നതിനായി 'ആർട്ട്കോ'– യെ ഏൽപ്പിക്കുകയും ടി സ്ഥാപനം താഴെ കൊടുത്തിരിക്കുന്ന പ്രകാരം 1–12–2010–ന് 78–ാം നമ്പർ പ്രൊഫോർമ ഇൻവോയ്സ് സി.ഡി.പി.ഒ–ക്ക് നൽകുകയും ചെയ്തു.

| SI No | ITEM | UNIT PRICE | QTY | GROSS | TAX AMOUNT | TOTAL |
|---|---|---|---|---|---|---|
| 1 | സ്റ്റീൽ അലമാര | 5332.74 | 56 | 298633 | 37329 | 335962 |
| 2 | പ്ളാസ്റ്റിക് പായ | 126.22 | 1152 | 145405 | 18176 | 163581 |
| | Cash Discount | | | | | 98 |
| | സെസ്സ് 1% | | | | | 555 |
| | **ആകെ** | | | | | **500000** |

Local Fund Audit Department

ആർട്ട്കോയുമായി നെഗോഷിയേഷൻ നടത്തിയതിൻെറ അടിസ്ഥാനത്തിൽ, പ്ളാസ്റ്റിക് പായ 1 രൂപ കുറച്ചും (126.22–1.00= 125.22 + Tax + Cess) സ്റ്റീൽ അലമാര 35 രൂപ കുറച്ചും (5332.74–35.00=5297.74 +Tax + Cess) വിതരണം ചെയ്യാൻ ടി സ്ഥാപനം തയ്യാറാണെന്ന് 18–1–2011–ൽ അറിയിച്ചു. സി.ഡി.പി.ഒ യുടെ 23–3–2011–ലെ Corporation Project 161/2011 നമ്പർ നടപടിക്രമങ്ങൾ പ്രകാരം 5 ലക്ഷം രൂപ (ഡി.ഡി നം. 020218, തീയതി 31–3–2011) 'ആർട്ട്കോ' യ്ക്ക് നൽകുകയും ചെയ്തു. (രശീത് നമ്പർ ARTCO/KOZ/MKT/15/11 തീയതി 4–5–2011) നെഗോഷ്യേറ്റ് ചെയ്ത നിരക്ക് കണക്കിലെടുക്കാതെ അർഹമായതിൽ കൂടുതൽ തുക ആർട്ട്കോയ്ക്ക് നൽകിയതു വഴി 'എ' ഫണ്ടിനുണ്ടായ നഷ്ടം ചുവടെ കൊടുക്കുന്നു.

നെഗോസ്യേഷൻ പ്രകാരം അർഹമായ തുക

| SI No | ITEM | UNIT PRICE | QTY | GROSS | TAX AMOUNT | TOTAL |
|---|---|---|---|---|---|---|
| 1 | സ്റ്റീൽ അലമാര | 5297.74 | 56 | 296673 | 37084 | 333757 |
| 2 | പ്ളാസ്റ്റിക് പായ | 125.22 | 1152 | 144253 | 18032 | 162285 |
| | | | | | | **496042** |
| | | | | | സെസ്സ് 1% | **551** |
| | | | | | | **496593** |

നൽകിയ തുക : 500000

നൽകാവുന്ന തുക : 496593

**അധികം നൽകിയത് : 3407**

ഇപ്രകാരം കോഴിക്കോട് നഗരസഭയ്ക്കുണ്ടായ നഷ്ടം 3407/– രൂപ വികസന ഫണ്ടിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ടെൻഡറോ പത്രപരസ്യമോ കൂടാതെ സ്റ്റീൽ ഫർണിച്ചർ വാങ്ങാൻ അനുമതിയില്ലാത്ത സ്ഥാപനമായ ആർട്ട്കോ യിൽ നിന്നും സ്റ്റീൽ അലമാരകൾ വാങ്ങിയതിനും വിശദീകരണം നൽകേണ്ടതാണ്. ചെലവഴിച്ച തുകയിൽ നിരാകരിച്ച 3407/– രൂപ ഒഴിച്ച് ശേഷിക്കുന്ന 4,96,593/– രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

### 3–19) തണ്ണീർ പന്തൽ കുടിവെള്ള പദ്ധതി – കറൻറ് ചാർജ്ജ് തനതു ഫണ്ടിൽ നിന്ന് അടവാക്കുന്നു.

നഗരസഭകൾ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഈ പദ്ധതികളുടെ നടത്തിപ്പിനായി ഏൽപ്പിക്കപ്പെട്ട ഗുണഭോക്തൃ സമിതികൾ തന്നെ അടവാക്കേണ്ടതാണെന്ന് 21863/ബി3/04 ത.ഭ.വ. തീ. 1.10.2004 നമ്പർ സർക്കുലറിൽ

Local Fund Audit Department

നിർദ്ദേശിക്കുന്നു. എന്നാൽ തണ്ണീർപന്തൽ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് വളരെ വർഷങ്ങളായി നഗരസഭ അടച്ചു വരുന്നുണ്ട്. 15 കിലോവാട്ട് കുതിരശക്തിയുള്ള മോട്ടോർ സ്ഥാപിച്ചു പ്രവർത്തിപ്പിച്ചു വരുന്ന ഈ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് 2010–11 വർഷത്തിൽതന്നെ (4/10 മുതൽ 11/2010 വരെ) 1,13,577/– രൂപയായിരുന്നു.. ബില്ലുകൾ യഥാസമയം അടവാക്കാതിരുന്നതിനാൽ മുൻവർഷ ങ്ങളിൽ സർച്ചാർജ്ജ് ഇനത്തിലും തുക അടവാക്കേണ്ടി വന്നിട്ടുണ്ട്. 12.12.2007–ൽ ബഹു. മേയർ ഫയലിലെഴുതിയ കുറിപ്പിൽ ഈ പദ്ധതി 1988–ൽ തനതു ഫണ്ടുപയോഗപ്പെടുത്തി ആരംഭിച്ചതാണെന്നും നടത്തിപ്പിനായി ഗുണഭോക്തൃ സമിതി രൂപീകരിച്ചിട്ടില്ലെന്നും തന്മൂലം നടത്തിപ്പു ചെലവ് തനതു ഫണ്ടിൽ നിന്ന് വഹിക്കാവുന്നതാണെന്നും നിർദ്ദേശിച്ചതു പ്രകാരമാണ് ഈ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് തനതു ഫണ്ടിൽ നിന്ന് അടവാക്കി വരുന്നത്. എന്നാൽ 27.4.2005, 14.11.2007 എന്നീ തീയതികളിൽ ഈ പദ്ധതിയുടെ ഗുണഭോക്തൃ സമിതി കൺവീനറായ ശ്രീ. അനിൽ കുമാർ, വടക്കേകാട്ടിൽ എന്നയാൾക്ക് അയച്ച കത്തിൽ ഈ പദ്ധതിയുടെ കറൻറ് ചാർജ്ജ്, ആവർത്തന ച്ചെലവ് എന്നിവ ഗുണഭോക്തൃ സമിതി തന്നെ വഹിക്കേണ്ടതാണെന്നറിയിച്ചതായി കാണുന്നു. ബഹുമാനപ്പട്ട മേയർ കുറിച്ചതിൽ നിന്നു വ്യത്യസ്തമായി ഗുണഭോക്തൃ സമിതി നിലവിലുണ്ടായിരുന്നു എന്നാണ് ഇതു വ്യക്തമാക്കുന്നത്. ഈ പദ്ധതി ഏതു വർഷമാണ് ആരഭിച്ചത്, ഏതിനം ഫണ്ടാണ് വിനിയോഗിച്ചത്, പൊതു ടാപ്പുകൾ മാത്രമാണോ ഈ പദ്ധതിയിലുള്ളത്, പദ്ധതിയുടെ നടത്തിപ്പിനായി ഏതെങ്കിലും ഗുണഭോക്തൃ ഗ്രൂപ്പിന് കരാർ വെച്ച് ഏൽപ്പിച്ചു നൽകിയോ എന്നിങ്ങനെയുള്ള വിവരങ്ങളൊന്നും ഫയലിലില്ല.

കുടിവെള്ള വിതരണം കാര്യക്ഷമമാക്കൽ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി) 893/2010/ത.ഭ.വ തീ. 17.3.2010 നമ്പർ ഉത്തരവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുകയും നേരിട്ടു പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള സ്കീമുകൾ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ട താണെന്നും, പൊതുടാപ്പുകൾ മാത്രമുള്ള കുടിവെള്ള സ്കീമുകളുടെ നടത്തിപ്പ് – മെയിൻറനൻസ് ചെലവുകൾ വഹിക്കുവാൻ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് സാധിക്കുകയില്ലായെന്നു ബോധ്യപ്പെട്ടാൽ മാത്രം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ട്/ മെയിൻറനൻസ് ഫണ്ട് എന്നിവ വിനിയോഗിക്കാവുന്ന താണെന്നും നിർദ്ദേശിക്കുന്നു.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി നിലവിൽ ഗുണഭോക്തൃ സമിതി ഇല്ലെങ്കിൽ അത് രൂപീകരിച്ച് കരാർ വെച്ച് തുടർ നടത്തിപ്പ് പ്രസ്തുത സമിതിക്ക് ഏൽപ്പിച്ചുകൊടുക്കേണ്ടതാണ്. 17.3.2010–ലെ ഉത്തരവിനു ശേഷം ഈ പദ്ധതിയുടെ കറൻറ് ചാർജ്ജ് തനതു ഫണ്ടിൽ നിന്ന്

അടവാക്കി നടപടിക്ക് സർക്കാരിൻെറ സാധൂകരണം വാങ്ങേണ്ടതുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3–20) കുട്ടികളുടെ ചലച്ചിത്രോത്സവം 2010–11 – തുക ചെലവഴിച്ചതിൻെറ രേഖകൾ ഹാജരാക്കിയില്ല.

ഫയൽ നം. ഡി 10–42009/10

2010–11–ലെ 'കുട്ടികളുടെ ചലച്ചിത്രോത്സവം' നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് ചലച്ചിത്രോത്സവം , സമ്മാനത്തുക, ജൂറിചെലവ്, പന്തൽ മുതലായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ അഡ്വാൻസായി വൗച്ചർ നം. 776/5/10 (ചെക്ക് നം. 197884 തീയതി 18–5–10) പ്രകാരം ശ്രീ.പി.എം. ഷാജി, എൽ.ഡി.സി. കൈപ്പറ്റിയിട്ടുണ്ട്. ഇതിൽ 99,789/– രൂപ ചെലവഴിക്കുകയും ബാക്കി വന്ന 211/– രൂപ 17.9.2010–ൽ (രശീതി നം. 110031/12360 തീയതി 17–9–2010) തിരിച്ചടയ്ക്കുകയും ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

31–1–2011–ന് വൗച്ചർ നം. 5391/1/11 പ്രകാരം 2,45,996/– (ചെക്ക് നം. 148597 തീയ്യതി 31.1.2011) രൂപ കാലിക്കറ്റ് പ്രസ് ക്ളബ്ബ് സെക്രട്ടറി ശ്രീ.കെ. പ്രേമനാഥിന് നൽകിയിട്ടുണ്ട്. കുട്ടികളുടെ ചലച്ചിത്രോത്സവം നടത്തുന്നതിനായി ആകെ 3,45,996/– രൂപ (2,45,996, +1,00,000) കൈപ്പറ്റിയതിൽ 3,46,132/– ചെലവാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച ഒരു പത്രിക ഫയലിൽ ഉണ്ടെങ്കിലും വിശദ വിവരങ്ങൾ (ക്യാഷ് ബില്ലുകൾ, കൈപ്പറ്റ് രശീതി) എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 12,13 എന്നിവ പ്രകാരം 500/– രൂപയിൽ കവിയുന്നതും 20,000/– രൂപയിൽ കുറഞ്ഞതുമായ പർച്ചേസുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതും ഖണ്ഡിക 14 പ്രകാരം 20,000/– മോ അതിൽ കൂടിയതോ ആയ പർച്ചേസുകൾക്ക് ടെണ്ടർ ക്ഷണിക്കേണ്ടതുമാണ്. എന്നാൽ ചലച്ചിത്രോത്സവവുമായി ബന്ധപ്പെട്ട പർച്ചേസുകളിൽ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.

ഓരോ ഇനത്തിലും ചെലവഴിച്ച തുക സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

| ക്രമ നം | മെയിൻ വൗച്ചർ | സബ് വൗച്ചർ നം | ചെലവ് ഇനം | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 776/5/10 | 1 | പ്രൈസ് മണി | 40,000/– | ക്യാഷ് ബില്ലുകൾ , കൈപ്പറ്റ് രശീതി എന്നിവ പരിശോധനയ്ക്ക് നൽകിയില്ല. |
| 2 | ടി | 2 | ജൂറികളുടെ ടി.എ | 40,000/– | ടി |
| 3 | ടി | 3 | പാർസൽ ചാർജ്ജ് | 789/– | ടി |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 4 | ടി | 4 | കോമ്പിയറിംഗ് ചാർജ്ജ് | 1500/- | ടി |
| 5 | ടി | 5 | പ്രൊജക്ട് വാടക, ഓപ്പറേഷൻ കോസ്റ്റ് | 7000/- | ക്യാഷ് ബില്ലുകൾ, കൈപ്പറ്റ് രശീതി എന്നിവ പരിശോധനയ്ക്ക് നൽകിയില്ല. ക്വട്ടേഷൻ ക്ഷണിച്ചതിൻെറ വിശദാംശങ്ങൾ ലഭ്യമല്ല. |
| 6 | ടി | 6 | എൽ.സി..ഡി ഓപ്പറേഷൻ ചാർജ്ജ് | 500/- | ക്യാഷ് ബില്ലുകൾ , കൈപ്പറ്റ് രശീതി എന്നിവ പരിശോധനയ്ക്ക് നൽകിയില്ല. |
| 7 | 5391/1 | 7 | സ്റ്റേജ്, കർട്ടൻ, പോസ്റ്റർ തുടങ്ങിയവ | 196450/- | ടെണ്ടർ ക്ഷണിച്ചതിൻെറ വിശദാംശങ്ങൾ ലഭ്യമല്ല. |
| 8 | ടി | 8 | പ്രിൻറിംഗ് & സ്റ്റേഷനറി | 29,400/- | ടി |
| 9 | ടി | 9 | ഫുഡ് | 6593/- | ക്യാഷ് ബില്ലുകൾ, കൈപ്പറ്റ് രശീതി എന്നിവ ലഭ്യമല്ല. |
| 10 | ടി | 10 | റുംറെൻറ് | 13500/- | ക്വട്ടേഷൻ ക്ഷണിച്ചതിൻെറ വിശദാംശങ്ങൾ ലഭ്യമല്ല. ക്യാഷ് ബില്ലുകൾ കൈപ്പറ്റ് രശീതി എന്നിവ പരിശോധനയ്ക്ക് നൽകിയില്ല. |
| 11 | ടി | ടി | ട്രോഫി | 10400/- | ടി |
| **ആകെ** | | | | **346132/-** | |

ഓഡിറ്റു തടസ്സം ഒഴിവാക്കാനായി മുകളിൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. ചെലവ് (3,46,132/- രൂപ ) തടസ്സത്തിൽ വെയ്ക്കുന്നു.

Local Fund Audit Department

**3-21) <u>ഫുഡ് സാമ്പിൾ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയില്ല.</u>**

**ഫയൽ നം. എഫ്. 9- 43564/09**

**വൗച്ചർ നം. 1) 1150/10-11/9-6-2010 : 3,777**
**2) 5909/2010-11/8-3-2011 : 5,658**
**ആകെ 9,435**
**======**

കോഴിക്കോട് നഗരസഭ ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതിയുടെ 7-4-2010-ലെ നം. 14, 31-1-2011-ലെ നം. 2 എന്നീ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഭക്ഷ്യപദാർത്ഥങ്ങൾ ശേഖരിച്ചു അനലറ്റിക്കൽ ലാബിൽ പരിശോധനയ്ക്കയച്ചതിന് നഗരസഭ ഫുഡ് ഇൻസ്പെക്ടർക്ക് 9435/- രൂപ മേൽ കാണിച്ച വൗച്ചറുകൾ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഫുഡ് സാമ്പിളുകൾ ശേഖരിച്ചു അനലറ്റിക്കൽ ലാബിൽ നൽകിയതിൻെറ വിശദാംശങ്ങളല്ലാതെ അവയുടെ

പരിശോധനാ റിപ്പോർട്ടും മറ്റ് രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനോടൊപ്പം നഗരസഭ ഫുഡ് ഇൻസ്പെക്ടറുടെ 2010–11–ലെ ഇൻസ്പെക്ഷൻ ഡയറി എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3–22) ടാഗോർ ഹാൾ കോമ്പൗണ്ടിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ളാൻറ് പ്രവർത്തിക്കുന്നില്ല– 9.14 ലക്ഷം രൂപ പാഴ്ചെലവായി.

**ഫയൽ : ഇ.ജി 13/78902/09** **കരാറുകാരൻ : അബ്ദുൾ സലീം സി.കെ ബയോ എനർജി സിസ്റ്റം**

ടാഗോർ ഹാൾ കോമ്പൗണ്ടിൽ ബയോഗ്യാസ് പ്ളാൻറ് സ്ഥാപിക്കുന്ന പ്രവൃത്തി 11–2–2008–ലെ ജി.ഒ(എം.എസ്) 39/2008/ എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ബയോ എനർജി സിസ്റ്റം എന്ന സ്ഥാപനത്തിന് സമർപ്പിച്ചു. പ്രസ്തുത സ്ഥാപനവുമായി 11.3.2010–ൽ കരാറിൽ ഏർപ്പെടുകയും, താഴെ പറയും പ്രകാരം മൊത്തം 914142/– രൂപ സ്ഥാപനത്തിന് നൽകുകയും ചെയ്തു.

| | | |
|---|---|---|
| 1. ഒന്നാം ഭാഗിക ബിൽ | 285661.00 | ചെക്ക് നം. 506150<br>12.4.10 |
| 2. രണ്ടാം ഭാഗിക ബിൽ | 342763.00 | ചെക്ക് നം. 502749<br>3.8.2010 |
| 3. ഫൈനൽ ബിൽ | 285718.00 | ചെക്ക് നം. 020959<br>8.4.11 |
| **ആകെ** | **9,14,142.00** | |

പ്ളാൻറ് നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

### 1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചില്ല.

പ്ളാൻറിൻെറ ഓപ്പറേഷൻ ആൻറ് മെയിൻറനൻസ് കോസ്റ്റ് (O &M) ആന്വൽ മെയിൻറനൻസ് കോൺട്രാക്ട് (AMC) പ്രസക്തമായ മറ്റ് കാര്യങ്ങൾ ഉൾപ്പെടുത്തി പ്ളാൻറ് സ്ഥാപിക്കുന്ന സ്ഥാപനവുമായി MOU ഒപ്പ് വെയ്ക്കണമെന്ന് 11.02.08–ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത കാര്യങ്ങൾ ഉൾപ്പെടുത്തി സ്ഥാപനവുമായി ഒരു കരാർ നഗരസഭ ഒപ്പ് വെച്ചിരുന്നില്ല. പെർസൻേറജ് റേറ്റ് കോൺട്രാക്റ്റിൽ സാധാരണ വെയ്ക്കുന്ന രീതിയിലുള്ള ഒരു കരാർ 11.3.2010–ന് സ്ഥാപനവുമായി വെച്ചിട്ടുണ്ട്. 25.3.2011–ന് പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരന് മുഴുവൻ പണവും നൽകിയെങ്കിലും, പ്ളാൻറിൻെറ ട്രയൽ റൺ, O&M, AMC എന്നീ കാര്യങ്ങളിൽ പ്ളാൻറ് സ്ഥാപിച്ച സ്ഥാപനത്തിന് യാതൊരു ഉത്തരവാദിത്വവുമില്ലാത്ത അവസ്ഥയാണ്. 11.02.08–ലെ സർക്കാർ ഉത്തരവിൽ Community Level (Fixed Dome Type) Biogas Plant –ൻെറ യൂണിറ്റ് കോസ്റ്റ് 7 ലക്ഷം

Local Fund Audit Department

രൂപയാണ്. ഇതിൽ Solar Water heater/ Slurry Pump എന്നിവ ഒഴിവാക്കിയതിനാൽ 675000/– രൂപ പ്രവൃത്തിയുടെ Appendix A വിഭാഗത്തിലായി കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ പ്ളാൻറിൻെറ ട്രയൽ റൺ, O&M, AMC എന്നീ കാര്യങ്ങളിൽ യാതൊരു വ്യക്തതയുമില്ല. ഈ കാര്യങ്ങളിൽ പ്ളാൻറ് സ്ഥാപിച്ച സ്ഥാപനവുമായി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കരാറിൽ ഏർപ്പെട്ട് പ്ളാൻറിൻെറ പ്രവർത്തനം ഉടൻ തുടങ്ങേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് 2–6–2011–ൽ ഒബ്ജക്ഷൻ സ്റ്റേറ്റ്മെൻറ് നൽകിയിരുന്നു.

**<u>2) കരാറുകാരന് അനധികൃതമായി സമയം നീട്ടി നൽകി.</u>**

19–8–1997–ലെ ജി.ഒ(പി) നം. 84/97/പി.ഡബ്ള്യൂ. ആൻറ് ടി സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തിക്ക് കാലതാമസം വരുമെന്ന നിഗമനത്തിൽ കരാറുകാരൻ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം ടെണ്ടറിംഗ് അതോറിറ്റിയ്ക്ക് പ്രവൃത്തിയുടെ സ്വാഭാവിക കാലാവധി 3 മാസം വരെ നീട്ടി നൽകാവുന്നതാണ്. എന്നാൽ കരാറിൽ രേഖപ്പെടുത്തിയിട്ടുള്ള കാലാവധിയ്ക്കു ശേഷം കാലതാമസം വരുന്ന സംഗതിയിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. ഈ പ്രവൃത്തിയിൽ കരാറിൽ രേഖപ്പെടുത്തിയിട്ടുള്ള 4 മാസ കാലാവധി 10–7–2010–ൽ അവസാനിച്ചുവെങ്കിലും, കരാറുകാരൻെറ 13–8–2010–ലെ അപേക്ഷ പരിഗണിച്ച് 5 മാസവും, 28–12–2010–ലെ അപേക്ഷ പരിഗണിച്ച് വീണ്ടും 3 മാസവും അടക്കം ഒറിജിനൽ പ്രവൃത്തിയുടെ ഇരട്ടി സമയം അസി. എഞ്ചിനീയറുടെയും, അസി. എക്സി. എഞ്ചിനീയറുടെയും ശുപാർശ അംഗീകരിച്ച് 21–8–10–ൽ കോർപ്പറേഷൻ എഞ്ചിനീയറും, 29–3–11–ന് പ്രോജക്ട് എഞ്ചിനീയറും നീട്ടി നൽകുകയായിരുന്നു. മേൽ പറഞ്ഞ സർക്കാർ ഉത്തരവ്, കരാറിലെ നിബന്ധന 40 പ്രകാരം ഈ പ്രവൃത്തിയ്ക്ക് ബാധകമാണ്. പിഴ ഈടാക്കാതെ സമയം നീട്ടി നൽകുന്നതിന് കോർപ്പറേഷൻ എഞ്ചിനീയർക്ക് ക്ഷമതയില്ലാത്തതിനാൽ താഴെ പറയും പ്രകാരം 40,077/– രൂപ പിഴ ഈടാക്കുകയോ, പിഴ ഈടാക്കാൻ വിട്ടു പോയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുകയോ ചെയ്യേണ്ടതാണ്.

ആദ്യത്തെ മൂന്ന് മാസം – 1% – $\frac{924852 \times 1}{100}$ = 9249

അടുത്ത മൂന്ന് മാസം – 2% – $\frac{924852 \times 2}{100}$ = 18497

അടുത്ത രണ്ട് മാസം – 2% $\frac{924852 \times 2 \times 2}{100 \times 3}$ = 12331

----------

ആകെ 40,077

==========

Local Fund Audit Department

**3) പ്രോജക്ടിൻെറ പൂർത്തീകരണവും, ഉപയോഗവും**

25.3.11–ൽ പ്രോജക്ട് പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും, പ്ളാൻറിൽ നിന്നും ലഭ്യമാവുന്ന ഗ്യാസ് എപ്രകാരമാണ് ഹാൾ വാടകയ്ക്ക് എടുക്കുന്നവർക്ക് ഉപയോഗപ്പെടുത്തുക എന്ന കാര്യത്തിൽ വ്യക്തത കാണുന്നില്ല. വാടകയ്ക്ക് എടുക്കുന്നവർ ഉപയോഗിക്കുന്ന ഗ്യാസിൻെറ അളവ് കണക്കാക്കുന്ന തിനുള്ള സംവിധാനവും, ഉപയോഗമനുസരിച്ച് ഈടാക്കേണ്ട നിരക്ക് സംബന്ധിച്ചും തീരുമാനം കൈക്കൊണ്ടതായി കാണുന്നില്ല.

ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാനാവശ്യപ്പെട്ടുകൊണ്ട് 2–6–2011–ന് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെൻറിന് 8–8–2012–ൽ നഗരസഭ നൽകിയ മറുപടിയിൽ പ്ളാൻറിൻെറ ഒ & എം. പ്രവൃത്തി നടത്തുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും**

ടാഗോർ ഹാളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യങ്ങൾ നിലവിൽ കണ്ടെയ്നറുകളിൽ ശേഖരിച്ച് ലോറികളിൽ നീക്കം ചെയ്യുകയാണ്. ജൈവ മാലിന്യങ്ങൾ തരം തിരിച്ച് ബയോഗ്യാസ് പ്ളാൻറിൽ സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനമൊരുക്കുകയോ ജീവനക്കാരെ നിയമിക്കുകയോ ചെയ്തിട്ടില്ല. 9,14,142/– രൂപ ചെലവഴിച്ച് നിർമ്മിച്ച ബയോഗ്യാസ് പ്ളാൻറ് നിലവിൽ ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. ടാഗോർ ഹാളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യം തരം തിരിച്ച്, പ്ളാൻറിൽ സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനവും ആയതിന് ആവശ്യമായ ജീവനക്കാരെയും ഏർപ്പെടുത്തി പ്ളാൻറ് ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

Local Fund Audit Department

## 3–23) ലിങ്ക് റോഡിൽ നിന്ന് കിളിപ്പറമ്പ് ദേവീ ക്ഷേത്രം – ആനിഹാൾ റോഡ് പുനരുദ്ധാരണം – അപാകതകൾ

ഫയൽ നം. ഇ.ജി. 4/77826/09     പ്രോജക്ട് : 376/10
കരാറുകാരൻ : രാഗേഷ് കുമാർ.കെ.     : 136/11
അടങ്കൽ : 12 ലക്ഷം
എം.ബുക്ക് : 454/09, 455/09, 457/09, 476/09

രണ്ട് തവണ ടെണ്ടർ ചെയ്ത പ്രവൃത്തി പൂർത്തിയാക്കുന്നതിനായി, നെഗോസിയേഷൻ നടത്തി എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരനെ എൽപ്പിച്ചിരുന്നു. പ്രവൃത്തിക്കായി താഴെ പറയും പ്രകാരം മൊത്തം 11.54 ലക്ഷം ചെലവായി.

| | | |
|---|---|---|
| ചെക്ക് നം. | 506084/12.4.2010 | – 262978 |
| " | 898248/ 4.2.2011 | – 204074 |
| " | 021672/21.4.11 | – 429393 |

ബിറ്റുമിൻ – 258018
11,54,463
========

പ്രവൃത്തി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1) കവറിംങ്ങ് സ്ളാബ് വാർത്തപ്പോൾ ആവശ്യത്തിലധികം കമ്പി ഉപയോഗിച്ചു.**

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 16 പ്രകാരം അഴുക്ക് ചാലിന് മുകളിൽ കവറിംങ്ങ് സ്ളാബ് വാർക്കുന്നതിനായി കമ്പി കെട്ടുന്ന പ്രവൃത്തി എം. ബുക്ക് 454/09 പേജ് 36 മുതൽ 40 വരെ, 609.94 കി.ഗ്രാം കമ്പി ഉപയോഗിച്ചതായി രേഖപ്പെടു ത്തിയിരിക്കുന്നു. 10 സെ.മീ കനമുള്ള സ്ളാബ് വാർക്കുന്നതിനായി സ്റ്റിറപ്പ് ഇല്ലാതെ രണ്ട് ലെയർ മെയിൻ / ഡിസ്ട്രിബ്യൂഷൻ കമ്പി കെട്ടിയതായാണ് എം. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണത്തിനായി, 80 സെ.മീ നീളവും, 50 സെ.മീ വീതിയും 10 സെ.മീ കനവുമുള്ള സ്ളാബ് വാർക്കുന്നതിന് 75 സെ.മീ നീളത്തിലുള്ള 10 എം.എം കമ്പി 5 എണ്ണവും, 45 സെ.മീ നീളവുമുള്ള 8 എം.എം കമ്പി 6 എണ്ണവും ആവശ്യമാണ്. എന്നാൽ പ്രസ്തുത എണ്ണം കമ്പിയെ 2 കൊണ്ട് ഗുണിച്ചാണ് കമ്പിയുടെ മൊത്തം നീളവും അതിൻെറ തൂക്കവും കണ്ടിരിക്കുന്നത്. ഇപ്രകാരം കണക്കു കൂട്ടിയതിനാൽ, 158.04 കി.ഗ്രാം 10 എം.എം. കമ്പിയും, 76.53 കിഗ്രാം 8 എം.എം. കമ്പിയും അധികം വന്നതിനാൽ 10769/– രൂപ കരാറുകാരന് അധികം നൽകിയതായി കാണുന്നു.

10 എം. എം. 158.04 കിഗ്രാം
( 256.15 മീ x 0.617)
8 എം.എം
( 193.76 മീ. X 0.395) 76.53 കിഗ്രാം
234.57 കിഗ്രാം x 4591/– per ക്വിൻറൽ
= 10769/–

അധികം നൽകിയ തുക അളവ് രേഖപ്പെടുത്തിയ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**2) കരാറുകാരന് അനധികൃതമായി സമയം നീട്ടി നൽകി.**

കരാറിലെ 40–ാം നമ്പർ വ്യവസ്ഥ പ്രകാരം എഗ്രിമെൻറ് വെയ്ക്കുന്ന സമയത്ത് ആവശ്യമെങ്കിൽ 3 മാസം വരെ കാലാവധി നീട്ടി നൽകുമെന്നും, കരാറിൽ ഏർപ്പെട്ടു കഴിഞ്ഞാൽ സമയം നീട്ടി നൽകുന്നതിന് 19.8.1997–ലെ ജി.ഒ.(പി) 84/97/പി.ഡബ്യൂ.ഡി ഉത്തരവ് പ്രകാരമുള്ള പിഴ ഈടാക്കുമെന്നും വിവക്ഷിക്കുന്നു. ഈ പ്രവൃത്തിയിൽ 6 മാസത്തെ സമയം 3.8.2010–ൽ അവസാനിക്കുകയും എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 3/11–ലുമാണ്. പൂർത്തീകരണ സമയം ( 7 മാസം) നീട്ടി നൽകിയപ്പോൾ താഴെപറയും പ്രകാരം ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല.

Local Fund Audit Department

ആദ്യത്തെ മൂന്നു മാസം. – 1156276 x 1/100 = 11563
( 1% of PAC)
അടുത്ത മൂന്നു മാസം – 1156276 x 2/100 = 23126

അടുത്ത ഒരു മാസം – 1156276 x 2/100 x 1/3 = 7709
--------
ആകെ 42398
========

പിഴ ഈടാക്കാതെ സമയം നീട്ടി നൽകുന്നതിന് കോർപ്പറേഷൻ എഞ്ചിനീയർക്ക് ക്ഷമതയില്ലാത്തതിനാൽ മേൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കുകയോ, പിഴ ഈടാക്കാൻ വിട്ടുപോയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുകയോ ചെയ്യേണ്ടതാണ്.

## 3–24) മേയർ ഭവൻ കോമ്പൗണ്ടിലെ ഡ്രെയിൻ നിർമ്മാണം – അപാകതകൾ

**പ്രൊജക്ട് നമ്പർ : 646/10**
**ഫയൽ : ഇ.ജി.4/77812/09**
**കരാറുകാരൻ : കെ. ബാലകൃഷ്ണൻ**
**എം. ബുക്ക് : 577/08**
**തുക : 3,84,263/– രൂപ**
**ചെക്ക് നമ്പർ : 493351/8.10.2010**

മേൽ പറഞ്ഞ പ്രവൃത്തിക്കായി തയ്യാറാക്കിയ 7.5 ലക്ഷം രൂപയുടെ അടങ്കലിന് ഡി.പി.സി. അംഗീകാരം ലഭിച്ചിരുന്നു. പ്രവൃത്തി ടെണ്ടർ ചെയ്ത് 2010 ജനുവരി 1–ന് എഗ്രിമെൻറ് വെയ്ക്കുകയും പിന്നീട് എസ്റ്റിമേറ്റ് പുതുക്കി 4.10 ലക്ഷം രൂപയാക്കി കുറയ്ക്കുകയും, 24.07.2010–ൽ പ്രവൃത്തി പൂർത്തിയാക്കിയതായും കാണുന്നു. പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1) എസ്റ്റിമേറ്റ് ശരിയായ വിധത്തിൽ തയ്യാറാക്കിയില്ല.**

സൈറ്റ് കണ്ടീഷൻ പരിശോധിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാണ്. ഡ്രെയിനിൻെറ വീതി 1 മീറ്ററിൽ താഴെ മാത്രം വരുന്ന ഭാഗങ്ങളിലും , ഇരു വശങ്ങളിലും 20 സെൻറിമീറ്റർ വീതിയിൽ സൈഡ് വാൾ നിർമ്മിക്കുന്നതിനായിരുന്നു. എസ്റ്റിമേറ്റ്. ഡ്രെയിനിൻെറ വീതിയിൽ ഒരു ഭാഗത്ത് മാത്രം സംഭവിക്കുന്ന മാറ്റം ഒഴുക്കിനെ ബാധിക്കുമെന്നത് മുൻകൂട്ടി കാണാവുന്ന ഒരു കാര്യമാണ്. എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ 3.4 ലക്ഷം രൂപ കുറവ് വന്നതിൻെറ പ്രധാന കാരണം അനാവശ്യ പ്രവൃത്തി ഒഴിവാക്കി എന്നതു തന്നെയാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും വിശദീകരണം തേടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

Local Fund Audit Department

**2) പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങാതെ പണി പൂർത്തിയാക്കി**

കരാറുകാരൻ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് 15.3.10–ൽ കോർപ്പറേഷൻ എഞ്ചിനീയറുടെ നേതൃത്വത്തിൽ നടത്തിയ എഞ്ചിനീയർമാരുടെ പരിശോധനയിൽ പ്രവൃത്തിയിൽ സമഗ്രമായ മാറ്റം വരുത്തണമെന്ന് കണ്ടെത്തിയിരുന്നു. ഇതനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കി TS നൽകുന്നത് 16.7.10 നായിരുന്നു. കംപ്ളീഷൻ റിപ്പോർട്ട് പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയത് 24.7.10–നായിരുന്നു. എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം, വാങ്ങാതെയാണ് പ്രവൃത്തി പൂർത്തിയാക്കിയത് എന്ന് എം .ബുക്ക് പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. TS ലഭിക്കാത്ത ഒരു എസ്റ്റിമേറ്റിൽ പ്രവൃത്തി പൂർത്തിയാക്കുന്നത് മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

**3) പ്രവൃത്തി ചെയ്യുന്നതിനു മുമ്പ് എം.ബുക്കിൽ രേഖപ്പെടുത്തി.**

1–1–2010–ൽ എഗ്രിമെൻറ് വെച്ച കരാറുകാരൻ രണ്ട് മാസമായിട്ടും പ്രവൃത്തി തുടങ്ങാത്തതിനാൽ ടിയാന് 15.3.2010–ൽ നോട്ടീസ് നൽകിയിരുന്നു. കരാറുകാരൻ നേരിൽ ഹാജരായി പ്രവൃത്തി തുടങ്ങാമെന്ന് ഉറപ്പ് നൽകിയപ്പോഴാണ് എഞ്ചിനീയർമാർ അന്നുതന്നെ സ്ഥലം പരിശോധിക്കുകയും എസ്റ്റിമേറ്റ് പുതുക്കാൻ തീരുമാനിക്കുകയും ചെയ്തത്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള എക്സ്ട്രാ ഇനം പ്രവൃത്തി (1), (2) എന്നിവ ചെയ്ത് തീർത്ത് അളവെടുത്തതും ചെക്ക് മെഷർ ചെയ്തതും , യഥാക്രമം 5.2.10, 19.2.10 എന്നീ തീയതികളിലാണ്. (കരാറുകാരന് നോട്ടീസ് നൽകുന്നതിന് ഒരു മാസം മുമ്പ്) ചെയ്ത പ്രവൃത്തി യഥാസമയമല്ല എം.ബുക്കിൽ രേഖപ്പെടുത്തിയത് എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. കരാറുകാരൻെറ അനാസ്ഥ മൂലം പ്രവൃത്തി യഥാർത്ഥത്തിൽ വൈകി മഴക്കാലത്ത് നടത്തിയത് കൊണ്ടാണ് എക്സ്ട്രാ ഇനം (4) പ്രവൃത്തിയായ വെള്ളം പമ്പ് ചെയ്ത് ഒഴിവാക്കേണ്ട പ്രവൃത്തി നടത്തേണ്ടി വന്നതും, അതിനായി 4000/– രൂപയുടെ അധിക ചെലവ് വന്നതും.

മേൽ പറഞ്ഞ അപാകതകൾ ഒ.എസ്. നമ്പർ 06/10–11 തീയ്യതി 05–04–2011 പ്രകാരം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ വ്യക്തമായ മറുപടി നൽകുന്നതുവരെ **3,84,263/–** രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3–25) സി.എച്ച് കോളനി റോഡ് പരിഷ്കരണം – JBIC കുടിവെള്ള പദ്ധതിക്കായി വെട്ടിപ്പൊളിച്ച റോഡ് പദ്ധതിപ്പണം ഉപയോഗിച്ച് പുന:സ്ഥാപിച്ചു.

ഫയൽ : ജി1/13360/09 എം. ബുക്ക് 92/09

JBIC കുടിവെള്ള പദ്ധതിക്കായി വെട്ടിപ്പൊളിച്ച ഏതാണ്ട് 40–ൽപരം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 2.71 കോടി രൂപ അടങ്കൽ നിശ്ചയിച്ച്

15–7–09–ൽ ടെണ്ടർ ചെയ്തിരുന്നു. റോഡ് റിഫോർമേഷൻ ചാർജ്ജായി JBIC യിൽ നിന്നും 2,88,45,589/– രൂപ 18.3.2009–ൽ തന്നെ നഗരസഭയ്ക്ക് ലഭിച്ചിരുന്നു. എന്നാൽ 6.82 ലക്ഷം അടങ്കൽ വരുന്ന സിഎച്ച് കോളനി റോഡ് പരിഷ്കരണ പ്രവൃത്തി പ്ളാൻ പ്രൊജക്ടിൽ ഉൾപ്പെടുത്തി ( പ്രൊജക്ട് നം. 725/10) DPC അംഗീകാരം വാങ്ങുകയും താഴെ പറയും പ്രകാരം പണം ചെലവഴിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| കരാറുകാരന് നൽകിയ തുക | : | 13.4.2010 | – 3,27,001.00 |
| " " " | | 31.3.2011 | – 30,573.00 |
| ബിറ്റുമിൻ വാങ്ങി നൽകിയ ചെലവ് | : | | 2,69,530.00 |
| ആകെ | : | | 6,27,104.00 |

JBIC –യിൽ നിന്നും പണം ലഭ്യമായിട്ടും, പ്ളാൻ പ്രൊജക്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിച്ചത്, പദ്ധതിപ്പണം ദുരുപയോഗം ചെയ്യുന്നതിന് തുല്യമാണ്. അനാവശ്യമായി പദ്ധതിപ്പണം ഉപയോഗിച്ചതിന് വിശദീകരണം നൽകേണ്ടതും, പ്രസ്തുത തുക പദ്ധതി ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

### 3–26) നടക്കാവിലെ ഗവ. മോഡൽ നേഴ്സറി സ്കൂൾ അറ്റകുറ്റപ്പണി– ആദായ നികുതി ഈടാക്കിയതിൽ കുറവ്

| | | |
|---|---|---|
| ഫയൽ നം | : | ഇ.ജി.3 /41982/09 |
| എം. ബുക്ക് | : | 349/09 |
| കരാറുകാരൻ | : | സി.സി. എൽ.സി. കോ–ഓപ്പ് സൊസൈറ്റി. |
| ചെക്ക് നം | : | 495203/23.11.10 രൂ 2,35,476/– |

മേൽ പറഞ്ഞ പ്രവൃത്തിയുടെ ഫസ്റ്റ് ആൻറ് ഫൈനൽ ബിൽ പ്രകാരം ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം 247949/– രൂപയാണ്. പ്രസ്തുത ബില്ലിൽ നിന്നും 1% തുകയായ 2480/– രൂപ മാത്രമാണ് ആദായ നികുതിയിനത്തിൽ കുറവ് വരുത്തിയിട്ടുള്ളത്. ഐ.ടി ആക്ട് 294(സി) പ്രകാരം വ്യക്തിഗത കരാറുകാരല്ലാത്ത കരാറുകാരിൽ നിന്നും 2% നിരക്കിലാണ് ആദായ നികുതി ഉത്ഭവ സ്ഥാനത്തു നിന്നും ഈടാക്കേണ്ടത്.

ആയതിനാൽ ആദായ നികുതിയിനത്തിൽ കുറവ് വന്ന 2479/– രൂപ സൊസൈറ്റിയിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കുന്നതിന് അക്കൗണ്ട്സ് ഓഫീസർക്ക് ബാദ്ധ്യതയുണ്ട്. തുക അടവാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

Local Fund Audit Department

## 3–27) പള്ളിപ്പുറായ് റോഡ് പരിഷ്കരണം – എഗ്രിമെൻറ് വെയ്ക്കുന്നതിനും, പണി പൂർത്തിയാക്കുന്നതിനും കാലതാമസം – പിഴ ഈടാക്കിയില്ല.

ഫയൽ നം. ഇ.ജി. 6/77518/09 കരാറുകാരൻ : എ. ബാലൻ

എം.ബുക്ക് : 219/2010, പ്രൊജക്ട് നം. 372/10

131/11

പാർട്ട് ബിൽ : ചെക്ക് നം. 020976/8.4.2011 രൂ 3,32,989/–

മേൽ പറഞ്ഞ പ്രവൃത്തി നെഗോഷ്യേറ്റ് ചെയ്ത് എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരനെ ഏൽപ്പിച്ചിരുന്നു. 8.2.2010–ൽ സെലക്ഷൻ മെമ്മോ കൈപ്പറ്റി യെങ്കിലും സമയപരിധിക്കകം (10 ദിവസം) കരാറിൽ ഏർപ്പെട്ടിരുന്നില്ല. പിന്നീട് 22–2–2010–ൽ നോട്ടീസ് നൽകിയതിൻെറ അടിസ്ഥാനത്തിൽ 5–3–2010–ലാണ് കരാർ ഒപ്പിട്ട് സമർപ്പിച്ചത്.

6 മാസത്തിനകം പണി പൂർത്തിയാക്കാമെന്നായിരുന്നു കരാർ. എന്നാൽ 2–6–2010–ലും, 2–9–2010–ലും നോട്ടീസ് നൽകിയ ശേഷം 10 മാസം കഴിഞ്ഞാണ് പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് ശേഖരിച്ച് തുടങ്ങിയത്. പ്രവൃത്തിയുടെ ഒന്നാം ഭാഗിക ബിൽ 8–4–2011–ൽ നൽകിയെങ്കിലും, പ്രവൃത്തി പൂർത്തിയാക്കിയത് 25–4–2011–ലായിരുന്നു. പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയിട്ടില്ല. എഗ്രിമെൻറ് വെയ്ക്കുന്നതിനും പ്രവൃത്തി പൂർത്തിയാക്കുന്നതിനും, അനന്തമായ കാലതാമസം വന്നതിനാൽ കരാർ വ്യവസ്ഥകൾ പ്രകാരം താഴെ പറയുന്ന പിഴ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കേണ്ടതാണ്.

1) സമയബന്ധിതമായി എഗ്രിമെൻറ്

വെയ്ക്കാത്തതിന് 1 % of PAC $\frac{557335 \times 1}{100}$ = 5573. 00

2) സമയ ബന്ധിതമായി പണി പൂർത്തിയാക്കാത്തതിന്

| | | | | |
|---|---|---|---|---|
| ആദ്യത്തെ | 3 മാസം | – 1% of PAC | | – 5573.00 |
| അടുത്ത | 3 മാസം | – 2% of PAC | | – 11146.00 |
| അടുത്ത | 1 മാസം | – 2% | 11146 x 1/3 | – 3715.00 |
| | | | ആകെ | – 26007.00 |

==========

Local Fund Audit Department

## 3–28) ആനമാട് റോഡ് പരിഷ്കരണം – കരാറുകാരന് അനധികൃതമായ പ്രവൃത്തി സമയം നീട്ടി നൽകി – പിഴ ഈടാക്കിയില്ല.

ഫയൽ നം. ഇ.ജി. 6/77510/09 കരാറുകാരൻ : പി. മോഹൻദാസ്

എം.ബുക്ക് : 220/2010 പ്രൊജക്ട് നം. 662/10, 132/11

അടങ്കൽ : 6 ലക്ഷം

മേൽ പറഞ്ഞ പ്രവൃത്തി ഷെഡ്യൂൾ നിരക്കിലും 10% അധികരിച്ച നിരക്കിൽ കരാർ നൽകുകയും, താഴെ പറയും പ്രകാരം പദ്ധതിപ്പണം ചെലവഴിക്കുകയും ചെയ്തു.

| | |
|---|---|
| കരാറുകാരന് നൽകിയത് – ചെക്ക് 020958/8.4.2011 – | 271279.00 |
| ടാർ നൽകിയ വകയിൽ – | 278506.00 |
| ആകെ | 549785.00 |
| | ========= |

പ്രവൃത്തി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

### 1) മത്സരാധിഷ്ഠിതമല്ലാതെ അധിക നിരക്ക് നൽകി.

രണ്ടു തവണ ടെണ്ടർ ചെയ്യുകയും, 30/12/2009–ന് sealed offer ക്ഷണിക്കുകയും ചെയ്തിട്ടും, പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ കരാറുകാർ ആരും തയ്യാറായിരുന്നില്ല. 10% അധികരിച്ച നിരക്കിൽ പ്രവൃത്തി ഏറ്റെടുത്തു നടത്താൻ തയ്യാറാണെന്ന മേൽപറഞ്ഞ കരാറുകാരന്റെ 22–2–10–ലെ അപേക്ഷ പരിഗണിച്ച് പ്രവൃത്തി അദ്ദേഹത്തെ ഏൽപ്പിക്കുകയായിരുന്നു. 10 ശതമാനം അധികരിച്ച നിരക്കിൽ പ്രവൃത്തി നൽകാൻ തയ്യാറാണെന്ന് നഗരസഭ കരാറുകാരെ അറിയിക്കുകയോ വെബ്സൈറ്റ്/ നോട്ടീസ് ബോർഡ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുകയോ ചെയ്തിരുന്നില്ല. മത്സരാധിഷ്ഠിതമല്ലാതെ ഏകപക്ഷീയമായി അധികരിച്ച നിരക്ക് അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യമാണ്.

### 2) അനധികൃതമായി പ്രവൃത്തി സമയം നീട്ടി നൽകി.

കരാറുകാരനുമായി 23.3.10–ൽ വെച്ച എഗ്രിമെൻറ് പ്രകാരം പ്രവൃത്തി 6 മാസത്തിനകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി തുടങ്ങാൻ വൈകിയതിനാൽ 4–6–2010–ൽ കരാറുകാരന് നോട്ടീസ് നൽകിയിരുന്നു. തുടർന്ന് 8 മാസം കഴിഞ്ഞാണ് കരാറുകാരൻ പ്രവൃത്തിയ്ക്ക് ആവശ്യമുള്ള സാധന സാമഗ്രികൾ ശേഖരിക്കാൻ തുടങ്ങിയത്. കരാർ കാലാവധിയായ 6 മാസം കഴിഞ്ഞ് അകാരണമായി വീണ്ടും 6 മാസം വൈകി 2011 മാർച്ച് മാസത്തിലാണ് പ്രവൃത്തി പൂർത്തിയാക്കിയത്. പ്രവൃത്തിയ്ക്ക് ആവശ്യമായ ടാർ 18.2.2011–ലാണ് supply ചെയ്തതെന്നും ആയതിനാൽ പ്രവൃത്തി

Local Fund Audit Department

സമയബന്ധിതമായി പൂർത്തിയാക്കാനായില്ലെന്നുമുള്ള കരാറുകാരൻെറ അപേക്ഷ പരിഗണിച്ച് സമയം നീട്ടി നൽകുന്നതിന് 28–3–2011–ൽ അസി. എക്സി. എഞ്ചിനീയറും, 30–3–2011–ൽ കോർപ്പറേഷൻ എഞ്ചിനീയറും അനുവാദം നൽകുകയായിരുന്നു. 6 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കാമെന്ന് 23.3.2010–ൽ എഗ്രിമെൻറ് വെച്ച കരാറുകാരൻ പ്രവൃത്തിയ്ക്ക് ആവശ്യമായ ബ്രോക്കൺ സ്റ്റോൺ ശേഖരിക്കാൻ തുടങ്ങിയത് തന്നെ 10 മാസം കഴിഞ്ഞ് 31.1.2011–ലായിരുന്നു. കരാറുകാരൻെറ സത്യസന്ധമല്ലാത്ത അപേക്ഷ പരിഗണിച്ച് പിഴയീടാക്കാതെ സമയം നീട്ടിനൽകിയ നടപടി ശരിയായിരുന്നില്ല. ആയതിനാൽ പിഴ ഈടാക്കാത്തതിന് ഉത്തരവാദിയായ AEE/CEഎന്നിവരിൽ നിന്നും താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

ആദ്യത്തെ മൂന്നു മാസം = $\frac{581481 \times 1}{100}$ = 5815

അടുത്ത മൂന്നു മാസം = $\frac{581481 \times 2}{100}$ = 11630

17445

========

## 3–29) കണ്ണംപറമ്പ് – കോതി റോഡ് പരിഷ്കരണം – അനാവശ്യമായി റോഡ് ഉയർത്തി അധിക ചെലവുണ്ടാക്കി – ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച അഴുക്കുചാൽ അധികപറ്റായി.

**ഫയൽ** : **ഇ.ജി.4/77520/09**
**കരാറുകാരൻ** : **എൻ.എം. സാലി.**
**എം. ബുക്ക്** : **448, 468/09, 59/2010**
**പാർട്ട് ബിൽ 1)** : **373878.00 12.4.10**

**ഫൈനൽ 2)** : **369791.00 8.2.11**
**743669.00**
**=========**

Local Fund Audit Department

12 ലക്ഷം രൂപയുടെ അടങ്കൽ നിശ്ചയിച്ച മേൽ പറഞ്ഞ ദ്വിവർഷ പ്രൊജക്ട് ചില മാറ്റങ്ങൾ വരുത്തി 2010 ഒക്ടോബറിൽ പൂർത്തിയാക്കിയിരുന്നു. പ്രവൃത്തിയ്ക്ക് വേണ്ടിവന്ന ബിറ്റുമെൻ വിലയടക്കം മൊത്തം 919506 രൂപ നഗരസഭയ്ക്ക് ചെലവ് വന്നു. പ്രോജക്ട് വിഭാവനം ചെയ്തതിലെ അസൂത്രണ പിഴവുകളും, അധിക ചെലവും താഴെ വിവരിക്കുന്നു.

### 1) ടെണ്ടർ മത്സരാധിഷ്ഠിതമായിരുന്നില്ല.

പ്രവൃത്തി 5.12.09–ന് ടെണ്ടർ ചെയ്തുവെങ്കിലും മേൽ പറഞ്ഞ കരാറുകാരൻെറ ഒരേ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിരുന്നത്. സിംഗിൾ ടെണ്ടർ സ്വീകരിച്ച് പ്രവൃത്തി നൽകിയതിനാൽ ടെണ്ടറിലെ മത്സര സ്വഭാവം നഷ്ടപ്പെടുത്തി, കരാറുകാരൻ ആവശ്യപ്പെട്ട നിരക്കിൽ പ്രവൃത്തി നൽകുകയായിരുന്നു.

**2) റോഡ് അനാവശ്യമായി ഉയർത്തി.**

ഏതാണ്ട് 360 മീറ്റർ നീളം വരുന്ന റോഡിൽ ഇരു വശങ്ങളിലും ചെറിയ അഴുക്കുചാൽ ഉണ്ടായിരുന്നു. പടിഞ്ഞാറ് ഭാഗത്തെ അഴുക്കുചാൽ കെ.എസ് .യു.ഡി.പി പദ്ധതിയിൽ ഉൾപ്പെടുത്തി സമഗ്രമായി പരിഷ്കരിച്ച്, നടപ്പാതക്കായി 15 സെ.മീ കനത്തിൽ കവറിംങ്ങ് സ്ളാബ് സ്ഥാപിച്ചിരുന്നു. റോഡ് വീതി കുറവായതിനാൽ 15 സെ.മീ ഉയർന്ന് നിൽക്കുന്ന കവറിംങ്ങ് സ്ളാബിൻെറ ഉയരത്തിൽ റോഡ് DR Packing നടത്തി ഉയർത്തി, ടാർ ചെയ്ത് കവറിംങ്ങ് സ്ളാബ് അടക്കമുള്ള ഭാഗം വാഹന ഗതാഗതത്തിന് ഉപയുക്തമാക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തത് എന്ന് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. വീതി കുറഞ്ഞ റോഡിൽ ലക്ഷങ്ങൾ മുടക്കി ഡ്രെയിനേജ് ഉണ്ടാക്കി, വീണ്ടും ലക്ഷങ്ങൾ മുടക്കി റോഡ് ഉയർത്തി ഗതാഗതയോഗ്യമാക്കുന്നത് റോഡ് നിർമ്മാണത്തിലെ ഏത് സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് വ്യക്തമല്ല.

ഇവിടെ റോഡിന് വീതി കുറവായിരുന്നുവെങ്കിൽ ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ച അഴുക്കുചാൽ പരിഷ്കരണവും റോഡ് ഉയർത്തൽ പ്രവൃത്തിയും പ്രായോഗികമായിരുന്നില്ല എന്നു വ്യക്തമാണ്. KSUDP പദ്ധതി പ്രകാരം അഴുക്കുചാൽ പരിഷ്കരണ പദ്ധതിക്ക് എത്ര പണം ചെലവഴിച്ചു വെന്നത് ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല. അനാവശ്യമായി റോഡ് ഉയർത്തി 3,09,515/- രൂപയുടെ പാഴ്ചെലവ് (പേജ് 6 എം. ബുക്ക് 468/09) വരുത്തിയതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയർ, TAG Convenor/Chairman എന്നിവർ ഉത്തരവാദികളാണ്. രണ്ട് പ്രവൃത്തികൾക്കും കൂടി നഗരസഭ വഹിക്കേണ്ടിവന്ന പാഴ്ചെലവ് കണക്കാക്കുന്നതിന് സമഗ്രമായ അന്വേഷണം നടത്തി ഉത്തരവാദികളെ കണ്ടെത്തണമെന്ന് കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്യുന്നു.

**3) കരാറുകാരന് ടാർ അധികം നൽകി.**

പ്രവൃത്തിയുടെ ഭാഗമായി 1373.64 ച.മീ മെറ്റലിംങ്ങ് 30.3.10-ലും, 117.93 ച.മീ മെറ്റലിംഗ് 5.5.10-നും യഥാക്രമം പൂർത്തിയാക്കി അളവെടുത്തിരുന്നു. ഇത്രയും ഏരിയ ടാർ ചെയ്യുന്നതിന് വേണ്ടി വരുന്ന ബിറ്റുമെൻ 30 ബാരൽ മാത്രമാണെന്ന് അറിയാമായിരുന്നിട്ടും കരാറുകാരന് 39 ബാരൽ ബിറ്റുമെൻ 6.5.10-ൽ നൽകി. അധികം നൽകിയ ബിറ്റുമെൻ തിരികെ ലഭിച്ചത് 23.12.10-നായിരുന്നു. ഏതാണ്ട് 7 മാസത്തോളം 54278/- രൂപ വിലവരുന്ന (1456.2 kg x 37273.45 MT) ബിറ്റുമെൻ കരാറുകാരൻെറ വരുതിയിൽ വിട്ടുകൊടുത്തിട്ടുണ്ട്. നഗരസഭയുടെ മുതൽ അനാവശ്യമായി കരാറുകാരന് വിട്ടുകൊടുക്കാൻ 28-4-10-ൽ ശുപാർശ ചെയ്ത അസി. എഞ്ചിനീയറിൽ നിന്നും പിഴയായി പ്രസ്തുത മുതലിൻെറ മൂല്യത്തിനുള്ള പലിശ കണക്കാക്കി ഈടാക്കേണ്ട

Local Fund Audit Department

തുണ്ട്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട എഞ്ചിനീയറിൽ നിന്നും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 3–30) റോഡ്/നടപ്പാത വീതികൂട്ടൽ – ഇലക്ട്രിസിറ്റി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ – പദ്ധതി നടത്തിപ്പിലെ അപാകതകൾ

**ഫയൽ നമ്പർ : ഇജി 13/77907/10** **പ്രോജക്ട് : 96/11**

**അടങ്കൽ : 1 ലക്ഷം രൂപ.**

നഗരസഭയിലെ റോഡ്/ നടപ്പാത എന്നിവ വീതി കൂട്ടുന്ന അവസരത്തിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടെ വിഭാവനം ചെയ്ത പ്രൊജക്ടിനായി 2010–11 വർഷത്തിൽ 97800/– രൂപ ചെലവ് വന്നു വാർഡ് കൗൺസിലർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഇലക്ട്രിസിറ്റി ഡിവിഷനിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് അനുസരിച്ച് പണം മുൻകൂറായി ഡെപ്പോസിറ്റ് ചെയ്യുന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്. ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇലക്ട്രിസിറ്റി സെക്ഷൻ | പോസ്റ്റിൻെറ എണ്ണം | ഡെപ്പോസിറ്റ് | | ആകെ |
|---|---|---|---|---|
| | | മെറ്റീരിയൽ+ സ്റ്റോറേജ് | ലേബർ, ട്രാൻസ്പോർട്ടേഷൻ,സൂപ്പർവിഷൻ | |
| മാങ്കാവ് | 3 | ലഭ്യമല്ല | ലഭ്യമല്ല | 13910 |
| ടി | 2 | 3743 | 5946 | 9689 |
| ടി | ലഭ്യമല്ല | 11686 | 28963 | 40649 |
| ടി | ലഭ്യമല്ല | 1351 | 8425 | 9776 |
| വെള്ളിമാട്കുന്ന് | 2 | 2542 | 5644 | 8186 |
| പൊറ്റമ്മൽ | 5 | --- | 6050 | 6050 |
| കല്ലായ് | 3 | --- | 5446 | 5446 |
| കാരപ്പറമ്പ് | 2 | 962 | 3132 | 4094 |
| | | **20284** | **63606** | **97800** |

Local Fund Audit Department

**അപാകതകൾ**

1) 27.10.2010–ന് മാങ്കാവ് സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്ത 13910/– രൂപയുടെ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. പൊറ്റമ്മൽ, കല്ലായ് എന്നീ സെക്ഷനുകളിൽ ഒഴികെ നഗരസഭ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ലേബർ, ട്രാൻസ്പോർട്ടേഷൻ, സൂപ്പർവിഷൻ എന്നീ ചാർജ്ജുകൾക്കു പുറമെ മെറ്റീരിയൽസ് ചാർജ്ജും ഈടാക്കിയതായി കാണുന്നു. പോസ്റ്റ് മാറ്റി സ്ഥാപിക്കുമ്പോൾ കേട് വന്ന പോസ്റ്റ്/ സാധന സാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിക്കാനുള്ള ബാദ്ധ്യത കെ.എസ്.ഇ.ബി യ്ക്കാണ്. ട്രാൻസ്പോർട്ടേഷൻ/ ലേബർ/ സൂപ്പർ വിഷൻ ചാർജ്ജുകളാണ് നഗരസഭ അടവാക്കേണ്ടിയിരുന്നത്. വിവിധ സെക്ഷനുകളിൽ അടച്ച ഡെപ്പോസിറ്റ്

തുകയിലെ മെറ്റീരിയൽസ് ചാർജ്ജ് തിരിച്ചു വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) വീതി കൂട്ടിയ സ്ഥലം ലാൻറ് റിലിങ്കിഷ്മെൻറ് ആക്ട് പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ടതുണ്ട്. അപ്രകാരം സ്ഥലം നഗരസഭയ്ക്ക് വിട്ടുകിട്ടിയാൽ മാത്രമേ പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ ചെലവഴിച്ച തുകയ്ക്ക് സാധുത വരുന്നുള്ളൂ. ആയതിനാൽ മേൽ പറഞ്ഞ പ്രവൃത്തികളുടെ ലാൻറ് റിലിങ്കിഷ്മെൻറ് ഫയൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

3) പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഫയലിൽ ലഭ്യമല്ല. പൂർത്തീകരണ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതുവരെ പ്രവൃത്തിക്കായി ചെലവഴിച്ച 97800/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. തടസ്സം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-31) <u>കോവൂർ കമ്മ്യൂണിറ്റി ഹാൾ - പ്ളാനും എസ്റ്റിമേറ്റും തയ്യാറാക്കൽ - അപാകതകൾ</u>

**ഫയൽ നമ്പർ : ഇ.ജി. 12/84283/08 ( 2 വോള്യം)**

നഗരസഭയുടെ 2006-07 വർഷത്തെ ബജറ്റിൽ കോവൂർ കമ്മ്യൂണിറ്റി ഹാളിൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു.. ഓഡിറ്റ് തീയതി വരെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

**<u>1) കൺസൽട്ടൻറിൻെറ നിയമനം സുതാര്യമായില്ല.</u>**

കമ്മ്യൂണിറ്റി ഹാളിൻെറ പ്ളാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകാമെന്ന് അറിയിച്ച "പോൾ ആൻറ് അസോസിയേറ്റ്സ്' എന്ന ആർക്കിടെക്റ്റൽ & എഞ്ചിനീയറിംഗ് കൺസൽട്ടൻറിൻെറ കത്തിനെ തുടർന്നാണ് ഫയൽ ആരംഭിക്കുന്നത്. കത്ത് പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ 31-5-2008-ന് ചേർന്ന നഗരസഭ സ്റ്റിയറിംഗ് കമ്മിറ്റി യോഗം പ്രൊജക്ട് എഞ്ചിനീയറെ ചുമതലപ്പെടുത്തി രണ്ടു കോടി രൂപയിൽ അധികം ചെലവു വരുന്ന ബൃഹത്തായ ഒരു പ്രൊജക്ടിൻെറ ആർക്കിടെക്റ്ററൽ ഡ്രോയിംഗ്, പ്രൊജക്ട് റിപ്പോർട്ട് , ആർക്കിടെക്റ്ററൽ ലേ ഔട്ട്, സ്ട്രക്ചറൽ ഡിസൈൻ കാൽക്കുലേഷൻ & ഡ്രോയിംഗ്, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് ഏജൻസിയെ കണ്ടെത്താൻ പത്രപരസ്യമോ ഒരു നോട്ടീസ് പോലുമോ തയ്യാറാക്കിയിട്ടില്ല. ഏജൻസിയുടെ മുൻകാല പ്രവൃത്തി പരിചയം, ഈ രംഗത്തെ വൈദഗ്ദ്യം എന്നിവ മാനദണ്ഡമാക്കിയിട്ടില്ല. സ്ഥാപനം മുമ്പ് ഏറ്റെടുത്ത് നടപ്പാക്കിയ

Local Fund Audit Department

പ്രൊജക്ടുകൾ വിശകലനം നടത്തിയിട്ടുമില്ല. നഗരസഭയും സ്ഥാപനവും തമ്മിൽ ഏർപ്പെട്ടുവെന്ന് നോട്ട് ഫയലിൽ പറയുന്ന കരാർ ഫയലിൽ ഇല്ല.

**2) പ്ളാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ ഫീസ് നൽകിയത്.**

പ്ളാനും എസ്റ്റിമേറ്റും തയ്യാറാക്കിയതിന് പ്രതിഫലമായി പോൾ ആൻറ് അസോസിയേറ്റ്സിന് ഇതിനകം തന്നെ ആദായ നികുതിയുൾപ്പെടെ 1,80,583 രൂപ നൽകിയിട്ടുണ്ട്. (2939/08-09 : 60,000/- രൂപ, 167/4-10: 120583/- രൂപ ) ഇതു കൂടാതെ രേഖകളുടെ സ്ക്രൂട്ടിനി നടത്തിയതിന് കോഴിക്കോട് ഗവ: എഞ്ചിനീയറിംഗ് കോളേജിന് 55000/- രൂപ നൽകിയിട്ടുണ്ട്. (ആകെ 2,35,583/- രൂപ )

തദ്ദേശ ഭരണ (ഡി.പി.) വകുപ്പിൻെറ 22-11-2001-ലെ സർക്കാർ ഉത്തരവ് (എം. എസ്) 289/01/ത.സ്വ.ഭ.വ. ഉത്തരവിൽ, മരാമത്ത് പണികളുടെ പ്ളാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് ഒരു കോടി രൂപയ്ക്കു മുകളിൽ എസ്റ്റിമേറ്റുള്ള സംരംഭങ്ങളിൽ അടങ്കൽ തുകയുടെ 0.5% ഫീസായി സർക്കാറിലേക്ക് അടച്ച് സർക്കാർ എഞ്ചിനീയർമാരുടെ സേവനം ഉപയോഗിക്കാനും ഇത് സാധിക്കാതെ വരുന്ന സാഹചര്യത്തിൽ യോഗ്യതയുള്ള സ്വകാര്യ എഞ്ചിനീയർമാരുടെ സേവനം തേടാനും ത.സ്വ.ഭ.വ. സ്ഥാപനങ്ങളെ അധികാരപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ എഞ്ചിനീയർമാർക്ക് പരമാവധി അടങ്കൽ തുകയുടെ 0.5 ശതമാനമോ 60,000/- രൂപയോ ഏതാണ് കുറവ് അത് ഫീസായി നൽകാവുന്നതാണെന്നും ഇത്തരം ഓരോ സംരംഭങ്ങൾക്കും പ്രത്യേകമായി സർക്കാരിൻെറ മുൻകൂർ അനുമതി തേടേണ്ടതാണെന്നും ഉത്തരവ് വ്യവസ്ഥ ചെയ്യുന്നു.

കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് വേണ്ട പ്ളാൻ, എസ്റ്റിമേറ്റ് തുടങ്ങിയവ തയ്യാറാക്കുന്നതിന് സർക്കാർ എഞ്ചിനീയർമാരുടെ സേവനം ലഭിക്കാൻ നഗരസഭ ശ്രമം നടത്തിയിട്ടില്ല. ഗവൺമെൻറ് ഉത്തരവിൽ നിഷ്കർഷിക്കുന്ന തരത്തിൽ സർക്കാരിൻെറ മുൻകൂർ അനുമതി ഈ സംഗതിയിൽ ലഭിച്ചിട്ടില്ല. കൂടാതെ സർക്കാർ നിശ്ചയിച്ച പരമാവധി തുകയിലധികം സ്ഥാപനത്തിന് ഫീസായി നൽകിയിട്ടുണ്ട്. മേൽകാരണങ്ങളാൽ പോൾ ആൻറ് അസോസിയേറ്റ്സിന് നൽകിയ 1,80,583 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുൻകൂർ അനുമതിയില്ലാതെ ചെലവ് നടത്തിയതിൽ സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്.

**3) തെറ്റായ ഡാറ്റ തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.**

മേൽ പറഞ്ഞ പ്രകാരം 1,80,583/- രൂപ 2010 ഏപ്രിലിൽ തന്നെ നൽകിക്കഴിഞ്ഞിരുന്നു. നിർമ്മാണ ജോലികൾ ഏറ്റെടുത്ത കരാറുകാരൻ ശ്രീ. പി.വി.ബാലകൃഷ്ണൻ 10-8-10-ന് നഗരസഭയ്ക്ക് നൽകിയ കത്തിൽ, Soil Test Report പ്രകാരം സൈറ്റിൽ ഓഗർ പൈൽ ചെയ്യാനാവില്ലെന്നും D.M.C മാത്രമേ സാധിക്കുകയുള്ളൂ

Local Fund Audit Department

എന്നും അതിനാൽ DMC യിലേക്ക് റേറ്റ് മാറ്റിത്തരണമെന്നും അപേക്ഷിച്ചിട്ടുണ്ട്. സോയിൽ ടെസ്റ്റ് റിപ്പോർട്ടിന് വിരുദ്ധമായ ഡാറ്റ തയ്യാറാക്കി നഗരസഭയ്ക്ക് നൽകിയതിന് പോൾ ആൻറ് അസോസിയേറ്റ്സിൽ നിന്നും 2–9–10–ന് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തെറ്റായ റേറ്റ് തയ്യാറാക്കി നഗരസഭയ്ക്ക് സമർപ്പിച്ച സ്ഥാപനത്തിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുമില്ല. ഓഗർ പൈലിൻെറ റേറ്റിൽ സ്ഥാപനം തയ്യാറാക്കി നൽകിയ രേഖകളാണ് ഗവ; എഞ്ചിനീയറിംഗ് കോളേജിൽ സ്ക്രൂട്ടിനി നടത്തിയതും ഫീസ് നൽകിയതും എന്നത് ഗൗരവമുള്ള വിഷയമാണ്.

**4) പ്രസക്തമായ രേഖകൾ ഫയലിൽ ഇല്ല.**

തയ്യാറാക്കിയ സ്ഥാപനത്തിൻെറ മുദ്രയോ, ആർക്കിടെക്റ്റിൻെറ പേരോ, ഒപ്പോ ഇല്ലാത്ത ഒരു എസ്റ്റിമേറ്റാണ് ഫയലിൽ ഉള്ളത്. ഇത് 2010 ജൂലൈയിൽ തയ്യാറാക്കിയതും DMC പൈലിൻെറ നിരക്കിലുള്ളതുമാണ്. മുമ്പ് തയ്യാറാക്കിയ ഓഗർ പൈൽ റേറ്റിലുള്ള എസ്റ്റിമേറ്റ് (സ്ക്രൂട്ടിനി നടത്തി അംഗീകരിക്കപ്പെട്ടത്) ഫയലിൽ ഇല്ല. ആർക്കിടെക്റ്റ് ഒപ്പിട്ട പ്ളാൻ, സ്ട്രക്ച്ചറൽ ഡിസൈൻ, ഡ്രോയിങ്ങ്, പ്രൊജക്ട് റിപ്പോർട്ട് എന്നിവയൊന്നും തന്നെ ഫയലിൽ ഇല്ല. സ്ക്രൂട്ടിനി റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഫയലിൽ ഉള്ള എസ്റ്റിമേറ്റിൽ തന്നെ അത് ലഭിച്ച തീയതിയോ, ഏറ്റു വാങ്ങിയ ഉദ്യോഗസ്ഥൻെറ ഇനീഷ്യലോ ഇല്ല. പ്രസക്തമായ രേഖകളുടെ അഭാവത്തിൽ തുടർ നടപടികൾ പ്രയാസകരമാണ്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

**3–32) എഞ്ചിനീയറിംഗ് വിഭാഗം –ഗ്യാരണ്ടി കാലാവധിക്കുമുമ്പേ സെക്യൂരിറ്റിഡെപ്പോസിറ്റുകൾ കരാറുകാർക്ക് തിരിച്ചു നൽകുന്നു.**

എഞ്ചിനീയറിംഗ് വിഭാഗത്തിൽ വിവിധ പ്രവൃത്തികൾക്കായി കെട്ടി വെയ്ക്കുന്ന സെക്യൂരിറ്റി ദ്രവ്യങ്ങൾ, സെക്യൂരിറ്റി രജിസ്റ്ററുകൾ, അവയുമായി ബന്ധപ്പെട്ട ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഡെപ്പോസിറ്റ് ദ്രവ്യങ്ങൾ സെക്രട്ടറി/ കോർപ്പറേഷൻ എഞ്ചിനീയർ എന്നിവരുടെ ഉത്തരവില്ലാതെ അനധികൃതമായി കരാറുകാർക്ക് തിരിച്ചു നൽകുന്നതായി കാണുന്നു. ഗ്യാരണ്ടി കാലയളവിലുള്ള താഴെ പറയുന്ന ഡെപ്പോസിറ്റ് ദ്രവ്യങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

Local Fund Audit Department

| ക്രമ നം | ഫയൽ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തി പൂർത്തിയായ തീയതി | സ.ഉ.(എം.എസ്) 96/92 പി.ഡബ്ല്യൂ .&ടി തീ. 21.11.1992 നമ്പർ ഉത്തരവു പ്രകാരമുള്ള ഗ്യാരണ്ടി കാലയളവ് | ഗ്യാരണ്ടി കാലയളവ് അവസാനിക്കുന്ന തീയതി | സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ചു കൊടുത്ത തീയതി | കരാറുകാരന്റെ പേര് | തുക |
|---|---|---|---|---|---|---|---|---|
| 1 | ഇ.ജി.6/ 77515/09 | ചാമുണ്ഡി വളപ്പ് ചേരി പരിഷ്കരണം | 5–6–2010 | 1 വർഷം | 4–6–2011 | രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. | എൻ.എം. സാലി | 58,000 |
| 2 | ഇ.ജി.6/88513/09 | കളത്തിൽ പറമ്പ് റോഡ് പരിഷ്കരണം | 2–12–2010 | 1 വർഷം | 1–12–2011 | ടി | എസ്. ദേവദാസ് | 50,357 |
| 3 | ഇ.ജി.4/77843/09 | പടന്നയിൽ ചേരിപരിഷ്കരണം | 7–2–2011 | 1 വർഷം | 6–2–2012 | ടി | പി. മോഹൻദാസ് | 75,018 |
| 4 | ഇ.ജി. 4/74418 /08 | അരയാൽ തോപ്പ് ഇടവഴി പരിഷ്കരണം | 27–2–2010 | 1 വർഷം | 26–2–2011 | ടി | കെ.കെ. വിജയ രാജൻ | 11,100 |

ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപം സ്ഥാപനത്തിന്റെ സാമ്പത്തിക സുരക്ഷയെ ബാധിക്കുന്നതിനാൽ മേൽ വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി അച്ചടക്ക നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

Local Fund Audit Department

### 3–33) ചേരി പ്രദേശത്തെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ – ജില്ലാ ആസൂത്രണ സമിതി അനുവദിക്കാത്ത പർച്ചേയ്സ് അംഗീകരിക്കുന്നില്ല.

**പ്രൊജക്ട് നമ്പർ : 62/10–11**

**ഫയൽ നമ്പർ : ബി –1/15483/10**

**നിർവ്വഹണോദ്യോഗസ്ഥൻ : വിദ്യാഭ്യാസ ഉപ ഡയറക്ടർ, കോഴിക്കോട്.**

**പ്രൊജക്ട് അടങ്കൽ : 250000/– രൂപ.**

2010–11 വർഷത്തെ വികസന ഫണ്ട് ഉപയോഗിച്ചുള്ള 'ചേരി പ്രദേശത്തെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ' എന്ന പ്രൊജക്ടിന് മൂന്ന് ഘട്ടങ്ങളിലായി ആകെ 1,25,134 രൂ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെ പറയുന്നു.

1) മേൽ നമ്പറായുള്ള വിദ്യാഭ്യാസ പ്രൊജക്ടിന് സംസ്ഥാനതല സാങ്കേതിക ഉപദേശക സമിതിയുടെ (കോഴിക്കോട് മേഖല) 20–7–2010–ലെ SLTG/R3/C5/62 നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയപ്പോൾ, 'പഠന നിലവാരം ഉയർത്തുന്നതിൻെറ ഭാഗമായി തയ്യൽ മെഷീൻ അനുവദനീയമല്ല' എന്ന് തീരുമാനത്തോടൊപ്പം കുറിപ്പ് രേഖപ്പെടുത്തി SL TAG കൺവീനർ ഒപ്പ് വെച്ചിട്ടുണ്ട്. 30–7–2010–ൽ ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ SL TAG യുടെ ശുപാർശ അതേ പ്രകാരം തന്നെ അംഗീകരിക്കുകയായി രുന്നു. (നം. 510/10 DPL / DPC Dt. 30–7–2010)

പ്രൊജക്ടിൻെറ ഭാഗമായുള്ള രണ്ടാം ഘട്ട നിർവ്വഹണത്തിൽ, രണ്ട് തയ്യൽ മെഷീനുകൾ 8923 രൂപയ്ക്ക് 'Jaicee Agencies' കണ്ടംകുളം റോഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ 1831/25–1–11) ഇത് ഉൾപ്പെടെയുള്ള തുക 81500 രൂപ 30–3–2011–ന് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും തുക കൈപ്പറ്റിയതിനുള്ള സ്ഥാപനത്തിൻെറ രശീതി ഫയലിൽ ഇല്ല; തയ്യൽ മെഷീനുകൾ സ്റ്റോക്കിൽ എടുത്തതിൻെറ വിവരങ്ങളും ലഭ്യമല്ല. തദ്ദേശ സ്വയം ഭരണ (ഡിഎ) വകുപ്പിൻെറ 11–12–2008–ലെ സ.ഉ. (എം.എസ്) 328/2008 ത.സ്വ.ഭ.വ. ഉത്തരവു പ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ നടപടി ഉത്തരവിന് അനുസൃതമല്ലാത്ത ചെലവുകൾക്ക് സാധുത ഉണ്ടായിരിക്കുന്നതല്ലായെന്നും അത്തരം ചെലവുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻെറ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. തയ്യൽ മെഷീനുകൾ വാങ്ങുന്നത് ഈ പ്രൊജക്ടിൽ അനുവദനീയമല്ല എന്ന് ജില്ലാ അസൂത്രണ സമിതി തീരുമാനിച്ചിട്ടു പോലും, തയ്യൽ മെഷീനുകൾ വാങ്ങിയ DDE–യുടെ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വികസന ഫണ്ടിൽ നിന്നും ഈ ഇനത്തിലുണ്ടായ ചെലവ് 8923/– രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വികസന ഫണ്ടിൽ തിരിച്ചടച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

2) പ്രൊജക്ട് നിർവ്വഹണത്തിൻെറ മൂന്നാം ഘട്ടത്തിൽ കോഴിക്കോട് മാവൂർ റോഡിലുള്ള 'YOHANA STORES' എന്ന സ്ഥാപനത്തിൽ നിന്നും 19600 രൂപയ്ക്ക് ഒരു കമ്പ്യൂട്ടർ സിസ്റ്റവും 4800 രൂപയ്ക്ക് ഒരു ലേസർ പ്രിൻററും വാങ്ങിയതിൻെറ ബില്ലുകൾ ഫയലിൽ ഉണ്ടെങ്കിലും സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിൻെറ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ലേസർ പ്രിൻറർ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ നോട്ടീസിൽ ഉൽപ്പന്നത്തിൻെറ ബ്രാൻറ് നെയിം കാണിച്ചിരിക്കുന്നത് സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. സ്റ്റോർ പർച്ചേയ്സ് പ്രൊജക്ടിൻെറ ഭാഗമായി

Local Fund Audit Department

ഇൻഫർമേഷൻ ടെക്നോളജി സംബന്ധിച്ച് യാതൊരുവിധ ശിക്ഷണവും നടന്നിട്ടില്ല. മാത്രമല്ല ഐ.ടി@സ്കൂൾ പദ്ധതിയുടെ ഭാഗമായി ഹൈസ്കൂളുകൾക്കും മറ്റും കമ്പ്യൂട്ടറുകൾ വാങ്ങി നൽകുന്നതിനാൽ ഈ പ്രോജക്ട് പ്രകാരമുള്ള പർച്ചേയ്സ് അത്യാവശ്യമായിരുന്നില്ല. മേൽ സാഹചര്യത്തിൽ ചെലവഴിച്ച തുക 24400/– രൂപ തടസ്സത്തിൽ വെയ്ക്കുന്നു. മൂന്നാം ഘട്ടത്തിൽ കേരളാ ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷനിൽ നിന്നും 4944/– രൂപ വിലയുള്ള ഒരു സ്റ്റീൽ അലമാര വാങ്ങിയിട്ടുണ്ട്. ആർട്ട്കോയിൽ നിന്നും ടെണ്ടർ കൂടാതെ മര ഫർണിച്ചർ വാങ്ങാൻ ഗവ: അനുമതിയുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെ സ്റ്റീൽ ഫർണിച്ചർ വാങ്ങിയതിൻെറ സാധുത വിശദീകരിക്കേണ്ടതുണ്ട്. ചേരിപ്രദേശത്തെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് രൂപം കൊടുത്ത പ്രൊജക്ടിൽ, പേപ്പർ ബാഗ് നിർമ്മാണം, സോപ്പ് നിർമ്മാണം, ക്രിസ്തുമസ് സ്റ്റാർ നിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം, ഓർണമെൻറ് നിർമ്മാണം, തുണിസഞ്ചി നിർമ്മാണം എന്നിവയുടെ പരിശീലനത്തിനായാണ് ഭൂരിഭാഗം തുകയും സമയവും വിനിയോഗിച്ചിരിക്കുന്നത്. സ്കൂൾ കരിക്കുലം സംബന്ധിച്ച കാര്യങ്ങളിൽ ചേരി പ്രദേശത്തെ വിദ്യാർത്ഥികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പരിശീലനങ്ങൾക്ക് കുറഞ്ഞ സമയം മാത്രമേ വിനിയോഗിക്കപ്പെട്ടിട്ടുള്ളൂ. പ്രൊജക്ടിൻെറ നിർവ്വഹണ ഫലമായി ഗുണം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, കൈവരിച്ച ഭൗതിക നേട്ടം എന്നിവ വിലയിരുത്തപ്പെട്ടിട്ടില്ല. പ്രൊജക്ടിൻെറ ഒരു ഘട്ടത്തിലും മോണിറ്ററിംഗ് നടന്നിട്ടില്ല എന്ന വസ്തുത മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൻെറ അഭാവത്തിൽ വ്യക്തമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3–34) വോക്കേഷണൽ ഹയർ സെക്കൻററി ലാബ് നവീകരണം – പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

**പ്രൊജക്ട് നമ്പർ** : **303/2010–11**

**നിർവ്വഹണ ഉദ്യോഗസ്ഥൻ** : **വിദ്യാഭ്യാസ ഉപ ഡയറക്ടർ, കോഴിക്കോട്.**

**ഫയൽ നമ്പർ** : **ബി 1/15486/10**

**പ്രൊജക്ട് അടങ്കൽ/ ചെലവ്** : **7 ലക്ഷം രൂപ.**

*******

Local Fund Audit Department

2010–11 വർഷത്തിൽ മെയിൻറനൻസ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രൊജക്ടിൻെറ നിർവ്വഹണത്തിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1) പ്രൊജക്ട് പ്രകാരം നഗരസഭാ പരിധിയിൽപ്പെട്ട 4 വി.എച്ച്.എസ്.ഇ കൾക്കായി 11 കമ്പ്യൂട്ടറുകളും 11 യു.പി.എസ്സും വാങ്ങിയിട്ടുണ്ട്. വിദ്യാഭ്യാസ ഉപ ഡയറക്ടർ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള 'യു.പി. സ്കൂളുകൾക്ക് കമ്പ്യൂട്ടർ' എന്ന പ്രൊജക്ടിൽ, കമ്പ്യൂട്ടർ സപ്ളൈ ചെയ്ത 'HCL INFOSYSTEM'–ൽ നിന്നാണ് കമ്പ്യൂട്ടറും യു.പി.എസ്സും വാങ്ങിയിരിക്കുന്നത്.. കമ്പ്യൂട്ടർ 23250/– രൂപ നിരക്കിലും 600 VA UPS 1600/– രൂപ നിരക്കിലുമാണ് വാങ്ങിയത്. 'യു.പി. സ്കൂളുകൾക്ക് കമ്പ്യൂട്ടർ' എന്ന പ്രൊജക്ടിൽ Excel Systems & Services, Calicut എന്ന സ്ഥാപനം 600 VA UPS –ന് ക്വാട്ട് ചെയ്തത് 1500/– രൂപ മാത്രമാണ്. 1500/– രൂപ നിരക്ക് കാണിച്ച സ്ഥാപനത്തിൽ നിന്നും UPS വാങ്ങാതെ 1600/– രൂപ അതേ സ്പെസിഫിക്കേഷൻ ഉള്ള UPS വാങ്ങിയതിനാൽ 1100 (100 x 11) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

നോൺ റോഡ് മെയിൻറനൻസ് ഗ്രാൻറ് ഉപയോഗിച്ച് സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങുമ്പോൾ ഐ.ടി. @ സ്കൂൾ പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കണമെന്ന് 21–5–2009–ലെ 5621/FM/2009/ ത.സ്വ.ഭ.വ. സർക്കുലർ നിഷ്കർഷിക്കുന്നുണ്ട്. ഐ.ടി. @ സ്കൂൾ പദ്ധതി സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച 31–12–2008–ലെ NEP 3/80281/07/DPI നമ്പർ ഉത്തരവിൽ കമ്പ്യൂട്ടർ വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (സ്പെസിഫിക്കേഷൻ, വില, ഗുണനിലവാരം, സേവന നിബന്ധനകൾ, സോഫ്റ്റ്‌വെയർ) വിശദീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ വാങ്ങുമ്പോൾ കെൽട്രോണിന് പ്രഥമ പരിഗണന നൽകാനും ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രസ്തുത ഉത്തരവ് പരിഗണിക്കാതെയാണ് സ്വകാര്യ സ്ഥാപനത്തിൽ നിന്ന് ഉയർന്ന വിലയ്ക്ക് കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത്.

പ്രൊജക്ടിൻെറ ഭാഗമായി പ്രിൻററുകൾ വാങ്ങുകയോ വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ലെങ്കിലും, 2500 രൂപ ചെലവഴിച്ച് VISWAS IT SOLUTIONS എന്ന സ്ഥാപനത്തിൽ നിന്നും ഒരു PRINTER TONER വാങ്ങിയിട്ടുണ്ട്. (സ്പെസിഫി ക്കേഷൻ ലഭ്യമല്ല) ഈ പ്രിൻറർ ടോണർ സ്റ്റോക്കിലെടുത്തതിൻെറയോ വിതരണം നടത്തിയതിൻെറയോ രേഖകൾ ഇല്ല. 2500/– രൂപ കൈപ്പറ്റിയതിനുള്ള സ്ഥാപനത്തിൻെറ രശീതിയും ഇല്ല.

2) VHSE ലാബ് നവീകരണം എന്ന ടി പ്രൊജക്ട് പർച്ചേയ്സ് നടപടികളിൽ മാത്രം ഒതുങ്ങിയതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. പ്രൊജക്ട് നിർവ്വഹണം വഴി ലഭിച്ച ഭൗതിക നേട്ടങ്ങൾ നിർണ്ണയിക്കപ്പെടുകയോ മോണിറ്ററിംങ്ങ് നടത്തുകയോ

Local Fund Audit Department

ചെയ്തിട്ടില്ല. ലാബുകൾ നവീകരിക്കുകയെന്ന ലക്ഷ്യം സാദ്ധ്യമായോ എന്ന് പരിശോധിക്കപ്പെട്ടിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടിയിൽ യു.പി.എസ്സുകൾക്ക് 1450/– രൂപ മുതൽ 2300/– രൂപ വരെയുള്ള 7 മോഡലുകൾക്ക് ടെൻഡർ ലഭിച്ചിരുന്നെന്നും ഇതിൽ 1600/– രൂപ വരെയുള്ള മോഡലിന് നല്ല Back up ഉള്ളതിനാലും കമ്പ്യൂട്ടറിൻെറ ഒപ്പം വാങ്ങിയതിനാലുമാണ് ഈ യു.പി.എസ് വാങ്ങിയത് എന്ന് പറയുന്നു. എന്നാൽ പ്രസ്തുത യു.പി.എസ്സിന് കൂടുതൽ Back up ഉള്ള വസ്തുത ക്ഷമതയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. കമ്പ്യൂട്ടറിനൊപ്പം വാങ്ങിയതുകൊണ്ടാണ് കൂടുതൽ വിലയുള്ള യു.പി.എസ് വാങ്ങേണ്ടി വന്നത് എന്ന മറുപടി കെൽട്രോണിൽ നിന്നും വാങ്ങാതെ ഓപ്പൺ ടെണ്ടർ മുഖേന കമ്പ്യൂട്ടർ വാങ്ങിയതിനാൽ സ്ഥാപനത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന വസ്തുത തെളിയിക്കുന്നു. വോക്കേഷണൽ ഹയർ സെക്കൻററി ലാബ് നവീകരണം എന്ന പ്രോജക്ടിന് വകയിരുത്തിയ പണം ഉപയോഗിച്ച് വാങ്ങിയ പ്രിൻറർ ടോണർ നിർവ്വഹണോദ്യോഗസ്ഥൻെറ ഓഫീസ് ആവശ്യത്തിന് വാങ്ങിയതായിരുന്നു എന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈയിനത്തിൽ ചെലവാക്കിയ 2500/– രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽ ഖണ്ഡിക (1)(2) എന്നിവയിൽ ഉൾപ്പെട്ട 3600/– രൂപ (1100+ 2500) വികസന ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

Local Fund Audit Department

## 3–35) യു.പി. സ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകൽ – പ്രോജക്ടിൽ ഉൾപ്പെടാത്ത ഉൽപ്പന്നം വാങ്ങിയത് അംഗീകരിക്കുന്നില്ല.

**പ്രൊജക്ട് നമ്പർ** : **302/10–11 മെയിൻറനൻസ് ഫണ്ട് (റോഡിതരം)**

**നിർവ്വഹണ ഉദ്യോഗസ്ഥൻ** : **വിദ്യാഭ്യാസ ഉപ ഡയറക്ടർ, കോഴിക്കോട്**

**ഫയൽ നമ്പർ** : **ബി. 11/15485/10**

**പ്രൊജക്ട് അടങ്കൽ / ചെലവ്** : **7 ലക്ഷം രൂപ.**

മേൽ പ്രോജക്ട് പ്രകാരം നഗരസഭാ പരിധിയിലുള്ള 14 ഗവ. യു.പി. സ്കൂളുകൾക്ക് 2 വീതം കമ്പ്യൂട്ടർ സിസ്റ്റവും യു.പി.എസ്സും വാങ്ങി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പ്രോജക്ടിൽ രേഖപ്പെടുത്തിയ 14 ഗവ. യു.പി. സ്കൂളുകൾക്ക് 2 കമ്പ്യൂട്ടർ സിസ്റ്റവും 2 യു.പി.എസ്സും വാങ്ങി അതാത് സ്കൂളുകളിൽ സ്ഥാപിച്ചതിൻെറ റിപ്പോർട്ടുകൾ ഫയലിലുണ്ട്. പ്രൊജക്ട് തുകയിൽ നിന്നും 3000/- രൂപ ചെലവഴിച്ച് കോഴിക്കോട് മാവൂർ റോഡിലുള്ള " YOHANA STORES " എന്ന സ്ഥാപനത്തിൽ നിന്നും ഒരു ടോണർ കാട്രിഡ്ജ് (TONNER CARTIDGE HP 88A) വാങ്ങിയിട്ടുണ്ട്. പ്രൊജക്ടിൽ ഉദ്ദേശിച്ചിരുന്നത് കമ്പ്യൂട്ടറുകളും യു.പി.എസ്സും വാങ്ങാൻ മാത്രമായിരുന്നു. പ്രൊജക്ട് പ്രകാരം ഏതെങ്കിലും സ്കൂളിന് പ്രിൻറർ വാങ്ങി നൽകിയിട്ടുമില്ല. അതിനാൽ തന്നെ ടോണർ കാട്രിഡ്ജ് വാങ്ങിയിരിക്കുന്നതിൻെറ ആവശ്യകത മനസ്സിലാവുന്നില്ല. ഈ ഉൽപ്പന്നം സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല.

**2) അധിക തുക നൽകി യു.പി.എസ്സ് വാങ്ങി.**

14 സ്കൂളുകൾക്കായി 28 യു.പി.എസ്സ് (UPS INTEX 600 VA) വാങ്ങി 44800/- രൂപ (ഒന്നിന് 1600 രൂപ വീതം) 'YOHANA STORES' എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഇതേ ഫയലിൽ തന്നെയുള്ള EXCEL SYSTEMS & SERVICES, CALICUT' എന്ന സ്ഥാപനം സമർപ്പിച്ച ടെൻഡറിൽ 600 VA UPS ഒരെണ്ണത്തിന് കാണിച്ചിരിക്കുന്ന നിരക്ക് 1500 രൂപ മാത്രമാണ്. 1500/- രൂപയ്ക്ക് UPS സപ്ളൈ ചെയ്യാമെന്ന് കാണിച്ച സ്ഥാപനത്തിൻെറ ടെൻഡർ സ്വീകരിക്കാതെ ഇതേ സ്പെസിഫിക്കേഷൻ ഉള്ള യു.പി.എസ്സ് 1600/- രൂപയ്ക്ക് വാങ്ങിയതു വഴി 28 x 100 = 2800/- രൂപ അധികം നൽകിയിട്ടുണ്ട്.

3) റോഡിതര മെയിൻറനൻസ് ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിൽ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുമ്പോൾ ഐ.ടി @ സ്കൂൾ പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കണമെന്ന് ത.സ്വ.ഭ.വ. വകുപ്പിൽ നിന്നുള്ള 5621/FM/2009/ത.സ്വ.ഭ.വ/21-5-2009 സർക്കുലർ നിഷ്കർഷിക്കുന്നുണ്ട്. IT@ school സംബ ന്ധിച്ച പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ NEP3/80281/07/DPI/ 31'12-2008 നമ്പർ ഉത്തരവിൽ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ട മാനദണ്ഡങ്ങൾ (സ്പെസിഫിക്കേഷൻ, വില, ഗുണനിലവാരം സർവ്വീസ് നിബന്ധനകൾ) വിശദീകരിച്ചിട്ടുള്ളതാണ്. IT@school Project കെൽട്രോണുമായി കരാറിലേർപ്പെട്ടതിനാൽ സ്കുളുകളിൽ കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ കെൽട്രോണിന് പ്രഥമ പരിഗണന നൽകാൻ നിർദ്ദേശിക്കുന്ന ടി ഉത്തരവിൽ സപ്ളൈ ചെയ്യുന്ന കമ്പ്യൂട്ടറുകളിൽ 1) IT @ SCHOOL LINUX 3.0

2) OPEN OFFICE 2 ETC. 3) FREE ANTIVIRUS എന്നീ സോഫ്റ്റ്വെയറുകൾ ഇൻസ്റ്റാൾ ചെയ്തിരിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതുപ്രകാരം ഒരു കമ്പ്യൂട്ടറിന് നൽകാവുന്ന പരമാവധി തുക 23000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

Local Fund Audit Department

IT@ SCHOOL സംബന്ധിച്ച ഉത്തരവ് പ്രകാരം കെൽട്രോണിന് പ്രിഫറൻസ് നൽകാതെയും, കമ്പ്യൂട്ടറൊന്നിന് 23250/- രൂപ വീതം നൽകിയതിനും (അധികം നൽകിയത് 250 x 28= 7000) നിർദ്ദിഷ്ട സോഫ്റ്റ്വെയറുകൾ ഇൻസ്റ്റാൾ ചെയ്തിട്ടില്ലാത്ത കമ്പ്യൂട്ടറുകൾ പർച്ചേയ്സ് നടത്തിയതിനും വിശദീകരണം ആവശ്യമാണ്.

ഇതു കൂടാതെ പ്രൊജക്ട് അടങ്കലായ 7 ലക്ഷം രൂപ പൂർണ്ണമായി ചെലവഴിക്കേണ്ടതാണെന്ന ധാരണയിൽ ബാക്കി തുകയ്ക്ക് (1202 രൂപയ്ക്ക്) ഫോട്ടോസ്റ്റാറ്റ് പേപ്പർ, സ്റ്റാപ്ളർ, ബോൾ പെൻ തുടങ്ങിയവയും വാങ്ങിയിട്ടുണ്ട്. പ്രോജക്ടിൽ വിഭാവനം ചെയ്ത പർച്ചേയ്സ് നടത്തി യഥാർത്ഥ ചെലവു തുക മാത്രമേ ട്രഷറിയിൽ നിന്നും പിൻവലിക്കാവൂ എന്നിരിക്കേ അടങ്കൽ തികയ്ക്കാൻ വേണ്ടി അത്യാവശ്യമല്ലാത്ത ചെലവുകൾ ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.

മേൽ ഖണ്ഡികകളിൽ സൂചിപ്പിച്ച തുക 5800/- രൂപ (3000+ 2800) തടസ്സത്തിൽ വെയ്ക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## <u>3-36) അംഗനവാടികൾക്കു സ്ഥലം വാങ്ങൽ - പദ്ധതി രൂപീകരണത്തിലേയും നടത്തിപ്പിലേയും അപാകതകൾ</u>

**പ്രോജക്ട് നം. 173/2010-11 നിർവ്വഹണ ഉദ്യോഗസ്ഥ : സി.ഡി.പി.ഒ, അർബൻ II**

നഗരസഭ പരിധിയിൽ സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് ' 2 സെൻറ് ' സ്ഥലം വാങ്ങി നൽകുന്നതിനാണ് പദ്ധതി ലക്ഷ്യം വെച്ചിരുന്നത്. ഒരു അംഗനവാടിക്ക് സ്ഥലം വാങ്ങുന്നതിനായി 50,000/- രൂപയോ, സ്ഥലം വിലയുടെ പകുതിയോ ഏതാണ് കുറവെങ്കിൽ അത്രയും തുക സഹായധനമായി നൽകുന്ന പദ്ധതിയാണിത്. എന്നാൽ 2010-11-ൽ വികസന ഫണ്ടിൽ വകയിരുത്തിയ 2 ലക്ഷം രൂപയിൽ 50,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 30(സി) പ്രകാരം നഗരസഭയുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപ്പെട്ടതാണ് അംഗനവാടികളുടെ നടത്തിപ്പ് നഗരസഭ പരിധിയിൽ 543 അംഗനവാടികളുള്ളതിൽ, 197 അംഗനവാടികൾക്കു മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ളൂ. ബാക്കി 346 അംഗനവാടികൾ സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്തവയാണ്. സ്വന്തമായി സ്ഥലമില്ലാത്ത ധാരാളം അംഗനവാടികൾ ഉണ്ടായിട്ടും വളരെ തുച്ഛമായ തുകയാണ് നഗരസഭ സ്ഥലം വാങ്ങൽ പദ്ധതിക്കായി നീക്കിവെച്ചത്. ആയതിൽ തന്നെ നാലിലൊന്നു മാത്രമാണ് 2010-11-ൽ ചെലവഴിച്ചിരുന്നത്.

സ്ഥലത്തിന് സ്ക്വയർ ഫീറ്റ് അടിസ്ഥാനത്തിൽ വില കണക്കാക്കുന്ന കോർപ്പറേഷൻ പരിധിയിൽ രണ്ട് സെൻറ് സ്ഥലം വാങ്ങാൻ തുച്ഛമായ സംഖ്യമാത്രം

Local Fund Audit Department

വകയിരുത്തിയതും പദ്ധതി പരാജയപ്പെടാൻ കാരണമായിട്ടുണ്ടാകുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ആയതിനാൽ സ്വന്തം കെട്ടിടമോ സ്ഥലമോ ഇല്ലാത്ത അംഗനവാടികൾക്ക് അവ സ്വായത്തമാക്കുന്നതിന് വേണ്ട ത്വരിത നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നറിയിക്കുന്നു.

## 3–37) ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് – പദ്ധതി നടത്തിപ്പിലെ അപാകതകൾ

**പ്രൊജക്ടിൻെറ പേര്** : **മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.**

**പ്രൊജക്ട് നമ്പർ** : **എസ്. 0048/11**

**അടങ്കൽ** : **18,97,500/–**

**നിർവ്വഹണോദ്യോഗസ്ഥൻ** : **സി.ഡി.പി.ഒ, അർബൻ III**

കോഴിക്കോട് നഗരസഭയിലെ 1 മുതൽ 55 വരെ വാർഡുകളിലുള്ള മാനസിക വൈകല്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി, 24/7/2007–ലെ സർക്കാർ ഉത്തരവ് (എം.എസ്) 183/07, ത.സ്വ.ഭ.വ. പ്രകാരം 253 പേർക്ക് പ്രതിമാസം 750 രൂപ വീതം 10 മാസത്തേക്ക് 18,97,500/– രൂപ സ്കോളർഷിപ്പ് നൽകാനുദ്ദേശിച്ച് രൂപീകരിച്ചതാണ് ഈ പ്രൊജക്ട്. ടി. പ്രൊജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) വ്യക്തമായ കാഴ്ചപ്പാടില്ലാതെ രൂപം നൽകിയ ഈ പ്രൊജക്ടിൻെറ 'പ്രവർത്തനം' എന്ന ഭാഗം പരിശോധിച്ചാൽ മാനസിക വൈകല്യമുള്ള കുട്ടികളെ മാത്രം ഉദ്ദേശിച്ച് രൂപീകരിച്ചതാണ് എന്ന് തോന്നുമെങ്കിലും ശാരീരിക വൈകല്യമുള്ളവർക്കും ഇതിലൂടെ ധനസഹായം നൽകിയിട്ടുണ്ട്. കോഴിക്കോട് നഗരസഭയിൽപ്പെട്ട 1 മുതൽ 55 വരെയുള്ള വാർഡുകളിലെ മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായിരുന്നു പത്രത്തിൽ അറിയിപ്പു നൽകിയിട്ടുള്ളതെങ്കിലും ശാരീരിക വൈകല്യമുള്ളവർക്കും, പ്രദേശത്തിന് പുറത്തുള്ളവർക്കും ധനസഹായം നൽകിയിട്ടുണ്ട്.
2) ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡം, മുൻഗണനാ മാനദണ്ഡം, പ്രവർത്തനം, സംഘാടനം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളൊന്നും പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല.
3) .വാർഡ് സഭകളിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പകരം പത്രപ്പരസ്യം നൽകിയാണ് അപേക്ഷകരെ കണ്ടെത്തിയിട്ടുള്ളത്. കോർപ്പറേഷൻ അധികൃതരിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റ് ലഭിച്ചിട്ടില്ല എന്ന്

Local Fund Audit Department

ഫയലിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അധികൃതരിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കുന്നതിനുള്ള കത്തിടപാടുകൾ നടത്തിയതായി കാണുന്നില്ല.

4) ഇപ്രകാരം ലഭിച്ച അപേക്ഷകരുടെ ലിസ്റ്റ് വാർഡ് സഭകളിലോ, ക്ഷേമകാര്യ സ്ഥിരം സമിതിക്ക് മുമ്പാകെയോ, കൗൺസിലിലോ യഥാസമയം സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

5) 30–3–2011–ന് സി.ഡി.പി.ഒ യുടെ ഐ.സി.ഡി.എസ്/യു III/ പ്രൊജക്ട് – 48/2010–11 നടപടി ക്രമ പ്രകാരം 31–3–2011–ന് 17,41,300/– രൂപ പിൻവലിക്കുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് തുടങ്ങുകയും ചെയ്തു. പിന്നീട് 11–5–2011–ലെ ക്ഷേമകാര്യ സ്ഥിരം സമിതിയുടെ 34–ാം നമ്പർ തീരുമാന പ്രകാരമാണ് ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം ലഭിച്ചത്. അതായത് തുക വിതരണം ചെയ്തു തുടങ്ങിയതിനു ശേഷമാണ് ഗുണഭോക്താക്കളെ കണ്ടെത്തി, ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കപ്പെടുന്നത്.

നിലവിലുള്ള പെൻഷൻ/ധനസഹായ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ തന്നെ വീണ്ടും ഗുണഭോക്താക്കളായി വരാനുള്ള സാധ്യതകൾ പരമാവധി ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് പദ്ധതി മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ആയത് പരിഗണിക്കാതെയാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. പ്രൊജക്ട് നടത്തിപ്പിൽ ഉണ്ടായേക്കാവുന്ന തടസ്സങ്ങൾ മുൻകൂട്ടി കാണുകയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യാതെ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് അഭിലഷണീയമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

അപാകതകളിന്മേൽ വിശദീകരണം നൽകേണ്ടതാണ്. ചെലവ് ( 17,41,300/– രൂപ) തടസ്സത്തിൽ വെയ്ക്കുന്നു.

Local Fund Audit Department

## 3–38) സ്ത്രീ ശാക്തീകരണം – സർക്കാർ ഉത്തരവിന് വിരുദ്ധമായി ബോധവൽക്കരണ ക്യാമ്പുകൾ നടത്തി.

| | | |
|---|---|---|
| പ്രൊജക്ടിന്റെ പേര് | : | സ്ത്രീ ശാക്തീകരണം |
| പ്രൊജക്ട് നമ്പർ | : | എസ്. 0162/11 |
| അടങ്കൽ തുക | : | 12,00,000/– |
| ചെലവ് | : | 1,98,900/– |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സി.ഡി.പി.ഒ, അർബ്ബൻ I |

***********

കോഴിക്കോട് കോർപ്പറേഷനിലെ 55 വാർഡുകളിൽ ഉൾപ്പെടുന്ന സ്ത്രീകളുടെ സർവ്വേതോന്മുഖ വികാസം ലക്ഷ്യമിട്ടു കൊണ്ടുള്ള ഈ പ്രൊജക്ടിൽ, കരാട്ടെ പരിശീലനത്തിനായി 3,30,000/– രൂപയും യോഗ പരിശീലനത്തിനായി 4,40,000/– രൂപയും മൊബൈൽ ഫോൺ ദുരുപയോഗം തടയുന്നത് സംബന്ധിച്ച ബോധവൽക്കരണം നടത്തുന്നതിനായി 88000/– രൂപയും വനിതാ ദിനാചരണത്തിനായി 3,30,000/– രൂപയും പദ്ധതി നിർവ്വഹണ ചെലവുകൾക്കായി 12,000/– രൂപയുമടക്കം മൊത്തം 12,00,000/– രൂപയാണ് വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നത്.

വനിതാ ദിനത്തോടനുബന്ധിച്ച് സ്ത്രീധന രഹിത വിവാഹത്തെക്കുറിച്ചും കൗമാര പ്രായക്കാരായ കുട്ടികളുടെ മൊബൈൽ ഫോൺ ദുരുപയോഗം തടയുന്നതിനെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ളാസ്സുകൾ മാത്രമാണ് ഈ പ്രോജക്ടിൻെറ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളത്. ടി ഇനത്തിലേക്കായി യഥാക്രമം 3500/– ഉം 1600/–ഉം രൂപ വീതം 39 വാർഡുകൾക്കായി 1,98,900/– രൂപ ചെലവ് വന്നിട്ടുണ്ട്.

ബിൽ നമ്പർ 7/10–11 തീയ്യതി 23–3–2011 പ്രകാരം സി.ഡി.പി.ഒ, അർബ്ബൻ I 2,80,500/– രൂപ വികസന ഫണ്ടിൽ നിന്നും മുൻകൂറായി പിൻവലിക്കുകയും യഥാർത്ഥ ചെലവായ 1,98,900/– രൂപ കിഴിച്ച് ബാക്കിയുള്ള 81600/– രൂപ 59/19–5–11 നമ്പർ ചലാൻ പ്രകാരം 3604–911–99 എന്ന ഹെഡിലേക്ക് തിരിച്ചടയ്ക്കുകയും ചെയ്തു.

സർക്കാർ ഉത്തരവ് നമ്പർ (എം. എസ്)_ 183/07/ത.സ്വ.ഭ.വ. തീയ്യതി 24–7–2007 പ്രകാരം ഉൽപാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പുകൾ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ലെന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് അവഗണിച്ച് ബോധവൽക്കരണ ക്യാമ്പ് നടത്തുന്നതിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 1,98,900/– രൂപ തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതി വിഹിതം ഇപ്രകാരം വിനിയോഗിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്. 29–3–2011–ന് 280500/– രൂപ പിൻവലിച്ചെങ്കിലും യഥാർത്ഥ ചെലവ് കഴിച്ച് ബാക്കി വന്ന തുക 81600/– രൂപ 19–5–2011–നാണ് തിരിച്ചടയ്ച്ചിട്ടുള്ളത്. തുക തിരിച്ചടയ്ക്കാൻ ഇത്രയും കാലതാമസം വന്നതിൻെറ കാരണം വ്യക്തമാക്കേണ്ടതാണ്. സർക്കാർ ഉത്തരവ് നം. (പി) 177/2006/ധനം, തീയ്യതി 12–4–2006 പ്രകാരം 1000 രൂപയിലധികമുള്ള ചെലവ് ഡി.ഡി യായി നൽകണമെന്ന് നിർദ്ദേശച്ചിട്ടുണ്ടെങ്കിലും അതിന് വിരുദ്ധമായി 1,98,900 രൂപ വിവിധ വാർഡുകളിലേക്കായി പണമായി പിൻവലിച്ച് വിതരണം ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

Local Fund Audit Department

## 3–39) വീട് റിപ്പയർ (വനിത)– പദ്ധതി വിഹിതത്തിൽ നിന്നും തുക പിൻവലിച്ച് ഡി.ഡി യായി സൂക്ഷിക്കുന്നു.

| | | |
|---|---|---|
| **പ്രോജക്ടിൻെറ പേര്/നം** | : | **വനിത ഗൃഹനാഥയായ കുടുംബങ്ങൾക്ക് വീട് റിപ്പയർ** |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | **സി.ഡി.പി.ഒ അർബൻ I** |
| **അടങ്കൽ** | : | **25,00,000/– (വികസന ഫണ്ട്)** |
| **പദ്ധതി ചെലവ്** | : | **8,47,500/– (ബിൽ നം. 5/10–11 തീ. 18–3–2011)**<br>**7,50,000/– (ബിൽ നം. 6/10–11 തീ. 26–3–2011)**<br>**15,000/– (ബിൽ നം. 8/10–11 തീ. 29–3–2011)**<br>**16,12,500/–** |

************

നഗരസഭ പരിധിയിൽ വനിതകൾ കുടുംബ നാഥകളായിട്ടുള്ള, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്ക് വീട് റിപ്പയർ ചെയ്യുന്നതിനായിട്ടാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. നഗരസഭയിലെ 55 വാർഡുകളിലെ 330 ഗുണഭോക്താക്കൾക്ക് (ഓരോ വാർഡിൽ നിന്നും 6 പേർ വീതം) 7500 രൂപ വീതം ധനസഹായമായി നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി മേൽ ബില്ലുകൾ വഴി 16,12,500/– രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 215 ഗുണഭോക്താക്കൾക്കുവേണ്ടി ഡി.ഡി എടുത്തിട്ടുണ്ടെങ്കിലും യഥാസമയം വിവരം അറിയിക്കാതിരുന്നതിനാൽ 46 ഡി.ഡി കൾ ഗുണഭോക്താക്കൾക്കു നൽകിയിട്ടില്ല. ഡി.ഡി പണമാക്കി മാറ്റേണ്ട കാലയളവ് 6 മാസം ആണെന്നിരിക്കേ 9 മാസം കഴിഞ്ഞിട്ടും ഡി.ഡി വിതരണം നടത്താത്തതിനാൽ കാലഹരണപ്പെട്ടതായി കാണുന്നു. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം 11 )

12–4–2006–ലെ സർക്കാർ ഉത്തരവ് നമ്പർ (പി.) 177/2006/ധനം പ്രകാരം പദ്ധതികളുടെ യഥാർത്ഥ വിനിയോഗ ആവശ്യത്തിനു മാത്രമേ ട്രഷറി തുക പിൻവലിക്കാവൂ എന്നും, ഭാവിയിൽ ചെലവു വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ്. പദ്ധതിപ്പണം ട്രഷറിയിൽ നിന്ന് മുൻകൂറായി പിൻവലിച്ച് ഡി.ഡി എടുത്തിരിക്കുന്നത്.

മേൽ ഉത്തരവിലെ ഖണ്ഡിക 8(3) പ്രകാരം ഓരോ മാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ് / ഡി.ഡി തുകകൾ ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ

Local Fund Audit Department

ഗുണഭോക്താക്കളെ യഥാസമയം വിവരമറിയിക്കാതിരുന്നതിനാലോ, വിവരം അറിയിച്ചിട്ടും അവർ നിശ്ചിത സമയത്തിനുള്ളിൽ തുക കൈപ്പറ്റാതിരുന്നതിനാലോ വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക ട്രഷറിയിൽ തിരിച്ചടയ്ക്കാതെ 9 മാസത്തിലധികം നിർവ്വഹണ ഉദ്യോഗസ്ഥ കൈവശം വെച്ചിരുന്നത് പദ്ധതി തുകയുടെ ദുരുപയോഗമായും, പദ്ധതി നിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചയുമായാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടാതെ കിടക്കുന്ന ഡ്രാഫ്റ്റ് തുക പലിശ രഹിത നിക്ഷേപത്തിനു സമാനമായി ബാങ്കിലിരിക്കുന്ന അവസ്ഥയിലാണ്. ആയതിനാൽ ചെലവഴിക്കാത്ത തുക എത്രയും വേഗം ട്രഷറിയിൽ തിരിച്ചടവാക്കേണ്ടതും, ആയതിൻെറ വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. (55/10–11 തീ. 3–1–2012) മറുപടി തന്നിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ചെലവഴിക്കാതെ ശേഷിക്കുന്ന 3,45,000/– രൂപ (7500 x 46= 3,45,000) കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 3,45,000/– രൂപ തടസ്സത്തിൽ വെയ്ക്കുന്നു. വിശദാംശങ്ങൾ അനുബന്ധം 10 ആയി ചേർത്തിരിക്കുന്നു.

Local Fund Audit Department

### 3–40) കന്നുകുട്ടി പരിപാലന പദ്ധതി – അധികമായി പിൻവലിച്ച തുക തിരിച്ചടയ്ക്കുന്നത് – സംബന്ധിച്ച്.

| | | |
|---|---|---|
| **പ്രൊജക്ടിൻെറ പേര്** | : | **കന്നുകുട്ടി പരിപാലന പദ്ധതി – കാലിത്തീറ്റ നൽകൽ** |
| **പ്രൊജക്ട് നമ്പർ** | : | **S 0004/11** |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | **വെറ്ററിനറി സർജൻ** |

മൃഗ സംരക്ഷണ വകുപ്പിൻെറ കന്നുകുട്ടി പരിപാലന പദ്ധതിയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പാക്കാൻ അനുമതി നൽകിയ ഈ പ്രൊജക്ട് പ്രകാരം, കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ തെരഞ്ഞെടുക്കപ്പെട്ട 50 ക്ഷീര കർഷകരുടെ, 4 മുതൽ 6 മാസം വരെ പ്രായമുള്ള പശുകുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ കാലിതീറ്റ നൽകുന്നതിനായി തയ്യാറാക്കിയ പ്രൊജക്ടിൽ വികസന ഫണ്ടിൽ നിന്ന് 3,75,000/– രൂപയും ഗുണഭോക്തൃ വിഹിതം 3,75,000/– രൂപയുമടക്കം 7,50,000/– രൂപയാണ് അടങ്കൽ നിശ്ചയിച്ചിട്ടുള്ളത്. കോർപ്പറേഷൻ സെക്രട്ടറിയുടെ 29–9–10–ലെ നം പി.2/53935/10 കത്ത് പ്രകാരം 25 ഗുണഭോക്താക്കളുടെ ലിസ്റ്റ് വെറ്ററിനറി സർജന് നൽകുകയും ടിയാൻ ബിൽ നമ്പർ 2/2010–11 പ്രകാരം 3,75,000/– രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് (ഡി.ഡി നം. 899453 തീ. 7–3–2011) കാഫ് ഫീഡ് സബ്സിഡി സ്കീം (Calf Feed Subsidy scheme) അസി. ഡയറക്ടർക്ക് 9–3–2011–ന് (രശീതി നമ്പർ 305 തീ 9–3–2011) കൈമാറുകയും ചെയ്തു.

സർക്കാർ ഉത്തരവ് നമ്പർ എം. എസ്. നം. 11/2001/ എ.ഡി തീയതി 20–1–2001 പ്രകാരം ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് ചുരുങ്ങിയത് 50 ഗുണഭോക്താക്കളെയെങ്കിലും ആവശ്യമാണ്. ആയത് പരിഗണിക്കാതെ കോർപ്പറേഷൻ നൽകിയ 25 ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം 3,75,000/– രൂപ പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി സ്കീം അസി. ഡയറക്ടർക്ക് നൽകിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

25 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുകയാണെങ്കിൽ തന്നെ 1,87,500/– (25x7500) രൂപ മാത്രമാണ് പിൻവലിക്കേണ്ടിയിരുന്നത്. അതിന് പകരം 3,75,000/– രൂപ പിൻവലിച്ചതിലൂടെ അധികമായി പിൻവലിച്ച 1,87,500 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

2010–11 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന ടി പ്രൊജക്ട് പൂർത്തിയാക്കിയതിൻെറ യാതൊരു വിവരവും ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ലാത്ത തിനാൽ ഓഡിറ്റ് നിരാകരിച്ച മേൽ തുക കിഴിച്ച് ബാക്കിയുള്ള 1,87,500/– രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

സബ്സിഡിയായി അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.. പ്രൊജക്ടിൻെറ നിർവ്വഹണം ഒരു ഘട്ടത്തിലും മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല.

നിരാകരിച്ച തുക 1,87,500/– രൂപ വികസന ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

Local Fund Audit Department

### 3–41) കാർഷിക മേഖല – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

**പ്രോജക്ടിൻെറ പേര്/നം** : **സമഗ്ര നീർത്തട വികസന പദ്ധതി/എസ്.ഒ 001/11**

**നിർവ്വഹണ ഉദ്യോഗസ്ഥൻ** : **ഡപ്യൂട്ടി ഡയറക്ടർ (കൃഷി)**

**ഡി.പി.സി. അംഗീകാരം / തീയതി** : **570/10/ഡി.പി.സി /ഡി.പി.എൽ തീ. 30.7.2010**

**അടങ്കൽ തുക** : **32,69,900/–**
**(വികസന ഫണ്ട് – 19,39,400/– (ഗുണഭോക്തൃ വിഹിതം**

**നേരിട്ട്**

**ചെലവഴിക്കൽ) 13,00,000/– ഗുണഭോക്തൃ വിഹിതം**
**(സ്ഥാപനത്തിൽ അടയ്ക്കുന്നത് – 30,500/–)**

**ചെലവഴിച്ച തുക** : **10,77,870/– (വികസന ഫണ്ട്)**
**ബിൽ നമ്പർ** : **3/10–11, 4/10–11**

************

കോഴിക്കോട് നഗരസഭയിൽ 2010–11 ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ഡെപ്യൂട്ടി ഡയറക്ടർ, കൃഷി നിർവ്വഹണം നടത്തി സമഗ്ര നീർത്തട വികസന പദ്ധതി നഗരസഭ പ്രദേശത്തുള്ള കൃഷി വിള വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, അതുവഴി കൂടുതൽ ഉൽപ്പാദനം ഉറപ്പിക്കുന്നതിനുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. മേൽ പദ്ധതി പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന രീതിയിൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ടിഷ്യൂ കൾച്ചർ വാഴത്തൈ വിതരണം (51500 x 10. 94/–) | 563410 |
| 2 | ജൈവവളം വിതരണം | 108000 |
| 3 | പച്ചക്കറി വിത്ത് വിതരണം | 250500 |
| 4 | തെങ്ങ് മുറിച്ച് മാറ്റുന്നതിനുള്ള ചെലവ് | 74500 |
| 5 | കാർഷിക ഉപകരണങ്ങൾ | 69820 |
| 6 | മാവിൻ തൈകൾ വിതരണം | 7500 |
| 7 | ടെണ്ടർ (പരസ്യ ചെലവ്) | 2240 |
| 8 | യാത്രാ ചെലവ് | 1900 |
| | **ആകെ** | **10,77,870** |

<u>**പ്രൊജക്റ്റ് സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.**</u>

1) **ബജറ്റിൽ ഉൾപ്പെടാത്ത പദ്ധതിക്കായി തുക ചെലവഴിച്ചു.**

2010–11 വർഷത്തെ അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടെങ്കിലും സമഗ്ര നീർത്തട വികസന പദ്ധതി തൻവർഷത്തെ ബജറ്റിലോ പുതുക്കിയ ബജറ്റിലോ ഉൾപ്പെട്ടിട്ടില്ല. അന്തിമ പദ്ധതി രേഖ പ്രകാരം അടങ്കൽ തുക 19,69,900/– ( പദ്ധതി വിഹിതം 1939400/–, ഗുണഭോക്തൃ വിഹിതം 30500/–) രൂപയാണ്, എന്നാൽ ഡി.പി.സി. അംഗീകരിച്ച പദ്ധതി പ്രകാരം 32,69,900/– രൂപയാണ്. മേൽ വൈരുദ്ധ്യം ഓഡിറ്റിൽ വിശദീകരിക്കേണ്ടതാണ്.

1994–ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 289 പ്രകാരം ഒരു സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് ബജറ്റ് എസ്റ്റിമേറ്റ് നഗരസഭാ കൗൺസിൽ പാസ്സാക്കേണ്ടതാണ്. വകുപ്പ് 293(6) പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവു ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത പദ്ധതിക്കാണ് തൻവർഷം നഗരസഭ 10,77,870/– രൂപ ചെലവഴിച്ചിട്ടുള്ളത്.

Local Fund Audit Department

**2 ) വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല.**

1994–ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 30(1) ഒന്നാം പട്ടിക (സി) പ്രകാരം കാർഷിക മേഖലയിൽ നഗരസഭകൾ നടപ്പിലാക്കേണ്ട മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളെ കുറിച്ച് വിശദീകരിക്കുന്നുണ്ട്. ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പു വരുത്തുക, ഉദ്യാന കൃഷിയും പച്ചക്കറി കൃഷിയും പ്രോൽസാഹിപ്പിക്കുക, വിത്തുൽപ്പാദനം വികസിപ്പിക്കുക തുടങ്ങിയ 14 ഇനങ്ങൾ ചുമതലകളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ജി. ഒ(എം.എസ്) 128/07 ത.സ്വ.ഭ.വ തീയതി 14–5–2007 പ്രകാരം ത.സ്വ.ഭ.വ സ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ രേഖ പ്രകാരം കാർഷിക മേഖലയുടെ, പ്രത്യേകിച്ച് ഭക്ഷ്യവിളകളുടെ പുനരുജ്ജീവനമാണ് പ്രധാന ലക്ഷ്യമായിട്ടുള്ളത്. ഇതിനുള്ള നിർദ്ദേശങ്ങളും ടി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്.

2010–11 സാമ്പത്തിക വർഷത്തിൽ നഗരസഭാ പ്രദേശത്ത് കാർഷിക മേഖലയിൽ നടപ്പിലാക്കേണ്ട വാർഷിക പദ്ധതികളെ കുറിച്ച് വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തത് 1–3–2010–നും, പദ്ധതി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച ചർച്ച നടന്നിരിക്കുന്നത് 14–1–2011–നുമാണ് ( 1–3–2010–നും 14–1–2011–നും ഇടയിലുള്ള കാലഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നടന്നതായി മിനിട്ട്സിൽ രേഖപ്പെടുത്താത്തതിനാൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നിശ്ചിത സമയപരിധിയിൽ നടക്കുന്നില്ല എന്ന് കാണാവുന്നതാണ്) വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ അതാത് മേഖലയെക്കുറിച്ച് ശരിയായ പഠനം വിവിധ മേഖലകളിലെ ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ കണ്ടെത്തൽ, പ്രോജക്ട് തയ്യാറാക്കൽ, നിർവ്വഹണ മേൽ നോട്ടം, മോണിറ്ററിംഗ് എന്നിങ്ങനെ പദ്ധതിയുമായി ബന്ധപ്പെട്ട് നിർണ്ണായക പ്രവർത്തനങ്ങൾ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരിൽ ഭൂരിപക്ഷവും കൈമാറിക്കിട്ടിയ വകുപ്പുകളിലെ സ്ഥാപനമേധാവികളാണ്. തങ്ങൾക്ക് മാതൃ വകുപ്പിൽ നിന്നും ലഭിച്ച സാങ്കേതിക ഉപദേശവും പ്രൊഫഷണൽ വൈദഗ്ദ്യവും അതാതു ത.ഭ.വ. സ്ഥാപനങ്ങളിലേക്കും, ആ വകുപ്പിലെ മറ്റു ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുന്നതിന് അവർ ബാധ്യസ്ഥരുമാണ്. എന്നാൽ നഗരസഭയിൽ തൈവിതരണം, തെങ്ങു വെട്ടിമാറ്റൽ, വളം വിതരണം തുടങ്ങിയവ മാത്രമാണ് പദ്ധതി പ്രകാരം നടത്തിയിട്ടുള്ളത്. ഉൽപ്പാദന ഉപാധികളുടെ വിതരണത്തിനുള്ള സംവിധാനമായി കാർഷിക മേഖലയിലെ പ്രവർത്തനം ഒതുങ്ങിപ്പോവുകയാണുണ്ടായത്.

3) പദ്ധതി പ്രവർത്തനചെലവുകളിലെ ക്രമനമ്പർ 1,2,3 എന്നിവ പ്രകാരം നഗര പ്രദേശത്തുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിൽ കാർഷികാഭിമുഖ്യം വളർത്തി ഒരു നല്ല യുവ കർഷക തലമുറയെ വാർത്തെടുക്കുന്നതിനായിട്ടാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതി സംബന്ധിച്ച് 1–3–2010–ൽ വർക്കിംഗ് ഗ്രൂപ്പ് ചർച്ച

Local Fund Audit Department

നടത്തിയെങ്കിലും വിത്തുകളും കന്നുകളും വിതരണം ചെയ്യാൻ ടെണ്ടർ ക്ഷണിച്ചത് 9-12-2010-നു മാത്രമാണ്.

വിദ്യാലയങ്ങളിലേക്കു തൈകളും വിത്തുകളും വിതരണം നടത്തിയത് ഫെബ്രുവരിയിലാണ്. വിദ്യാലയങ്ങളിൽ മാതൃകാ തോട്ട നിർമ്മാണം, വിദ്യാർത്ഥികൾക്കു ടിഷ്യൂ കൾച്ചർ വാഴ, പച്ചക്കറി വിത്തു വിതരണം തുടങ്ങിയ വിപുലമായ പദ്ധതികൾക്ക് 8,41,910 /- രൂപ ചെലവഴിച്ച് പദ്ധതി നടപ്പാക്കിയത് വിദ്യാഭ്യാസ കലണ്ടർ വർഷത്തിൻെറ അവസാന നാളുകളിലാണ്. പദ്ധതി നടത്തിപ്പിൻെറ തുടർച്ചയായി മോണിറ്ററിംഗ് നടത്താത്തതിനാൽ പദ്ധതി എത്ര കണ്ടു വിജയിച്ചു എന്നുള്ളത് ഓഡിറ്റിൽ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

4) നഗരസഭാ പ്രദേശത്ത് കൂമ്പു ചീയൽ ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റുന്നതിന്( തെങ്ങൊന്നിന് 500 രൂപ പ്രകാരം ) 66 ഗുണഭോക്താക്കൾക്കായി 149 തെങ്ങുകൾ വെട്ടി മാറ്റുന്നതിന് 74,500 രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ(എം.എസ് )183/07തസ്വ.ഭ.വ. തീ. 24-7-2007 പ്രകാരം കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് കമ്മിറ്റിയുടെ പരിശോധനയ്ക്കു ശേഷം മാത്രം ധനസഹായം നൽകുകയും, വെട്ടി മാറ്റുന്ന തെങ്ങിനു പകരം പുതിയ തൈ നടുകയും വേണം. എന്നാൽ അത്തരം ഒരു കമ്മിറ്റി രൂപീകരിച്ചതിൻെറയോ, രോഗബാധിത തെങ്ങുകൾ അടയാളപ്പെടുത്തിയതിൻെറയോ, പുതിയ തൈകൾ വെച്ചു പിടിപ്പിച്ചതിൻെറയോ രേഖകൾ ഇല്ല.

5) പദ്ധതി നടത്തിപ്പിൻെറഭാഗമായി കോഴിക്കോട് ജൂവനൈൽ ഹോമിൽ കളവെട്ട് യന്ത്രം, സ്പ്രിംഗർ തുടങ്ങിയ കാർഷിക ഉപകരണങ്ങൾ " കെയ്കോ" യിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങി നൽകിയിട്ടുണ്ട്. ജി.ഒ(എം.എസ്) 183/07 തസ്വ.ഭ.വ തീ. 24-7-2007 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം കാർഷിക ഉപകരണങ്ങൾ വാങ്ങി നൽകുമ്പോൾ അവയുടെ യൂണിറ്റ് കോസ്റ്റ് 'നബാർഡ് ' നിശ്ചയിക്കുന്ന മാനദണ്ഡ പ്രകാരമായിരിക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ യന്ത്രങ്ങൾ വാങ്ങി നൽകുമ്പോൾ അവ ശരിയായി സംരക്ഷിക്കുമെന്നും, പൊതു ആവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും അവ നൽകുന്ന സ്ഥാപനങ്ങളുമായി ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടണം. എന്നാൽ മേൽ ഉത്തരവിലെ നിബന്ധനകൾ ഒന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല.

10-11-2009-ലെ 17166/എ. എ3/09 ത.സ്വ.ഭ.വ നം. സർക്കുലർ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പ്രൊജക്ടുകൾക്ക് ആവശ്യമുള്ള കാർഷിക യന്ത്രങ്ങളും, സാമഗ്രികളും റെയ്ഡ്കോ, കെയ്കോ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുമ്പോൾ, അവ പ്രസ്തുത സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിച്ചതാവണമെന്നും നിർദ്ദേശിക്കുന്നുണ്ട്. സ്വന്തമായി നിർമ്മിക്കാത്ത സാധനങ്ങൾ,

Local Fund Audit Department

മേൽ സ്ഥാപനങ്ങൾ വിതരണം ചെയ്യുകയാണെങ്കിൽ സ്റ്റോർ പർച്ചേയ്സ് വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. എന്നാൽ കാർഷികോപകരണങ്ങൾ 'കെയ്കോ'' വിൽ നിന്ന് വാങ്ങി നൽകിയപ്പോൾ അവ പ്രസ്തുത സ്ഥാപനം തന്നെ നിർമ്മിച്ചതാണോയെന്ന കാര്യം പരിശോധിച്ചിട്ടില്ല.

ജനകീയാസൂത്രണ പദ്ധതിയിൽ പണം ചെലവഴിക്കുമ്പോൾ ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടോയെന്നും ജനങ്ങൾക്ക് പ്രയോജനകരമായി മാറുന്നുണ്ടോയെന്നും ഉറപ്പാക്കാതെ പദ്ധതി വിഹിതം ചെലവഴിക്കുക എന്നതിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത് എന്ന് കാണാവുന്നതാണ്. മേൽ പറഞ്ഞ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും, ആസൂത്രണ പ്രക്രിയ കാര്യക്ഷമമാക്കാൻ ജന പ്രതിനിധികളും, നിർവ്വഹണ ഉദ്യോഗസ്ഥരും ജനകീയാസൂത്രണ പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നായ കാർഷിക ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള കർമ്മ പദ്ധതി ആവിഷ്കരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3–42) <u>വ്യവസായ ബോധവൽക്കരണ പരിപാടി – പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ</u>

നഗരസഭാ പരിധിയിൽ നിന്നും തെരഞ്ഞെടുത്ത 100 സ്ഥാപനങ്ങൾക്ക് കേരളാ സംസ്ഥാന വ്യവസായ– വാണിജ്യ വകുപ്പ് പുറത്തിറക്കുന്ന 'വ്യവസായ കേരളം' മാസിക ഒരു വർഷത്തേക്ക് സൗജന്യമായി നൽകുന്ന പദ്ധതിയാണിത്. പ്രൊജക്ട് നം. 16/2011 പ്രകാരം വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിക്ക് 17,000/–(വൗച്ചർ നമ്പർ 1/2011 തീ 31–3–2011) രൂപ ചെലവഴിച്ചിട്ടുണ്ട്. ബോധ വൽക്കരണ ക്യാമ്പുകൾ, മേളകൾ, പരിശീലന പരിപാടികൾ, പുസ്തകങ്ങൾ വാങ്ങി നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കെല്ലാം വികസന ഫണ്ട് ചെലവഴിക്കുന്നത് 24–7–2007–ലെ ജി.ഒ (എം.എസ്) 183/07 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വിലക്ക്/ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മാനദണ്ഡങ്ങൾക്ക് നിരക്കാത്ത ഒരു പ്രൊജക്ടാണ് വ്യാവസായ ബോധവൽക്കരണ പരിപാടി. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന ന്യൂനതകൾ കാണുന്നു.

1) പ്രൊജക്ട് ഫോറത്തിൽ സംസ്ഥാന സാങ്കേതിക സമിതി അംഗം വികസന ഫണ്ടുപയോഗിച്ച് ഈ പ്രൊജക്ട് നടപ്പാക്കാവുന്നതല്ല; തനതു ഫണ്ട് ഉപയോഗിക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പരിഗണിക്കാതെ പ്രൊജക്ട് നടപ്പാക്കുകയാണുണ്ടായത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

Local Fund Audit Department

2) സർക്കുലർ നമ്പർ 13077/ഡി.പി.1/2003/ ത.സ്വ.ഭ.വ/ 19–3–2003–ൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന സംസ്ഥാന പദ്ധതികൾ/ സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നിവയുടെ വ്യക്തിഗത ഗുണഭോക്താക്കളെ, ഗ്രാമ സഭകൾ/ വാർഡുസഭകൾ മുഖേന മാത്രമേ തെരഞ്ഞെടുക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്ടിലെ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയാണ്. വാർഡു സഭകളിലൂടെയല്ലാതെ പ്രൊജക്ടിൻെറ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3–43) ഖരമാലിന്യ സംസ്കരണം – വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനത്തിന് പത്ര പരസ്യം നൽകിയ തുക പാഴായി.

**പ്രൊജക്ട് നമ്പർ** : **294/2010–11**

**നിർവ്വഹണ ഉദ്യോഗസ്ഥൻ** : **പ്രൊജക്ട് ഓഫീസർ, UPA സെൽ**

ജനകീയാസൂത്രണ പദ്ധതി പ്രകാരം 2010–11 വർഷത്തിൽ പ്രൊജക്ട് നമ്പർ 294/2010–11 പ്രകാരം നാലു ലക്ഷം രൂപ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനത്തിനു വകയിരുത്തിയിരുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രൊജക്ടിൻെറ പ്രവർത്തനത്തെ സംബന്ധിച്ചും സാമ്പത്തിക വിശകലനത്തെ ക്കുറിച്ചും യാതൊരു വ്യക്തതയുമില്ലാത്തതിനാൽ പ്രൊജക്ടിന് അനുമതി നൽകാവുന്നതല്ല എന്ന് 'വനിതാ ശിശു വികസനം' സംസ്ഥാന ടെക്നിക്കൽ ഗ്രൂപ്പ് നിർദ്ദേശിച്ചിട്ടും പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയതിന് വിശദീകരണം നൽകേണ്ടതാണ്.

2) ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വനിതകൾക്കു ഡ്രൈവിംഗ് പരിശീലനം എന്ന പേരിലുള്ള ഒരു ബൃഹത് പദ്ധതി കെ.എസ്.യു.ഡി.പി. ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. (പദ്ധതി അടങ്കൽ 20 ലക്ഷം രൂപ) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകിയത് യു.പി.എ സെൽ പ്രൊജക്ട് ഓഫീസർ തന്നെയാണ്. ( 29 ഗുണഭോക്താക്കളുടെ ആദ്യ ലിസ്റ്റ് നൽകിയ തീയതി 16–8–2010) എന്നാൽ ഇതേ പദ്ധതി വികസന ഫണ്ടിൽ വെച്ച് നടപ്പിലാക്കുന്നതിന് പത്ര പരസ്യം നൽകിയത് എന്തിനാണെന്ന് വ്യക്തമല്ല. (പത്ര പരസ്യം നൽകിയ തീയതി മാതൃഭൂമി 1–1–2011, ദേശാഭിമാനി 9–11–2010)

3) ഡ്രൈവിംഗ് പരിശീലനത്തിന് സ്ഥാപനത്തെ കണ്ടെത്തുന്നതിന് മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രങ്ങളിൽ ക്വട്ടേഷൻ പരസ്യം നൽകിയ വകയിൽ 9,600

Local Fund Audit Department

രൂപ ചെലവഴിച്ചിട്ടുണ്ട്. ( മാതൃഭൂമി 6240 രൂപ ഡി.ഡി. നം. 022300, ദേശാഭിമാനി 3360 രൂപ ഡി.ഡി നം. 022301) എന്നാൽ മറ്റു തുടർ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. കെ.എസ്.യു.ഡി.പി, വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം നടത്തുന്നത് അറിഞ്ഞിട്ടും വികസന ഫണ്ട് ഉപയോഗിച്ച് അതേ പദ്ധതി നിർവ്വഹണം നടത്തുന്നതിന് പത്ര പരസ്യം നൽകി കോർപ്പറേഷൻ ഫണ്ടിന് നഷ്ടമുണ്ടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്. തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3–44) <u>പ്രജനന– ശൈശവ ആരോഗ്യ പദ്ധതി– അപൂർണ്ണാവസ്ഥയിൽ തുടരുന്നു.</u>

കേരള സർക്കാർ ആരോഗ്യ വകുപ്പ്, ലോക ബാങ്ക് സഹായത്തോടെ നഗരസഭാ പ്രദേശത്ത് 1999 മുതൽ ആരംഭിച്ചിരുന്ന പ്രജനന– ശൈശവ ആരോഗ്യ പദ്ധതി (R.CH Project) 31–3–2004–ൽ അവസാനിച്ചു. പ്രൊജക്ടിന്റെ തുടർ നടത്തിപ്പ് നഗരസഭ ഏറ്റെടുക്കുന്നതിന് കൗൺസിൽ തീരുമാനിച്ചു. (19–10–06–ലെ 26–ാം നമ്പർ തീരുമാനം) ഇതിനെ തുടർന്ന് 9 അർബൻ ഹെൽത്ത് സെൻററുകളും 27 സബ് സെൻററുകളും അടക്കമുള്ള സംവിധാനം നഗരസഭ ഏറ്റെടുത്തു. പ്രൊജക്ടുമായി ബന്ധപ്പെട്ട എഫ്.3/112118/04/RCH, എഫ്.7/4997/07, സ്റ്റാറ്റിസ്റ്റിക്കൽ റെക്കോർഡ്, എന്നിവ പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെ കൊടുക്കുന്നു.

Local Fund Audit Department

### (1) <u>ആസ്തികളുടെ വിവരങ്ങൾ ലഭ്യമല്ല.</u>

വികേന്ദ്രീകൃത ആസൂത്രണ കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 27–9–2007–ലെ യോഗത്തിലാണ് 9 അർബൻ ഹെൽത്ത് സെൻററുകളും(UHC) 28 മെറ്റേണൽ ചൈൽഡ് ഹെൽത്ത് സെൻററുകളും, വാഹനങ്ങളും ആരോഗ്യ വകുപ്പിൽ നിന്നും നഗരസഭയ്ക്ക് കൈമാറാൻ തീരുമാനമായത്. ഇപ്രകാരം ലഭിച്ച ആസ്തികളുടെ വിവരം കാണിക്കുന്ന രേഖകൾ ഒന്നും തന്നെ ആരോഗ്യ വിഭാഗത്തിൽ ലഭ്യമല്ല. ലഭിച്ച സ്ഥാവര – ജംഗമ വസ്തുക്കളുടെ പരിപാലനതത്തിനും, അവ അന്യാധീനപ്പെടാതിരിക്കാനും ആസ്തി രജിസ്റ്റർ അത്യാവശ്യമാണ് എന്നതിനാൽ ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. 5 വാഹനങ്ങളിൽ 4 എണ്ണമാണ് ഇപ്പോൾ നഗരസഭയ്ക്കുള്ളത്. ഒരെണ്ണം ഹെൽത്ത് സർവ്വീസിന് കൈമാറിയതാണ്.

### (2) <u>ജീവനക്കാരുടെ അഭാവം ആരോഗ്യ പ്രവർത്തനങ്ങൾ നിർജ്ജീവമാക്കുന്നു.</u>

രോഗ പ്രതിരോധ, ആരോഗ്യ സേവന പ്രവർത്തനങ്ങൾ ലഭ്യമല്ലാതിരുന്ന മേഖലകളിൽ അവ എത്തിക്കുന്നതിനാണ് പ്രൊജക്ട് രൂപീകൃതമായത്. പ്രതിരോധ കുത്തിവെയ്പുകൾ നടത്തുകയെന്നതും ജൂനിയർ പബ്ളിക്

ഹെൽത്ത് നേഴ്സുമാർ 24 മണിക്കൂറും ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുകയെന്നതുമായിരുന്നു സബ് സെൻററുകളുടെ സ്ഥാപിത ലക്ഷ്യം. എന്നാൽ 9 UHC –കളും 27 MHC–കളും പ്രവർത്തിപ്പിക്കുന്നതിന് ഉതകുന്ന വിധത്തിൽ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ സേവനം ലഭ്യമല്ല. നഗരസഭയ്ക്ക് അനുവദിക്കപ്പെട്ട തസ്തികകളിൽ തന്നെ 3 അലോപ്പതി മെഡിക്കൽ ഓഫീസർമാരുടെയും ഓരോ ഹെൽത്ത് ഓഫീസറുടെയും, സ്റ്റാഫ് നേഴ്സിൻെറയും ലാബ് ടെക്നീഷ്യൻെറയും, ലേഡി മെഡിക്കൽ ഓഫീസറുടെയും ആയുർവേദ മെഡിക്കൽ ഓഫീസറുടെയും, ആയുർവേദഫാർമസിസ്റ്റിൻെറയും 4 JPHN –മാരുടെയും ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നുണ്ട്. നിലവിലുള്ള ജീവനക്കാർ UHC –കളുടെ ചുമതലകൾ വഹിക്കുന്നവരാണെന്ന വസ്തുത കണക്കിലെടുത്താൽ, RCH പ്രവർത്തനങ്ങൾക്കായി ലഭ്യമാവുന്നത് രണ്ട് നഴ്സിംഗ് അസിസ്റ്റൻറുമാരുടെ സേവനം മാത്രമാണ്. മറ്റു വകുപ്പുകൾ നടത്തിവരുന്ന 2 UHC–കൾ ഒഴികെ ബാക്കി 7 UHC–കളിലും ആഴ്ചയിൽ ഒരു ദിവസം മാത്രം രോഗികളെ പരിശോധിക്കുന്ന 8 സബ് സെൻററുകളിലുമായി 3 ഡോക്ടർമാർ മാത്രമാണുള്ളത്. 27 സബ് സെൻററുകളിൽ 7 എണ്ണം മറ്റു വകുപ്പുകൾ നടത്തുന്നവയാണ് എന്ന കാര്യം പരിഗണിച്ചാൽ ബാക്കിയുള്ള 20 എണ്ണത്തിൽ ആഴ്ചയിലൊരിക്കൽ മാത്രം പരിശോധന നടക്കുന്ന 8 എണ്ണം മാറ്റി നിർത്തിയാൽ ബാക്കി 12 സബ് സെൻററും യാതൊരു വിധ സേവനവും നടക്കാതെ നിശ്ചലമാണ്.

**(3) <u>1999–2000–ൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും ജീവനക്കാരെ വെയ്ക്കുന്നു.</u>**

1999–2000 കാലഘട്ടത്തിൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നാണ് ദിവസവേതനാടിസ്ഥാനത്തിൽ നഴ്സിംഗ് അസിസ്റ്റൻറ്, ഡ്രൈവർ തുടങ്ങിയവരെ നിയമിക്കുന്നത്. മേൽ പ്രകാരമുള്ള നിയമനം എത്ര കാലത്തേയ്ക്കാണെന്ന് വ്യക്തമല്ല. എംപ്ളോയ്മെൻറ് എക്സ്ചേഞ്ച് വഴി താൽകാലിക ജീവനക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ജനറൽ സെക്ഷനിൽ സ്വീകരിച്ചു വരുന്നതായി F3/112118/04 നമ്പർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അപ്രകാരം ജീവനക്കാരെ നിയമിച്ചിട്ടില്ല. 2006 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ തന്നെയാണ് തുടർന്നുവരുന്നത്. ത.സ്വ.ഭ.വകുപ്പിൻെറ 2–3–09–ലെ 79565/EPA/08 നമ്പർ സർക്കുലർ, ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ നിയമന കാലാവധി കഴിഞ്ഞാൽ അവരെ ഒഴിവാക്കി പുതിയ ജീവനക്കാരെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ വ്യവസ്ഥ പാലിക്കാത്തതിന് വിശദീകരണം ആവശ്യമാണ്.

Local Fund Audit Department

**4) ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചില്ല. നഗരസഭാ ഫണ്ടിന് നഷ്ടം**

ത.സ്വ.ഭ (ഇ.യു) വകുപ്പിന്റെ 1-12-2007-ലെ സ.ഉ.(സാധാ) നം. 3287/07/ത.സ്വ.ഭ.വ ഉത്തരവിൽ RCH പ്രൊജക്ടിന്റെ തുടർ നടത്തിപ്പിനുവേണ്ടി 6000 രൂപ പ്രതിമാസ വേതനത്തിൽ 16 JPHN- മാരേയും 5000 രൂപ പ്രതിമാസ വേതനത്തിൽ 4 നേഴ്സിംഗ് അസിസ്റ്റന്റുമാരേയും 5000 രൂപ പ്രതിമാസ വേതനത്തിൽ മൂന്ന് ഡ്രൈവർമാരെയും 5 വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കാൻ നഗരസഭയെ അനുവദിച്ചതുകൂടാതെ ഈയിനത്തിലുള്ള ചെലവിന്റെ 50% ആരോഗ്യ വകുപ്പ് വഹിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഉത്തരവ് പാലിക്കാതെ ദിവസവേതനക്കാരെ തുടർന്നുകൊണ്ടു പോവുകവഴി വേതനത്തിന്റെ 50% ആരോഗ്യ വകുപ്പിൽ നിന്നും ലഭിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുകയും ചെയ്തു. സർക്കാർ ഉത്തരവ് പാലിക്കാതിരുന്നതിന് വിശദീകരണം ആവശ്യമാണ്.

**5) R C H ക്വാർട്ടേഴ്സുകളുടെ ഉപയോഗം സംബന്ധിച്ച്.**

27 സബ് സെന്ററുകളിലുള്ള ക്വാർട്ടേഴ്സുകളിൽ 9 എണ്ണം മാത്രമാണ് ഇപ്പോൾ JPHN, JHI-മാർ ഉപയോഗിച്ചു വരുന്നത്. ക്വാർട്ടേഴ്സുകളുടെ അലോട്ട്മെന്റിന് എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിച്ചതായി കാണുന്നില്ല. ക്വാർട്ടേഴ്സുകളിലെ താമസക്കാരായ ഡിനി.എസ്.നായർ, മഞ്ജുഷ, സുബൈദ, സീനമ്മ, സുനിത PP എന്നീ JPHN മാരുടെ ശമ്പളത്തിൽ നിന്നും HRA കുറവു വരുത്തുന്നില്ല. (ഉദാ:- വൗച്ചർ 3057/10-2010, 5771/3-2011) ഇവർക്ക് ഏതു തീയതി മുതലാണ് ക്വാർട്ടേഴ്സ് അനുവദിച്ചതെന്ന് വ്യക്തമല്ല. അനുവദിച്ച തീയതി മുതൽ നാളിതുവരെയുള്ള കാലത്തേയ്ക്ക് നൽകിയ HRA കണക്കാക്കി റിക്കവറി നടത്തേണ്ടതാണ്. വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ അടച്ചിട്ടുള്ളത് താമസക്കാർ തന്നെയാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

മറ്റ് വകുപ്പുകൾ നടത്തി വരുന്ന 7 സബ് സെന്ററുകൾ ഏത് ഉപാധികളോടെയാണ് അവയെ ഏൽപ്പിച്ചതെന്ന് വ്യക്തമല്ല. ഈ സബ് സെന്ററുകളോട് ചേർന്നുള്ള ക്വാർട്ടേഴ്സുകൾ നഗരസഭയുടെതാണ് എന്നതിനാൽ അവയിൽ നിന്നുള്ള വാടക നഗരസഭയ്ക്കു തന്നെ ലഭിയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, പരിപാലന ചെലവ് എന്നിവ പരിഗണിച്ചും ഉപയോഗിക്കപ്പെടാതെ കിടക്കുന്നതുമൂലം ക്വാർട്ടേഴ്സുകൾ നശിക്കുന്നത് തടയുന്നതിനും വ്യക്തമായ മാനദണ്ഡങ്ങൾ തയ്യാറാക്കിയ ശേഷം ക്വാർട്ടേഴ്സുകൾ മുൻഗണനാ ക്രമത്തിൽ അലോട്ട് ചെയ്യേണ്ടതാണ്.

Local Fund Audit Department

RCH പ്രൊജക്ട് വിഭാവനം ചെയ്ത ആരോഗ്യ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി ലഭ്യമായ കെട്ടിടങ്ങളിലധികവും ഉപയോഗിക്കപ്പെടാതെ കാടുകയറി നാശോന്മുഖമാവുന്ന അവസ്ഥയാണുള്ളത്. സ്ഥാപിത ലക്ഷ്യം കൈവരിക്കാൻ കഴിയാതെ ഇന്ന് ശുഷ്കമായ പ്രവർത്തനം മാത്രം നടത്തുന്ന പ്രൊജക്ട്, ആറ് ലക്ഷത്തോളം ജനസംഖ്യയുള്ള നഗരസഭാ പ്രദേശത്തെ ജനങ്ങൾക്ക് പ്രയോജനപ്പെടും വിധത്തിൽ ഊർജ്ജിതമാക്കുന്നതിനും പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

### 3–45) <u>വാർഡ് കമ്മിറ്റി – സംഘാടനത്തിലും നടത്തിപ്പിലും – അപാകതകൾ</u>

നഗരസഭയിലെ 75 വാർഡുകളിലെ 1–11–2010 മുതൽ 29–2–2012 വരെയുള്ള വാർഡ് കമ്മിറ്റി യോഗങ്ങളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ വാർഡ് കമ്മിറ്റികളുടെ സംഘാടനം, മിനിറ്റ്സുകൾ സൂക്ഷിക്കൽ എന്നിവയിൽ വളരെയധികം വീഴ്ചകൾ സംഭവിച്ചതായി കാണുന്നു. 1994–ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 44,45,46 1995–ലെ കേരള മുനിസിപ്പാലിറ്റി (വാർഡ് കമ്മിറ്റി രൂപീകരണവും യോഗ നടപടി ക്രമങ്ങളും) ചട്ടങ്ങൾ തുടങ്ങിയവയിൽ പ്രതിപാദിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

Local Fund Audit Department

**<u>2) പൊതു അപാകതകൾ</u>**

1) വാർഡ് കമ്മിറ്റി അംഗങ്ങളുടെ പേരു വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (ചട്ടം 6)

1) നഗരസഭയുടെ വാർഷിക ബഡ്ജറ്റ്, ഭരണ റിപ്പോർട്ടുകൾ, ഓഡിറ്റ് റിപ്പോർട്ടുകൾ തുടങ്ങിയവ വാർഡ് കമ്മിറ്റികളിൽ ചർച്ച ചെയ്യുന്നില്ല. (നിയമം 45(3))

2) സാമൂഹ്യ ക്ഷേമ പെൻഷനുകൾ, വിവാഹ ധനസഹായങ്ങൾ തുടങ്ങിയവയ്ക്കായി നഗരസഭയിൽ ലഭിച്ച അപേക്ഷകളുടെ അർഹത നിശ്ചയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങൾ, അനുവദിച്ചതോ തിരസ്കരിച്ചതോ ആയ അപേക്ഷകൾ എന്നീ വിശദാംശങ്ങൾ വാർഡ് കമ്മിറ്റികളിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നില്ല.

3) നഗരസഭ നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതികൾക്ക് ഗുണഭോക്താക്കളെ വാർഡ് കമ്മിറ്റികൾ തെരഞ്ഞെടുക്കുന്നത്, സബ് കമ്മിറ്റികളുടെ ശുപാർശ

പ്രകാരമാണ് 2–10–1997–ലെ സർക്കാർ ഉത്തരവ് നം (പി) 220/97/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വാർഡ് കമ്മിറ്റികൾ അന്തിമ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ തിരഞ്ഞെടുത്ത ഗുണഭോക്താക്കളെ വാർഡ് കമ്മിറ്റികളിൽ ക്ഷണിച്ചു വരുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. (45(1)(സി))

4) 1997–ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ ചട്ടം 17 പ്രകാരം നഗരസഭ ഒരു സാമ്പത്തിക വർഷത്തിൽ ഓരോ വാർഡുകളിലും നടപ്പാക്കാനുദ്ദേശിക്കുന്ന പൊതു മരാമത്തു പണികളെ സംബന്ധിച്ച് വിശദാംശങ്ങൾ വാർഡു കമ്മിറ്റികളിൽ ചർച്ച ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. (ഉദാ;– ടെണ്ടർ, എസ്റ്റിമേറ്റ്, അളവുകൾ, സാധന സാമഗ്രികളുടെ ബില്ലുകൾ തുടങ്ങിയവ)

5) നഗരസഭയ്ക്ക് ലഭിക്കേണ്ടതായ നികുതികൾ, ഫീസുകൾ, വാടകകൾ തുടങ്ങിയവ യഥാസമയം ലഭ്യമാക്കുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നില്ല.

6) മുൻവർഷം വാർഡിൽ നടപ്പിലാക്കിയ വികസന പരിപാടികൾക്കായി ചെലവഴിച്ച തുകകളുടെ റിപ്പോർട്ട് വാർഡ് കമ്മിറ്റികളിൽ ചർച്ച ചെയ്യുന്നില്ല. (വാർഡ് 25 ഒഴികെ)

7) വാർഡ് കമ്മിറ്റികളുടെ അധികാരങ്ങളേയും, കടമകളേയും, അവകാശങ്ങളേയും, അവയുടെ പ്രവർത്തനങ്ങളേയും പറ്റി പബ്ളിക് റിലേഷൻസ് വകുപ്പിൻെറ സഹായത്തോടെ ജനങ്ങളുടെ ഇടയിൽ പ്രചരണം നൽകുന്നില്ല. (സർക്കുലർ നം. 22675/ എൽ.3/99/ത.ഭ.വ/ തീയ്യതി 3–8–2004)

8) വരും വർഷത്തെ യോഗങ്ങളുടെ തീയ്യതികൾ ഒക്ടോബർ മാസത്തോടെ തീരുമാനിച്ച് പ്രസിദ്ധീകരിക്കുന്നില്ല.

9) നഗരസഭയുടെ കീഴിലുള്ള പൊതു ജനാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നില്ല.

10) സർക്കാർ ഉത്തരവ് (പി) /259/2010, ത.സ്വ.ഭ.വ തീയ്യതി 8–11–2010–ലെ ഉത്തരവ് പ്രകാരം (ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ) നഗരസഭയിൽ രൂപീകരിച്ച സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് വാർഡ് കമ്മിറ്റികളിൽ അവതരിപ്പിച്ചിട്ടില്ല.

12) കൈമാറിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ (നിർവ്വഹണ ഉദ്യോഗസ്ഥർ) വാർഡ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുന്നില്ല. (സർക്കുലർ നം. 14565/ഡി.പി.1/03 ത.സ്വ.ഭ.വ. തീയ്യതി 24–03–03)

13) നഗരസഭയുടെ ലേല നടപടിക്രമങ്ങൾ വാർഡ് കമ്മിറ്റികളിൽ ചർച്ച ചെയ്യുന്നില്ല. ( സർക്കുലർ നം. 30270/എഫ്.എം. 3/07 തീയ്യതി 22–7–2011).

Local Fund Audit Department

## 3–46) പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചില്ല.

2000–ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യറാക്കൽ) ചട്ടങ്ങൾ, ചട്ടം 3–ലെ വ്യവസ്ഥ പ്രകാരം നഗരസഭകളിൽ ഒരു പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് കൗൺസിൽ രൂപീകരിക്കപ്പെട്ടതിനു ശേഷം, 6 മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ നഗരസഭാ പരിധിയിൽ താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്ന്, അത്തരം ഒരു സേവനം ലഭ്യമാക്കുന്നതിനും ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും, പ്രസ്തുത സേവനം ലഭ്യമാക്കുന്നത് എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കുമെന്നും, പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയായിരിക്കണമെന്നും തുടങ്ങിയ വിശദാംശങ്ങൾ തയ്യാറാക്കേണ്ടതുണ്ട്.

ചട്ടം 4 പ്രകാരം പ്രസ്തുത സേവനങ്ങളുടെ വിവരം 'പൗരാവകാശ രേഖ ' എന്ന പേരിൽ പ്രസിദ്ധീകരിക്കേണ്ടതും, പൗരാവകാശ രേഖയുടെ രത്നച്ചുരുക്കം ഒരു ബോർഡിൽ എഴുതി തയ്യാറാക്കി നഗരസഭാ ഓഫീസിൽ പൊതു ജനങ്ങൾക്കു കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതും, ആയത് അച്ചടിച്ച് പെതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്.

Local Fund Audit Department

2010 നവംബർ 1–ന് പുതിയ ഭരണ സമിതി നഗരസഭയിൽ രൂപപ്പെട്ടെങ്കിലും നാളിതുവരെയും നഗരസഭ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. നഗരസഭാ പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് അവർക്കർഹമായ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാമെന്ന് നഗരസഭ സ്വമേധയാ വാഗ്ദാനം ചെയ്യുന്നതാണ് പൗരാവകാശ രേഖ. ആയത് എത്രയും വേഗം പ്രസിദ്ധീകരിക്കുകയും ചട്ടം 9 പ്രകാരം വർഷത്തിലൊരിക്കൽ പുതുക്കുകയും ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിൻെറ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3–47) വാത്മീകി –അംബേദ്കർ ആവാസ് യോജന–നടത്തിപ്പിലെ അപാകതകൾ

കുടുംബശ്രീ – സി.ഡി.എസ് നിർവ്വഹണ ഏജൻസിയായിട്ടാണ് നഗരസഭയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ വാംബേ നടപ്പാക്കിയത്. ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ചില അപാകതകൾ കാണുന്നു.

1) **<u>അംഗീകരിച്ച ഗുണഭോക്താക്കളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.</u>**

ഈ പദ്ധതിയുടെ കീഴിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ എത്ര പേരാണ്, അതിൽ എത്ര പേർ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്, പൂർത്തിയാക്കാത്തവരിൽ ഒരോരുത്തർക്കും എത്ര ഗഡുക്കൾ നൽകിക്കഴിഞ്ഞു; ഇനിയെത്ര ഗഡു നൽകാനുണ്ട് എന്നീ വിവരങ്ങൾ മനസ്സിലാക്കാൻ കഴിയുന്നില്ല. ഈ കാര്യം ശ്രദ്ദയിൽപ്പെടുത്തിയപ്പോൾ ഒരോ ഗുണഭോക്താവിനും ഓരോ ഫയൽ വെച്ചിട്ടുണ്ട് എന്നാണ് സി.ഡി.എസ് ഭാരവാഹികൾ വിശദീകരിച്ചത്. എന്നാൽ ചില ഗുണഭോക്താക്കൾക്ക് ഫയലുകൾ തന്നെ വെച്ചിട്ടില്ല. എന്നും മറ്റ് ചിലർക്ക് വിവിധ ഗഡുക്കൾ നൽകിയതിൻെറ വൗച്ചർ/ രശിതി എന്നിവ ഫയലിൽ ഇല്ല. എന്നും (വിശദാംശങ്ങൾ അടുത്ത ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്) പരിശോധനയിൽ കണ്ടു. സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ രജിസ്റ്ററുകളും ഫയലുകളും സൂക്ഷിക്കേണ്ടതാണ്.

2) **<u>സ്റ്റേജ് പൂർത്തീകരണം പരിശോധിക്കുന്നവരുടെ വിവരങ്ങൾ എഴുതുന്നില്ല.</u>**

ധനസഹായത്തിൻെറ 2,3 ഗഡുക്കൾക്കുള്ള അപേക്ഷ ലഭിക്കുമ്പോൾ നഗരസഭയുടെ എഞ്ചിനീയർ/ ഓവർ സിയർ/ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സ്ഥലം നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്നാണ് വ്യവസ്ഥ. എന്നാൽ ഈ ഫയലുകളിൽ സൂക്ഷിച്ചിട്ടുള്ള മിക്ക സ്റ്റേജ് കംപ്ളീഷൻ സർട്ടിഫിക്കറ്റുകളിലും പരിശോധന നടത്തിയ ഉദ്യോഗസ്ഥൻെറ പേര്, ഉദ്യോഗപ്പേര്, പരിശോധന നടത്തിയ തീയതി എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

Local Fund Audit Department

## 3–48) <u>എസ്.ജെ. എസ്.ആർ.വൈ– നടത്തിപ്പിലെ അപാകതകൾ</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജെ.എസ്.ആർ.വൈ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം കുടുംബശ്രീ സി.ഡി.എസ്സാണ് നഗരസഭയിലെ നിർവ്വഹണ ഏജൻസി. SJSRY പദ്ധതിയുടെ ഭാഗമായ U.S.E.P (Urban Self Employment Programme) നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട ഫലയുകളും രജിസ്റ്ററുകളും രേഖകളും പരിശോധനയ്ക്ക് വിധേയമാക്കിയതിൽ നിരവധി അപാകതകൾ കാണുന്നു.

1) **<u>മാർഗ്ഗ രേഖ പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം ഈടാക്കുന്നില്ല.</u>**

U.S.E.P പദ്ധതിയിൽ ഗുണഭോക്താവ് ആരംഭിക്കുന്ന തൊഴിൽ സംരംഭത്തിൻെറ കണക്കാക്കപ്പെട്ട അടങ്കൽ തുക മുഴുവനും ഗുണഭോക്താവിന് ബാങ്ക് വായ്പയായി ലഭ്യമാക്കുകയും അനുവദനീയമായ സബ്സിഡി തുകയ്ക്ക്

ഗുണഭോക്താവിൻെറ പേരിൽ ബേങ്കിന് ചെക്ക് നൽകുകകയുമാണ് CDS ചെയ്തു വരുന്നത്.

SGSRY–യുടെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ ( 23–9–2010–ലെ ജി.ഒ (ആർ.ടി ) 3102/2010/LSGD) ഖണ്ഡിക 4–2 പ്രകാരം പ്രൊജക്ട് കോസ്റ്റിൻെറ (പരമാവധി രണ്ട് ലക്ഷം രൂപ) 25% വരെ സബ്സിഡി നൽകാവുന്നതാണ്. 5% മുതൽ 15% വരെ ഗുണഭോക്തൃ വിഹിതം ആയിരിക്കണം. ഗുണഭോക്തൃ വിഹിതത്തിൻെറ നിരക്കിനെ ആശ്രയിച്ച് പ്രൊജക്ട് കോസ്റ്റിൻെറ 70% വരെ വായ്പ അനുവദിക്കാമെന്നും മാർഗ്ഗ രേഖ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ തൻവർഷം ധനസഹായം നൽകിയ താഴെ കാണിച്ച എല്ലാ ഗുണഭോക്താക്കൾക്കും ഗുണഭോക്തൃ വിഹിതം ഇല്ലാതെ സബ്സിഡി കിഴിച്ചുള്ള മുഴുവൻ തുകയ്ക്കും വായ്പ നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കാണിക്കുന്നു.

| ക്രമ നം | വൗച്ചർ | ഗുണഭോക്താവ് | സബ്സിഡി തുക | പ്രൊജക്ട് |
|---|---|---|---|---|
| 1 | 113/18.11.10 | .വിജയൻ.എം.പി. | 7,500 | 50,000 |
| 2 | 120/8.12.10 | ഇ.മുരളീനാഥ് | 7,500 | 50,000 |
| 3 | 125/17.12.10 | എൻ. സുജിത് | 11,250 | 45,000 |
| 4 | 226/24.3.11 | എസ്. ശ്രീനിവാസൻ | 7,500 | 50,000 |
| 5 | 226/24.3.11 | എസ്. വിനോദ് | 7,500 | 50,000 |
| 6 | 227/25.3.11 | സി.എച്ച്. സൽമത്ത് | 7,500 | 50,000 |
| 7 | 229/30.3.11 | ഷൈന.കെ | 12,500 | 50,000 |
| 8 | 229/30.3.11 | ജുബൈറിയു | 12,500 | 50,000 |
| 9 | ടി | റഹിയ | 12,500 | 50,000 |
| 10 | ടി | സീന.കെ.പി | 12,500 | 50,000 |
| 11 | ടി | ബിന്ദു.പി. | 12,500 | 50,000 |
| 12 | ടി | ലളിത.പി. | 12,500 | 50,000 |
| 13 | ടി | പ്രവീൺകുമാർ. എൻ.കെ. | 6,250 | 50,000 |
| 14 | ടി | വിലാസിനി.ടി.പി. | 12,500 | 50,000 |
| 15 | ടി | അനീഷ്.ടി.പി. | 12,500 | 50,000 |

Local Fund Audit Department

2) എ.ഡി എസ്സുകൾ മുഖാന്തിരം സി.ഡി.എസ് തന്നെ അപേക്ഷ ക്ഷണിച്ചാണ് സബ് സിഡി നൽകാനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത്, ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിനായി അവരുടെ വിശദാംശങ്ങൾ നഗരസഭ സി.ഡിഎസ്സിന് കൈമാറണമെന്നും (ഖണ്ഡിക 3–1) ഗുണഭോക്തൃ ലിസ്റ്റ് തയ്യാറായി കഴിഞ്ഞാൽ സി.ഡി.എസ്സ് അത് കൗൺസിലിൻെറ അംഗീകാരത്തിന് അയയ്ക്കണമെന്നും (ഖണ്ഡിക 3–2) മാർഗ്ഗ രേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. ഇതിന് വിരുദ്ധമായി സ്വന്തമായി ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത് കൗൺസിലിൻെറ അംഗീകാരം പോലും വാങ്ങാതെയാണ് സി.ഡി.എസ് സബ്സിഡി വിതരണം ചെയ്തത്.

**<u>3) വൗച്ചർ ലഭ്യമാക്കിയില്ല.</u>** 31–3–2011–ലെ 217–ാം നമ്പർ വൗച്ചർ പ്രകാരം A.P സുരേഷ് ബാബു, അടിയാരും പറമ്പത്ത്, കരുവിശ്ശേരി(പി.ഒ) എന്നയാൾക്ക് സബ് സിഡിയായി 7500/– രൂപ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. (നമ്പർ K1/827/2010). എന്നാൽ ടിയാൻെറ പേരിലുള്ള ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടിയാൻെറ അപേക്ഷ, വൗച്ചർ, കേഷ് രശീതി, വായ്പ പാസ്സാക്കിയതിൻെറ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മുകളിലെ ഖണ്ഡികകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ആവശ്യമായ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3–49) വിധവാ പെൻഷൻ– പൊതു അപാകതകൾ

### എ) അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നില്ല.

Local Fund Audit Department

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണവും മറ്റും ദ്രുതഗതിയിലാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകികൊണ്ട് 25–6–2002–ൽ ജി.ഒ(പി) 105/2002/ ത.സ്വ.ഭ.വ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം സർക്കാരിൻെറ 7–4–1997–ലെ ജി.ഒ(പി) 11/97/സ.ക്ഷേ.വ നമ്പരായി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പെൻഷനുള്ള അപേക്ഷകളിന്മേൽ ഒരു മാസത്തിനകം നഗരസഭാ സെക്രട്ടറി / സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ അന്വേഷിച്ച് അപേക്ഷകൾ അന്വേഷണ റിപ്പോർട്ടിനൊപ്പം ഭരണ സമിതികളിൽ സമർപ്പിക്കണമെന്നും ഭരണ സമിതികൾ ഇതിന്മേൽ ഒരു മാസത്തിനകം തീരുമാനം എടുക്കണമെന്നും 11/97 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. ഇതനുസരിച്ച് അപേക്ഷ ലഭിച്ച് പരമാവധി 60 ദിവസത്തിനകം (30 +30 ദിവസം) അപേക്ഷയിന്മേൽ തീരുമാനം എടുത്താൽ മതിയായിരുന്നു. ഭേദഗതി ഉത്തരവ് ജി.ഒ(പി) 105/02 പ്രകാരം അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്നും റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം ആയതിന്മേൽ കൗൺസിൽ തീരുമാനം കൈക്കൊള്ളണമെന്നും (അതായത് അപേക്ഷ ലഭിച്ച് പരമാവധി 40 ദിവസത്തിനകം) നിർദ്ദേശിക്കുന്നു. എന്നാൽ ഈ ഉത്തരവിൽ നിന്നും വ്യതിചലിച്ചുകൊണ്ട്, പെൻഷൻ അനുവദിക്കാൻ വളരെയധികം കാലതാമസം ഉണ്ടാകുന്നതായി കാണുന്നുണ്ട്. പല അപേക്ഷകളും ലഭിച്ച് ഒന്നര വർഷം വരെ കഴിഞ്ഞിട്ടാണ് തീരുമാനമെടുത്തത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | രജിസ്റ്ററിലെ നമ്പർ | ഫയൽ നം. | അപേക്ഷകൻെറ പേരും മേൽ വിലാസവും | അപേക്ഷിച്ച തീയതി | കൗൺസിൽ തീരുമാന നം/ തീയതി |
|---|---|---|---|---|---|
| 1 | 70 | D7/2653/10 | കുഞ്ഞാത്തു | 14–1–2010 | 36/14–2–2011 |
| 2 | 74 | D7/2825/10 | കെ.കെ. ആയിശൈ | 14–1–2010 | 73/12–7–2011 |
| 3 | 320 | D7/11108/10 | സുഭദ്രാമ്മ | 18–2–2010 | 20–8–2011 |
| 4 | 321 | D7/11109/10 | സരസ്വതി | 18–2–2010 | 30/17–2–2011 |
| 5 | 346 | D7/12145/10 | മറിയംബി | 18–2–2010 | 36/17–2–2011 |
| 6 | 382 | D7/14077/10 | നാരായണി.എം | 24–2–2010 | 36/17–2–2011 |
| 7 | 549 | D7/21020/10 | കദീജ.കെ. | 19–3–2010 | 36/17–2–2011 |
| 8 | 581 | D7/22447/10 | സരോജിനി | 22–3–2010 | 36/17–2–2011 |
| 9 | 737 | D7/30626/10 | ദേവി.പി. | 23–4–2010 | 36/17–2–2011 |
| 10 | 1004 | D7/45069/10 | ആയിഷബി.NP | 22–5–2010 | 35/17–2–2011 |
| 11 | 1031 | D7/46862/10 | ഗിരിജ | 27–5–2010 | 30/17–2–2011 |
| 12 | 1040 | D7/47112/10 | ആമിനാബി. PP | 31–5–2010 | 95/30–4–2011 |
| 13 | 1063 | D7/48516/10 | സുബൈദ | 31–5–2010 | 42/20–8–2011 |
| 14 | 1064 | D7/48826/10 | പാത്തുമ്മ | 2–6–2010 | 30/17–2–2011 |
| 15 | 1094 | D7/50060/10 | ബുഷ്റ.ടി.കെ. | 2–6–2010 | 24/31–5–2011 |
| 16 | 1113 | D7/51190/10 | സുഹ്റാബി | 3–6–2010 | 30/17–2–2011 |
| 17 | 1126 | D7/52715/10 | ഉണ്ണൂലി, മായനാട് | 8–6–2010 | 72/12–7–2011 |
| 18 | 1146 | D7/54328/10 | ലീല. എൻ. | 9–6–2010 | 36/17–2–2011 |

വിവിധ ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം സംബന്ധിച്ച പരാമർശങ്ങൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അപാകതകൾ ആവർത്തിക്കുന്നതിനാൽ വിഷയം കൗൺസിലിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നു. പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസമുണ്ടാകുന്നില്ല എന്നുറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

**ബി) <u>രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ</u>**

വിധവാ പെൻഷൻ അപേക്ഷകളെ സംബന്ധിച്ച തീരുമാനങ്ങൾ പെൻഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ പെൻഷൻ അനുവദിച്ചോ ഇല്ലയോ എന്ന് രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല. കൂടാതെ, അപേക്ഷ തീർപ്പാക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയപരിധി പാലിക്കപ്പെട്ടിട്ടുണ്ടോ എന്നും രജിസ്റ്റർ പരിശോധനയിൽ വ്യക്തമാകുന്നില്ല. ഇതു സംബന്ധിച്ച ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| **ക്രമ നം** | **രജിസ്റ്റർ നമ്പർ** | **ഫയൽ നമ്പർ/ പേര്** | **അപേക്ഷിച്ച തീയതി** | **അഭിപ്രായം** |
|---|---|---|---|---|
| 1 | 176 | സി.7/3612/10 യശോദ | 11–3–2010 | |
| 2 | 192 | ഡി 7/5519/10 നീന ജാസ്മിൻ | 30–1–2010 | |
| 3 | 191 | ഡി/5517/10 എലിസബത്ത് ജസ്റ്റസ് | 30–1–2010 | |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 4 | 262 | ഡി 7/9395/10<br>അജേഷ് ചേവായൂർ | 8–2–2010 | |
| 5 | 409 | ഡി 7/15372/10<br>ചീരു | 5–3–2010 | |
| 6 | 467 | ഡി. 7/17304/10<br>കെ. കദീജ | 6–2–2010 | |
| 7 | 801 | ഡി. 7/36093/10<br>ചന്ദ്രമതി.എ | 14–5–2010 | |
| 8 | 809 | ഡി.7/36812/10<br>ലാലു.സി. | 14–5–2010 | |
| 9 | 842 | ഡി.7/38863/10<br>രാമദാസൻ.പി. | 14–5–2010 | |
| 10 | 872 | ഡി.7/39970/10<br>കല്യാണി.പി. | 14–5–2010 | |
| 11 | 878 | ഡി.7/39988/10<br>കാർത്ത്യായനി.സി.പി | 14–5–2010 | |
| 12 | 1061 | ഡി.7/48458/10<br>കദീജ.പി. | 31–5–2010 | |
| 13 | 1093 | ഡി.7/50053/10<br>നെബിന | 2–6–2010 | |
| 14 | 1111 | ഡി.7/51147/10<br>കതീയക്കുട്ടി | 3–6–2010 | |
| 15 | 1115 | ഡി7/51278/10<br>പാത്തുമ്മക്കുട്ടി. | 3–6–2010 | |

.രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

മുകളിൽ പരാമർശിച്ച അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടിയിൽ ഇപ്പോൾ ലഭിക്കുന്ന അപേക്ഷകൾ അന്നുതന്നെ അന്വേഷണത്തിന് എച്ച്.ഐ. മാർക്ക് കൈമാറുന്നുണ്ടെന്നും അവ സമയ ബന്ധിതമായി തിരിച്ചേൽപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ പല തവണ ചൂണ്ടിക്കാട്ടിയിട്ടും അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പൂർണ്ണമായും പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3–50) വികലാംഗ പെൻഷൻ അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നില്ല.

കോർപ്പറേഷനിൽ 2010–11–ൽ ലഭിച്ച വികലാംഗ പെൻഷൻ അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ പല അപേക്ഷകളും തീർപ്പാക്കാൻ കാലതാമസം വന്നതായി കാണുന്നു. ജി.ഒ(പി) 10/98 എസ്. ഡബ്ള്യൂ.ഡി 31–3–98 അനുസരിച്ച് അപേക്ഷ ലഭിച്ച് 60 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. പെൻഷനുകളുടെ വിതരണം ദ്രുതഗതി യിലാക്കുന്നതിനായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (25–6–2002–ലെ ജി.ഒ(പി) 105/2012 ത.സ്വ.ഭ.വ പ്രകാരം അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം കൗൺസിൽ

